## തുല്യതാ പാഠാവലി

# സാമൂഹ്യശാസ്ത്രം




കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (കേ.സം.സാ.മി.അ)

2020

## ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്.
എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.
സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ
ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും
മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും
എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.


Prepared by:

Kerala State Literacy Mission Authority (KSLMA)
'Aksharam', Near Govt. BHSS Pettah, Pettah P.O., Thiruvananthapuram, Kerala Pin - 695024

| | | |
|---|---|---|
| Website | : | www.literacymissionkerala.org |
| e-mail | : | stateliteracymission@gmail.com |
| Phone | : | 0471-2472253/2472254, Fax: 0471-2462252 |
| First Edition | : | 2020 |
| Typesetting | : | Sanoop S V, KSLMA |
| Layout | : | Rajesh S, Trivandrum |
| Cover design | : | Sanil M P, KSLMA |
| Printed at | : | KBPS, Kakkanad, Kochi-30 |
| Price | : | ₹ 130.00 |



© Department of General Education, Government of Kerala

## ആമുഖം

**ദൈ**നംദിന ജീവിതത്തിൽ ധാരാളം അറിവുകൾ നമ്മളോരോരുത്തരും സ്വായത്തമാക്കിയിട്ടുണ്ട്. നമുക്ക് പരിചിതമായ സന്ദർഭങ്ങളിലൂടെ അവതരിപ്പിച്ച്, ഇത്തരം അറിവുകളുടെ യുക്തി മനസ്സിലാക്കുന്നതിനും അതിലൂടെ വിഭിന്നങ്ങളായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാണ് പ്രധാനമായും പാഠപുസ്തകത്തിൽ ശ്രമിച്ചിരിക്കുന്നത്. ഇത്തരം ഒരു രീതി സ്വീകരിച്ചതുകൊണ്ടുതന്നെ, ഒരു പരിശീലകന്റെ സഹായമില്ലാതെ സ്വയം വായിച്ചും ചിന്തിച്ചും വിവിധ പ്രവർത്തനങ്ങൾ ചെയ്തും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ആശയസമ്പാദനത്തിനും പ്രയോഗിക പ്രശ്നപരിഹാരത്തിനും അതുവഴി തൊഴിൽനൈപുണ്യം നേടി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. പി എസ് ശ്രീകല**
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ശിൽപശാലയിൽ പങ്കെടുത്തവർ

**അധ്യാപകർ**

| | |
|---|---|
| **യൂസഫ്കുമാർ എസ്.എം.** | എച്ച്.എസ്.എസ്.ടി, ജി.ബി.എച്ച്.എസ്.എസ്, പത്തനംതിട്ട |
| **സി.കെ. പവിത്രൻ** | റിട്ട. എച്ച്.എസ്.എ, വയനാട് |
| **മുരളീധരൻനായർ പി.എൻ.** | എച്ച്.എസ്.എസ്.ടി, എൻ.എസ്.എസ്.എച്ച്.എസ്.എസ്, ആനിക്കാട്, കോട്ടയം |
| **ഹരിപ്രദീപ് എസ്.** | റിട്ട. എച്ച്.എസ്.എ, എസ്.വി.എച്ച്.എസ്, പുല്ലാട് |
| **അജു എസ്.** | എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്, വെച്ചൂച്ചിറ കോളനി, പത്തനംതിട്ട |
| **ഷൗജമോൻ എസ്.** | റിട്ട.എച്ച്.എസ്.എ, പി.എൻ.എം.ജി.എച്ച്.എസ്.എസ്, കൂന്തള്ളൂർ |
| **ഗോപകുമാർ ജി.പി.** | ലെക്ചറർ, ഡയറ്റ്, കൊട്ടാരക്കര |
| **അനിൽകുമാർ പി.** | അസി. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| **വിജയകുമാർ സി.ആർ.** | എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്, വെള്ളമണൽ, കൊല്ലം |

**അക്കാദമിക ചുമതല**

| | |
|---|---|
| **ഡോ. വി. നാഗരാജൻ നായിഡു** | അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |

**വിദഗ്ധസമിതി**

| | |
|---|---|
| **കെ.കെ. കൃഷ്ണകുമാർ** | സീമ-61, ആനയറ നഗർ, തിരുവനന്തപുരം |

**കോ-ഓർഡിനേഷൻ**

| | |
|---|---|
| **കെ. അയ്യപ്പൻനായർ** | അസി. ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാമിഷൻ |

**കോ-ഓർഡിനേഷൻ സഹായം**

| | |
|---|---|
| **രഞ്ചി എസ്.എസ്.** | പ്രോഗ്രാം ഓഫീസർ സംസ്ഥാന സാക്ഷരതാമിഷൻ |

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)
'അക്ഷരം', പേട്ട ഗവ. ബോയ്സ് എച്ച്.എസ്.എസിനു സമീപം, പേട്ട പി.ഒ., തിരുവനന്തപുരം - 24

# ഭാരതത്തിന്റെ ഭരണഘടന

**ഭാഗം IV ക**

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


അധ്യായം 1
7 പ്രാചീന ജീവിതം

അധ്യായം 2
21 മാറ്റങ്ങളുടെ ഇന്ത്യ

അധ്യായം 3
33 മനുഷ്യജീവിതം മധ്യകാലഘട്ടത്തിൽ

അധ്യായം 4
45 ആധുനിക ഇന്ത്യ

അധ്യായം 5
63 നവഭാരതം നവകേരളം

അധ്യായം 6
77 ആധുനിക ലോകം

അധ്യായം 7
95 നമുക്കായി നാം തന്നെ

അധ്യായം 8
115 ഇന്ത്യൻ ഭരണഘടന: മൗലികാവകാശങ്ങൾ

അധ്യായം 9
129 രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും

അധ്യായം 10
139 സമൂഹത്തിന്റെ ശാസ്ത്രം

അധ്യായം 11
147 ശിലാമണ്ഡലം

അധ്യായം 12
157 ഭൗമാന്തരീക്ഷം

അധ്യായം 13
175 ജലമണ്ഡലം

അധ്യായം 14
191 സമയനിർണ്ണയവും ഋതുഭേദങ്ങളും

അധ്യായം 15
199 വൈവിധ്യങ്ങളുടെ ഇന്ത്യ

അധ്യായം 16
215 സാമ്പത്തികശാസ്ത്ര ചിന്തകരും ഉപഭോക്തൃ സംരക്ഷണവും

അധ്യായം 17
229 ദേശീയ വരുമാനം, സാമ്പത്തിക വളർച്ച, മാനവ വിഭവശേഷി വികസനം

അധ്യായം 18
243 സമ്പദ്‌വ്യവസ്ഥയും സർക്കാരും

അധ്യായം 19
257 ഇന്ത്യൻ ധനകാര്യ സ്ഥാപനങ്ങൾ



# അധ്യായം 1
# പ്രാചീന ജീവിതം





ഇന്നത്തെ കാലത്ത് മനുഷ്യർ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കു ന്ന ഉപകരണങ്ങളുടെ ചിത്രങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്. എന്നാൽ പ്രാചീനകാലത്ത് മനുഷ്യർ എന്തു തരം ഉപകരണങ്ങളാണ് ഉപയോഗി ച്ചിട്ടുള്ളതെന്ന് നിങ്ങൾ ചിന്തിച്ചിട്ടു ണ്ടോ?

നമ്മുടെ പൂർവികരായ ആദി മനുഷ്യർ ഉപയോഗിച്ച ശിലകളിലെ ഉപകരണങ്ങളും ആയുധങ്ങളുമാണ് ചിത്രത്തിൽ തന്നിട്ടുള്ളത്. പിന്നീട വർ വിവിധ ലോഹങ്ങളിൽ നിർമിച്ച ഉപകരണങ്ങളും ഉപയോഗിച്ചു. മിനു സപ്പെടുത്താത്ത ശിലായുധങ്ങളാണ് മനുഷ്യർ ആദ്യം ഉപയോഗിച്ചത്. ഇത്

പ്രാചീന ശിലായുഗം എന്നറിയപ്പെടുന്നു. സൂക്ഷ്മ ശിലായുധങ്ങൾ ഉപയോഗിച്ച കാലം മധ്യശിലായുഗമെന്നും മിനുസപ്പെടുത്തിയ ശിലായുധങ്ങൾ ഉപയോഗിച്ച കാലം നവീനശിലായുഗം എന്നും അറിയപ്പെടുന്നു. മനുഷ്യർ ആദ്യമായി ഉപയോഗിച്ച ലോഹം ചെമ്പായിരുന്നു. പിന്നീട് ചെമ്പിനോടൊപ്പം ഈയം ഉരുക്കിച്ചേർത്ത് കടുപ്പമേറിയ വെങ്കലത്തിലെ ഉപകരണങ്ങളും ആയുധങ്ങളുമുണ്ടാക്കി. ഇരുമ്പിന്റെ ഉപയോഗം ആദിമമനുഷ്യന്റെ ജീവിതത്തിൽ നിർണായക മാറ്റങ്ങളുണ്ടാക്കി. ഇവിടെ സൂചിപ്പിച്ച വിവിധ കാലഘട്ടങ്ങളിലെ മനുഷ്യ ജീവിതത്തെ കുറിച്ചാണ് ഈ പാഠഭാഗത്ത് നമ്മൾ ചർച്ച ചെയ്യുന്നത്.

## പ്രാചീന ശിലായുഗം (Palaeolithic Age)

പതിനായിരത്തിലേറെ വർഷങ്ങൾക്കു മുൻപുള്ള കാലഘട്ടത്തെയാണ് ചരിത്രകാരന്മാർ പ്രാചീനശിലായുഗമായി കണക്കാക്കുന്നത്. വേട്ടയാടിയാണ് ഈ കാലഘട്ടത്തിൽ മനുഷ്യർ ഭക്ഷണം നേടിയിരുന്നത്. പരുക്കൻ ശിലകളെ ആയുധങ്ങളാക്കി വേട്ടയ്ക്ക് ഉപയോഗിച്ചിരുന്നു. വേട്ടയാടിപ്പിടിച്ച മൃഗങ്ങൾക്കു പുറമേ ചത്ത മൃഗങ്ങളുടെ മാംസവും അവർ ഭക്ഷിച്ചിരുന്നു. പഴങ്ങളുടേയും പച്ചക്കറികളുടേയും ശുദ്ധജല മത്സ്യങ്ങളുടേയും അവശിഷ്ടങ്ങൾ അക്കാലത്തെ ഗുഹകളിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രാചീനശിലായുഗ മനുഷ്യന്റെ പ്രധാന അധിവാസകേന്ദ്രങ്ങളായിരുന്ന ഗുഹകളിൽ അവരുടെ ജീവിതത്തെക്കുറിച്ച് തെളിവു നൽകുന്ന നിരവധി ചിത്രങ്ങൾ കാണാൻ കഴിയും.




*പ്രാചീന ശിലായുഗത്തിലെ ഉപകരണങ്ങൾ*



*ഭിംബേഡ്ക - ഇന്ത്യ*



*അൽട്ടാമിറ - സ്പെയിൻ*



*ലസ്കോ - ഫ്രാൻസ്*

പ്രാചീനശിലായുഗത്തിലെ മനുഷ്യജീവിതത്തിന്റെ മറ്റ് പ്രധാന സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- അവർ കൂട്ടമായാണ് ഇര തേടിയിരുന്നത്.
- കല്ല്, ചിപ്പി, ആനക്കൊമ്പ് എന്നിവ കൊണ്ട് ആഭരണങ്ങൾ നിർമിച്ചു.
- കല്ലുകൊണ്ടുള്ള ചെറിയ പ്രതിമകൾ നിർമിച്ചു.
- തീ ഉപയോഗിച്ചതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്.

*** പ്രാചീനശിലായുഗ മനുഷ്യന് ഏതെല്ലാം രംഗങ്ങളിൽ മുന്നേറാൻ കഴിഞ്ഞു? ചർച്ച ചെയ്യുക.**

*** പ്രാചീന ശിലായുഗത്തിലെ മനുഷ്യജീവിതത്തെക്കുറിച്ച് തെളിവ് തരുന്ന നിരവധി സ്ഥലങ്ങൾ ഇന്ത്യയിലുണ്ട്. ചുവടെ തന്നിട്ടുള്ള ഭൂപടത്തിൽനിന്നും അവ കണ്ടെത്തി പട്ടികപ്പെടുത്താവുന്നതാണ്.**




*ഇന്ത്യയിലെ പ്രാചീന ശിലായുഗ കേന്ദ്രങ്ങൾ*



*കല്ലുകൊണ്ടു നിർമിച്ച വാസസ്ഥലങ്ങൾ - ഭിംബേഡ്ക*

| പ്രാചീന ശിലായുഗ കേന്ദ്രങ്ങൾ | |
|---|---|
| 1 | ഭിംബേഡ്ക |
| 2 | |
| 3 | |
| 4 | |
| 5 | |

## മധ്യശിലായുഗം (Mesolithic Age)

പ്രാചീനശിലായുഗത്തെ തുടർന്നുള്ള കാലഘട്ടത്തിൽ സൂക്ഷ്മവും മുനയുള്ള തുമായ കല്ലുകളുടെ ചീളുകളാണ് ആയുധങ്ങളായി മനുഷ്യർ ഉപയോഗിച്ചത്. ഈ കാലഘട്ടം മധ്യശിലായുഗം എന്നറിയപ്പെടുന്നു.

ഈ കാലഘട്ടത്തിലുണ്ടായ പ്രധാന മാറ്റങ്ങളാണ് ചുവടെ തന്നിട്ടുള്ളത്.

- വേട്ടയാടൽ വ്യാപകമായി.
- വേട്ടയ്ക്ക് അമ്പും വില്ലും ഉപയോഗിച്ചു.
- സ്ഥിരവാസമാരംഭിച്ചു.
- നായയെ ഇണക്കി വളർത്തി.



*മധ്യശിലായുഗത്തിലെ ഉപകരണങ്ങൾ*

## നവീനശിലായുഗം (Neolithic Age)

മധ്യശിലായുഗത്തെ തുടർന്ന് മനുഷ്യർ ശിലകളെ മിനുസപ്പെടുത്തി ആയുധങ്ങളായി ഉപയോഗിച്ചു. ഈ കാലഘട്ടം നവീന ശിലായുഗം എന്നറിയപ്പെട്ടു. നവീന ശിലായുഗത്തിന് ഏകദേശം എണ്ണായിരത്തോളം വർഷം പഴക്കമുണ്ട്.

ഈ കാലഘട്ടത്തിലെ പ്രധാന സവിശേഷതകളാണ് ചുവടെ നൽകിയിട്ടുള്ളത്.

- കൃഷി ആരംഭിച്ചു.
- നദീതടങ്ങളിൽ സ്ഥിരവാസമാരംഭിച്ചു.
- മൃഗങ്ങളെ പരിപാലിച്ച് വളർത്തി.
- മൺപാത്രങ്ങൾ നിർമിച്ചു.
- സാധനങ്ങൾ കൊണ്ടുപോകുന്നതിനായി ചക്രങ്ങൾ നിർമിച്ചു.
- മനുഷ്യ ജീവിതം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു.

**മധ്യ ശിലായുഗത്തെ പ്രാചീന ശിലായുഗവുമായി താരതമ്യം ചെയ്യുക.**

നവീനശിലായുഗ മനുഷ്യജീവിതത്തിന് നിരവധി തെളിവുകൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. അവ കണ്ടെത്തിയ സ്ഥലങ്ങൾ ഭൂപടത്തിൽ നിന്നും കണ്ടെത്തി പട്ടികപ്പെടുത്തുക.




*നവീന ശിലായുഗത്തിലെ ഉപകരണങ്ങൾ*

**നവീന ശിലായുഗം പ്രാചീനശിലായുഗത്തിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു?**

നവീന ശിലായുഗ മനുഷ്യജീവിതത്തിന് നിരവധി തെളിവുകൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവ കണ്ടെത്തിയ സ്ഥലങ്ങൾ ഭൂപടത്തിൽനിന്നും കണ്ടെത്തി പട്ടിക പ്പെടുത്തുക.

| നവീന ശിലായുഗ കേന്ദ്രങ്ങൾ | | | |
|---|---|---|---|
| 1 | എടക്കൽ | 8 | |
| 2 | | 9 | |
| 3 | | 10 | |
| 4 | | 11 | |
| 5 | | 12 | |
| 6 | | 13 | |
| 7 | | 14 | |




*നവീന ശിലായുഗ കേന്ദ്രങ്ങൾ*






*എടക്കൽ ഗുഹാചിത്രങ്ങൾ*

## താമ്രശിലായുഗം (Chalcolithic Age)

നവീനശിലായുഗത്തിന് ശേഷം മനുഷ്യർ ശിലായുധങ്ങളോടൊപ്പം ലോഹത്തിലെ ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗിക്കാൻ തുടങ്ങി. ചെമ്പുകൊണ്ടുള്ള ആയുധങ്ങളാണ് ആദ്യം ഉപയോഗിച്ചത്. ഇത് താമ്രശിലായുഗം എന്നറിയപ്പെടുന്നു. ഈ കാലഘട്ടത്തിൽ നഗരജീവിതം ആരംഭിച്ചതിനുള്ള തെളിവുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലഭിച്ചിട്ടുണ്ട്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നും താമ്രശിലായുഗ മനുഷ്യ ജീവിതത്തിന് തെളിവ് ലഭിക്കുന്ന പ്രധാന കേന്ദ്രം ബലൂചിസ്ഥാനിലെ മെഹർഗഡ് ആണ്. മൺപാത്രങ്ങളുടെ നിർമാണത്തിന് ഉപയോഗിച്ചിരുന്ന ചക്രത്തിന്റെ തെളിവുകൾ ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ നിരവധി സ്ഥലങ്ങളിൽനിന്നും ഈ കാലഘട്ടത്തിലെ മനുഷ്യജീവിതത്തിനുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്. അവ കണ്ടെത്തി പട്ടികപ്പെടുത്തുക.



*താമ്രശിലായുഗ കേന്ദ്രങ്ങൾ*


*മെഹർഗഡ്*

*മെഹർഗഡിലെ മൺപാത്രം*

## നദീതട സംസ്കാരങ്ങൾ



ചിത്രം ശ്രദ്ധിക്കൂ.

- ചെമ്പ് ഉപകരണങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?
- അവയ്ക്ക് മറ്റ് ലോഹങ്ങളിൽനിന്നും എന്ത് വ്യത്യാസമാണുള്ളത്?

ചെമ്പിലെ ഉപകരണങ്ങൾക്ക്കട്ടി കുറവായതിനാൽ പിൽക്കാലത്ത് മനുഷ്യർ അതിനോട് ഈയം ഉരുക്കിച്ചേർത്തു. ഈ മിശ്രിതം വെങ്കലം എന്നറിയപ്പെട്ടു. വെങ്കലത്തിലെ ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗിച്ച കാലം വെങ്കലയുഗം (Bronze Age) എന്നറിയപ്പെട്ടു. വെങ്കലയുഗത്തിന്റെ പ്രധാന സവിശേഷത ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നദീതടങ്ങളിൽ ജനജീവിതം പുരോഗതി പ്രാപിച്ചതായിരുന്നു. ഇത്തരത്തിൽ നദീതടങ്ങളിൽ വികസിച്ചു വന്ന ജനജീവിതം നദീതട സംസ്കാരം എന്നറിയപ്പെട്ടു. പ്രധാന നദീതട സംസ്കാരങ്ങളും അവ ആവിർഭവിച്ച നദീതടങ്ങളും ചുവടെ തന്നിട്ടുള്ള പട്ടികയിൽ നിന്നും കണ്ടെത്താവുന്നതാണ്.

| നദീതട സംസ്കാരങ്ങൾ | നദികൾ |
|---|---|
| സിന്ധു നദീതട സംസ്കാരം | സിന്ധു |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | യൂഫ്രട്ടീസ്, ടൈഗ്രിസ് |
| ഈജിപ്ഷ്യൻ സംസ്കാരം | നൈൽ |
| ചൈനീസ് സംസ്കാരം | ഹൊയാങ്ഹോ |





*വെങ്കലയുഗ സംസ്കാരങ്ങൾ*

**ലോകത്തെ വിവിധ നദീതട സംസ്കാരങ്ങൾ ആവിർഭവിച്ച നദീതടങ്ങൾ ലോകഭൂപടത്തിൽ കണ്ടെത്തി അടയാളപ്പെടുത്തുക.**

## സിന്ധുനദീതട സംസ്കാരം

സിന്ധൂ നദിയുടേയും അതിന്റെ വിവിധ കൈവഴികളുടേയും തീരത്ത് ബി.സി.ഇ. 2700 നും 1700 നും ഇടയിൽ നിലനിന്ന സംസ്കാരത്തെയാണ് സിന്ധൂനദീതട സംസ്കാരം എന്നു വിളിക്കുന്നത്. ഈ സംസ്കാരം നിലനിന്ന വിവിധ പ്രദേശങ്ങളെ ചുവടെ തന്നിട്ടുള്ള ഭൂപടത്തിൽനിന്നും കണ്ടെത്തി പട്ടികപ്പെടുത്താവുന്നതാണ്.



*ഹരപ്പൻ സംസ്കാര കേന്ദ്രങ്ങൾ*

| സിന്ധു നദീതട സംസ്കാര കേന്ദ്രങ്ങൾ | | | |
|---|---|---|---|
| 1 | ഹരപ്പ | 6 | |
| 2 | | 7 | |
| 3 | | 8 | |
| 4 | | 9 | |
| 5 | | 10 | |

ഇവയിൽ ആദ്യം കണ്ടെത്തിയത് ഹരപ്പയായിരുന്നു. അതിനാൽ ഈ സംസ്കാരം ഹരപ്പൻ സംസ്കാരം എന്നും അറിയപ്പെടുന്നു. സിന്ധൂ നദീതട സംസ്കാരത്തിന്റെ പ്രധാന സവിശേഷത അവരുടെ നഗരാസൂത്രണമായിരുന്നു.

- ഇന്നത്തെ നഗരങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?
- അവ എന്തെല്ലാം സൗകര്യങ്ങൾ നമുക്ക് നൽകുന്നുണ്ട്?

ഹരപ്പയിലെ നഗരങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം. നഗരങ്ങളെ പൊതുവെ കോട്ട എന്നും കീഴ്പട്ടണം എന്നും രണ്ടായി തിരിച്ചിരുന്നു.

ഹരപ്പൻ നഗരങ്ങൾ
- കോട്ട → ഭരണാധികാര കേന്ദ്രം
- കീഴ്പട്ടണം → ജനങ്ങളുടെ താമസസ്ഥലം



*ഹരപ്പയിലെ തെരുവ്*

- ചുട്ട ഇഷ്ടികകൾ ഉപയോഗിച്ചിരുന്നു.
- ആസൂത്രിതമായ തെരുവുകൾ നിലനിന്നിരുന്നു.
- വ്യത്യസ്ത ഘടനയിലുള്ള വീടുകൾ നിർമിച്ചിരുന്നു.
- അഴുക്കുചാലുകൾ നിർമിച്ചിരുന്നു.
- മോഹൻജൊദാരോയിൽനിന്നും ഒരു വലിയ കുളത്തിന്റെ അവശിഷ്ടം ലഭിച്ചിട്ടുണ്ട്.



*മോഹൻജൊദാരോയിലെ വലിയ കുളം*

നഗരാസൂത്രണത്തിനു പുറമെ ഹരപ്പൻ സംസ്കാരത്തിന്റെ മറ്റ് സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- വിവിധതരം ഉൽപ്പന്നങ്ങൾ കൃഷി ചെയ്തിരുന്നു.
- ധാന്യപ്പുരകൾ ഹരപ്പയിൽ നിലനിന്നിരുന്നു.
- ജലസേചനത്തിനായി കനാലുകൾ നിർമിച്ചിരുന്നു.
- മൃഗപരിപാലനം നിലനിന്നിരുന്നു.
- ഉൽപ്പന്നങ്ങളുടെ കൈമാറ്റത്തിനായി അളവുകളും തൂക്കങ്ങളും ഉപയോഗിച്ചിരുന്നു.

*ധാന്യപ്പുര*





*ഹരപ്പയിലെ അഴുക്കുചാൽ*

- വിദൂരദേശങ്ങളുമായി കച്ചവടബന്ധം നിലനിർത്തിയിരുന്നു.
- വാണിജ്യത്തിന് മുദ്രകൾ ഉപയോഗിച്ചിരുന്നു.
- മുദ്രകൾ എഴുത്ത് വിദ്യയുടെ തെളിവുകളാണ്.
- മൺപാത്രങ്ങൾ നിർമിച്ചു.
- കരകൗശല നിർമാണത്തിലേർപ്പെട്ടു.
- മാതൃദൈവാരാധന, മൃഗങ്ങളേയും വൃക്ഷങ്ങളേയും ആരാധിക്കൽ എന്നിവ നിലനിന്നിരുന്നു.



*വെങ്കല പ്രതിമ*



*അളവുകൾ*



*മുദ്രകൾ*

**സിന്ധൂനദീതട സംസ്കാരത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.**

ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്ക് ചരിത്രകാരന്മാർ നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അവയിൽ പ്രധാനപ്പെട്ടത് ചുവടെ തന്നിട്ടുണ്ട്.

- സിന്ധു നദിയിലെ തുടർച്ചയായ വെള്ളപ്പൊക്കം
- കാർഷികമേഖലയിലെ തകർച്ച
- പുറമെ നിന്നുള്ള ആക്രമണങ്ങൾ
- വനനശീകരണം
- സിന്ധൂ നദി വറ്റിവരണ്ടത്/ഗതിമാറി ഒഴുകിയത്

**സിന്ധൂനദീതട സംസ്കാരത്തിന്റെ അധഃപതന കാരണങ്ങളെ അവയുടെ സവിശേഷതകളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.**

## മെസൊപ്പൊട്ടാമിയ, ഈജിപ്ത്, ചൈന



*ചീനപ്പാത്രം*



*ചൈനീസ് പട്ട്*

ചിത്രങ്ങളിൽ കാണുന്ന വസ്തുക്കളുടെ പൊതു പ്രത്യേകത എന്താണ്?

അവ എല്ലാം പ്രാചീന ചൈനാക്കാർ നിർമിച്ചതാണ്. ഹരപ്പൻ സംസ്കാരത്തിന്റെ അതേ കാലഘട്ടത്തിലാണ് ചൈനയിലും നദീതടസംസ്കാരം ആവിർഭവിച്ചത്.വെങ്കല യുഗത്തിൽ ഹരപ്പയ്ക്കും ചൈനയ്ക്കും പുറമേ മെസൊപ്പൊട്ടാമിയ, ഈജിപ്ത് എന്നിവിടങ്ങളിലും നദീതട സംസ്കാരങ്ങൾ നിലനിന്നു. അവയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.



*ചീനവല*

| മെസൊപ്പൊട്ടാമിയ | ഈജിപ്ത് | ചൈന |
|---|---|---|
| സുമേറിയൻ, അസീറിയൻ, ബാബിലോണിയൻ, കാൽദിയൻ എന്നീ വ്യത്യസ്ത സംസ്കാരങ്ങൾ നിലനിന്നു. | രാജാക്കന്മാർ 'ഫറോവ' എന്നറിയപ്പെട്ടു. | കൃഷിയായിരുന്നു സംസ്കാരത്തിന്റെ അടിത്തറ. |
| ഉർ, ഉറുക്ക്, ലഗാഷ് എന്നിവ പ്രധാന നഗരങ്ങളായിരുന്നു. | കേടുകൂടാതെ സൂക്ഷിച്ചിരുന്ന മൃതശരീരം 'മമ്മി' എന്നറിയപ്പെട്ടു. | മൺപാത്ര നിർമാണം, നെയ്ത്ത്, പട്ടുവസ്ത്ര നിർമാണം എന്നിവ നിലനിന്നിരുന്നു. |
| കൃഷിയും കച്ചവടവും അഭിവൃദ്ധി പ്രാപിച്ചു. | മമ്മികൾ സൂക്ഷിച്ചിരുന്ന ശവകൂടീരങ്ങൾ പിരമിഡുകൾ എന്നറിയപ്പെട്ടു. | അക്ഷരങ്ങൾക്ക് പകരം ചിത്രങ്ങൾ ഉപയോഗിക്കുന്ന എഴുത്തുവിദ്യ നിലനിന്നിരുന്നു. |
| എഴുത്തുവിദ്യ 'ക്യൂണിഫോം' എന്നറിയപ്പെട്ടു. | കൃഷിയായിരുന്നു സംസ്കാരത്തിന്റെ അടിത്തറ. | കലണ്ടർ തയ്യാറാക്കിയിരുന്നു. |
| ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ മേഖലകളിൽ പുരോഗതി കൈവരിച്ചു. | എഴുത്തുവിദ്യ 'ഹൈറോഗ്ലിഫിക്സ്' എന്നറിയപ്പെട്ടു. | |
| രണ്ട് നദികൾക്കിടയിലുള്ള പ്രദേശം എന്നാണ് മെസൊപ്പൊട്ടാമിയ എന്ന വാക്കിനർത്ഥം. | ശാസ്ത്രരംഗത്ത് പുരോഗതി കൈവരിച്ചു. | |
| സിഗുറാത്തുകൾ എന്നറിയപ്പെട്ട ആരാധനാലയങ്ങൾ നിർമിച്ചു. | സ്ഫിംഗ്സ് എന്ന പ്രതിമകൾ നിർമിച്ചു. | |


*സിഗുറാത്ത്*


*പിരമിഡ്*



*സ്ഫിംഗ്സ്*



ഹൈറോഗ്ലിഫിക്സ്



ക്യൂണിഫോം





ചൈനയിലെ എഴുത്തുവിദ്യ

**ലോകത്തെ വിവിധ വെങ്കലയുഗ സംസ്കാരങ്ങളുടെ പൊതു സവിശേഷതകൾ പട്ടികപ്പെടുത്തുക.**

### സപ്ത സിന്ധു പ്രദേശം

പഞ്ചാബ് എന്ന പ്രദേശത്തിന് ആ പേര് ലഭിച്ചത് എന്തുകൊണ്ടാണെന്നറിയാമോ? സിന്ധുവിന്റെ അഞ്ച് പോഷക നദികളായ ഝലം, ചിനാബ്, രവി, ബിയാസ്, സത്‌ലജ് എന്നീ നദികൾ ഒഴുകുന്ന പ്രദേശം എന്ന നിലയ്ക്കാണ് പഞ്ചാബിന് ആ പേര് ലഭിച്ചത്. ഈ അഞ്ച് നദികളും സിന്ധു, സരസ്വതി നദികളും ഒഴുകിയിരുന്ന പ്രദേശം സപ്ത സിന്ധു പ്രദേശം എന്നറിയപ്പെട്ടു.

ഏകദേശം 3500 വർഷങ്ങൾക്കു മുൻപ് ഇന്ത്യയുടെ വടക്കുപടിഞ്ഞാറുള്ള സപ്ത സിന്ധു പ്രദേശത്തേക്ക് ആര്യൻമാർ എന്നറിയപ്പെട്ട ജനങ്ങൾ വന്നു ചേർന്നു. ഋഗ്വേദത്തിൽ നിന്നാണ് ഇവരുടെ ജീവിതത്തെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്. അതിനാൽ ഈ കാലഘട്ടം ഋഗ്വേദകാലം എന്നറിയപ്പെടുന്നു. അവരുടെ ജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.




സപ്തസിന്ധു പ്രദേശം

- ആര്യൻമാർ നിരവധി കുടുംബങ്ങളടങ്ങിയ ഗോത്രങ്ങളായാണ് ജീവിച്ചത്.
- ഗോത്രത്തലവന്മാരെ സഹായിക്കാൻ വിധാത, സഭ, സമിതി എന്നീ ഗോത്ര സമിതികൾ ഉണ്ടായിരുന്നു.
- കൃഷിയും കാലിവളർത്തലുമായിരുന്നു അവരുടെ പ്രധാന തൊഴിൽ.
- സമൂഹത്തെ പുരോഹിതന്മാർ, സൈനികർ, സാധാരണ ജനങ്ങൾ എന്നിങ്ങനെ മൂന്നായി തിരിച്ചിരുന്നു.
- പ്രകൃതിശക്തികളെ അവർ ആരാധിച്ചിരുന്നു.

**സിന്ധൂനദീതട സംസ്കാരത്തെ ഋഗ്വേദകാലഘട്ടവുമായി താരതമ്യം ചെയ്യുക.**

**പഠനനേട്ടങ്ങൾ**

- ശിലായുഗത്തിന്റെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയുന്നു.
- വിവിധ ശിലായുഗങ്ങളെ താരതമ്യം ചെയ്യുന്നു.
- വിവിധ നദീതട സംസ്കാരങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുന്നു.
- ഹരപ്പൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഋഗ്വേദകാലത്തെ ആര്യൻമാരുടെ ജീവിതം വിലയിരുത്തുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പടുത്തുക.

| എ | ബി |
|---|---|
| ഹരപ്പൻ സംസ്കാരം | ഹൊയാങ്ഹൊ |
| ഈജിപ്ഷ്യൻ സംസ്കാരം | യൂഫ്രട്ടീസ് |
| ചൈനീസ് സംസ്കാരം | സിന്ധു |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | നൈൽ |

- ശിലായുഗത്തിൽനിന്നും ലോഹയുഗത്തിലേക്കുള്ള മാറ്റം മനുഷ്യ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കി?
- നവീനശിലായുഗത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
- ഹരപ്പൻജനതയുടെ നഗരാസൂത്രണത്തെ വിലയിരുത്തുക.
- സപ്തസിന്ധു പ്രദേശത്തെ ആര്യൻമാരുടെ ജീവിതകാലത്തെ ഋഗ്വേദകാലം എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**തുടർപ്രവർത്തനം**

- പ്രാചീനകാല മനുഷ്യജീവിതത്തെ സംബന്ധിച്ച പത്രവാർത്തകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.

**സ്വയം വിലയിരുത്തൽ**

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| വിവിധ ശിലായുഗങ്ങളിലെ ജനജീവിതം | | | |
| വിവിധ ശിലായുഗങ്ങളുടെ താരതമ്യ പഠനം | | | |
| നദീതട സംസ്കാരങ്ങൾ | | | |
| ഹാരപ്പൻ സംസ്കാരം | | | |
| ഋഗ്വേദ കാലത്തെ ആര്യന്മാരുടെ ജീവിതം | | | |




അധ്യായം 2

# മാറ്റങ്ങളുടെ ഇന്ത്യ



*നിത്യജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന ചില ഉപകരണങ്ങളുടെ ചിത്രങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. അവയുടെ പ്രത്യേകതയും ഉപയോഗവും എന്തൊക്കെയാണ്?*

ഇന്ത്യയിൽ ഇന്ന് ഇരുമ്പിന്റെ നിക്ഷേപങ്ങൾ ഉള്ള പ്രദേശങ്ങൾ ഏതെല്ലാമെന്നറിയാമോ? ചുവടെ തന്നിട്ടുള്ള ഭൂപടത്തിൽനിന്നും അവ മനസ്സിലാക്കാം. അവയെ കണ്ടെത്തി പട്ടികപ്പെടുത്തൂ.




ഇന്ത്യയിലെ ഇരുമ്പുനിക്ഷേപ കേന്ദ്രങ്ങൾ

ഇന്ത്യയിൽ ആദ്യമായി മനുഷ്യർ ഇരുമ്പുപകരണങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചത് ഇന്ത്യയുടെ വടക്കു-കിഴക്ക് ഭാഗത്തെ ഗംഗാസമതലത്തിലായിരുന്നു. ഗംഗാ സമതലത്തെ ഭൂപടത്തിൽ കണ്ടെത്താവുന്നതാണ്. ഇന്നും ആ പ്രദേശം ഇരുമ്പ് നിക്ഷേപത്താൽ സമ്പന്നമാണെന്ന് ഭൂപടത്തിൽ നിന്നും മനസ്സിലായി കാണുമല്ലോ.

ബി.സി.ഇ. 1000 ത്തിലാണ് സപ്തസിന്ധു പ്രദേശത്തു നിന്നും ആര്യൻമാർ ഗംഗാസമതലത്തിലേക്ക് കുടിയേറിയത്. ഉത്തർപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ലഭിച്ച ഇരുമ്പുപകരണങ്ങളും ചാരപ്പാത്രങ്ങളും ഇതിന് തെളിവാണ്.

ഗംഗാസമതലത്തിലെത്തിയ ആര്യൻമാർ അവിടെ നിന്നും ലഭിച്ച ഇരുമ്പ് കൊണ്ട് ഉപകരണങ്ങളും ആയുധങ്ങളും നിർമിച്ച് ഉപയോഗിച്ചു. അത് ആ പ്രദേശത്തെ ജനജീവിതത്തിൽ നിരവധി മാറ്റങ്ങളുണ്ടാക്കി. അവ എന്തെല്ലാമെന്ന് നോക്കാം.



മൺപാത്രങ്ങൾ

- ഇരുമ്പായുധങ്ങൾകൊണ്ട് വനങ്ങൾ വെട്ടിത്തെളിച്ചു.
- വെട്ടിത്തെളിച്ച പ്രദേശങ്ങളിൽ കലപ്പകൊണ്ട് ഉഴുത് മറിച്ച് കൃഷി ചെയ്തു.
- കൃഷിയുടെ വികാസത്തെ തുടർന്ന് ആര്യൻമാർ സ്ഥിരവാസമാരംഭിച്ചു.
- മിച്ചോൽപ്പാദനം കൈമാറ്റത്തിന് വഴി തെളിച്ചു.
- കൈമാറ്റത്തിന് നാണയങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.
- കൈമാറ്റ കേന്ദ്രങ്ങൾ നഗരങ്ങളായി വളർന്നു.
- ഇരുമ്പായുധങ്ങൾ യുദ്ധങ്ങൾക്കും രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വഴിതെളിച്ചു.




പ്രാചീന നാണയങ്ങൾ

**ഗംഗാ സമതലത്തിലെ കൃഷിയുടെ അഭിവൃദ്ധി നഗര രൂപീകരണത്തിലേയ്ക്ക് നയിച്ചതെങ്ങനെയെന്ന് ചർച്ച ചെയ്യുക.**

സ്ഥിരവാസം ജനജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാക്കി എന്ന് നോക്കാം.

- ജനങ്ങൾ സ്ഥിരവാസമുറപ്പിച്ച പ്രദേശങ്ങൾ ജനപദങ്ങൾ എന്നറിയപ്പെട്ടു.
- ജനങ്ങൾ ഗോത്രങ്ങളായാണ് ജീവിച്ചത്.
- ഗോത്രത്തലവൻ രാജൻ എന്നറിയപ്പെട്ടു.
- ദൈവാരാധനയും മതാചാരങ്ങളും കൂടുതൽ സങ്കീർണമായി.
- തൊഴിലിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ നാലായി വിഭജിച്ചു.




## ജൈനമതവും ബുദ്ധമതവും

ചിത്രത്തിൽ കാണുന്ന ശിൽപ്പം ആരുടേതെന്നറിയാമോ? ബുദ്ധമത സ്ഥാപകനായ ശ്രീബുദ്ധന്റെ ശിൽപ്പമാണത്. ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയുടെ വടക്കു-കിഴക്കൻ ദേശത്തുണ്ടായ സാമൂഹിക മാറ്റങ്ങളാണ് ബുദ്ധമതം, ജൈനമതം എന്നിവയുടെ ആവിർഭാവത്തിന് വഴിതെളിച്ചത്. വർദ്ധമാന മഹാവീരനാണ് ജൈനമതം പ്രചരിപ്പിച്ചത്. ഇവയുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- മൃഗബലിയും യാഗങ്ങളും കൃഷിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു.
- യാഗങ്ങളുടേയും ആചാരാനുഷ്ഠാനങ്ങളുടേയും വളർച്ച പുരോഹിതന്മാരുടെ ആധിപത്യത്തിന് വഴിതെളിച്ചു.
- സമ്പന്നരായ വൈശ്യവിഭാഗത്തിന് സമൂഹത്തിൽ താഴ്ന്ന സ്ഥാനമാണ് ഉണ്ടായിരുന്നത്.


ശ്രീബുദ്ധൻ


മഹാവീരൻ

ജൈനമതത്തേയും ബുദ്ധമതത്തേയും കുറിച്ച് കൂടുതൽ വിവരങ്ങൾ ചുവടെ തന്നിട്ടുള്ള പട്ടികയിൽ നിന്ന് നേടാവുന്നതാണ്.

| **ജൈനമതം** | **ബുദ്ധമതം** |
|---|---|
| അഹിംസയ്ക്ക് പ്രാധാന്യം നൽകി. | അഹിംസയായിരുന്നു പ്രധാന തത്ത്വം. |
| വേദാചാരങ്ങളേയും ജാതി വ്യവസ്ഥയേയും എതിർത്തു. | ആചാരങ്ങളേക്കാൾ ധാർമികതയ്ക്ക് പ്രാധാന്യം നൽകി. |
| ബ്രഹ്മചര്യം പിൻതുടരാൻ ആവശ്യപ്പെട്ടു. | പാലി ഭാഷയിൽ രചിച്ച ത്രിപിടകങ്ങളാണ് ബുദ്ധമത തത്ത്വങ്ങളെ ഉൾക്കൊണ്ടിരുന്നത്. |
| പ്രാകൃത് ഭാഷയിൽ ആശയങ്ങൾ പ്രചരിപ്പിച്ചു. | പ്രചരണത്തിനായി 'സംഘം' രൂപീകരിച്ചു. |
| ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി എന്നിവ പിൻതുടരാൻ ജനങ്ങളോട് ആവശ്യപ്പെട്ടു. | നിരവധി ഗുഹകൾ, ചൈത്യങ്ങൾ, വിഹാരങ്ങൾ, സ്തംഭങ്ങൾ എന്നിവ നിർമിച്ചു. |
| ശിലാസ്തംഭങ്ങൾ, ഗുഹാക്ഷേത്രങ്ങൾ, പ്രതിമകൾ എന്നിവയുടെ നിർമാണത്തെ പ്രോത്സാഹിപ്പിച്ചു. | അയൽരാജ്യങ്ങളുമായി സാംസ്കാരിക ബന്ധം സ്ഥാപിക്കുന്നതിന് വഴിയൊരുക്കി. |
| | നളന്ദ, തക്ഷശില, വിക്രമശില എന്നീ സർവകലാശാലകൾ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമായി. |

**സമകാലിക സമൂഹത്തിൽ ജൈനമതം, ബുദ്ധമതം എന്നിവയുടെ പ്രാധാന്യം ചർച്ച ചെയ്യുക.**


## മഹാജനപദങ്ങൾ

കൃഷിയുടെ വികാസത്തെ തുടർന്ന് ജനങ്ങൾ സ്ഥിരവാസമുറപ്പിച്ച ജനപദങ്ങളെക്കുറിച്ച് നേരത്തേ ചർച്ച ചെയ്തത് ഓർക്കുമല്ലോ. ഈ ജനപദങ്ങൾ പലതും ഒത്തുചേർന്ന് മഹാജനപദങ്ങളായി മാറി. ഇത്തരം പതിനാറ് മഹാജനപദങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. ചുവടെ തന്നിട്ടുള്ള ഭൂപടത്തിൽനിന്നും അവയെ കണ്ടെത്തി പട്ടികപ്പെടുത്താവുന്നതാണ്.




മഹാജനപദങ്ങൾ

പതിനാറ് മഹാജനപദങ്ങളിൽ ഏറ്റവും ശക്തിയാർജ്ജിച്ചത് മഗധയായിരുന്നു. അതിനുള്ള കാരണങ്ങൾ ചുവടെ തന്നിട്ടുണ്ട്.





**മഗധയുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങളെ വിലയിരുത്തുക.**

## മൗര്യസാമ്രാജ്യം

- അച്ഛനേയും അമ്മയേയും ബഹുമാനിക്കണം.
- മുതിർന്നവർ, ബന്ധുക്കൾ എന്നിവരെ ആദരിക്കണം.
- ആരുടേയും വസ്തുക്കൾ മോഷ്ടിക്കരുത്.

ഏതൊരു സമൂഹത്തിന്റേയും നിലനിൽപ്പിനാവശ്യമായ ചില ഗുണപാഠങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. പ്രാചീന ഇന്ത്യയിൽ നിലനിന്ന മൗര്യസാമ്രാജ്യത്തിലെ ഭരണാധികാരിയായിരുന്ന അശോകൻ ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങളായിരുന്നു ഇവ.

ചന്ദ്രഗുപ്ത മൗര്യനാണ് മൗര്യസാമ്രാജ്യം സ്ഥാപിച്ചത്. മഗധയിലെ അവസാനത്തെ ഭരണാധികാരിയായിരുന്ന ധനനന്ദനെ പരാജയപ്പെടുത്തിയാണ് അദ്ദേഹം മൗര്യസാമ്രാജ്യം സ്ഥാപിച്ചത്. കൗടില്യന്റെ സിദ്ധാന്തമനുസരിച്ചാണ് അദ്ദേഹം ഭരണം നടത്തിയത്. രാജഭരണത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ സിദ്ധാന്തം സപ്താംഗ സിദ്ധാന്തം എന്നറിയപ്പെടുന്നു. *അർത്ഥശാസ്ത്രം* എന്ന ഗ്രന്ഥത്തിലാണ് കൗടില്യൻ ഇതിനെക്കുറിച്ച് പരാമർശിക്കുന്നത്.


കൗടില്യൻ

### സപ്താംഗ സിദ്ധാന്തം

കൗടില്യന്റെ സപ്താംഗ സിദ്ധാന്ത പ്രകാരം ഒരു വ്യക്തിക്കെന്നപോലെ ഒരു രാജ്യത്തിനും ഒഴിച്ചുകൂടാനാവാത്ത ഏഴ് അവയവങ്ങൾ ഉണ്ട്. അവ സ്വാമി (രാജാവ്), അമാത്യൻ (മന്ത്രി), കോസ (ഖജനാവ്), ദണ്ഡ (നീതിന്യായം), ദുർഗ (കോട്ട), മിത്രം (സഖ്യം), ജനപദം (പ്രദേശം) എന്നിവയാണ്.

മൗര്യസാമ്രാജ്യത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായിരുന്നു അശോകൻ. സാമ്രാജ്യത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ഐക്യവും സാഹോദര്യവും നിലനിർത്തുന്നതിനായി അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങളാണ് നേരത്തേ സൂചിപ്പിച്ചത്. ഈ ആശയങ്ങൾ 'ധമ്മ' എന്ന പേരിലറിയപ്പെട്ടു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ശാസനങ്ങളിലൂടെയാണ് അശോകൻ തന്റെ 'ധമ്മ' എന്ന ആശയം പ്രചരിപ്പിച്ചത്.




മൗര്യ സാമ്രാജ്യം

**ചുവടെ തന്നിട്ടുള്ള ഭൂപടത്തിൽ നിന്നും വിവിധതരം അശോക ശാസനകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.**




അശോക ശാസനങ്ങൾ

മൗര്യകാലഘട്ടത്തിലെ ജനജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

- കൃഷി വികാസം പ്രാപിച്ചു.
- കൃഷിയുടെ വികാസം കച്ചവടത്തിന്റെ പുരോഗതിക്ക് കാരണമായി.
- ജലസേചന സൗകര്യങ്ങൾ ഭരണാധികാരികൾ ഒരുക്കി.
- ചാപ്പകുത്തിയ നാണയങ്ങൾ നിലവിലിരുന്നു.
- വ്യത്യസ്ത നികുതികൾ പിരിച്ചിരുന്നു.
- വർണത്തെ (തൊഴിൽ) അടിസ്ഥാനമാക്കിയുള്ള സാമൂഹിക വിഭജനം നിലനിന്നിരുന്നു.



ചാപ്പകുത്തിയ നാണയങ്ങൾ

**ഇന്ത്യൻ ദേശീയ കലണ്ടർ**

| നമ്പർ | മാസം | ദൈർഘ്യം | തുടങ്ങുന്ന ദിവസം (ഗ്രിഗോറിയൻ) |
|---|---|---|---|
| 1 | ചൈത്രം | 30/31 | മാർച്ച് 22* |
| 2 | വൈശാഖം | 31 | ഏപ്രിൽ 21 |
| 3 | ജ്യേഷ്ഠം | 31 | മെയ് 22 |
| 4 | ആഷാഢം | 31 | ജൂൺ 22 |
| 5 | ശ്രാവണം | 31 | ജൂലൈ 23 |
| 6 | ഭാദ്രം | 31 | ആഗസ്റ്റ് 23 |
| 7 | ആശ്വിനം | 30 | സെപ്റ്റംബർ 23 |
| 8 | കാർത്തികം | 30 | ഒക്ടോബർ 23 |
| 9 | അഗ്രഹായനം | 30 | നവംബർ 22 |
| 10 | പൌഷം | 30 | ഡിസംബർ 22 |
| 11 | മാഘം | 30 | ജനുവരി 21 |
| 12 | ഫാൽഗുനം | 30 | ഫെബ്രുവരി 20 |

ഇന്ത്യയുടെ ദേശീയ പഞ്ചാംഗം



അശോകന്റെ സ്തംഭശാസനം - വൈശാലി

## ഇന്ത്യ മൗര്യന്മാർക്കുശേഷം

*ഇന്ത്യയുടെ ദേശീയ പഞ്ചാംഗമായ ശകവർഷമാണ് മുകളിൽ തന്നിട്ടുള്ളത്. ഇത് ആരംഭിച്ചതാരെന്നറിയാമോ?*

മൗര്യന്മാർക്കുശേഷം ഇന്ത്യയിൽ അധികാരത്തിൽ വന്ന കുഷാനരാജവംശത്തിലെ കനിഷ്കനാണ് സി.ഇ. 78 ൽ ശകവർഷം ആരംഭിച്ചത്. ബുദ്ധമതത്തിന്റെ പ്രചാരണത്തിൽ പ്രധാന പങ്ക് വഹിച്ച അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന ബുദ്ധമത പണ്ഡിതന്മാരായിരുന്നു അശ്വഘോഷനും വസുമിത്രനും. ഇന്ത്യയിൽ ആദ്യമായി സ്വർണനാണയങ്ങൾ പുറത്തിറക്കിയത് കുഷാന ഭരണാധികാരികളായിരുന്നു. വൈദ്യശാസ്ത്രത്തിന് വൻ തോതിലുള്ള സംഭാവനകൾ നൽകിയ ചരകനും ശുശ്രുതനും കുഷാന ഭരണകാലത്താണ് ജീവിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ ഇന്ത്യയിലെത്തിയ ശിൽപ്പികൾ നിരവധി ബുദ്ധപ്രതിമകൾ നിർമിച്ചു. ഗ്രീസിലെയും റോമിലെയും ശിൽപ്പവിദ്യാരീതിയെ ഇന്ത്യൻ ശൈലിയുമായി ചേർത്ത് ശിൽപ്പങ്ങൾ നിർമിച്ച ഈ രീതി ഗാന്ധാരശിൽപ്പകല എന്നറിയപ്പെട്ടു.



ഗാന്ധാര ശിൽപ്പം


ഇടുക്കിയിൽ അഞ്ഞൂറ് കർഷകർക്ക് പട്ടയം നൽകി

ഗവൺമെന്റ് ഭൂരഹിതരായ ജനങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന്റെ വാർത്തയാണിത്. ഇതുപോലെ പ്രാചീന ഇന്ത്യയിൽ ഭരണാധികാരികൾ വിവിധ ജനവിഭാഗങ്ങൾ


ഗവൺമെന്റ് ഭൂരഹിതരായ ജനങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന്റെ വാർത്തയാണിത്. ഇതുപോലെ പ്രാചീന ഇന്ത്യയിൽ ഭരണാധികാരികൾ വിവിധ ജനവിഭാഗങ്ങൾക്ക് അവരുടെ സേവനത്തിനുള്ള പ്രതിഫലമായി ഭൂമി നൽകിയിരുന്നു. ഇത് ഭൂദാനം എന്നാണറിയപ്പെട്ടത്. ബി.സി.ഇ. ഒന്നാം നൂറ്റാണ്ടിൽ പ്രതിസ്താന (ഇന്നത്തെ മഹാരാഷ്ട്രയിലെ പൈതാൻ) ആസ്ഥാനമാക്കി ഭരിച്ചിരുന്ന ശതവാഹന ഭരണാധികാരികളാണ് ഭൂദാനം ശക്തമായി ആരംഭിച്ചത്. കൃഷി വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇത്തരത്തിൽ ഭൂമി ദാനം നൽകിയത്. കാലാന്തരത്തിൽ ഈ പ്രദേശങ്ങളുടെ ഭരണാധികാരവും ഭൂമി ദാനമായി ലഭിച്ചവർ കൈയ്യടക്കി. അതോടെ രാജാവിന്റെ അധികാരം ദുർബലപ്പെട്ടു. റോമാസാമ്രാജ്യവുമായി ശതവാഹന രാജ്യത്തിന് വാണിജ്യ ബന്ധമുണ്ടായിരുന്നു. കച്ചവട പുരോഗതി നഗരങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കി.


റോമൻ നാണയങ്ങൾ

**മൗര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിൽ വിവിധ രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ ചർച്ച ചെയ്യുക.**

**ഗുപ്തകാലം**

*ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമായ ആര്യഭട്ടയുടെ ചിത്രമാണ് തന്നിട്ടുള്ളത്. ഇതിന് ആ പേര് നൽകാനുള്ള കാരണമറിയാമോ?*



പ്രാചീന ഇന്ത്യയിൽ ഗുപ്തരാജാക്കന്മാരുടെ ഭരണ കാലത്ത് ജീവിച്ചിരുന്ന ആര്യഭടന്റെ ഓർമ്മയ്ക്കായാണ് ആ പേര് നൽകിയത്. ബഹിരാകാശ വിജ്ഞാനത്തിന് നിരവധി സംഭാവനകൾ നൽകിയ അദ്ദേഹം രചിച്ച ഗ്രന്ഥമാണ് *ആര്യഭടീയം.*

ചന്ദ്രഗുപ്തൻ ഒന്നാമൻ ആയിരുന്നു ഗുപ്തരാജവംശത്തിലെ ആദ്യത്തെ ശക്തനായ ഭരണാധികാരി. അദ്ദേഹം സി.ഇ.320ൽ ഗുപ്ത പഞ്ചാംഗത്തിന് തുടക്കം കുറിച്ചു. അദ്ദേഹത്തെ തുടർ

ന്നുവന്ന സമുദ്രഗുപ്തൻ സാമ്രാജ്യ വിസ്തൃതി വർദ്ധിപ്പിച്ചു. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന കവിയായ ഹരിസേനൻ തയ്യാറാക്കിയ ‘അലഹബാദ് പ്രശസ്തി’യിൽനിന്നാണ് സമുദ്രഗുപ്തന്റെ ആക്രമണങ്ങളെക്കുറിച്ച് നമുക്ക് വിവരം ലഭിക്കുന്നത്.



അലഹബാദ് പ്രശസ്തി

ചന്ദ്രഗുപ്തൻ രണ്ടാമന്റെ കാലഘട്ടത്തിലാണ് ഗുപ്ത സാമ്രാജ്യം ഏറ്റവും വിസ്തൃതമായത്. അദ്ദേഹത്തിന്റെ കാലത്താണ് ചൈനീസ് സഞ്ചാരിയായ ഫാഹിയാൻ ഇന്ത്യ സന്ദർശിച്ചത്. ചന്ദ്രഗുപ്തൻ രണ്ടാമൻ രാജ്യത്തിന്റെ തലസ്ഥാനം പാടലീപുത്രത്തിൽ നിന്നും ഉജ്ജയിനിയിലേക്കു മാറ്റി.



അലഹബാദ് സ്തംഭം

ഗുപ്തകാലത്തെ ജനജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

- ഭൂദാനം വ്യാപകമായി.
- കാർഷികോൽപ്പാദനം വർദ്ധിച്ചെങ്കിലും കർഷകരുടെ അവസ്ഥ പരിതാപകരമായിരുന്നു.
- വ്യാപാരം ദുർബലമായി.
- നഗരങ്ങളുടെ പ്രാധാന്യം നഷ്ടപ്പെട്ടു.
- വർണസമ്പ്രദായം ശക്തമായി.
- വിഷ്ണുഭക്തരും ശിവ ഭക്തരും ക്ഷേത്രങ്ങൾ നിർമിച്ചു.

ശാസ്ത്ര-സാഹിത്യരംഗത്ത് ഗുപ്തകാലം ഗണ്യമായ പുരോഗതി കൈവരിച്ചു. ഈ രംഗങ്ങളിൽ സംഭാവന നൽകിയ വ്യക്തികളെയും അവർ രചിച്ച പുസ്തകങ്ങളെയും പരിചയപ്പെടാം.

| വ്യക്തികൾ | പുസ്തകങ്ങൾ |
|---|---|
| കാളിദാസൻ | അഭിജ്ഞാന ശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം |
| ശൂദ്രകൻ | മൃച്ഛകടികം |
| വിശാഖദത്തൻ | മുദ്രാരാക്ഷസം |
| വരാഹമിഹിരൻ | പഞ്ചസിദ്ധാന്തിക |
| അമരസിംഹൻ | അമരകോശം |

**ഗുപ്തകാലത്തുണ്ടായ മാറ്റങ്ങൾ സാധാരണക്കാരായ ജനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചുവെന്ന് വിലയിരുത്തുക.**


കുടക്കല്ല്



മുനിയറ


നാട്ടുകല്ല്


നന്നങ്ങാടി

പ്രാചീനകാലത്തെ കേരളത്തിലെ ജനജീവിതത്തെക്കുറിച്ച് വിവരം തരുന്ന ചില സ്മാരകങ്ങളുടെ ചിത്രങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. ശവമടക്കിനാണ് ഇവ ഉപയോഗിച്ചിരുന്നത്. വലിയ കല്ലു കൊണ്ടാണ് ഇവ നിർമിച്ചിരുന്നത്. അതിനാൽ ഇവ മഹാശിലാ സ്മാരകങ്ങൾ എന്നറിയപ്പെട്ടു. ഈ കാലഘട്ടം മഹാശിലാ സ്മാരക കാലഘട്ടം എന്നും അറിയപ്പെടുന്നു.

ഇരുമ്പുപകരണങ്ങളാണ് ഈ കാലഘട്ടത്തിൽ മനുഷ്യർ ഉപയോഗിച്ചിരുന്നത്. പ്രാചീന തമിഴ്ഭാഷയാണ് ഇവിടെ ജനങ്ങൾ സംസാരിച്ചിരുന്നത്. അതിനാൽ ഇന്നത്തെ കേരളവും തമിഴ്നാടും ആന്ധ്രപ്രദേശിലെ ചില ഭാഗങ്ങളും ഉൾപ്പെടുന്ന ഈ പ്രദേശം പ്രാചീന തമിഴകം എന്നറിയപ്പെട്ടു. സി.ഇ. ആദ്യ നൂറ്റാണ്ടുകളായിരുന്നു മഹാശിലാ സ്മാരക കാലഘട്ടം. ഈ കാലഘട്ടത്തിലെ ജനജീവിതത്തെക്കുറിച്ച് വിവരം തരുന്ന മറ്റൊരു പ്രധാന സ്രോതസ്സ് പഴന്തമിഴ് പാട്ടുകളാണ്. അവ സംഘ സാഹിത്യം എന്നും അറിയപ്പെടുന്നു. പ്രധാന സംഘം കൃതികൾ ഏതെല്ലാമെന്ന് നോക്കാം.



## തിണകൾ

പാല

പാലക്കാട്

കുറിഞ്ഞിലക്കാട്

കേരളത്തിലെ ചില സ്ഥലനാമങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. പ്രാചീന തമിഴകത്ത് സവിശേഷമായ ഭൂമിശാസ്ത്ര പ്രത്യേകതകളോടുകൂടിയ അഞ്ച് ഭൂവിഭാഗങ്ങൾ ഉണ്ടായിരുന്നു. അവ തിണകൾ എന്നറിയപ്പെട്ടു. അവയുടെ പേരുമായി ഈ സ്ഥലനാമങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. അഞ്ച് തിണകളും അവയുടെ ഭൂമിശാസ്ത്ര പ്രത്യേകതകളും എന്താണെന്ന് നോക്കാം.

| തിണകൾ | ഭൂമിശാസ്ത്ര സവിശേഷതകൾ |
|---|---|
| കുറിഞ്ചി | വനപ്രദേശം |
| മുല്ലൈ | പുൽമേടുകൾ |
| പാലൈ | വരണ്ട പ്രദേശം |
| മരുതം | നദീതടം |
| നെയ്തൽ | തീരപ്രദേശം |

**തിണകളുടെ ഭൂമിശാസ്ത്ര സവിശേഷതകൾക്കനുസരിച്ച് അവിടങ്ങളിൽ നിലനിന്ന തൊഴിലുകൾ എന്തെല്ലാമായിരിക്കാമെന്ന് ചർച്ച ചെയ്യുക.**

**പഠനനേട്ടങ്ങൾ**

- ഗംഗാസമതലത്തിലെ ജനജീവിതത്തെ വിലയിരുത്തുന്നു.
- മഹാജനപദങ്ങളെ തിരിച്ചറിയുന്നു.
- മഗധയുടെ ആവിർഭാവത്തിനിടയാക്കിയ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- മൗര്യസാമ്രാജ്യത്തിലെ ജനജീവിതം വിശദമാക്കുന്നു.
- മൗര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യുന്നു.
- ഗുപ്തകാലഘട്ടത്തിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തുന്നു.
- പ്രാചീന തമിഴകത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| കുറിഞ്ചി | പുൽമേട് |
| പാലൈ | നദീതടം |
| മുല്ലൈ | വരണ്ട പ്രദേശം |
| മരുതം | സമുദ്രതീരം |
| നെയ്തൽ | വനപ്രദേശം |

- മൗര്യാനന്തര കാലത്ത് ഇന്ത്യയിൽ ജനജീവിതത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുക.
- മഗധയുടെ ആവിർഭാവത്തിനിടയാക്കിയ കാരണങ്ങൾ വിലയിരുത്തുക.
- ഇരുമ്പിന്റെ ഉപയോഗം ഗംഗാസമതലത്തിലെ ജനജീവിതത്തെ സ്വാധീനിച്ചതെങ്ങനെ?
- ജൈനമതം, ബുദ്ധമതം എന്നിവയുടെ സവിശേഷതകൾ വിശദമാക്കുക.
- ഗുപ്തകാലഘട്ടത്തിൽ ശാസ്ത്ര-സാഹിത്യ രംഗങ്ങളിലുണ്ടായ പുരോഗതി ചൂണ്ടിക്കാണിക്കുക.
- പ്രാചീന തമിഴകത്തെ ജനജീവിതം വിശദമാക്കുക.
- പഴന്തമിഴ് പാട്ടുകളുടെ പ്രാധാന്യം വ്യക്തമാക്കുക.

**തുടർപ്രവർത്തനം**

- മഹാശിലാ സ്മാരകങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി ഒരു ആൽബം തയ്യാറാക്കുക.

**സ്വയം വിലയിരുത്തൽ**

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഗംഗാ സമതലത്തിലെ ജനജീവിതം | | | |
| മഗധയുടെ ആവിർഭാവം | | | |
| മൗര്യ സാമ്രാജ്യത്തിലെ വിവിധ ഘടകങ്ങൾ | | | |
| മൗര്യ കാലഘട്ടത്തിലെ ജനജീവിതം | | | |
| ഗുപ്ത കാലഘട്ടത്തുണ്ടായ മാറ്റങ്ങൾ | | | |
| പ്രാചീന തമിഴകത്തിലെ ജനജീവിതം | | | |



# അധ്യായം 3

# മനുഷ്യജീവിതം മധ്യകാലഘട്ടത്തിൽ

സി.ഇ. അഞ്ചാം നൂറ്റാണ്ടുമുതൽ സി.ഇ. പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തെയാണ് മധ്യകാലമെന്ന് പൊതുവെ കണക്കാക്കുന്നത്. ലോകത്ത് എല്ലായിടത്തും ഇത് ഒരുപോലെ ആയിരുന്നില്ല. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉടലെടുത്ത ചില സാമ്രാജ്യങ്ങളെ നമുക്ക് പരിചയപ്പെടാം.

| സാമ്രാജ്യം | തലസ്ഥാനം | ഭരണാധികാരികൾ | സംഭാവനകൾ |
|---|---|---|---|
| പൗരസ്ത്യ റോമാ സാമ്രാജ്യം (ബൈസാന്റിയൻ സാമ്രാജ്യം) | കോൺസ്റ്റാന്റിനോപ്പിൾ (ഈസ്താംബൂൾ, ബൈസാൻഷ്യം) | ജസ്റ്റീനിയൻ 1 (കോൺസ്റ്റാന്റയിൻ സ്ഥാപകൻ) | കോർപ്പസ് ജൂറിസ് സിവിൽസ് എന്ന നിയമസംഹിത |
| വിശുദ്ധ റോമാ സാമ്രാജ്യം (ഫ്രാങ്കിഷ് സാമ്രാജ്യം) | റോം | ഷാലമീൻ | പ്രദേശിക ഭരണം – നിയന്ത്രിക്കാൻ കൗണ്ടുകൾ എന്ന ഉദ്യോഗസ്ഥർ, കരോലിൻജിൻ നവോത്ഥാനം |

| സാമ്രാജ്യം | തലസ്ഥാനം | ഭരണാധികാരികൾ | സംഭാവനകൾ |
|---|---|---|---|
| അറബ് സാമ്രാജ്യം (ഉമവിയ്യകൾ, അബ്ബാസിയകൾ) | ദമാസ്കസ് | അബ്ദ്-അൽ-മാലിക് | ദർഹം, ദിനാർ നാണയങ്ങൾ |
| | ബാഗ്ദാദ് | ഹാറൂൺ-അൽ-റഷീദ് | ക്ഷേമപദ്ധതികൾ നടപ്പിലാക്കി |
| ഓട്ടോമൻ സാമ്രാജ്യം | കോൺസ്റ്റാന്റിനോപ്പിൾ | സുലൈമാൻ | നിയമങ്ങൾ ക്രോഡീകരിച്ചു |
| മംഗോളിയൻ സാമ്രാജ്യം | കാരക്കോറം | ചെങ്കിസ്ഖാൻ | സൈന്യത്തിന്റെ സവിശേഷത - കുതിരപ്പട, സുസംഘടിതമായ ചാര സംഘം, കൊറിയർ സമ്പ്രദായം |
| മാലിസാമ്രാജ്യം | മാലി | കങ്കൻ മൂസ | അടിമക്കച്ചവടത്തിന്റെ കേന്ദ്രം, തിംബുക്തുവിലെ ഗ്രേറ്റ് മോസ്ക് |

**മംഗോളിയൻ സാമ്രാജ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക**


## ഫ്യൂഡലിസം

മധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥയായ ഫ്യൂഡലിസത്തെക്കുറിച്ച് നിങ്ങൾ മുൻ ക്ലാസിൽ പഠിച്ചിട്ടുണ്ടല്ലോ. അതിന്റെ പതനകാരണങ്ങളിൽ ചിലത് നമുക്ക് പരിശോധിക്കാം.

- കറുത്ത മരണം
- കുരിശ് യുദ്ധങ്ങൾ
- മധ്യവർഗത്തിന്റെ ഉദയം

## മധ്യകാല വാണിജ്യം

വ്യാപാരം നടത്തുന്നതിനായി നാം വിവിധ പാതകൾ സ്വീകരിക്കാറുണ്ടല്ലോ? മധ്യകാലത്തിലെ വാണിജ്യം നടന്നത് പ്രധാനമായും രണ്ടു പാതകളിലൂടെയാണ്. അവ ചുവടെ നൽകിയിരിക്കുന്നു.




*പട്ടുതുണിപ്പാതയും സുഗന്ധവ്യഞ്ജനപാതയും*

| പാതകൾ | സവിശേഷതകൾ |
|---|---|
| പട്ടുപാത | പ്രധാനമായും കരമാർഗം |
| സുഗന്ധവ്യഞ്ജന പാത | പ്രധാനമായും കടൽമാർഗം |

## മധ്യകാല നഗരങ്ങൾ

പ്രാചീന നഗരങ്ങൾ പതിനൊന്നാം നൂറ്റാണ്ടോടുകൂടി വീണ്ടും സജീവമായി. എന്നാൽ മറ്റു പ്രദേശങ്ങളിലെ നഗരങ്ങളെ അപേക്ഷിച്ച് ഇറ്റാലിയൻ നഗരങ്ങൾ ഈ കാലഘട്ടത്തിൽ വാണിജ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളായി മാറിയതിന്റെ കാരണങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- തുറമുഖങ്ങളുടെ സാന്നിധ്യം
- കച്ചവടക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ
- ഭരണാധികാരികളുടെ പ്രോത്സാഹനം

ഈ കാലഘട്ടത്തിലെ ചില കിഴക്കൻ നഗരങ്ങളെയും പടിഞ്ഞാറൻ നഗരങ്ങളെയും നമുക്ക് പരിചയപ്പെടാം.



*മധ്യകാല യൂറോപ്യൻ നഗരം*




*ബാഗ്ദാദിലെ കച്ചവടകേന്ദ്രം ചിത്രകാരന്റെ ഭാവനയിൽ*

| പടിഞ്ഞാറൻ നഗരങ്ങൾ | കിഴക്കൻ നഗരങ്ങൾ |
|---|---|
| ജെനോവ | ബാഗ്ദാദ് |
| പിസ | ദമാസ്കസ് |
| വെനീസ് | ഏദൻ |
| ഫ്ളോറൻസ് | ബസറ |
| ലണ്ടൻ | സൂറത്ത് |
| പാരീസ് | കോഴിക്കോട് |

## ഗിൽഡുകൾ

മധ്യകാല നഗരങ്ങളിൽ വ്യാപാരം നിയന്ത്രിച്ചിരുന്നത് ഗിൽഡുകൾ എന്ന സംഘങ്ങളായിരുന്നു. ഇവയെ രണ്ടായി തരംതിരിക്കാം.




വ്യാവസായികവൽക്കരണം, ഫാക്ടറി സമ്പ്രദായം, ശാസ്ത്ര-സങ്കേതിക രംഗത്തെ വളർച്ച എന്നിവ ഗിൽഡ് വ്യവസ്ഥയെ പതനത്തിലേക്ക് നയിച്ചു.

## മധ്യകാല വിദ്യഭ്യാസം

പള്ളികളും സന്യാസിമഠങ്ങളും കേന്ദ്രീകരിച്ചുള്ള പ്രാഥമിക വിദ്യാഭ്യാസം, സർവ്വകലാശാല കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം എന്നിങ്ങനെ മധ്യകാല വിദ്യാഭ്യാസം വ്യാപിച്ചിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കേന്ദ്രം സ്കൂളുകളാണ്. ഇവ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടിരുന്നു. അബ്ബാസിയ കാലഘട്ടത്തിലെ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങളെ മക്തബ് എന്നാണ് വിളിച്ചിരുന്നത്. എന്നാൽ പുരാതന ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഗുരുകുല സമ്പ്രദായം എന്നാണ് അറിയപ്പെട്ടിരുന്നത്. ഉന്നത വിദ്യാഭ്യാസത്തിനായി കിഴക്കും പടിഞ്ഞാറും നിരവധി സർവ്വകലാശാലകൾ ഈ കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് നമുക്ക് പരിചയപ്പെടാം.

| സർവ്വകലാശാല | രാജ്യം |
|---|---|
| ബൊളോണ | ഇറ്റലി |
| കൊർദോവ | സ്പെയിൻ |
| ഓക്സ്ഫഡ് | ഇംഗ്ലണ്ട് |
| പാരിസ് | ഫ്രാൻസ് |
| അൽ-അസ്ഹർ | ഈജിപ്ത് |

**മധ്യകാല വിദ്യാഭ്യാസത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക**

## മധ്യകാല സാഹിത്യം

മതപരമായ വിഷയങ്ങൾ ഈ കാലഘട്ടത്തിലെ സാഹിത്യങ്ങളിൽ പ്രതിപാദിച്ചിരുന്നു എങ്കിലും മറ്റു വിഷയങ്ങളെ അടിസ്ഥാനമാക്കിയും കൃതികൾ രചിച്ചിട്ടുണ്ട്. ചില കൃതികളെ നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| അൽ-ഫിർദൗസി | ഷാനാമ |
| സെന്റ് അഗസ്റ്റിൻ | സിറ്റി ഓഫ് ഗോഡ് |
| ജയദേവൻ | ഗീതഗോവിന്ദം |
| പീറ്റർ അബിലാർഡ് | ഡയലോഗ് |

## മധ്യകാല ശാസ്ത്രം

ശാസ്ത്രരംഗത്തും മധ്യകാല ലോകം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ കാലഘട്ടത്തിലെ ചില ശാസ്ത്രജ്ഞന്മാരെ നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| ഇബ്നു സിന | വൈദ്യശാസ്ത്രജ്ഞൻ |
| അബു-അൽ-ഖാസിം | ശസ്ത്രക്രിയയുടെ പിതാവ് |
| റോജർ ബേക്കൻ | യന്ത്രനിർമിത വാഹനങ്ങൾ ആകാശയാനങ്ങളടക്കം കണ്ടുപിടിത്തം |
| ഭാസ്കര രണ്ടാമൻ | ജ്യോതിശാസ്ത്രജ്ഞൻ |

## മധ്യകാല ഇന്ത്യ

മധ്യകാലഘട്ടം, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരുപോലെയായിരുന്നില്ല എന്ന് നാം മുമ്പ് പഠിച്ചുവല്ലോ. എട്ടാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമാണ് പൊതുവെ ഇന്ത്യയുടെ മധ്യകാലമെന്ന് അറിയപ്പെടുന്നത്. ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ വിവിധ പ്രദേശങ്ങൾ ഭരിച്ചിരുന്ന ചില രാജവംശങ്ങളെ നമുക്ക് പരിചയപ്പെടാം.

## സുൽത്താനേറ്റ് രാജവംശം

സി.ഇ. 1206 മുതൽ 1526 വരെ ഡൽഹി ഭരിച്ചിരുന്ന രാജവംശങ്ങളാണ് ഡൽഹി സൽത്തനത്ത് എന്നറിയപ്പെടുന്നത്. മംലുക്ക്, ഖിൽജി, തുഗ്ലക്ക്, സയ്യദ്, ലോദി എന്നിവയാണ് അഞ്ച് സൽത്തനത്ത് രാജവംശങ്ങൾ.

സൽത്തനത്ത് ഭരണ സംവിധാനത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

- തുർക്കി പാരമ്പര്യം
- ഭരണത്തിന്റെ തലവൻ സുൽത്താൻ
- കൃത്യമായ പിന്തുടർച്ചാനിയമം ഇല്ല
- ഭരണ സൗകര്യത്തിനായി സാമ്രാജ്യത്തെ പ്രവിശ്യകൾ, ഷിഖുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചു
- ഇഖ്ത സമ്പ്രദായം

ശക്തമായ സൈന്യത്തെ സജ്ജീകരിക്കുന്നതിനായി അലാവുദ്ദീൻ ഖൽജി നടപ്പാക്കിയ സംവിധാനമാണ് കമ്പോള പരിഷ്കരണം.

> **ഇഖ്ത സമ്പ്രദായം**
>
> രാജ്യത്തെ പല വിഭാഗങ്ങളായി വിഭജിച്ച് സൈനിക പ്രഭുക്കന്മാരെ ഏൽപ്പിച്ചു. കൈവശം വച്ചിരുന്നവർ ഇഖ്തദാർ, മുഖ്തി എന്നീ പേരുകളിൽ അറിയപ്പെട്ടു.

## മുഗൾ വംശം

1526-ൽ ബാബർ സ്ഥാപിച്ച മുഗൾ സാമ്രാജ്യത്തെ കുറിച്ച് നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്. ഈ സാമ്രാജ്യത്തിന്റെ ഭരണസംവിധാനം എപ്രകാരമായിരുന്നു?

- കേന്ദ്രീകൃത ഭരണസംവിധാനം
- തുർക്കി, മംഗോളിയൻ സമ്പ്രദായങ്ങളുടെ സ്വാധീനം
- അധികാരത്തിന്റെ കേന്ദ്രം ചക്രവർത്തി
- ഭരണ സൗകര്യത്തിനായി രാജ്യത്തെ സുബകൾ, സർക്കാരുകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചു
- മാൻസബ്ദാരി സമ്പ്രദായം
- ജാഗിർദാരി സമ്പ്രദായം - സൽത്തനത്ത് കാലത്തെ ഇഖ്തയുടെ ഉയർന്ന രൂപം

### മാൻസബ്ദാരി സമ്പ്രദായം

'മാൻസബ്' എന്ന പദം സൂചിപ്പിക്കുന്നത് മുഗൾ സൈനിക ഉദ്യോഗസ്ഥന്റെ പദവിയാണ്. ഈ പദവി വഹിച്ചിരുന്നവർ മാൻസബ്ദാർ എന്ന് വിളിക്കപ്പെട്ടു. ഇവർക്കും സത്, സവർ എന്നീ ഉപവിഭാഗങ്ങൾ ഉണ്ട്.

**മുഗൾ - സുൽത്താനേറ്റ് ഭരണസംവിധാനങ്ങളെ താരതമ്യം ചെയ്യുക**

## ചോളഭരണം

ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന പ്രധാനപ്പെട്ട രാജവംശമാണ് ചോളന്മാർ. ഗ്രാമസ്വയംഭരണമായിരുന്നു ഇവരുടെ ഭരണസമ്പ്രദായത്തിന്റെപ്രധാനസവിശേഷത.അതിനെനമുക്ക് പരിചയപ്പെടാം.

- ഗ്രാമഭരണത്തിനായി 'ഉർ', 'സഭ' എന്ന രണ്ടു സമിതികൾ ഉണ്ടായിരുന്നു
- ഗ്രാമങ്ങളിലെ എല്ലാ ജനങ്ങളും ഉൾപ്പെട്ട സമിതിയായിരുന്നു ഉർ
- ബ്രാഹ്മണർ ഉൾപ്പെട്ട സമിതിയായിരുന്നു സഭ

## വിജയനഗര സാമ്രാജ്യം

പതിനാലാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന സാമ്രാജ്യമാണ് വിജയനഗര സാമ്രാജ്യം. അവരുടെ ഭരണത്തിന്റെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| **കേന്ദ്രഭരണം** | 'നായങ്കര' സമ്പ്രദായം |
| **പ്രാദേശിക ഭരണം** | 'അയ്യഗാർ' സമ്പ്രദായം |

ഭരണത്തിന്റെ തലവൻ രാജാവ് ആയിരുന്നു. സാമ്രാജ്യത്തെ പ്രവിശ്യകൾ, നാടുകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

### മറാത്ത ഭരണം

പതിനേഴാം നൂറ്റാണ്ടിലാണ് മറാത്ത ഭരണം നിലനിന്നിരുന്നത്. ശിവജിയാണ് ഈ ഭരണത്തിന് അടിത്തറയിട്ടത്. ഭരണസവിശേഷതകൾ നമുക്ക് പരിശോധിക്കാം.

- അഷ്ടപ്രധാൻ എന്ന ഭരണസമിതി നിലവിലുണ്ടായിരുന്നു

### അഷ്ടപ്രധാൻ

പേഷ്വ, ന്യായാധ്യക്ഷൻ, അമാത്യൻ, സചിവൻ, മന്ത്രി, പണ്ഡിതറാവു, സുമന്ത്, സേനാപതി

- രാജ്യത്തെ പ്രവിശ്യകൾ, ജില്ലകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചു
- ചൗത്, സർദേശ്മുഖി എന്ന് രണ്ടുതരം നികുതികൾ

## മധ്യകാല ഇന്ത്യയിലെ കാർഷിക പുരോഗതി

ഇബ്നു ബത്തൂത്തയുടെ *കിതാബ്-അൽ-രിഹ്ല*യിൽ മധ്യകാല ഇന്ത്യയുടെ കാർഷിക പുരോഗതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. നെല്ല്, ഗോതമ്പ്, ബാർളി, പരുത്തി മുതലായവയാണ് ഈ കാലഘട്ടത്തിൽ കൃഷി ചെയ്തിരുന്നത്. അബുൽ ഫസലിന്റെ ഗ്രന്ഥങ്ങളിൽനിന്നും മുഗൾ കാലഘട്ടങ്ങളിലെ കാർഷികമേഖലയെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ട്. ചോള രാജാക്കന്മാരും കാർഷിക അഭിവൃദ്ധിക്കായി നടപടികൾ സ്വീകരിച്ചിരുന്നു.

## വ്യവസായങ്ങൾ

പ്രധാന വ്യവസായം നെയ്ത്തായിരുന്നു. ചവിട്ടി പ്രവർത്തിപ്പിക്കുന്ന തറിയുടെ കണ്ടുപിടിത്തം നെയ്ത്ത് മേഖലയിൽ വൻ മാറ്റങ്ങൾ ഉണ്ടാക്കി. പരവതാനി, കടലാസ് നിർമാണം, ലോഹസംസ്കരണം, ഖനവ്യവസായം, ഉപ്പ് നിർമാണം എന്നിവയും ഇക്കാലത്ത് പുരോഗതി പ്രാപിച്ച വ്യവസായങ്ങളാണ്.

## കച്ചവടം

ഈ കാലഘട്ടത്തിലെ കച്ചവട വിഭാഗങ്ങളെ നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| **തീരദേശ വാണിജ്യം** | മാർവാടികൾ, ഗുജറാത്തികൾ |
| **കര വഴിയുള്ള വാണിജ്യം** | മുൽത്താനികൾ, ഖുറാസാനികൾ |

കൈമാറ്റങ്ങൾ സുഗമമാക്കാനായി കാര്യക്ഷമമായ നാണയ വ്യവസ്ഥകൾ നിലനിന്നിരുന്നു. ഈ കാലഘട്ടത്തിലെ ചില നാണയങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| **സൽത്തനത്ത്** | തങ്ക, ജിതൽ |
| **മുഗൾ** | ജലാലി, ഇലാഹി |

## മധ്യകാല ഇന്ത്യൻ സമൂഹം

മധ്യകാല ഇന്ത്യൻ സമൂഹത്തെ മൂന്നായി തരംതിരിക്കാം.

| | |
|---|---|
| ഉപരി വർഗം | രാജക്കന്മാർ |
| മധ്യവർഗം | കച്ചവടക്കാർ |
| താഴ്ന്ന വർഗം | കൃഷിക്കാർ, അടിമകൾ |

ഈ കാലഘട്ടത്തിൽ കർഷകരെ രണ്ടായി വിഭജിച്ചിരിക്കുന്നു. അവ ഏതൊക്കെയായിരുന്നു?

| | |
|---|---|
| **ഖുദ്-കഷ്ത** | സ്വന്തമായി കൃഷിഭൂമി ഉള്ളവർ |
| **പാഹി-കഷ്ത** | മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നവർ |

അടിമസമ്പ്രദായം മധ്യകാല സമൂഹത്തിൽ നിലനിന്നിരുന്നു എന്ന് ഇബ്നു ബത്തൂത്തയുടെ വിവരണങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്.



കാർഷിക-കാർഷികേതര മേഖലകളിൽ സ്ത്രീകളുടെപങ്ക് വളരെ പ്രധാനപ്പെട്ടതായിരുന്നു. കൃഷിയുടെ വിവിധ ഘട്ടങ്ങൾ, നൂൽനൂൽപ്പ്, മൺപാത്രനിർമാണം, വസ്ത്രാലങ്കാരം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ പ്രവർത്തിച്ചിരുന്നു. സുൽത്താന റസിയ, നൂർജഹാൻ, ഗുൽബദൻ ബീഗം, ജഹനാര, ജീജാബായ് എന്നിവർ വിവിധ പദവികൾ വഹിച്ചവരാണ്.

## സൂഫിസം

ആത്മീയ ജീവിതത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആഡംബര ലൗകിക ജീവിതത്തോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നവരാണ് സൂഫികൾ. അവർ ഭക്തിയെ ദൈവത്തോട് അടുക്കുവാനുള്ള മാർഗമായി കണ്ടു. സൂഫി ഗുരുവിനെ പീർ അഥവാ ശെയ്ഖ് എന്നും അനുയായികളെ മുരീദ് എന്നുമാണ് വിളിച്ചിരുന്നത്. ഇവരുടെ വാസസ്ഥലം ഖാൻഗാഹുകൾ എന്ന് അറിയപ്പെടുന്നു. പ്രധാനപ്പെട്ട ചില സൂഫിവര്യന്മാരെയും അവർ ജീവിച്ചിരുന്ന പ്രദേശങ്ങളെയും പരിചയപ്പെടാം.

| | |
|---|---|
| ഖ്വാജ മൊയിനുദ്ദീൻ ചിശ്തി | അജ്മീർ |
| ശെയ്ഖ് നിസാമുദ്ദീൻ ഔലിയ | ഡൽഹി |
| ബഹാ-ഉദ്ദീൻ-സക്കരിയ | മുൾത്താൻ |

## ഭക്തി പ്രസ്ഥാനം

ആദ്യകാല ഭക്തിപ്രസ്ഥാനത്തിന് ആരംഭം കുറിച്ചത് ദക്ഷിണേന്ത്യയിലാണ്. ആഴ്വാർമാരും നായനാർമാരുമാണ് (തമിഴ്നാട്) ഇതിന് നേതൃത്വം നൽകിയത്. ആഴ്വാർമാർ വിഷ്ണുഭക്തരും നയനാർമാർ ശിവഭക്തരുമാണ്. ഇവർ ജാതിവ്യവസ്ഥയെ എതിർത്തു. ആണ്ടാൾ, കാരയ്ക്കൽ അമ്മയാർ എന്നിവർ ഈ വിഭാഗങ്ങളിലെ സന്യാസിനിമാരായിരുന്നു.

## വീരശൈവ പ്രസ്ഥാനം

കർണാടകയിലെ ബസവണ്ണയാണ് ഇതിന് നേതൃത്വം നൽകിയത്. ഇവർ ശിവഭക്തരാണ്. ശിവലിംഗം കഴുത്തിൽ ധരിക്കുന്നതുകൊണ്ട് ലിംഗായത്തുകളെന്നും ഇവരെ അറിയപ്പെടുന്നു. ഇവർ ജാതിവ്യവസ്ഥയെയും വേദങ്ങളുടെ ആധിപത്യത്തെയും എതിർത്തിരുന്നു.

## ഭക്തിപ്രസ്ഥാനം ഉത്തരേന്ത്യയിൽ

ദക്ഷിണേന്ത്യയിൽ ആരംഭിച്ച ഭക്തി


പ്രസ്ഥാനം ക്രമേണ ഉത്തരേന്ത്യയിലേക്ക് വ്യാപിച്ചു. നാമദേവ്, വല്ലഭാചാര്യ, കബീർ, രാമാനന്ദ, ഗുരുനാനാക്ക്, മീരാബായി തുടങ്ങിയവരാണ് ഉത്തരേന്ത്യയിൽ ഭക്തി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്.



*കബീർ*



*ഗുരുനാനാക്ക്*



*മീരാബായി*

| | | |
|---|---|---|
| **ബൃഹദേശ്വര ക്ഷേത്രം** | തഞ്ചാവൂർ | ദ്രാവിഡ ശിൽപ്പകല |
| **കാന്ദര്യ ക്ഷേത്രം** | ഖജുരാഹൊ | നാഗര ശിൽപ്പകല |
| **ചെങ്കോട്ട** | ഡൽഹി | ഇന്തോ-പേർഷ്യൻ ശിൽപ്പകല |




## വാസ്തുവിദ്യയും ചിത്രകലയും

ദ്രാവിഡ, നാഗര, ഇന്തോ-പേർഷ്യൻ തുടങ്ങിയ വൈവിധ്യമാർന്ന വാസ്തുവിദ്യാശൈലികൾ രൂപപ്പെട്ടത് മധ്യകാലത്താണ്. ഈ ശൈലികളിലുള്ള ചില നിർമിതികളെ നമുക്ക് പരിചയപ്പെടാം.

മിർ സയ്യിദ് അലി, അബ്ദുസമദ് മുഗൾ തുടങ്ങിയവർ ചിത്രകലാശൈലിയുടെ ഉപ ജ്ഞാതാക്കളാണ്. ജഹാംഗീറിന്റെ കാലത്ത് ചിത്രങ്ങളുടെ ഗുണമേന്മ വർദ്ധിച്ചു. തഞ്ചാവൂർ ക്ഷേത്രത്തിലെ ചുവർചിത്രങ്ങൾ മധ്യകാല ചിത്രകലയുടെ പ്രധാന സവിശേഷതയാണ്. പാരമ്പര്യ ശൈലിയും മുഗൾ ശൈലിയും സമന്വയിച്ച ചിത്രകലാരീതിയാണ് രാജസ്ഥാൻ ചിത്രകലാരീതി.



*ഖജുരാഹൊ*



*ബൃഹദേശ്വര ക്ഷേത്രം*



*ചെങ്കോട്ട*

**പഠനനേട്ടങ്ങൾ**

- സി.ഇ. അഞ്ചാം നൂറ്റാണ്ടുമുതൽ സി.ഇ. പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള ലോകത്തിലെ വിവിധ സാമ്രാജ്യങ്ങളെ വിശകലനം ചെയ്യുന്നു.
- ഫ്യൂഡലിസത്തിന്റെ അധഃപതന കാരണങ്ങൾ വിവരിക്കുന്നു.
- കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചിരുന്ന വാണിജ്യപാതകളും വാണിജ്യബന്ധവും തിരിച്ചറിയുന്നു.
- മധ്യകാലഘട്ടത്തിലെ വാണിജ്യകേന്ദ്രങ്ങളും നഗരങ്ങളും വ്യക്തമാക്കുന്നു.
- യൂറോപ്പ്, മധ്യേഷ്യ, ചൈന എന്നിവിടങ്ങളിലെ വിദ്യാഭ്യാസ-ശാസ്ത്ര മേഖലയിലെ പുരോഗതി വിശകലനം ചെയ്യുന്നു.
- സുൽത്താനേറ്റ് ഭരണത്തിന്റെയും മുഗൾ ഭരണത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുന്നു.
- മധ്യകാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചിരുന്ന രാജവംശങ്ങളെ വിശകലനം ചെയ്യുന്നു.
- മധ്യകാല ഇന്ത്യയിലെ സാമ്പത്തിക-സാമൂഹിക, കലാമേഖലകളെ വിലയിരുത്തുന്നു.
- ഭക്തി-സൂഫി പ്രസ്ഥാനങ്ങളുടെ വളർച്ച വിലയിരുത്തുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- 'എ'യുമായുള്ള ബന്ധം മനസിലാക്കി 'ബി' പൂർത്തിയാക്കുക.

  എ : ഫ്രാങ്കിഷ് സാമ്രാജ്യം – ഷാലമീൻ

  ബി : ................................... – ജസ്റ്റീനിയൻ

  എ : കങ്കൻമൂസ – മാലി

  ബി : ഹാറൂൺ-അൽ-ഷീദ് – ...................................
- ജസ്റ്റീനിയൻ ചക്രവർത്തിയുടെ പ്രധാന സംഭാവനകൾ എന്തെല്ലാം?
- മധ്യകാലഘട്ടത്തിൽ വാണിജ്യം വളരാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?
- മധ്യകാലഘട്ടത്തിൽ ഇറ്റലിയിൽ നഗരങ്ങൾ വളരാൻ ഇടയാക്കിയ സാഹചര്യം വിലയിരുത്തുക.
- മധ്യകാലഘട്ടത്തിലെ പ്രധാന ശാസ്ത്രകാരന്മാർ ആരെല്ലാം?
- മുഗൾ ഭരണത്തിന്റെ സവിശേഷതകൾ വിവരിക്കുക.
- ചോള ഭരണകാലത്തെ ഗ്രാമഭരണം വിവരിക്കുക.
- വാണിജ്യ പുരോഗതിക്കായി മധ്യകാല ഇന്ത്യയിലെ ഭരണാധികാരികൾ നിരവധി നടപടികൾ കൈക്കൊണ്ടു? സമർത്ഥിക്കുക.

- ഇന്ത്യയിലെ ഭക്തി-സൂഫി പ്രസ്ഥാനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
- ചേരുംപടി ചേർക്കുക.

| A | B |
|---|---|
| ചൈതന്യ | മഹാരാഷ്ട്ര |
| തുക്കാറാം | കാശ്മീർ |
| മീരാബായ് | ബംഗാൾ |
| ശങ്കരദേവ | കർണാടകം |
| ബസവണ്ണ | രാജസ്ഥാൻ |

**തുടർ പ്രവർത്തനങ്ങൾ**

- ആധുനിക ഇന്ത്യയുടെ സാംസ്കാരിക രംഗത്ത് മധ്യകാല ഇന്ത്യ നൽകിയ സംഭാവനയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
- മധ്യകാല ലോകത്തെ അടിസ്ഥാനമാക്കി ഒരു ആൽബം തയ്യാറാക്കുക.

**സ്വയം വിലയിരുത്തൽ**

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| ഫ്യൂഡലിസത്തിന്റെ അധഃപതന കാരണങ്ങൾ വിവരിക്കുന്നു | | | |
| മധ്യകാലഘട്ടത്തിലെ വാണിജ്യ കേന്ദ്രങ്ങളും നഗരങ്ങളും വ്യക്ത മാക്കുന്നു | | | |
| യൂറോപ്പ്, മധ്യേഷ്യ, ചൈന എന്നിവിടങ്ങളിലെ വിദ്യാഭ്യാസ, ശാസ്ത്ര മേഖലയിലുണ്ടായ പുരോഗതി വിലയിരുത്തുന്നു | | | |
| സുൽത്താനേറ്റ് മുഗൾഭരണ സവി ശേഷതകൾ താരതമ്യം ചെയ്യുന്നു | | | |
| മധ്യകാലഘട്ടത്തിലെ ഇന്ത്യൻ രാജവംശങ്ങളെ വിശകലനം ചെയ്യുന്നു | | | |
| ഭക്തി, സൂഫി പ്രസ്ഥാനങ്ങളുടെ വളർച്ച വിലയിരുത്തുന്നു | | | |



# അധ്യായം 4 ആധുനിക ഇന്ത്യ

1757-ലെ പ്ലാസി യുദ്ധത്തോടുകൂടിയാണ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് ഇന്ത്യയിൽ അടിത്തറയിട്ടത്. അവർ ബംഗാളിലാണ് അധികാരം സ്ഥാപിച്ചത്. അതിനുശേഷം ഇന്ത്യയിൽ നിന്നും സമ്പത്ത് കൊള്ളയടിക്കാൻ തുടങ്ങി. അതിനായി ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ചില സാമ്പത്തിക ചൂഷണങ്ങളെ നമുക്ക് പരിചയപ്പെടാം.


ഒറിജിനൽ
രസീത്
29515
2951426
No.
www.kuzhuppily.com
2012 2013
2012
2/7/2012

നിലവിൽ ഭൂനികുതി നൽകുന്ന രസീതിന്റെ ചിത്രമാണിത്. നികുതി നൽകുന്ന രീതി എല്ലാ കാലത്തും നിലനിന്നിട്ടുണ്ട്. ഇവിടെ നമുക്ക് ബ്രിട്ടീഷുകാർ നടപ്പാക്കിയ ചില നികുതി സമ്പ്രദായങ്ങളെ പരിചയപ്പെടാം.

**നികുതി സമ്പ്രദായങ്ങൾ**

**ശാശ്വതഭൂനികുതി വ്യവസ്ഥ**

- ബംഗാളിൽ നടപ്പാക്കിയ സംവിധാനം
- നികുതി പിരിക്കുവാനുള്ള അവകാശം സെമീന്ദാർമാർക്കു നൽകി
- സെമീന്ദാർമാരെ ഭൂമികളുടെ ഉടമകളാക്കി മാറ്റി
- കർഷകന് ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ടു

**റയട്ട്വാരി സമ്പ്രദായം**

- കർഷകരിൽനിന്ന് നേരിട്ട് നികുതി ശേഖരിക്കുന്ന സമ്പ്രദായം
- കർഷകന് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു

**മഹൽവാരി സമ്പ്രദായം**

- ഗ്രാമങ്ങളിൽനിന്നും ഗ്രാമത്തലവന്മാർ വഴി നികുതി പിരിക്കുന്ന സമ്പ്രദായം

**ഇന്ത്യയിലെ ബ്രിട്ടീഷ് നികുതി സമ്പ്രദായങ്ങളെ കുറിച്ചുള്ള ഫ്ളോചാർട്ട് തയ്യാറാക്കുക.**

## കൃഷിയുടെ വാണിജ്യവൽക്കരണം

**നെൽപ്പാടങ്ങൾ കേരളത്തിൽ ക്രമാനുഗതമായി കുറയുന്നു**

**തണ്ണീർത്തട പദ്ധതിക്ക് നിയമസാധുത നൽകും**

ഈ വാർത്തകൾ സൂചിപ്പിക്കുന്നത് എന്താണ്? കൃഷിയിടങ്ങളുടെ ഗണ്യമായ കുറയലും എന്നാൽ അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികളുമാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തെ നിരുത്സാഹപ്പെടുത്തുകയും വാണിജ്യ ഉൽപ്പന്നങ്ങളുടെ (പരുത്തി, ചണം, നീലം) ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇതിനെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്ന് വിളിക്കുന്നത്.

പിൽക്കാലത്ത് തെങ്ങ്, കാപ്പി, തേയില, റബ്ബർ തുടങ്ങിയ വാണിജ്യവിളകളുടെ കൃഷിയെ ബ്രിട്ടീഷുകാർ കേരളത്തിൽ പ്രോത്സാഹിപ്പിച്ചു.



**കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് വിവരിക്കുക.**

## പരമ്പരാഗത വ്യവസായങ്ങൾ

**പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കും**

**കശുവണ്ടി മേഖലയിൽ പ്രതിസന്ധി**

**കൈത്തറി ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ്**

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളും പരിഹാരമാർഗങ്ങളുമാണ് ഈ വാർത്തകൾ സൂചിപ്പിക്കുന്നത്. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ നിലനിന്നിരുന്ന പരമ്പരാഗത വ്യവസായത്തെ തകർക്കുകയാണ് ചെയ്തത്. പരമ്പരാഗത തുണി വ്യവസായം തകരാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് നമുക്ക് പരിശോധിക്കാം.

- യന്ത്രനിർമിത ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി
- റയിൽവേയുടെ വ്യാപനം
- ബ്രിട്ടനിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്ന ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ അമിത നികുതി

### കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ

കയർ, കശുവണ്ടി, ഓട്, ബീഡി, കൈത്തറിത്തുണി തുടങ്ങിയവയാണ് കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ. ഇവ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങൾ പട്ടികയിൽ ചുവടെ നൽകിയിരിക്കുന്നു.



| പരമ്പരാഗത വ്യവസായം | പ്രദേശം |
|---|---|
| കയർ | ആലപ്പുഴ |
| കശുവണ്ടി | കൊല്ലം |
| ഓട് | ഫറൂക്ക്, കൊല്ലം, ഒല്ലൂർ |
| കൈത്തറി | കണ്ണൂർ, കോഴിക്കോട് |
| ബീഡി | കണ്ണൂർ |

**ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

## ആധുനിക വ്യവസായങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിലാണ് ആധുനിക വ്യവസായങ്ങളായ തുണി, ഇരുമ്പുരുക്ക്, പേപ്പർ, ചണം തുടങ്ങിയ വ്യവസായങ്ങൾ ഇന്ത്യയിൽ ആരംഭിക്കുന്നത്. തിരുവിതാംകൂറിലും കൊച്ചിയിലുമാണ് കേരളത്തിൽ ഈ വ്യവസായങ്ങൾ ആരംഭിച്ചത്.

ഈ വ്യവസായശാലകളിൽ തൊ ഴിൽ ചെയ്യുന്ന തൊഴിലാളികൾ ചൂഷണത്തിന് ഇരയായിട്ടുണ്ട്. അവ ചുവടെ നൽകുന്നു.

- കുറഞ്ഞ വേതനം
- ദൈർഘ്യമേറിയ തൊഴിൽസമയം
- അനാരോഗ്യകരമായ ചുറ്റുപാടുകൾ

ഈ ചൂഷണത്തിനെതിരെ തൊഴിലാളികൾ സംഘടിക്കുകയും സമരം ചെയ്യുകയും ചെയ്തു. ബോംബെ, കൽക്കട്ട എന്നിവിടങ്ങളിലെ തൊഴിലാളിസമരങ്ങൾ ഇതിനുദാഹരണമാണ്.

## ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകൾ

### *നീലം കർഷകരുടെ കലാപം*

ബ്രിട്ടീഷ് വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനായി കർഷകർക്ക് മുൻകൂറായി പണം നൽകി. ഇതിലൂടെ നീലംകൃഷി ചെയ്യാൻ ബ്രിട്ടീഷുകാർ കർഷകരെ പ്രോത്സാഹിപ്പിച്ചു. തൽഫലമായി ഭക്ഷ്യോൽപ്പാദനം കുറഞ്ഞു. ക്ഷാമം പടർന്നുപിടിച്ചു. ഇത് കർഷകരുടെ ജീവിതത്തെ ദോഷകരമായി ബാധിച്ചു. തുടർന്ന് 1859-ൽ ബംഗാളിൽ നീലം കൃഷിക്കാർ ബ്രിട്ടീഷുകാർക്കെതിരെ സംഘടിക്കുകയും കലാപം നടത്തുകയും ചെയ്തു.

### *മാപ്പിള കലാപങ്ങൾ*

മൈസൂർ ഭരണകാലത്ത് കർഷകർ ഭൂമിയുടെ ഉടമസ്ഥന്മാരായി. എന്നാൽ ബ്രിട്ടീഷുകാർ മലബാറിൽ അധികാരം സ്ഥാപിച്ചതോടുകൂടി ജന്മിമാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം തിരികെ നൽകി. ഇതിനെതിരെ മലബാറിലെ കർഷകരായ മുസ്ലീങ്ങൾ നടത്തിയ കലാപമാണ് മാപ്പിള കലാപങ്ങൾ. ഇരുപത്തിരണ്ടോളം കലാപങ്ങളാണ് മലബാറിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ നടന്നത്.

### *സന്താൾ കലാപം*

ഗോത്രവിഭാഗമായ സന്താളുകളെ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്താൻ പ്രേരിപ്പിച്ച സാഹചര്യം നമുക്ക് പരിശോധിക്കാം.

- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വന നിയമങ്ങൾ.
- സന്താളുകളുടെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ ചുമത്തിയ അമിത നികുതി.




*സിദ്ദു, കാനു*

ഈ ചൂഷണങ്ങൾക്കെതിരെയാണ് സന്താളുകൾ കലാപം നടത്തിയത്. സിദ്ദുവും കാനുവുമാണ് ഇതിന് നേതൃത്വം നൽകിയത്.

### *പഴശ്ശി കലാപങ്ങൾ*

കോട്ടയം രാജകുടുംബത്തിലെ കേരളവർമ്മ പഴശ്ശിരാജാവാണ് മലബാറിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ കലാപം നയിച്ചത്. ശ്രീരംഗപട്ടണം ഉടമ്പടിക്കുശേഷം



*പഴശ്ശിരാജ*

മലബാർ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായി. അവർ നികുതി പിരിക്കാനുള്ള അവകാശം പഴശ്ശിയുടെ അമ്മാവനായ കുറുമ്പ നാട് രാജാവിന് നൽകി. ഈ നടപടിക്കെതിരെയാണ് പഴശ്ശി കലാപം സംഘടിപ്പിച്ചത്. 1805-ഓടുകൂടി ഈ കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി.

### *വേലുത്തമ്പി ദളവ*

വേലുത്തമ്പി ദളവ തിരുവിതാംകൂറിലെ ദിവാനായിരുന്നു. തിരുവിതാംകൂറിലെ ആഭ്യന്തര ഭരണത്തിൽ ബ്രിട്ടീഷുകാർ ഇടപെട്ടതാണ് ബ്രിട്ടീഷുകാർക്കെതിരെ സംഘടിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. 1809-ലെ കുണ്ടറവിളംബരത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആഹ്വാനം ചെയ്തു. ഈ പോരാട്ടത്തിനൊടുവിൽ വേലുത്തമ്പി മണ്ണടിയിലെ ക്ഷേത്രത്തിൽ വച്ച് ആത്മഹത്യ ചെയ്തു.



*വേലുത്തമ്പി ദളവ*

### *കുറിച്യ കലാപം*

ബ്രിട്ടീഷ് ചൂഷണത്തിനെതിരെ വയനാട്ടിലെ ഗോത്ര ജനവിഭാഗമായ കുറിച്യർ കലാപം നടത്തി. 1812-ലാണ് ഈ കലാപം നടന്നത്. ഇതിന് നേതൃത്വം നൽകിയത് രാമനമ്പിയാണ്. ബ്രിട്ടീഷുകാർ കലാപത്തെ അടിച്ചമർത്തുകയും രാമനമ്പിയെ വധിക്കുകയും ചെയ്തു.

**ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടന്ന ആദ്യകാല വിപ്ലവങ്ങളെ പട്ടികപ്പെടുത്തുക.**

## 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം




മംഗൽപാണ്ഡെ എന്ന ചിത്രത്തിന്റെ കവർ പോസ്റ്ററാണ് ഇത്. മംഗൽ പാണ്ഡെ ആരാണ്? അദ്ദേഹം 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ രക്തസാക്ഷിയാണ്. ഈ സംഭവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ നമുക്ക് പരിശോധിക്കാം.

സൈനികർക്ക് പുതിയ എൻഫീൽഡ് തോക്കുകൾ നൽകി. ഇതിൽ ഉപയോഗിക്കുന്ന തിരയിൽ പുരട്ടിയിരുന്ന ഗ്രീസ് പന്നിയുടെയും പശുവിന്റെയും കൊഴുപ്പ് കൊണ്ട് നിർമിച്ചതാണെന്നും റൈഫിളിൽ




1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ

നിറയ്ക്കുന്നതിനു മുമ്പ് തിര പൊതിഞ്ഞിരുന്ന പേപ്പർ വായ കൊണ്ട് കടിച്ചുകീറുവാൻ സൈനികരെ നിർബന്ധിച്ചത് തങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തിയെന്നുമുള്ള കിംവദന്തി പടർന്നു. ഇത് സൈനികരെ രോഷാകുലരാക്കി. ബംഗാളിലെ ബാരക്പൂരിൽ മംഗൽ പാണ്ഡെ എന്ന സൈനികൻ പുതിയ തിര ഉപയോഗിക്കാൻ വിസമ്മതിച്ചു. ഇതിന് പ്രേരിപ്പിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ അദ്ദേഹം വധിച്ചു. തുടർന്നുണ്ടായ സൈനിക കലാപത്തെ ബ്രിട്ടീഷുകാർ അടിച്ചമർത്തി. ബ്രിട്ടീഷുകാർ മംഗൽ പാണ്ഡെയെ തൂക്കിലേറ്റി.

ഈ കലാപം സൈനികരംഗത്തു മാത്രം ഒതുങ്ങിയില്ല. ഈ കലാപത്തിന് നേതൃത്വം നൽകിയ നേതാക്കന്മാരും കലാപകേന്ദ്രങ്ങളും ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| ഡൽഹി | ബഹദൂർഷാ രണ്ടാമൻ |
| ഝാൻസി | റാണി ലക്ഷ്മീഭായി |
| കാൺപൂർ | നാനാസാഹിബ് |
| ലഖ്നൗ | ബീഗം ഹസ്രത്ത് മഹൽ |


ബഹദൂർഷാ രണ്ടാമൻ


റാണി ലക്ഷ്മീഭായി


നാനാസാഹിബ്


ബീഗം ഹസ്രത്ത് മഹൽ

ബ്രിട്ടീഷുകാരുടെ സൈനികശക്തിക്കു മുന്നിൽ കലാപത്തിന് നേതൃത്വം നൽകിയവർക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. അതിനാൽ കലാപത്തെ ബ്രിട്ടീഷുകാർ പൂർണമായും അടിച്ചമർത്തി.

### ദേശീയത

ജാതി, മത, വർഗ-പ്രാദേശിക വ്യത്യാസങ്ങളില്ലാതെ ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.

## ദേശീയതയുടെ ഉദയം

പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടിയാണ് ഇന്ത്യയിൽ ദേശീയത തഴച്ചുവളർന്നത്. ദേശീയതയുടെ വളർച്ചയിലേക്ക് നയിച്ച ചില ഘടകങ്ങളെ നമുക്ക് പരിചയപ്പെടാം.

## സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ

യുക്തി ചിന്ത, ആധുനികവൽക്കരണം എന്നിവയാണ് സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങൾ. അവയുടെ ലക്ഷ്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- പാശ്ചാത്യ വിദ്യാഭ്യാസം സ്വീകരിക്കുക
- ജാതിവ്യവസ്ഥ ഇല്ലാതാക്കുക
- സ്ത്രീകൾക്കെതിരായ അനീതികൾ അവസാനിപ്പിക്കുക
- വിധവാ പുനർവിവാഹം നടപ്പിലാക്കുക


**ചില സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും സ്ഥാപകരും ലക്ഷ്യങ്ങളും ചുവടെ നൽകുന്നു.**

| | | |
|---|---|---|
| ബ്രഹ്മസമാജം | രാജാറാം മോഹൻറോയ് | ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു, സതി നിർത്തലാക്കി |
| ആര്യസമാജം | സ്വാമി ദയാനന്ദസരസ്വതി | ശുദ്ധിപ്രസ്ഥാനം ആരംഭിച്ചു, 'വേദങ്ങളിലേയ്ക്ക് തിരിച്ചു പോകുക' എന്ന ആശയം |
| രാമകൃഷ്ണ മിഷൻ | സ്വാമി വിവേകാനന്ദൻ | സാമൂഹിക തിന്മകൾ നിർത്തലാക്കാൻ പ്രവർത്തിച്ചു |
| അലിഗഡ് പ്രസ്ഥാനം | സർ സയ്യിദ് അഹ്മ്മദ്ഖാൻ | മുസ്ലീങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പ്രവർത്തിച്ചു |
| സത്യശോധക് സമാജം | ജ്യോതിബാ ഫൂലെ | പിന്നോക്ക വിഭാഗങ്ങളുടെ ഉയർച്ചയ്ക്കായി പ്രവർത്തിച്ചു |
| ശ്രീനാരായണ ധർമ പരിപാലന യോഗം | ശ്രീ നാരായണഗുരു | ജാതിവ്യവസ്ഥ, പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനം |
| സാധുജന പരിപാലന സംഘം | അയ്യൻകാളി | കല്ലുമാല പ്രക്ഷോഭം |



*രാജാറാം മോഹൻറോയ്*


*സ്വാമി ദയാനന്ദ സരസ്വതി*


*സ്വാമി വിവേകാനന്ദൻ*


*സർ സയ്യിദ് അഹ്മ്മദ്ഖാൻ*


*ജ്യോതിബാ ഫൂലെ*


*ശ്രീനാരായണ ഗുരു*


*അയ്യൻകാളി*

| |
|---|
| **പത്തൊൻപത് - ഇരുപത് നൂറ്റാണ്ടുകളിൽ ഇന്ത്യയിലും കേരളത്തിലും സ്ഥാപിക്കപ്പെട്ട സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയവരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.** |

## ദേശീയതയും വർത്തമാനപത്രങ്ങളും




ഈ ചിത്രങ്ങൾ സൂചിപ്പിക്കുന്നത് പത്രങ്ങൾക്ക് ദൈനംദിന ജീവിതത്തിലു ള്ള പ്രസക്തിയാണ്. ദേശീയത പ്രചരിപ്പിക്കുന്നതിന് അക്കാലത്തെ പത്രങ്ങൾ വഹിച്ച പങ്ക് നമുക്ക് പരിശോധിക്കാം.

- പൊതുജനാഭിപ്രായം രൂപീകരിച്ചു
- രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സംഘടിപ്പിച്ചു
- ദേശീയത പ്രചരിപ്പിച്ചു

ചില വർത്തമാനപ്പത്രങ്ങളെയും അവയുടെ സ്ഥാപകരെയും ചുവടെ നൽകിയിരിക്കുന്നു.

| സ്ഥാപകർ | വർത്തമാന പത്രങ്ങൾ |
|---|---|
| ബാലഗംഗാധര തിലക് | കേസരി, മറാത്ത |
| മിസ് ആനിബസന്റ് | ന്യൂ ഇന്ത്യ, കോമൺ വീൽ |
| മഹാത്മാഗാന്ധി | യങ് ഇന്ത്യ, ഹരിജൻ |
| മൗലാന അബുൽ കലാം ആസാദ് | അൽ-ഹിലാൽ |

## ദേശീയതയും വിദ്യാഭ്യാസവും

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ചരിത്രം ഇന്ത്യയിൽ ആരംഭിക്കുന്നത് 1813-ലെ ചാർട്ടർ നിയമത്തോടുകൂടിയാണ്. ഒരു ഏകീകൃത ഭാഷയായി ഇന്ത്യയിൽ പിൽക്കാലത്ത് ഇത് മാറി. പാശ്ചാത്യ ആശയങ്ങളെയും സംസ്കാരങ്ങളെയും കുറിച്ച് മനസിലാക്കാൻ ഇംഗ്ലീഷ് ഭാഷ പഠിച്ച ഇന്ത്യക്കാർക്ക് കഴിഞ്ഞു.

ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നതാണ് ദേശീയബോധം വളർത്തുവാനുള്ള പ്രധാന മാർഗ്ഗം. ഇന്ത്യയിൽ സ്ഥാപിച്ച ചില ദേശീയ വിദ്യാലയങ്ങളെ നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| ഡക്കാൺ എജ്യൂക്കേഷൻ സൊസൈറ്റി | ജി.ജി.അഗാർക്കർ,<br>ബാലഗംഗാധര തിലക്,<br>മഹാദേവ ഗോവിന്ദ റാനഡെ |
| വിശ്വഭാരതി സർവകലാശാല | രവീന്ദ്രനാഥ ടാഗോർ |
| ജാമിഅ മില്ലിയ ഇസ്‌ലാമിയ | മൗലാന മുഹമ്മദലി, ഷൗക്കത്തലി,<br>ഡോ. സാക്കിർ ഹുസൈൻ,<br>എം.എ.അൻസാരി |



*ഡക്കാൺ എജ്യൂക്കേഷൻ സൊസൈറ്റി*



*വിശ്വഭാരതി സർവകലാശാല*



*ജാമിഅ മില്ലിയ ഇസ്‌ലാമിയ*

## ദേശീയതയും സാഹിത്യവും

''വരിക വരിക സഹജരേ സഹന സമര സമയമായ്
കരളുറച്ചു കൈകൾ കോർത്ത് കാൽനടയ്ക്ക് പോക നാം''

– *അംശി നാരായണപിള്ള*

ഈ കവിതയുടെ വരികൾ ദേശീയതയെ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ദേശീയത വളർത്തുന്നതിൽ സാഹിത്യം വഹിച്ച പങ്ക് പരിശോധിക്കാം.

- കവിതകൾ, കഥകൾ, നാടകങ്ങൾ, നോവലുകൾ എന്നിവകളിലൂടെ പ്രതിഷേധങ്ങൾ പങ്കുവച്ചു
- ജനങ്ങളുടെ ദുരിതങ്ങളും പ്രതിസന്ധികളും കവിതകളിലൂടെ അവതരിപ്പിച്ചു

ഈ കാലഘട്ടത്തിൽ രചിച്ച ചില സാഹിത്യങ്ങളെ നമുക്ക് മനസിലാക്കാം.

| | | |
|---|---|---|
| ശിശിർകുമാർഘോഷ്, സത്യേന്ദ്രനാഥ് ടാഗോർ | ഭാരതമാതാ | നാടകം |
| ബങ്കിം ചന്ദ്രചാറ്റർജി | ആനന്ദമഠം | നോവൽ |
| ദീന ബന്ധുമിത്ര | നീൽദർപ്പൻ | നാടകം |
| മുഹമ്മദ് ഇക്ബാൽ | 'സാരേ ജഹാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ' | കവിത |


**ദേശീയത പ്രചരിക്കുന്നതിനായി മലയാളത്തിൽ രചിക്കപ്പെട്ട കൃതികളുടെയും രചയിതാകളുടെയും ആൽബം തയ്യാറാക്കുക.**

## കോൺഗ്രസിന്റെ രൂപീകരണം

1885 ഡിസംബറിൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിലാണ് കോൺഗ്രസ് രൂപീകരിച്ചത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും 72 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. 1885 മുതൽ 1947 വരെയുള്ള ബ്രിട്ടീഷ്‌വിരുദ്ധ സ്വാതന്ത്ര്യസമര പോരാട്ടത്തിന് പ്രധാന പങ്കുവഹിച്ചത് കോൺഗ്രസായിരുന്നു.

## ബ്രിട്ടന്റെ സാമ്പത്തിക ചൂഷണത്തെ തിരിച്ചറിയൽ

ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തെ തിരിച്ചറിഞ്ഞ ആദ്യകാല കോൺഗ്രസ് നേതാവായിരുന്നു ദാദാഭായ് നവ്റോജി. അദ്ദേഹം മുന്നോട്ടുവച്ച ആശയമാണ് ചോർച്ചാസിദ്ധാന്തം.



ദാദാഭായ് നവ്റോജി

### ചോർച്ചസിദ്ധാന്തം

ഇന്ത്യയിലെ സമ്പത്ത് ബ്രിട്ടനിലേക്ക് ഒഴുകുന്നുവെന്നും ഈ സമ്പത്തിന്റെ ഒഴുക്കാണ് ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെ കാരണം എന്നും.

## സ്വദേശി പ്രസ്ഥാനം

1905-ലെ ബംഗാൾ വിഭജനത്തിനെതിരെ ആരംഭിച്ച പ്രസ്ഥാനമാണ് സ്വദേശി പ്രസ്ഥാനം. ഇവയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് നമുക്ക് നോക്കാം.

### ബംഗാൾ വിഭജനം

1905-ൽ കഴ്സൺ പ്രഭു നടപ്പാക്കിയതാണ് ബംഗാൾ വിഭജനം. ഭരണ സൗകര്യത്തിനായി ബംഗാളിനെ കിഴക്കൻ ബംഗാൾ, പടിഞ്ഞാറൻ ബംഗാൾ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. കിഴക്കൻ ബംഗാൾ മുസ്‌ലിം ഭൂരിപക്ഷ പ്രദേശവും പടിഞ്ഞാറൻ ബംഗാൾ ഹിന്ദു ഭൂരിപക്ഷ പ്രദേശവുമായിരുന്നു. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷ് നയമാണ് ഈ വിഭജനത്തിന്റെ അടിസ്ഥാന കാരണം.

- വിദേശ ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണം
- തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉപയോഗം
- വിദേശവസ്തുക്കൾ ശേഖരിച്ച് കത്തിക്കുക

സ്വദേശി പ്രസ്ഥാനത്തോടുകൂടി ഇന്ത്യയിൽ ദേശീയത കൂടുതൽ ശക്തമായി. ബ്രിട്ടീഷ് ഭരണത്തിനെതിരെ തീവ്രമായ നിലപാട് കൈക്കൊണ്ട ആദ്യകാല നേതാക്കന്മാരായിരുന്നു ലാലാ ലജ്പത്റായ്, ബാലഗംഗാ ധര തിലക്, ബിപിൻ ചന്ദ്രപാൽ. ഇവരെ ലാൽ, ബാൽ, പാൽ എന്നറിയപ്പെട്ടു.



*ലാലാ ലജ്പത് റായ്*



*ബാലഗംഗാധര തിലക്*




*ബിപിൻ ചന്ദ്രപാൽ*

**കോൺഗ്രസിന്റെ രൂപീകരണം മുതൽ 1915 വരെയുള്ള ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങളെക്കുറിച്ച് ടൈംലൈൻ തയ്യാറാക്കുക.**

## ഗാന്ധിജിയും ദേശീയ പ്രസ്ഥാനവും

ക്രിസ്തുദേവന്റെ പരിത്യാഗശീലവും
സാക്ഷാൽ കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും
രന്തിദേവന്റെ ദയാവായ്പും ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും
മുഹമ്മദിൻ സ്ഥൈര്യവും ഒരാളിൽ ചേർന്നൊന്ന് കാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവുവിൻ നികടത്തിൽ
അല്ലായ്കലവിടുത്തെ ചരിത്രം വായിക്കുവിൻ.

*വള്ളത്തോൾ - എന്റെ ഗുരുനാഥൻ*



ഈ കവിതയിലൂടെ ചിത്രീകരിച്ചിരിക്കുന്നത് ഗാന്ധിജിയെയാണ്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ അദ്ദേഹം വഹിച്ച നേതൃത്വപരമായ പങ്ക് പരിശോധിക്കാം.

ദക്ഷിണാഫ്രിക്കയിൽനിന്നും 1915-ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി, അദ്ദേഹത്തിന്റെ ആദ്യകാല സമരങ്ങൾക്ക് നേതൃത്വം നൽകി. അവയെ നമുക്ക് പരിചയപ്പെടാം.

| | | | |
|---|---|---|---|
| ചമ്പാരൻ സത്യഗ്രഹം | 1917 | ബീഹാർ | നീലം കർഷകരുടെ സമരം |
| ഖേഡ സത്യഗ്രഹം | 1918 | ഗുജറാത്ത് | കർഷകസമരം |
| അഹമ്മദാബാദ് തുണിമിൽ സമരം | 1918 | ഗുജറാത്ത് | തൊഴിലാളി സമരം |

ഗാന്ധിജി ഈ ആദ്യകാല മൂന്നു സമരങ്ങളെ വൻവിജയമാക്കുകയും ജനകീയ ശ്രദ്ധ നേടുകയും ചെയ്തു.

## നിസ്സഹകരണ പ്രസ്ഥാനം

ഗാന്ധിജിയുടെ ആദ്യത്തെ ബഹുജന പ്രക്ഷോഭമായ നിസ്സഹകരണ പ്രസ്ഥാനത്തെ ഫ്ളോചാർട്ടിന്റെ സഹായത്തോടുകൂടി നമുക്ക് മനസിലാക്കാം.

- 1920-ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തോടുകൂടി ആരംഭിച്ചു
- പഞ്ചാബ് പ്രശ്നം പരിഹരിക്കുക, സ്വരാജ് നേടുക, ഖിലാഫത്ത് പ്രശ്നത്തിന് പരിഹാരം കാണുക എന്നിവയായിരുന്നു ലക്ഷ്യം.
- നിർമ്മാണ പദ്ധതികൾ, ബഹിഷ്കരണ പദ്ധതികൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. അവ ചുവടെ നൽകിയിരിക്കുന്നു.

| നിർമ്മാണ പദ്ധതികൾ | ബഹിഷ്കരണ പദ്ധതികൾ |
|---|---|
| ദേശീയ സ്കൂളുകളെ പ്രോത്സാഹിപ്പിക്കുക | ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള ഗവൺമെന്റ് സ്കൂളുകളും കോടതികളും ബഹിഷ്കരിക്കുക |
| തദ്ദേശീയ ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക | നികുതി നൽകാതിരിക്കുക, വിദേശ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കുക |

- 1922-ലെ ചൗരി-ചൗര സംഭവത്തോടുകൂടി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചു

**ജാലിയൻ വാലാബാഗ്**

1919-ൽ നടപ്പാക്കിയ റൗലറ്റ് നിയമത്തിനെതിരെ പ്രതിഷേധിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. പ്രതിഷേധം പഞ്ചാബിൽ ശക്തമായിരുന്നു. പ്രാദേശിക നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ചുകൊണ്ട് ജാലിയൻ വാലാ ബാഗിൽ സമാധാനമായി സംഘടിച്ച ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചു. തത്ഫലമായി ധാരാളം ജനങ്ങൾ വധിക്കപ്പെട്ടു. ഈ സംഭവത്തെയാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊല എന്ന് അറിയപ്പെടുന്നത്.

**റൗലറ്റ് നിയമം**

1919-ൽ സർ സിഡ്നി റൗലറ്റ് പാസാക്കിയ നിയമം. ഇതനുസരിച്ച് ഏതൊരു വ്യക്തിയെയും വിചാരണ കൂടാതെ തടവിലടയ്ക്കാൻ കഴിയും.

**ഖിലാഫത്ത് പ്രസ്ഥാനം**

ഖലീഫയുടെ സ്ഥാനത്തെ പുനഃസ്ഥാപിക്കുന്നതിനായി ഇന്ത്യയിൽ മുസ്ലീങ്ങൾ ആരംഭിച്ച പ്രസ്ഥാനമാണ് ഖിലാഫത്ത് പ്രസ്ഥാനം. ഇതിന് നേതൃത്വം നൽകിയത് അലി സഹോദരങ്ങളാണ്.

**ചൗരി-ചൗര സംഭവം**

ഉത്തർപ്രദേശിലെ ചൗരി ചൗരയിൽ ജനങ്ങളും പോലീസും ഏറ്റുമുട്ടി. തുടർന്ന് രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടു. ഇത് ഇരുപത്തിരണ്ട് പോലീസുകാരുടെ മരണത്തിലേക്ക് നയിച്ചു. ഇതിനെ ചൗരി-ചൗര സംഭവമെന്ന് അറിയപ്പെട്ടു.

## പൂർണ്ണ സ്വരാജും ലാഹോർ കോൺഗ്രസും

ചിത്രം നിരീക്ഷിക്കുക: ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ ചിത്രമാണ്. അദ്ദേഹമാണ് 1929-ലെ ലാഹോർ കോൺഗ്രസിന്റെ



അധ്യക്ഷത വഹിച്ചത്. അതിലെ ചില തീരുമാനങ്ങൾ നമുക്ക് നോക്കാം.

- പൂർണ്ണ സ്വരാജ്
- നിയമലംഘന പ്രസ്ഥാനം ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു
- ജനുവരി 26 ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായി ആഘോഷിക്കാൻ തീരുമാനിച്ചു

## നിയമലംഘന പ്രസ്ഥാനം



ഗാന്ധിജിയും അനുയായികളും സബർമതിയിൽനിന്ന് ദണ്ഡി കടപ്പുറത്തേക്ക് നടത്തുന്ന മാർച്ചിന്റെ ചിത്രമാണിത്. ദണ്ഡി മാർച്ചിനെക്കുറിച്ച് വിശദമായി മനസിലാക്കാം.

- ലഹോർ കോൺഗ്രസിന്റെ തീരുമാനപ്രകാരമാണ് 1930-ൽ നിയമലംഘന പ്രസ്ഥാനം ഗാന്ധിജി ആരംഭിക്കുന്നത്
- 78 അനുയായികളുമായി സബർമതിയിൽനിന്ന് യാത്ര തിരിച്ച് ദണ്ഡി കടപ്പുറത്ത് എത്തി ഉപ്പു നിർമ്മിച്ചുകൊണ്ട് ഉപ്പു നിയമത്തെ ലംഘിച്ചു

- നിയമലംഘന പ്രസ്ഥാനം നടന്ന പ്രദേശങ്ങൾ – പയ്യന്നൂർ (കേരളം), വേദാരണ്യം (തമിഴ്നാട്), ബോംബെ, നവഖാലി (ബംഗാൾ)
- സ്ത്രീകളുടെ പങ്കാളിത്തം ഇതിന്റെ സവിശേഷതയാണ്
- ഗാന്ധി-ഇർവിൻ ഉടമ്പടിയോടുകൂടി നിയമലംഘന പ്രസ്ഥാനം പിൻവലിച്ചു

## ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം

''പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക'', ക്വിറ്റ് ഇന്ത്യ സമരകാലത്ത് ഗാന്ധിജിയുടെ ജനങ്ങളോടുള്ള ആഹ്വാനമായിരുന്നു. 1942-ലെ ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യ സമരം പ്രഖ്യാപിച്ചു. ഗാന്ധിജി ഉൾപ്പെടെയുള്ള പ്രധാന നേതാക്കളെ അറസ്റ്റ് ചെയ്തതിനെ തുടർന്ന് രണ്ടാം നിരയിലെ കോൺഗ്രസ് നേതാക്കളാണ് ഇതിന് നേതൃത്വം നൽകിയത്.

**ഇന്ത്യയിൽ ദേശീയതയിൽ ഗാന്ധിജിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച്
ആൽബം തയ്യാറാക്കുക.**

**വേറിട്ട വഴികൾ**

### *ഭഗത് സിംഗ്*



സായുധ വിപ്ലവത്തിലൂടെ ഇന്ത്യയെ സ്വതന്ത്രമാക്കാൻ ശ്രമിച്ച വിപ്ലവകാരിയായിരുന്നു ഭഗത് സിംഗ്. 1928-ൽ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് അസോസിയേഷൻ എന്ന സംഘടനയ്ക്ക് അദ്ദേഹം രൂപം നൽകി. 1931 മാർച്ച് 23-ന് ബ്രിട്ടീഷുകാർ അദ്ദേഹത്തെ തൂക്കിലേറ്റി.

### *സുഭാഷ് ചന്ദ്രബോസ്*



ഗാന്ധിയൻ സമരരീതിയോട് വിയോജിപ്പ് പ്രകടിപ്പിച്ച നേതാവായിരുന്നു സുഭാഷ് ചന്ദ്രബോസ്. അദ്ദേഹം രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയാണ് ഫോർവേഡ് ബ്ലോക്ക്. പിന്നീട് അദ്ദേഹം ഇന്ത്യൻ നാഷണൽ ആർമിയിൽ (INA) ചേർന്നു. ബ്രിട്ടന്റെ ശത്രുവായ ജപ്പാന്റെ സഹായത്തോടുകൂടി ഇന്ത്യയെ സ്വതന്ത്രമാക്കാൻ ശ്രമിച്ചു. ജപ്പാന്റെ പരാജയത്തോടുകൂടി അത് വിഫലമായി.

## തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾ

ദേശീയ പ്രസ്ഥാനകാലത്ത് ഇന്ത്യയിൽ രൂപീകരിച്ച ചില തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളെ നമുക്ക് പരിചയപ്പെടാം.

- 1920-ൽ എൻ.എം.ജോഷി, ലാലാ ലജ്പത് റായി എന്നിവർ രൂപീകരിച്ച അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC).
- എൻ.ജി.രംഗയുടെ ശ്രമഫലമായി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ രൂപീകരിച്ച കർഷകപ്രസ്ഥാനമാണ് അഖിലേന്ത്യ കിസാൻസഭ.




ചിത്രം ശ്രദ്ധിക്കൂ. കേരളത്തിന്റെ ചിത്രമാണ് തന്നിട്ടുള്ളത്. കേരളത്തിന്റെ രൂപീകരണത്തിനുമുമ്പ് ഈ പ്രദേശങ്ങളെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിച്ചിരുന്നു. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലും നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് സഖ്യത്തിൻ കീഴിലുമായിരുന്നു. കേരളത്തിലെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളെ ഒരു ഫ്ളോചാർട്ടിന്റെ സഹായത്തോടുകൂടി നമുക്ക് പരിചയപ്പെടാം.

**മലബാർ**

- ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട്ടെത്തി ഖിലാഫത്ത് പ്രസ്ഥാനത്തിന് പിന്തുണ പ്രഖ്യാപിച്ചു (1920)
- മലബാറിലെ കർഷകരായ മാപ്പിളമാർ നടത്തിയ കലാപമാണ് മാപ്പിള കലാപം (1921)
- കെ.കേളപ്പന്റെ നേതൃത്വത്തിൽ ഉപ്പു സത്യഗ്രഹം നടന്നു (1930)
- ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിന് വേണ്ടി കെ.കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സത്യഗ്രഹമാണ് ഗുരുവായൂർ സത്യഗ്രഹം (1931)
- സോഷ്യലിസ്റ്റ് പാർട്ടി കമ്യൂണിസ്റ്റ് പാർട്ടിയായി രൂപീക്കപ്പെട്ടു (1939)
- ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിന്റെ ഭാഗമായി മലബാറിൽ നടന്ന സംഭവമാണ് കീഴരിയൂർ ബോംബ് കേസ് (1942)

**തിരുവിതാംകൂർ**

- മലയാളി മെമ്മോറിയൽ മഹാരാജാവിന് സമർപ്പിച്ചു (1891)
- സഞ്ചാര സ്വാതന്ത്ര്യത്തിനായി ടി.കെ. മാധവന്റെ നേതൃത്വത്തിൽ നടത്തിയ സത്യഗ്രഹമാണ് വൈക്കം സത്യഗ്രഹം (1924)
- ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഈഴവർക്കും ഗവൺമെന്റ് തലത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആരംഭിച്ചതാണ് നിവർത്തന പ്രക്ഷോഭം (1932)
- ശ്രീ ചിത്തിരതിരുനാൾ ക്ഷേത്ര പ്രവേശന വിളംബരം നടത്തി (1936)
- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിച്ചു (1938)
- സർ സി.പി.രാമസ്വാമി അയ്യരുടെ ഭരണ പരിഷ്കാരങ്ങൾക്ക് എതിരെ പുന്നപ്ര വയലാർ സമരം കമ്യൂണിസ്റ്റുകാർ സംഘടിപ്പിച്ചു (1946)

**കൊച്ചി**

- ഇലക്ട്രിസിറ്റി സമരത്തോടുകൂടി കൊച്ചിയിൽ ഉത്തരവാദിത്വ ഭരണത്തിനായി പ്രക്ഷോഭം ആരംഭിച്ചു (1936)
- കൊച്ചി പ്രജാമണ്ഡലിന്റെ രൂപീകരണം (1941)

## ദേശീയ പ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്ത്രീകൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ ചിത്രം ചുവടെ നൽകിയിരിക്കുന്നു.



ആനി ബസന്റ്



സരോജിനി നായിഡു



എ.വി.കുട്ടിമാളു അമ്മ



അക്കമ്മ ചെറിയാൻ



ആനി മസ്ക്രീൻ

## സ്വാതന്ത്ര്യത്തിലേയ്ക്ക്

രണ്ടാം ലോകയുദ്ധത്തിനുശേഷം ബ്രിട്ടനിൽ അധികാരത്തിൽവന്ന ലേബർ പാർട്ടി ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് അനുകൂലമായിരുന്നു. 1947 ജൂലൈയിൽ ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം പാസാക്കി. ഇതനുസരിച്ച് ഇന്ത്യ-പാകിസ്ഥാൻ എന്നീ രണ്ടു സ്വതന്ത്ര രാജ്യങ്ങൾ 1947 ആഗസ്റ്റ് 15-ന് നിലവിൽ വന്നു.

**പഠനനേട്ടങ്ങൾ**

- ബ്രിട്ടീഷുകാർ നടപ്പാക്കിയ നികുതി സമ്പ്രദായങ്ങളെ താരതമ്യം ചെയ്യുന്നു
- ബ്രിട്ടീഷ് കാലഘട്ടത്തിലെ കാർഷിക-വ്യവസായ ചൂഷണങ്ങളെ പരിശോധിക്കുന്നു
- ബ്രിട്ടീഷ് കാലത്തെ ആദ്യകാല ചെറുത്തുനിൽപ്പുകളെ വിലയിരുത്തുന്നു
- ദേശീയത വളരുവാനുള്ള വ്യത്യസ്ത സാഹചര്യങ്ങളെ വിവരിക്കുന്നു
- ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തെ വിശകലനം ചെയ്യുന്നു

**വിലയിരുത്തൽ ചോദ്യങ്ങൾ**

- ബ്രിട്ടീഷുകാർ നടപ്പാക്കിയ പ്രധാന നികുതി സമ്പ്രദായങ്ങൾ ഏതെല്ലാം?
- കൃഷിയുടെ വാണിജ്യവൽക്കരണം എന്നാൽ എന്ത്?

| എ | ബി |
|---|---|
| വേലുത്തമ്പി ദളവ | രാമനമ്പി |
| കുറിച്യ കലാപം | സാന്താൾ കലാപം |
| നാനാസാഹിബ് | കുണ്ടറ വിളംബരം |
| സിദ്ദു | കാൺപൂർ |

- സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ പരിശോധിക്കുക.
- ദേശീയ പ്രസ്ഥാനത്തിൽ ഗാന്ധിജി വഹിച്ച പങ്ക് വിവരിക്കുക.
- സുഭാഷ് ചന്ദ്രബോസും ഭഗത് സിംഗും വഹിച്ച പങ്ക് വ്യക്തമാക്കുക.
- മലബാറിലെ ദേശീയ പ്രസ്ഥാനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
- ലാഹോർ കോൺഗ്രസിന്റെ രണ്ടു പ്രധാന തീരുമാനങ്ങൾ എന്തെല്ലാം?

- ദേശീയത വളർത്തുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് വിലയിരുത്തുക.

**തുടർപ്രവർത്തനങ്ങൾ**

- ദേശീയതയുമായി ബന്ധപ്പെട്ട് രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുക.
- ദേശീയ നേതാക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

**സ്വയം വിലയിരുത്തൽ**

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| നികുതി സമ്പ്രദായങ്ങൾ | | | |
| കൃഷിയും വ്യവസായങ്ങളും | | | |
| ആദ്യകാല ചെറുത്തുനിൽപ്പുകൾ | | | |
| 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം | | | |
| ദേശീയതയുടെ ഉദയം | | | |
| കോൺഗ്രസിന്റെ രൂപീകരണം | | | |
| സ്വദേശി പ്രസ്ഥാനം | | | |
| ഗാന്ധിജിയും ദേശീയതയും | | | |
| വേറിട്ട വഴികൾ | | | |
| തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾ | | | |
| കേരളത്തിലെ ദേശീയ പ്രസ്ഥാനം | | | |
| ദേശീയ പ്രസ്ഥാനത്തിന്റെ സ്ത്രീ സാന്നിദ്ധ്യം | | | |
| സ്വാതന്ത്ര്യത്തിലേക്ക് | | | |



അധ്യായം 5

# നവഭാരതം നവകേരളം



''സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം''

ഹിംസയും വിദ്വേഷവും തീണ്ടാത്ത ഒരു മനസും മാർഗവും ആയിരുന്നു ഇന്ത്യയിലെ സ്വാതന്ത്ര്യസമരസേനാനികളുടേത്. ഒരു തലമുറയിലെ ജനങ്ങളാകെ ബ്രിട്ടനോടുള്ള സമരത്തിൽ സർവവും പരിത്യജിച്ചു. ദുരിതപൂർണമായ സാഹചര്യങ്ങളിലും സ്വാതന്ത്ര്യം

എന്ന ചിന്ത അവരെ മുന്നോട്ടു നയിച്ചു. ഒടുവിൽ ബ്രിട്ടീഷുകാർക്ക് ഇന്ത്യ വിട്ടു പോകേണ്ട സാഹചര്യമുണ്ടായി. അക്രമരാഹിത്യമായിരുന്നു ഗാന്ധിജിയുടെ നയം. 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രയായി. ബ്രിട്ടീഷ് പതാകയായ യൂണിയൻ ജാക്കിന്റെ സ്ഥാനത്ത് ഇന്ത്യയുടെ ത്രിവർണ പതാക ആകാശത്തിൽ പാറിക്കളിച്ചു.

## ഇനിയെന്ത്?


ഇന്ത്യ സ്വതന്ത്രയായെങ്കിലും പ്രശ്നങ്ങൾ പലതായിരുന്നു. അഭയാർഥികളുടെ ഒഴുക്ക്, നാട്ടുരാജ്യങ്ങളുടെ സംയോജനം, വിഭവങ്ങളുടെ അപര്യാപ്തത... പ്രശ്നങ്ങൾ പിന്നെയും ബാക്കി.

## വിഭജനം തന്ന തീരാനൊമ്പരങ്ങൾ

"നരച്ച താടിയുള്ള വൃദ്ധനായ ഒരു സിക്കുകാരൻ തന്റെ കൊച്ചുമകനെ ഞങ്ങളെ ഏൽപ്പിക്കാൻ ശ്രമിച്ച ദുരന്തചിത്രം ഇപ്പോഴും എനിക്ക് ഓർമയുണ്ട്; 'എന്റെ കുടുംബത്തിൽ ആകെ ഉള്ളത് ഇവനാണ്' എന്നു പറഞ്ഞുകൊണ്ടായിരുന്നു ആ കുട്ടിയെ ഞങ്ങൾക്കുനേരേ അയാൾ നീട്ടിയത്. 'ഇവനെ ഇന്ത്യയിലേക്കു കൊണ്ടുപോകൂ, കുടുംബത്തിലെ ആരെങ്കിലും ഒരാളെങ്കിലും ജീവിക്കട്ടെ'. മറ്റൊരു സ്ത്രീ ഒരു കുഞ്ഞിനെ ജീപ്പിലേക്കു തള്ളിക്കൊണ്ടു പറഞ്ഞു: 'ഞാൻ നിങ്ങളെ ഡൽഹിയിൽ തിരഞ്ഞു കണ്ടുപിടിച്ച് ഇവനെ സ്വീകരിച്ചോളാം'. എന്റെ തന്നെ ഭാവിയെക്കുറിച്ച് ആശങ്കകൾ മാത്രമുള്ള ഞാൻ എങ്ങനെ ഇവരെ സ്വീകരിക്കും. ഞാൻ നിശ്ശബ്ദനായി ഇരിക്കുക മാത്രം ചെയ്തു. എങ്ങനെയാണ് ഇത് വിശദീകരിക്കുക? എങ്ങനെ? എങ്ങനെ?

നിരാലംബരായ ഈ മനുഷ്യരെ ഉപേക്ഷിച്ചുപോകുക എന്നത് ഹൃദയഭേദകമായിരുന്നു. പക്ഷേ എനിക്കൊന്നും ചെയ്യാൻ പറ്റുമായിരുന്നില്ല. ഭൂതകാലം നഷ്ടപ്പെടുകയും ഭാവിയെക്കുറിച്ച് പ്രതീക്ഷയില്ലാതാകുകയും ചെയ്ത അവസ്ഥയാണിത്. നമുക്ക് ശൂന്യതയിൽനിന്ന് എല്ലാം വീണ്ടും ആരംഭിക്കണം".

*- കുൽദീപ് നയ്യാർ*




*വിഭജനയാത്ര*

ഇന്ത്യ - പാകിസ്ഥാൻ വിഭജനത്തെ തുടർന്ന് ഇരുഭാഗത്തേക്കും പ്രവഹിച്ച അഭയാർഥികളുടെ പ്രശ്നമാണ് മുകളിൽ സൂചിപ്പിച്ചത്.

## നവഭാരത സങ്കൽപ്പം

സ്വാതന്ത്ര്യസമരം നടക്കുന്ന കാലത്തുതന്നെ രാഷ്ട്രനേതാക്കളുടെ മനസ്സിൽ ഒരു നവഭാരത സങ്കൽപ്പം രൂപപ്പെട്ടിരുന്നു. എന്തൊക്കെയായിരിക്കും അത്?


- എല്ലാവർക്കും വിദ്യാഭ്യാസം.
- കച്ചവടക്കാർക്കും കൃഷിക്കാർക്കും തൊഴിലാളികൾക്കും മെച്ചപ്പെട്ട ജീവിതം.
- ഗ്രാമീണർക്ക് സൗകര്യപൂർണമായ ജീവിതം.
- ശാസ്ത്രസാങ്കേതികവിദ്യയുടെ നേട്ടങ്ങൾ രാജ്യത്തിന്റെ ഓരോ കോണിലുമെത്തിക്കൽ.
- ജലസേചന സൗകര്യങ്ങളും വൈദ്യുതിയും.
- മികച്ച ഫാക്ടറികളും തൊഴിൽ വൈദഗ്ധ്യം നേടിയ ജനതയും.
- ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യക്ക് മാന്യമായ പദവി.

**നവഭാരതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കിയിരുന്നത്? ഇപ്പോഴും ആ ആശയം പ്രസക്തമല്ലേ?**

## നാട്ടുരാജ്യ സംയോജനം

ബ്രിട്ടീഷുകാർ ഇന്ത്യ വിടുമ്പോൾ അറുനൂറിൽപ്പരം നാട്ടുരാജ്യങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. സ്വാതന്ത്ര്യലബ്ധിയോടുകൂടി ഈ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കേണ്ടത് അനിവാര്യമായി. പൊതുവായ ജനവികാരം രാജാക്കന്മാർക്കെതിരായിരുന്നു. നെഹ്രു മന്ത്രിസഭയിൽ ഉപപ്രധാനമന്ത്രിയായിരുന്ന സർദാർ വല്ലഭ്ഭായ് പട്ടേലിന്റെയും സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറിയായിരുന്ന മലയാളിയായ വി. പി.മേനോന്റെയും നേതൃത്വത്തിൽ നാട്ടുരാജാക്കന്മാരുടെ ഭരണം അവസാനിപ്പിച്ചു. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട തന്ത്രപ്രധാനമായ സ്ഥലങ്ങളെ കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി. കഠിന പ്രയത്നത്താൽ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചതുകൊണ്ട് സർദാർ പട്ടേലിനെ 'ഇന്ത്യയിലെ ഉരുക്കുമനുഷ്യൻ' എന്നു വിശേഷിപ്പിക്കാറുണ്ട്.

**'ഒരേ ഒരിന്ത്യ ഒരൊറ്റ ജനത' എന്ന പ്രസ്താവനയെ നാട്ടുരാജ്യ സംയോജനവുമായി എങ്ങനെ ബന്ധിപ്പിക്കാം?**



*സർദാർ വല്ലഭ്ഭായ് പട്ടേൽ*



*വി.പി.മേനോൻ*

## പോണ്ടിച്ചേരിയും ഗോവയും

1947-ൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു. പക്ഷേ ഫ്രാൻസ്, പോർച്ചുഗൽ എന്നീ രാജ്യങ്ങൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന സ്ഥലങ്ങളിൽനിന്ന് വിട്ടുപോകാൻ മടിച്ചുനിന്നു. ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് പോണ്ടിച്ചേരി, മാഹി, യാനം, കാരയ്ക്കൽ എന്നീ പ്രദേശങ്ങളിൽനിന്നും ഫ്രാൻസ് വിട്ടുപോയി.

ഇന്ത്യൻ സൈന്യം പോർച്ചുഗീസ് അധീനപ്രദേശമായ ഗോവയിലേക്കു നീങ്ങിയതോടെ 1961-ൽ പോർച്ചുഗലും ഇന്ത്യ വിട്ടു. ഗോവ, ദാദ്ര, നാഗർഹവേലി എന്നീ പ്രദേശങ്ങൾ ഇന്ത്യാ ഗവൺമെന്റിന്റെ നിയന്ത്രണത്തിലായി.

### ഭരണഘടന രൂപപ്പെടുന്നു

ക്ലബ്ബുകൾ, പി.ടി.എ. എന്നിവയുടെ നിയമാവലി കണ്ടിട്ടുണ്ടോ? അതുപോലെ രാജ്യം ഭരിക്കപ്പെടേണ്ടത് എങ്ങനെയെന്നുള്ള എഴുതപ്പെട്ട ഒരു ഭരണഘടന ഇന്ത്യയ്ക്ക് വേണം എന്നുള്ളത് അടിയന്തരമായ ഒരാവശ്യമായിരുന്നു. ഇന്ത്യക്ക് തനതായ ഒരു ഭരണഘടന ഉണ്ടാക്കാൻ തീരുമാനിച്ചു. ഭരണഘടനാ നിർമാണസഭയുടെ അധ്യക്ഷനായി ഡോ. രാജേന്ദ്രപ്രസാദിനെയും കരടുണ്ടാക്കാനുള്ള കമ്മിറ്റിയുടെ ചെയർമാനായി ഡോ. ബി.ആർ.അംബേദ്കറെയും ചുമതല ഏൽപ്പിച്ചു. 1949 നവംബർ 26-ാം തീയതി ഭരണഘടനാ നിർമാണസഭ ഐകകണ്ഠ്യേന ഇന്ത്യൻ ഭരണഘടന പാസാക്കി. 1950 ജനുവരി 26-ന് ഇന്ത്യ സ്വയം ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു. ഭരണഘടനയുടെ ആമുഖത്തിൽ അതിന്റെ അന്തഃസത്ത ഉൾക്കൊള്ളിച്ചിരിക്കുന്നു.



ഭാരതത്തിന്റെ ഭരണഘടന

ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1](പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി) സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2](രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും) ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;


സഗൗരവം തീരുമാനിച്ചിരിക്കുകയാൽ,

നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

1 1976-ലെ ഭരണഘടന (42-ാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പ് പ്രകാരം 'പരമാധികാര ജനാധിപത്യ റിപ്പബ്ലിക്' എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം)

2 മേൽ പറഞ്ഞ ആക്റ്റ് രണ്ടാം വകുപ്പ് പ്രകാരം 'രാഷ്ട്രത്തിന്റെ ഐക്യം' എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം)

*ഇന്ത്യൻ ഭരണഘടനയുടെ ആമുഖം*



*ഡോ. രാജേന്ദ്രപ്രസാദ്*



*ഡോ. ബി.ആർ.അംബേദ്കർ*

**ഭരണഘടനയുടെ ആമുഖത്തിൽനിന്നും കണ്ടെത്താൻ കഴിയുന്ന പ്രധാനാശയങ്ങൾ ഏതെല്ലാം?**

## പൊതുതിരഞ്ഞെടുപ്പ്

1952-ൽ ഇന്ത്യയിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് പൂർത്തിയായി. പ്രധാനമന്ത്രി സ്ഥാനത്തേക്ക് ജവഹർലാൽ നെഹ്രുവും രാഷ്ട്രപതിയായി ഡോ. രാജേന്ദ്രപ്രസാദും ഉപരാഷ്ട്രപതിയായി ഡോ. എസ്.രാധാകൃഷ്ണനും തിരഞ്ഞെടുക്കപ്പെട്ടു.





*ജവഹർലാൽ നെഹ്റു   ഡോ. എസ്.രാധാകൃഷ്ണൻ*

## സംസ്ഥാന പുനഃസംഘടന

ഇന്ത്യയുടെ ഭാഗമായ നാട്ടുരാജ്യങ്ങളെ വ്യത്യസ്ത സംസ്ഥാനങ്ങളാക്കി പുന:സംഘടിപ്പിക്കുന്നതും ഒരു വലിയ പ്രശ്നമായിരുന്നു.

ഭാഷയെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു. 1956 നവംബർ 1-നാണ് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ സംസ്ഥാന പുനഃസംഘടനാ നിയമം പ്രാബല്യത്തിൽ വന്നത്. ഇതിൻ പ്രകാരം പതിനാല് സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽവന്നു.

- കേരള സംസ്ഥാനപ്പിറവി എന്നാണ്?

**ഇന്ത്യയിലെ സംസ്ഥാനങ്ങളും അവിടത്തെ ഭാഷകളും ഉൾപ്പെടുന്ന ഒരു പട്ടിക തയ്യാറാക്കാമോ?**

## സമ്പദ് വ്യവസ്ഥ

സ്വാതന്ത്ര്യാനന്തര ഇന്ത്യ മുതലാളിത്തത്തെയും സോഷ്യലിസത്തെയും സമന്വയിപ്പിച്ച് ഒരു മിശ്ര സമ്പദ് വ്യവസ്ഥയ്ക്ക് രൂപം നൽകി.

സോവിയറ്റ് യൂണിയനിൽ നിലനിന്നിരുന്ന ആസൂത്രിത സമ്പദ്ഘടന, പഞ്ചവത്സര പദ്ധതി ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്നീ ആശയങ്ങൾക്ക് നമ്മുടെ സമ്പദ് വ്യവസ്ഥ പ്രാധാന്യം നൽകി.

വ്യത്യസ്ത വികസന പദ്ധതികൾക്ക് സ്വതന്ത്ര ഇന്ത്യ പ്രാധാന്യം കൊടുത്തു. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ആസൂത്രണക്കമ്മീഷൻ നിലവിൽ വന്നു. വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന ശാസ്ത്രജ്ഞന്മാരെയും സാമ്പത്തിക വിദഗ്ധരെയും ഇന്ത്യയിലേക്കു ക്ഷണിച്ചു കൊണ്ടുവന്ന് രാഷ്ട്ര വികസനത്തെ ത്വരിതപ്പെടുത്തി. വിദേശ രാജ്യങ്ങളുടെ സഹായവും ഇന്ത്യ സ്വീകരിച്ചു.

ഇരുമ്പുരുക്കു വ്യവസായവുമായി ബന്ധപ്പെട്ട് ഇന്ത്യയെ സഹായിച്ച രാജ്യങ്ങൾ ഏതൊക്കെയാണ്? പട്ടിക നോക്കൂ.

| ഇരുമ്പുരുക്ക് വ്യവസായശാല | സഹായിച്ച രാജ്യം |
|---|---|
| ഭിലായ് | സോവിയറ്റ് യൂണിയൻ |
| റൂർക്കേല | ജർമനി |
| ദുർഗാപൂർ | ബ്രിട്ടൻ |



## പഞ്ചവത്സര പദ്ധതികൾ

അഞ്ചു വർഷംകൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതികൾ എന്ന രീതിയിലാണ് പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചത്. 1951-ൽ ആരംഭിച്ച ഒന്നാം പദ്ധതിയിൽ കൃഷിക്കും 1956-ൽ ആരംഭിച്ച രണ്ടാം പദ്ധതിയിൽ വ്യവസായത്തിനും പ്രാധാന്യം നൽകി. വമ്പൻ അണക്കെട്ടുകൾ നിർമിച്ച് ജലസേചന മേഖല മെച്ചപ്പെടുത്തി. രാസവളം, കീടനാശിനി, ഫാക്ടറികൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവ രാജ്യത്ത് കൃഷി മേഖല അഭിവൃദ്ധിപ്പെടുന്നതിനു കാരണമായി.

ജലസേചനം, കൃഷിയന്ത്രങ്ങൾ, രാസവളം, കീടനാശിനികൾ, അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ എന്നിവയുടെ നിർമാണത്തിന് വൻതോതിൽ മൂലധന നിക്ഷേപം നടന്നതിന്റെ ഭാഗമായി ഇന്ത്യയിലെ കാർഷികോൽപ്പാദനം ഗണ്യമായി വർദ്ധിച്ചു. ഇതാണ് ഹരിത വിപ്ലവം എന്നറിയപ്പെടുന്നത്. കന്നുകാലി പരിപാലനം, പാലുൽപ്പാദനം എന്നീ മേഖലകളിൽ ഉണ്ടായ വൻ വർദ്ധനവാണ് ധവള വിപ്ലവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## ശാസ്ത്ര-സാങ്കേതിക മേഖലകൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ മികവ് കൈവരിച്ചു. തുടർച്ചയായ വികസനത്തിനായി നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽവന്നു.

- ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി (CSIR - Council of Scientific and Industrial Research)
- ഇന്ത്യൻ കാർഷിക ഗവേഷണസമിതി (ICAR - Indian Council for Agricultural Research)
- ഇന്ത്യൻ മെഡിക്കൽ ഗവേഷണസമിതി (ICMR - Indian Council of Medical Research)

ശാസ്ത്ര-വ്യാവസായിക ഗവേഷണസമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയത് ഹോമി ജഹാംഗീർ ഭാഭയും എസ്.എൻ.ഭട്നാഗറും ആയിരുന്നു.



*എച്ച്.ജെ.ഭാഭ*



*എസ്.എൻ.ഭട്നാഗർ*

ശാസ്ത്രമേഖലയിൽ ഏറ്റവും മികച്ച ലബോറട്ടറികൾ ഉൾപ്പെടുന്ന ഗവേഷണ സ്ഥാപനങ്ങൾ വേണം എന്ന ആശയത്തെ മുൻനിർത്തിയാണ് ഇന്ത്യയിൽ 5 ഐ.ഐ.ടികൾ (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) ആരംഭിച്ചത്. അവ എവിടെയൊക്കെയാണെന്നറിയാമോ?

- ഡൽഹി
- 
- 
- 




**ഇപ്പോൾ ഇന്ത്യയിൽ എത്ര ഐ.ഐ.ടികൾ ഉണ്ട്? അവ എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു?**

## വിദ്യാഭ്യാസ മേഖല

സ്വതന്ത്ര ഇന്ത്യൻ സർക്കാർ വിദ്യാഭ്യാസമേഖലയിലെ പരിഷ്കാരത്തിനായി 1948-ൽ ഡോ. എസ്.രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു ഉന്നത വിദ്യാഭ്യാസക്കമ്മീഷനെ നിയമിച്ചു. സെക്കന്ററി വിദ്യാഭ്യാസമേഖലയെക്കുറിച്ച് ലക്ഷ്മണസ്വാമി മുതലിയാരുടെ നേതൃത്വത്തിൽ മറ്റൊരു കമ്മീഷൻ നിയമിതമായി. വിദ്യാഭ്യാസമേഖലയിൽസമഗ്രമായമാറ്റങ്ങൾനിർദ്ദേശിച്ച കോത്താരി കമ്മീഷൻ രൂപീകൃതമായത് 1964-ലാണ്.

വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള മാനവവിഭവശേഷി വികസന വകുപ്പിന്റെ കീഴിലാണ്. സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസമന്ത്രി, വകുപ്പുസെക്രട്ടറി എന്നിവർ നേതൃത്വം നൽകുന്നു. എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രോജക്റ്റുകൾ ഇപ്പോൾ സംസ്ഥാന തലത്തിൽ യോജിപ്പിച്ച് സമഗ്രശിക്ഷ, കേരളം എന്ന പേരിൽ പ്രവർത്തിക്കുന്നു. യൂണിഫോം, ഉച്ചഭക്ഷണം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, പ്രത്യേക പരിഗണന വേണ്ട കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയിൽ ഈ പ്രോജക്റ്റ് ശ്രദ്ധ കൊടുക്കുന്നു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം 6




മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കി. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി. (NCERT) യും സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി. (SCERT) യും പ്രവർത്തിക്കുന്നു.

## വിദേശനയം

ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്ന കാലത്ത് ലോകത്ത് രണ്ട് ശാക്തികചേരികൾ രൂപപ്പെടാൻ തുടങ്ങിയിരുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരിയും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് ചേരിയും. ഇന്ത്യ മേൽപ്പറഞ്ഞ രണ്ടുചേരികളെയും പിണക്കാതെ രണ്ടുചേരിയിലും ചേരാത്ത ഒരു വിദേശനയമാണ് സ്വീകരിച്ചത്. ഇതാണ് ചേരിചേരാനയം.

ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ ഏതൊക്കെയെന്ന് നോക്കൂ.

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്.
- വംശീയവാദത്തോടുള്ള വിദ്വേഷം.
- ഐക്യരാഷ്ട്ര സംഘടനയിലുള്ള വിശ്വാസം.
- സമാധാനപരമായ സഹവർത്തിത്വം.
- പഞ്ചശീല തത്ത്വങ്ങൾ.
- വിദേശ സഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.
- ചേരിചേരാനയം.

**ഇന്ത്യൻ വിദേശനയത്തിന്റെ നേട്ടങ്ങൾ എന്തെല്ലാം?**

## പഞ്ചശീല തത്ത്വങ്ങൾ

1954-ൽ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീല തത്ത്വങ്ങൾ. അവ താഴെ ക്കൊടുത്തിരിക്കുന്നു.

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
- സമത്വവും പരസ്പര സഹായവും പുലർത്തുക.
- സമാധാനപരമായ സഹവർത്തിത്വവും പാലിക്കുക.

**അയൽ രാജ്യങ്ങളുമായി ഇന്ത്യ ഇടപെടുന്നതിനോടുള്ള ചൈനയുടെ സമീപനം പഞ്ചശീല തത്ത്വങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക**

## ഇന്ത്യയും ബഹിരാകാശ ഗവേഷണവും

1969-ൽ രൂപംകൊണ്ട ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയാണ് ഇന്ത്യയിൽ ബഹിരാകാശ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നത്. തിരുവനന്തപുരത്തെ തുമ്പയിലാണ് ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചത്. കാലാവസ്ഥ, വാർത്താവിനിമയം, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ



*ആര്യഭട്ട*

മേഖലകളുടെ വികസനത്തിന് ഇന്ത്യയിലെ ബഹിരാകാശ ഗവേഷണം തുടക്കം കുറിച്ചു. ഇന്ത്യ ആദ്യമായി വിക്ഷേപിച്ച ഉപഗ്രഹമാണ് ആര്യഭട്ട.

മിസൈൽ സാങ്കേതികവിദ്യയിലും ഇന്ത്യ പുരോഗതി കൈവരിച്ചു. അഗ്നി, പൃഥ്വി, നാഗ് തുടങ്ങിയവ ഇന്ത്യ വികസിപ്പിച്ച മിസൈലുകളാണ്. ഡോ. എ.പി.ജെ. അബ്ദുൽ കലാം ഈ രംഗത്ത് വിലപ്പെട്ട സംഭാവന നൽകി.



*ഡോ. എ.പി.ജെ. അബ്ദുൽ കലാം*




ഇന്ത്യയുടെ ആദ്യത്തെ ചാന്ദ്രപരീക്ഷണ ദൗത്യമായ ചന്ദ്രയാൻ 2008 ഒക്ടോബറിൽ തുടക്കം കുറിച്ചു. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വാ ദൗത്യത്തിന്റെ പേരാണ് മംഗൾയാൻ. ചൊവ്വയുടെ നിരവധി ചിത്രങ്ങൾ മംഗൾയാന്റെ ക്യാമറകൾ ഒപ്പിയെടുത്ത് നമുക്ക് തന്നു.

**ഇന്ത്യയുടെ പുതിയ ബഹിരാകാശ ദൗത്യങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കൂ**

## ആസൂത്രണം

വ്യത്യസ്തമേഖലകളിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ഭരണഘടനയുടെ നിർദ്ദേശക തത്ത്വങ്ങളിൽ നിന്നുമാണ് ആസൂത്രണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ രൂപംകൊണ്ടത്. സ്വാതന്ത്ര്യാനന്തരം പൊതുമേഖലയ്ക്കാണ് ഊന്നൽ നൽകിയിരുന്നത്. ഇന്ന് പൊതുമേഖലയും സ്വകാര്യമേഖലയും ഒരുപോലെ പ്രവർത്തിക്കുന്നു.

മുമ്പ് ആസൂത്രണത്തിനായി രൂപം നൽകിയ ആസൂത്രണ കമ്മീഷനു പകരം 2015-ൽ നിലവിൽ വന്ന സംവിധാനമാണ് നിതി ആയോഗ് (NITI AYOG - National Institution for Transforming India). ഇതിന്റെ അധ്യക്ഷൻ പ്രധാനമന്ത്രിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയപരിപാടികൾ രൂപീകരിക്കുന്നതിൽ നീതി ആയോഗ് പ്രധാന പങ്കു വഹിക്കുന്നു.

**ഇന്ത്യയുടെ വികസനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ നിതി ആയോഗിന്റെ പ്രസക്തി എന്ത്?**

## നവകേരളം

ജാതി-ജന്മി-നാടുവാഴിത്ത മേധാവിത്വത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായ ചെറുത്തുനിൽപ്പുകളാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കാൻ കേരളീയരെ സഹായിച്ചത്. ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ഐക്യകേരളം എന്ന സങ്കൽപ്പം മലയാളികളിൽ വേരുറയ്ക്കാൻ തുടങ്ങി. ഒരേ ഭാഷ സംസാരിക്കുന്നവർ വ്യത്യസ്ത പ്രദേശക്കാരായി നിന്നതിന്റെ അനുഭവം കേരളീയർക്ക് ഉണ്ടായിരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്ന വേർതിരിവ് മലയാളികളുടെ ഐക്യബോധത്തിന് തടസ്സമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഇന്ത്യയുടെ വിവധ കോണുകളിൽ ഉയർന്നപ്പോൾ മലയാളികളുടെ ഐക്യം എന്ന ആശയവും വളർന്നുവന്നു.

1924-ലെ വൈക്കം സത്യഗ്രഹവും 1931-32 കാലത്തെ ഗുരുവായൂർ സത്യ

ഗ്രഹവും കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള ആളുകളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഐക്യകേരളം എന്ന ആശയം ശക്തിപ്പെട്ടു. 1945-ൽ ഐക്യകേരള രൂപീകരണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1947-ൽ തൃശ്ശൂരിൽ വച്ച് ഐക്യകേരള കൺവെൻഷൻ നടന്നു. 1949 ജൂലൈ 1-ന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെട്ടു. ഇന്ത്യൻ പാർലമെന്റ് 1956 നവംബർ 1-ന് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ രൂപീകരിക്കുന്ന നിയമം ഉണ്ടാക്കിയതോടെ കേരളം മലയാളികളുടെ സംസ്ഥാനമായി മാറി.

**കേരള സംസ്കാരത്തിൽനിന്നും ഊർജം സംഭരിച്ച് നാം ലോക മലയാളി ആയി മാറുന്നു. പ്രസ്താവനയുടെ പ്രാധാന്യം ചർച്ച ചെയ്യുക.**

## കേരളം മുന്നോട്ട്

സാമൂഹ്യ നവോത്ഥാന പ്രസ്ഥാനവും തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനവും ഒരുക്കിയ വളക്കൂറുള്ള മണ്ണിലാണ് കേരള സംസ്ഥാനം ഉടലെടുത്തത്. കൃഷി, വാണിജ്യം, തോട്ട വ്യവസായം, ആധുനിക വ്യവസായങ്ങൾ എന്നീ മേഖലകളിൽ കേരളപ്പിറവിയ്ക്കു മുമ്പുതന്നെ വികസന പ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചിരുന്നു. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളാകട്ടെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചിതരായ ഒരു ജനതയെ രൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു.

കേരള സംസ്ഥാനം രൂപം കൊണ്ടിട്ട് 60 വർഷം കഴിഞ്ഞിരിക്കുന്നു. വ്യക്തികളും പ്രസ്ഥാനങ്ങളും സംഘടനകളുമടക്കം നടത്തിയ ധാരാളം ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെയാണ് കേരളം വളർന്നുവന്നത്. നിരവധി സവിശേഷതകൾ ഉള്ള സംസ്ഥാനമാണ് കേരളം. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾ കൊണ്ട് കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വേറിട്ടുനിൽക്കുന്നു. ഉയർന്ന സാക്ഷരതാ നിലവാരം, പരിമിതമായ വിഭവങ്ങൾകൊണ്ടും താരതമ്യേന താഴ്ന്ന പ്രതിശീർഷ വരുമാനത്തിൽനിന്നുകൊണ്ടും ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നേടിയ പുരോഗതി, സുഖശീതളവും ഹരിതാഭവുമായ പ്രകൃതി, വിവിധ സംസ്കാരങ്ങളെ ഉൾക്കൊള്ളാനുള്ള സന്നദ്ധത തുടങ്ങിയ നിരവധി ഘടകങ്ങളാണ് കേരളത്തിന് സവിശേഷമായ ഒരു സ്ഥാനം നേടിക്കൊടുത്തത്.

**'നവകേരളത്തിലേക്ക്' എന്ന വിഷയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക**

വ്യത്യസ്ത മേഖലകളിൽ കേരളം എവിടെ നിൽക്കുന്നു എന്ന് പരിശോധിക്കാം.

## ആരോഗ്യം

സാമ്പത്തികമായി പിന്നോക്കമായ ഒരു സംസ്ഥാനമാണെങ്കിലും വികസിത രാജ്യങ്ങളോടു കിടപിടിക്കുന്ന നേട്ടങ്ങൾ ആരോഗ്യമേഖലയിൽ വൈരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, ആയുർദൈർഘ്യം എന്നിങ്ങനെ പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ആരോഗ്യ സൂചികകൾ ഇതാണ് സൂചിപ്പിക്കുന്നത്. ആരോഗ്യരംഗത്തെ കേരളത്തിന്റെ നേട്ടങ്ങളെ പലരും അത്ഭുതത്തോടെ നോക്കിക്കാണാറുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയിലും ആരോഗ്യമേഖലയിൽ കുറഞ്ഞ തുകമാത്രം ചെലവിട്ട് ഇത്രയേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതുകൊണ്ട് 'കേരള ആരോഗ്യമാതൃക' സാർവദേശീയമായി അംഗീകരിക്കപ്പെട്ടു.

എന്നാൽ വ്യക്തിശുചിത്വത്തിൽ കൂടുതൽ ശ്രദ്ധിക്കുന്ന കേരളീയർ സാമൂഹ്യശുചിത്വത്തിൽ കാട്ടുന്ന അലംഭാവം പകർച്ചവ്യാധികൾ വ്യാപിക്കുന്നതിന് കാരണമായി പറയാറുണ്ട്. പുതിയ തരം വൈറസുകൾ പൊട്ടിപ്പുറപ്പെടാതിരിക്കാൻ ആരോഗ്യവകുപ്പ് കിണഞ്ഞു പരിശ്രമിക്കുന്നു.



**നിപ വൈറസുപോലുള്ള സൂക്ഷ്മജീവികൾ പരത്തുന്ന അസുഖങ്ങളെ നമ്മൾ നിയന്ത്രിക്കുന്നത് എങ്ങനെ?**

ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഹൃദ്രോഗം, ക്യാൻസർ, രക്തസമ്മർദ്ദം, ഡയബറ്റിസ് തുടങ്ങിയ ജീവിതശൈലീ രോഗങ്ങളെ തടയാൻ നമുക്ക് എന്തൊക്കെ ചെയ്യാം?

- രാസപദാർഥങ്ങൾ ചേർക്കാത്ത ആഹാരം
- പ്രകൃതി സൗഹൃദപരമായി വിളയിച്ച പച്ചക്കറികൾ
-
-
-

## വിദ്യാഭ്യാസം

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഇന്നു കാണുന്ന മികച്ച നേട്ടങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ സാക്ഷരതാനിലവാരത്തിലുള്ള ഉയർച്ചയും പ്രൈമറി വിദ്യാലയങ്ങളിലെ വർദ്ധിച്ച പ്രവേശനത്തോതുമാണ്. തിരുവിതാകൂറിൽ 1870-കളിലും കൊച്ചിയിൽ 1890-കളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരുന്നു. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് 'കൃഷിഭൂമി കർഷകന്' കിട്ടിയതോടെയാണ് കേരളത്തിൽ സാർവത്രിക വിദ്യാഭ്യാസം ശക്തിപ്പെട്ടത്.

ഉന്നത വിദ്യാഭ്യാസ മേഖല, സാങ്കേതിക വിദ്യാഭ്യാസ മേഖല, മെഡിക്കൽ മേഖല എന്നിവയും കേരളത്തിൽ പ്രവർത്തിക്കുന്നു.

**സാർവത്രിക വിദ്യാഭ്യാസം കേരളത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?**

## വ്യവസായം

കാപ്പി, തേയില, റബർ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ബ്രിട്ടീഷ് ഭരണകാലത്തുതന്നെ കേരളത്തിൽ രൂപംകൊണ്ടിരുന്നു. ഇതോടൊപ്പം കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങളും ഇവിടെ വളർന്നുവന്നു. ഡീസൽ എഞ്ചിൻകൊണ്ടു പ്രവർത്തിക്കുന്ന എണ്ണയാട്ട് മില്ലുകൾ സ്ഥാപിക്കപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് ആധുനിക വ്യവസായശാലകൾ തിരുവിതാംകൂറിലും കൊച്ചിയിലും സ്ഥാപിതമായത്. ചില വ്യവസായശാലകളുടെ പേരു നോക്കൂ.

- പേപ്പർമിൽ - പുനലൂർ
- ഫാക്ട് (FACT) - കളമശ്ശേരി
- സിറാമിക്സ് - കുണ്ടറ
- ടാറ്റ ഓയിൽ മിൽസ് - കൊച്ചി

പള്ളിവാസൽ വൈദ്യുതിനിലയം സ്ഥാപിക്കപ്പെട്ടത് ആധുനിക വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി.

പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായിരുന്നിട്ടും കേരളം ഇന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമാണ്. ഉൽപ്പാദനക്ഷമത കൂടിയ ആധുനിക യന്ത്രവൽകൃത വ്യവസായങ്ങൾ (ഉദാ: ലോഹവ്യവസായങ്ങൾ, യന്ത്രനിർമാണം, വാഹനസാമഗ്രികളുടെ നിർമാണം) കേരളത്തിൽ വളരെക്കുറവാണ് എന്നതാണ് ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണം. തൊഴിലില്ലായ്മയും ജനസാന്ദ്രതയും കൂടിയ കേരള സംസ്ഥാനത്തിന് ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണം കൊണ്ടു മാത്രമേ സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാൻ കഴിയുകയുള്ളൂ.

**പരിസ്ഥിതി സൗഹൃദപരമായ വ്യവസായത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കുക. 'പരിസ്ഥിതിയും വ്യവസായവും' എന്ന ആശയത്തെ മുൻനിർത്തി ഒരു സെമിനാർ സംഘടിപ്പിക്കൂ.**

## കൃഷി

ഏതു ഭൂപ്രകൃതി മേഖലയിലാണ് നിങ്ങൾ വസിക്കുന്നത്? നിങ്ങളുടെ ചുറ്റുപാടും കാണുന്ന കൃഷികൾ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തുക.

| | |
|---|---|
| • നെല്ല് | • ഏലം |
| • തെങ്ങ് | • |
| • റബർ | • |

**കൃഷിയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയുമായി ബന്ധപ്പെടുത്തി പട്ടിക തയ്യാറാക്കൂ.**

* കൃഷിയിടത്തിന്റെ വലുപ്പത്തിൽ എന്തു വ്യത്യാസമാണ് കാണാൻ കഴിയുന്നത്?
* മറ്റെന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് കൃഷിയിടങ്ങൾ ഉപയോഗിക്കാൻ ശ്രമിക്കുന്നത്?
* ഇതുകൊണ്ട് ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തൊക്കെ? ചർച്ച സംഘടിപ്പിക്കൂ.

ഭൂപരിഷ്കരണവും അനുബന്ധമായുണ്ടായ സാമൂഹ്യമാറ്റങ്ങളും (കൂട്ടുകുടുംബത്തിൽനിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റം) നമ്മുടെ കാർഷിക മേഖലയെ ഏതുവിധത്തിൽ മാറ്റി എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. വീട്ടുവളപ്പുകളും തുണ്ടുഭൂമികളും കൂടുതലായി എന്നത് കൃഷിയെ എങ്ങനെ ബാധിച്ചു എന്ന് മനസിലാക്കണം. വയലുകൾ തരിശിടുന്ന പ്രവണതയും വയലുകളെ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തിയതും കൃഷിമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കേരളത്തിൽ ഇപ്പോഴും കൃഷി തുടരുന്ന വിളകളുടെ വർത്തമാനകാല അവസ്ഥ പരിശോധിക്കൂ.

- നെല്ല്
- റബർ
- തെങ്ങ്
- കശുമാവ്
- കവുങ്ങ്
- സുഗന്ധ വിളകൾ
- പച്ചക്കറി വിളകൾ
- കിഴങ്ങു വിളകൾ

എന്നീ കൃഷികൾ നിങ്ങളുടെ മേഖലയിൽ നിലനിൽക്കുന്നുണ്ടോ? മത്സ്യകൃഷി, പുഷ്പകൃഷി എന്നിവയുടെ സാധ്യത എത്രത്തോളം?

അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുടെ ഉപയോഗം നമ്മുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുമല്ലോ. കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, സർക്കാർ ഫാമുകൾ എന്നിവിടങ്ങൾ സന്ദർശിച്ച് നല്ലയിനം വിത്തുകൾ ശേഖരിച്ച് കൃഷി ചെയ്യൂ. നടുന്ന അകലം, ഇടേണ്ട വളങ്ങൾ എന്നിവയെക്കുറിച്ച് കൂടുതലറിയാൻ ശ്രമിക്കൂ.

## പഠനനേട്ടങ്ങൾ

- നാട്ടുരാജ്യങ്ങളുടെ സംയോജനത്തെ വിലയിരുത്തുന്നു.
- ഭരണഘടനയുടെ പ്രസക്തി വിശദമാക്കുന്നു.
- സംസ്ഥാന പുനഃസംഘടന വിശകലനം ചെയ്യുന്നു.
- സ്വാതന്ത്ര്യാനന്തരം ഇന്ത്യ അനുവർത്തിച്ച സമ്പദ്ഘടനയുടെ സവിശേഷതകൾ തിരിച്ചറിയുന്നു.
- സ്വാതന്ത്ര്യാനന്തര ഇന്ത്യ വിവിധ മേഖലകളിൽ (ശാസ്ത്ര-സാങ്കേതികരംഗം, വിദ്യാഭ്യാസം, വിദേശനയം, ബഹിരാകാശ ഗവേഷണം, കൃഷി) നേടിയ വികസനം ചർച്ച ചെയ്യുന്നു.
- ഐക്യകേരളം രൂപപ്പെട്ട സാഹചര്യം തിരിച്ചറിയുന്നു.
- കേരള സംസ്ഥാനപ്പിറവിക്കുശേഷം വ്യത്യസ്ത മേഖലകളിൽ (ആരോഗ്യം, കൃഷി, വിദ്യാഭ്യാസം, വ്യവസായം) ഉണ്ടായ പുരോഗതി വിശദമാക്കുന്നു.
- കേരള മാതൃക വികസന സങ്കൽപ്പത്തെക്കുറിച്ച് കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഇന്ത്യക്ക് സ്വന്തമായി ഭരണഘടന രൂപപ്പെട്ട സാഹചര്യം വ്യക്തമാക്കുക.
- സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സംസ്ഥാനങ്ങൾ രൂപപ്പെട്ടതിനെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
- മിശ്രസമ്പദ് വ്യവസ്ഥ എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?
- പഞ്ചവത്സര പദ്ധതികളുടെ പ്രാധാന്യമെന്ത്?
- ഹരിതവിപ്ലവവും ധവളവിപ്ലവവും എങ്ങനെ വ്യത്യാസപ്പെടുന്നു?
- ഇന്ത്യയിലെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ ഏതൊക്കെ?
- ഇന്ത്യയുടെ ബഹിരാകാശ ഗവേഷണത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
- നിതി ആയോഗ് എന്നാലെന്ത്?
- മലയാളികളുടെ ഐക്യബോധം കേരള സംസ്ഥാനപ്പിറവിയിലേക്ക് നയിച്ചതെങ്ങനെ?
- കേരളമാതൃക എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യ വിക്ഷേപിച്ച ഉപഗ്രഹങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവയെ കുറിച്ച് ചാർട്ടു തയ്യാറാക്കൂ.
- പുതിയ കൃഷി സാധ്യതകൾ - ചർച്ച
  (ആദായപ്പഴങ്ങൾ, പുഷ്പകൃഷി, മത്സ്യകൃഷി, അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ...)

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| നവഭാരതം എന്ന ആശയം വിശദീകരിക്കാനും സവിശേഷതകൾ സൂചിപ്പിക്കാനും കഴിയും | | | |
| നവകേരളം എന്ന ആശയം വിശദീകരിക്കാനും സവിശേഷതകൾ സൂചിപ്പിക്കാനും കഴിയും | | | |
| സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വിവിധ മേഖലകളിലെ വികസനം വിശദീകരിക്കാൻ കഴിയും | | | |
| സ്വാതന്ത്ര്യാനന്തര കേരളത്തിലെ വിവിധ മേഖലകളിലെ വികസനം വിശദീകരിക്കാൻ കഴിയും | | | |
| ഇന്ത്യയുടെ വിദേശനയത്തിന്റെ സവിശേഷതകൾ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കാൻ കഴിയും | | | |
| കേരള മാതൃകാവികസനം എന്ന ആശയം വ്യക്തമാക്കാം | | | |
| ബഹിരാകാശ ഗവേഷണവുമായി ബന്ധപ്പെട്ട നൂതന പ്രവണതകൾ വിലയിരുത്താൻ കഴിയും | | | |



അധ്യായം 6

# ആധുനിക ലോകം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന ഭരണവ്യവസ്ഥയ്ക്ക് എതിരെ ജനങ്ങൾ സമരം നടത്തിയിരുന്നു. നിലവിലിരുന്ന വ്യവസ്ഥയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കാൻ ലക്ഷ്യമിട്ടതുകൊണ്ട് ഇവയെ വിപ്ലവങ്ങൾ എന്ന് വിളിക്കുന്നു. ചില വിപ്ലവങ്ങളെ നമുക്ക് പരിചയപ്പെടാം.

## അമേരിക്കൻ സ്വാതന്ത്ര്യസമരം




*വാൾ സ്ട്രീറ്റ് പ്രക്ഷോഭം*

ചിത്രം ശ്രദ്ധിക്കൂ: 2011-ൽ അമേരിക്കയിൽ (അമേരിക്കൻ ഐക്യനാടുകളിൽ) നടന്ന പ്രക്ഷോഭമാണിത്. സാമ്പത്തിക അസമത്വം, രാഷ്ട്രീയ

അഴിമതി തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ജനങ്ങൾ നടത്തിയതാണ് ഇത്. ഈ രാജ്യത്തെ ജനങ്ങൾ ഇതിനും മുമ്പ് പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമാണ് അമേരിക്കയിലെ 13 ഇംഗ്ലീഷ് കോളനികൾ നടത്തിയ സ്വാതന്ത്ര്യ സമരം. ഇത് 13 കോളനികളിൽ സ്ഥിരതാമസമാക്കിയ ഇംഗ്ലീഷ് കുടിയേറ്റക്കാർ മാതൃരാജ്യമായ ബ്രിട്ടനെതിരെ നടത്തിയ സമരമായിരുന്നു.




**ഭൂപടത്തിൽനിന്നും 13 കോളനികൾ കണ്ടെത്തി പട്ടികപ്പെടുത്തുക.**

അതിലേക്ക് നയിച്ച ചില കാരണങ്ങൾ നമുക്ക് പരിചയപ്പെടാം.

വ്യാപാരികൾ മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്തോടു കൂടി കോളനിയിൽ നടപ്പാക്കിയ നിയമമാണ് മെർക്കന്റലിസ്റ്റ് (കച്ചവടനിയന്ത്രണ) നിയമങ്ങൾ. ഇതിന്റെ പ്രധാന കാരണങ്ങൾ നമുക്ക് നോക്കാം.

കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് നികുതി നൽകണം

**മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

കോളനികളിൽ നിർമ്മിക്കുന്ന കപ്പലുകളിലോ ബ്രിട്ടീഷ് കപ്പലുകളിലോ മാത്രമെ കോളനി ഉൽപ്പന്നങ്ങൾ കയറ്റാൻ പാടുള്ളൂ.

കോളനികളിലെ ഉൽപ്പന്നങ്ങൾ ബ്രിട്ടനിലേക്ക് മാത്രമെ കയറ്റുമതി ചെയ്യാൻ പാടുള്ളൂ


ഇതിനു പുറമെ ജോൺലോക്കിന്റെയും തോമസ് പെയിനിന്റെയും ആശയങ്ങൾ കോളനിവാസികൾക്ക് പ്രചോദനമേകി.

ബ്രിട്ടീഷ് നയങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ കോളനികളുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ ഒത്തുചേർന്നു. ഇതിനെ വൻകര സമ്മേളനങ്ങൾ എന്ന് അറിയപ്പെടുന്നു.

## വൻകര സമ്മേളനങ്ങൾ

| | | |
|---|---|---|
| ഒന്നാം വൻകര സമ്മേളനം | 1774 | വ്യാപാര നിയന്ത്രണം ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ബ്രിട്ടീഷ് രാജാവിന് നിവേദനം സമർപ്പിച്ചു |
| രണ്ടാം വൻകര സമ്മേളനം | 1775 | ജോർജ് വാഷിങ്ടണിനെ കോളനികളുടെ സൈനികതലവനായി തെരഞ്ഞെടുത്തു |
| മൂന്നാം വൻകര സമ്മേളനം | 1776 | സ്വാതന്ത്ര്യസമര പ്രഖ്യാപനം നടത്തി |

സ്വാതന്ത്ര്യ പ്രഖ്യാപനത്തോടുകൂടി ബ്രിട്ടനും കോളനികളും തമ്മിൽ ആരംഭിച്ച യുദ്ധം 1781-ൽ അവസാനിച്ചു. ബ്രിട്ടീഷ് സൈന്യത്തെ അമേരിക്കക്കാർ പരാജയപ്പെടുത്തി. എന്നാൽ 1783-ലെ പാരീസ് ഉടമ്പടിയോടുകൂടിയാണ് ബ്രിട്ടൻ കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചത്.


*ജോർജ് വാഷിങ്ടൺ*

അമേരിക്കൻ സ്വാതന്ത്ര്യസമരം ലോകത്തെ സ്വാധീനിച്ചത് എങ്ങനെയാണെന്ന് നമുക്ക് പരിശോധിക്കാം.

**ഫലങ്ങൾ**

- പിൽക്കാല വിപ്ലവങ്ങൾക്ക് പ്രചോദനം നൽകി
- ഫെഡറൽ രാഷ്ട്രം എന്ന ആശയം രൂപംകൊണ്ടു
- റിപ്പബ്ലിക്കൻ ഭരണ രീതി ലോകത്തിന് മാതൃകയായി
- ലിഖിത ഭരണഘടനയ്ക്ക് തുടക്കമായി

## ഫ്രഞ്ച് വിപ്ലവം


"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, അത് ഞാൻ നേടുക തന്നെ ചെയ്യും."

ഇന്ത്യയുടെ സ്വാതന്ത്ര്യസമരകാലത്ത് ബാലഗംഗാധര തിലക് നടത്തിയ പ്രസ്താവനയാണിത്. സ്വാതന്ത്ര്യത്തിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്. സ്വാതന്ത്ര്യമെന്ന ആശയത്തെ മുൻനിർത്തി 18-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ നടന്ന വിപ്ലവമാണ് ഫ്രഞ്ച് വിപ്ലവം. ഈ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ നമുക്ക് പരിചയപ്പെടാം.

- ബൂർബൻരാജവംശ രാജാക്കന്മാരുടെ ഏകാധിപത്യഭരണം
- ഫ്രഞ്ച് ജനതയുടെ ദുരിതപൂർണമായ ജീവിതം
- ഭരണാധികാരികളുടെ ആഡംബര ജീവിതം
- ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക വിഭജനം
- മൊണ്ടസ്ക്യൂ, വോൾട്ടർ, റൂസ്സോ തുടങ്ങിയ ചിന്തകൻമാരുടെ സ്വാധീനം
- ജനങ്ങളുടെമേൽ ചുമത്തിയ അമിത നികുതി



*വോൾട്ടയർ*



*റൂസ്സോ*



*മൊണ്ടസ്ക്യൂ*

ഫ്രഞ്ചു സമൂഹത്തെ മൂന്ന് തട്ടുകളായി വിഭജിച്ചിരുന്നു. അവ എസ്റ്റേറ്റുകളെന്നു വിളിക്കപ്പെട്ടു. അവ ഏതെല്ലാമെന്ന് ചുവടെ നൽകിയിരിക്കുന്നു.

| | |
|---|---|
| ഒന്നാമത്തെ എസ്റ്റേറ്റ് | പുരോഹിതർ |
| രണ്ടാമത്തെ എസ്റ്റേറ്റ് | പ്രഭുക്കന്മാർ |
| മൂന്നാമത്തെ എസ്റ്റേറ്റ് | മധ്യവർഗം, കർഷകർ, കൈത്തൊഴിലുകാർ |

**എസ്റ്റേറ്റുകൾക്ക് ഫ്രഞ്ച് സമൂഹത്തിൽ ഉണ്ടായിരുന്ന അവകാശങ്ങളെക്കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.**

1789-ൽ ഫ്രാൻസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. പുതിയ നികുതികൾ ഏർപ്പെടുത്തുന്നതിനായി ഫ്രഞ്ച് ചക്രവർത്തി ലൂയി പതിനാറാമൻ പാർലമെന്റ് വിളിച്ചുചേർത്തു. ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്നതിനു പകരം ഓരോ വ്യക്തിക്കും ഓരോ വോട്ട് എന്ന ആശയം മൂന്നാം എസ്റ്റേറ്റ് മുന്നോട്ട് വച്ചു. ഇത് നിരാകരിച്ചപ്പോൾ മൂന്നാം എസ്റ്റേറ്റിന്റെ പ്രതിനിധികൾ പാർലമെന്റിന് തൊട്ടടുത്തുള്ള ടെന്നീസ് കോർട്ടിൽ ഒത്തുചേരുകയും മൂന്നാം എസ്റ്റേറ്റിനെ ദേശീയ അസംബ്ലി ആയി പ്രഖ്യാപിക്കുകയും ചെയ്തു. ഫ്രാൻസിന് ഒരു ഭരണഘടന ഉണ്ടാക്കുന്നതുവരെ പിരിഞ്ഞ് പോകുകയില്ലയെന്നും പ്രതിജ്ഞയെടുത്തു. ഇതിനെ ടെന്നീസ് കോർട്ട് പ്രതിജ്ഞയെന്ന് അറിയപ്പെടുന്നു. രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റയിൽ ജയിൽ 1789 ജൂലൈയ് 14-ന് തകർക്കുന്നതോടുകൂടിയാണ് ഫ്രഞ്ച് വിപ്ലവത്തിന് ആരംഭം കുറിക്കുന്നത്.



*ബാസ്റ്റിൽ ജയിൽ തകർക്കൽ - ഒരു ചിത്രീകരണം*

**ഫ്രഞ്ച് വിപ്ലവത്തിലേക്ക് നയിച്ച പ്രധാന സംഭവങ്ങൾ ഉൾപ്പെടുന്ന ടൈംലൈൻ തയ്യാറാക്കുക.**

ഫ്രഞ്ച് വിപ്ലവം ലോകത്തുണ്ടാക്കിയ സ്വാധീനങ്ങൾ എന്തെല്ലാമെന്ന് നമുക്ക് നോക്കാം.

**ഫ്രഞ്ച് വിപ്ലവം - സ്വാധീനങ്ങൾ**

- സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണി
- ഫ്യൂഡലിസത്തിന്റെ അന്ത്യം
- ദേശീയതയുടെ ആവിർഭാവം
- മധ്യവർഗത്തിന്റെ വളർച്ച

## ഫ്രാൻസ് നെപ്പോളിയന്റെ കീഴിൽ

"അസാധ്യം എന്നത് വിഡ്ഢികളുടെ മാത്രം നിഘണ്ടുവിൽ കാണുന്ന പദമാണ്." മനുഷ്യന്റെ അസാമാന്യമായ കഴിവുകളെ സൂചിപ്പിക്കുന്ന ഈ വാക്കുകൾ ആരുടെതെന്ന് അറിയാമോ? ഫ്രഞ്ചു വിപ്ലവനാന്തരം ഫ്രാൻസ് ഭരിച്ച നെപ്പോളിയന്റേതാണ് ഇത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ മുൻനിർത്തി നടന്ന ഫ്രഞ്ച് വിപ്ലവത്തിന് അവ പൂർണമായും നേടാൻ കഴിഞ്ഞില്ല. എന്നാൽ നെപ്പോളിയന്റെ ഏകാധിപത്യത്തിന് സാക്ഷിയാകേണ്ടി വന്നു. എങ്കിലും അദ്ദേഹം ഫ്രഞ്ചുവിപ്ലവത്തിന്റെ ആശയങ്ങൾ മുൻനിർത്തിയാണ് ഭരണം നടത്തിയത്. അവ ഏതെല്ലാമാണെന്ന് നമുക്ക് പരിചയപ്പെടാം.

**നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ**

- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി
- ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു
- പുരോഹിതന്മാരുടെമേൽ നിയന്ത്രണം ഏർപ്പെടുത്തി
- പുതിയ നിയമ സംഹിത നടപ്പാക്കി



*നെപ്പോളിയൻ*

നെപ്പോളിയന്റെ പരിഷ്കാരങ്ങളിൽ ഭയന്ന യൂറോപ്യൻ ശക്തികൾ അദ്ദേഹത്തിനെതിരെ സംഘടിക്കുകയും 1815-ലെ വാട്ടർലൂ യുദ്ധത്തിൽ നെപ്പോളിയനെ പരാജയപ്പെടുത്തുകയും ചെയ്തു.

**നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ യൂറോപ്യൻ ശക്തികൾ ഭയന്നത് എന്തുകൊണ്ടാണ്? വിലയിരുത്തുക.**

## ലാറ്റിനമേരിക്കൻ വിപ്ലവം



*പെലേ*



*മറഡോണ*



*ഹിഗ്വിറ്റ*

ശ്രദ്ധിക്കൂ:ഇവരുടെരാജ്യങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. അവയെ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്നാണ് അറിയപ്പെടുന്നത്.



*ഭൂപടം: ലാറ്റിനമേരിക്ക*

തെക്കേ അമേരിക്കയും മധ്യ അമേരിക്കയും ഉൾപ്പെടുന്ന പ്രദേശമാണ് ലാറ്റിനമേരിക്ക. ലാറ്റിൻ ഭാഷയുമായി ബന്ധമുള്ള പോർച്ചുഗീസ്, സ്പാനിഷ് ഭാഷ സംസാരിക്കുന്നവർ ഇവിടങ്ങളിൽ കുടിയേറി സ്ഥിരതാമസമാക്കിയതുകൊണ്ടാണ് ഈ പ്രദേശം ലാറ്റിനമേരിക്ക എന്ന് അറിയപ്പെടുന്നത്.

ഇവ യൂറോപ്യൻ രാജ്യങ്ങളായ സ്പെയിനിന്റെയും പോർച്ചുഗലിന്റെയും കോളനിയായിരുന്നു. കോളനിവൽക്കരണം ലാറ്റിനമേരിക്കയെ ബാധിച്ചതെങ്ങനെയെന്ന് ചുവടെ നൽകിയിരിക്കുന്നു.

- യൂറോപ്യന്മാരുടെ ഭാഷയും ആചാരവും

പ്രചരിപ്പിച്ചു
- യൂറോപ്യൻ രീതിയുള്ള വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു
- യൂറോപ്യൻ കൃഷിരീതികളും കാർഷിക വിളകളും കോളനികളിൽ നടപ്പാക്കി
- കോളനിജനതയോട് വംശീയവിവേചനത്തോടെ പെരുമാറി

എന്നാൽ പിൽക്കാലത്ത് കോളനിവാഴ്ചയ്ക്കെതിരെ ചെറുത്തുനിൽപ്പുകൾ ലാറ്റിനമേരിക്കയിൽ ശക്തിപ്പെട്ടു. ഫ്രാൻസിസ്കോ മിരാൻഡ, സൈമൺ ബൊളിവർ, ജോസെ ഡി സാൻമാർട്ടിൻ തുടങ്ങിയ നേതാക്കളാണ് സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയത്. 1825-ഓടുകൂടി മിക്കവാറും ലാറ്റിനമേരിക്കൻ രാജ്യങ്ങളും സ്വതന്ത്രമായി.



*സൈമൺ ബോളിവർ*



*ഫ്രാൻസിസ്കോ മിരാൻഡ*



*ജോസെ ഡി സാൻമാർട്ടിൻ*


**യൂറോപ്യൻ ആധിപത്യത്തിൽനിന്നും സ്വതന്ത്രമായ ലാറ്റിനമേരിക്കൻ രാജ്യങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.**

## റഷ്യൻ വിപ്ലവം




കാൾ മാർക്സിന്റെ 200-ാം ജന്മദിനത്തിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. അദ്ദേഹം മുന്നോട്ടുവച്ച ആശയമായിരുന്നു മാർക്സിസം. ഇത് ലോകത്തെ വളരെ അധികം സ്വാധീനിച്ചിട്ടുണ്ട്, വിശേഷിച്ചും തൊഴിലാളിവർഗത്തെ. ഈ ആശയത്തെ അടിസ്ഥാനമാക്കി ലോകത്തു നടന്ന ആദ്യത്തെ വിപ്ലവമാണ് റഷ്യൻ വിപ്ലവം. അതിന്റെ കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

- സർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണം
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിതപൂർണമായ ജീവിതം
- കാർഷികമേഖലയിലെ ഉൽപ്പാദനകുറവ്
- കുറഞ്ഞ വ്യാവസായിക ഉൽപ്പാദനം
- മാക്സിം ഗോർക്കി, ലിയോ ടോൾസ്റ്റോയി തുടങ്ങിയ എഴുത്തുകാരുടെ സ്വാധീനം.
- കാൾ മാർക്സും ഫ്രെഡറിക് ഏംഗൽസും ആവിഷ്കരിച്ച മാർക്സിയൻ ആശയങ്ങൾ




*കാൾ മാർക്സ്*



*ഫ്രെഡറിക് ഏംഗൽസ്*



*മാക്സിം ഗോർക്കി*



*ലിയോ ടോൾസ്റ്റോയി*

റഷ്യൻവിപ്ലവുമായി ബന്ധപ്പെട്ട ചില പ്രധാന സംഭവങ്ങൾ നമുക്ക് മനസിലാക്കാം.


തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിച്ച സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി പിൽക്കാലത്ത് രണ്ടായി പിരിഞ്ഞു. അവയും നേതാക്കളുടെ പേരുകളും ചുവടെ നൽകിയിരിക്കുന്നു.

## റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി

| മെൻഷെവിക്കുകൾ (ന്യൂനപക്ഷം) | ബോൾഷെവിക്കുകൾ (ഭൂരിപക്ഷം) |
|---|---|
| അലക്സാണ്ടർ കെരൻസ്കി | ലെനിൻ, ട്രോട്സ്കി |

റഷ്യൻവിപ്ലവത്തിലേക്ക് നയിച്ച സംഭവങ്ങളെ ഫ്ളോചാർട്ടിന്റെ സഹായത്തോടെ നമുക്ക് പരിചയപ്പെടാം.

- 1905-ലെ റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യക്ക് ഉണ്ടായ പരാജയം
- ചെറിയ രാജ്യമായ ജപ്പാൻ ഏറ്റവും



*ലെനിൻ*

വലിയ രാജ്യമായ റഷ്യയെ പരാജയപ്പെടുത്തിയത് സാർ ചക്രവർത്തിമാരോട് വെറുപ്പ് വർദ്ധിപ്പിച്ചു
- ജനകീയ പ്രക്ഷോഭത്തെ തുടർന്ന് ഡ്യൂമ എന്ന ജനകീയ സഭ രൂപീകരിച്ചു
- ഡ്യൂമയുടെ എതിർപ്പിനെ അവഗണിച്ച റഷ്യ ഒന്നാം ലോകയുദ്ധത്തിൽ പങ്കെടുത്തു
- യുദ്ധത്തിൽ റഷ്യ ദയനീയമായി പരാജയപ്പെട്ടുകൊണ്ടിരുന്നു
- യുദ്ധത്തിലുണ്ടായ തിരിച്ചടി ജനജീവിതം ദുഃസഹമാക്കി
- 1917-ലെ ഫെബ്രുവരി വിപ്ലവത്തോടെ സാർ ചക്രവർത്തിയെ പുറത്താക്കി
- റഷ്യയിൽ ചക്രവർത്തി ഭരണം അവസാനിപ്പിച്ചു

ഫെബ്രുവരി വിപ്ലവത്തോടെ അധികാരത്തിൽ വന്ന കെരൻസ്കി ഗവൺമെന്റ് ഒരു പരാജയമായിരുന്നു. ഈ സാഹചര്യത്തെ ഉപയോഗിച്ചുകൊണ്ട് ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകൾ അധികാരം പിടിച്ചെടുത്തു. ഇതിനെ ഒക്ടോബർ വിപ്ലവമെന്ന് വിളിക്കപ്പെടുന്നു. വിപ്ലവാനന്തരം ലെനിന്റെ നേതൃത്വത്തിൽ പുതിയ ഗവൺമെന്റിന് കമ്മ്യൂണിസ്റ്റുകൾ രൂപം നൽകി. ലോകത്തിൽ ആദ്യമായി തൊഴിലാളികളുടെയും കർഷകരുടെയും ഭരണകൂടം നിലവിൽവന്നു

റഷ്യൻ വിപ്ലവം ലോകത്തുണ്ടാക്കിയ സ്വാധീനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- സോവിയറ്റ് യൂണിയന്റെ രൂപീകരണം
- കമ്മ്യൂണിസത്തിന്റെ വ്യാപനം
- സാമ്പത്തിക-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ റഷ്യയുടെ കുതിപ്പ്

**പിൽക്കാല ലോകചരിത്രത്തിന്റെ ഗതി നിർണയിക്കുന്നതിൽ സോവിയറ്റ് യൂണിയൻ വഹിച്ച പങ്കിനെക്കുറിച്ച് വിവരിക്കുക.**

## ചൈനീസ് വിപ്ലവം

ചൈനയിലെ ബെയ്ജിംഗ് - ഷാംഗായി ബുള്ളറ്റ്ട്രെയിനിന്റെയും ഒളിംബിക്സ് നടന്ന ചൈനയുടെ പ്രധാനവേദിയുടെയും ചിത്രങ്ങളാണ് ഇവ. ഈ രണ്ടു ചിത്രങ്ങളും ചൈനയുടെ ആധുനികവൽക്കരണത്തിന്റെയും സാമ്പത്തിക അഭിവൃദ്ധിയുടെയും സൂചനകളാണ്. എന്നാൽ ചൈനയുടെ ഭൂതകാലം ഇതുപോലെ മഹത്തായ ഒരു കാലഘട്ടമായിരുന്നില്ല. ഈ രാജ്യം സാമ്രാജ്യത്വത്തിനും സാമ്പത്തിക ചൂഷണത്തിനും ഇരയായിട്ടുണ്ട്. ഇതിൽനിന്നും ചൈനയുടെ ഉയർത്തെഴുന്നേൽപ്പ് എങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.


*ബെയ്ജിംഗ് - ഷാംഗായി ബുള്ളറ്റ് ട്രെയിൻ*


*ചൈനയിൽ ഒളിംബിക്സ് നടന്ന പ്രധാനവേദി*

ചൈനയെ ആധുനികതയിലേക്ക് നയിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ച വ്യക്തിയാണ് ഡോ. സൺയാത്സെൻ. അദ്ദേഹത്തിന്റെ ആശയങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- ദേശീയത
- ജനാധിപത്യം
- സോഷ്യലിസം

1911-ൽ മഞ്ചു രാജവംശത്തെ പുറത്താക്കിക്കൊണ്ട് സൻയാത്സെൻ കുമിന്താങുകളുടെ നേതൃത്വത്തിൽ റിപ്പബ്ലിക്കൻ ഭരണം രൂപീകരിച്ചു. 1921-ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിച്ചു.എന്നാൽ കമ്മ്യൂണിസ്റ്റുകളെ അടിച്ചമർത്തുന്ന നയമാണ് സൻയാത്സെനിനുശേഷം അധികാരത്തിൽ വന്ന ചിയാങ് കൈഷക്ക് സ്വീകരിച്ചത്. ഇതേകാലയളവിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വനിരയിലേക്ക്


*ഡോ. സൻയാത് സെൻ*


*മാവോ സെ തുംഗ്*


*ചിയാങ് കൈഷക്ക്*

**കുമിന്താങ്**
സൺയാത് സെൻ സ്ഥാപിച്ച രാഷ്ട്രീയ പാർട്ടിയാണ് കുമിന്താങ്

## ലോങ് മാർച്ച്

1934-ൽ കമ്യൂണിസ്റ്റുകാർ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്നും യാത്ര ആരംഭിക്കുകയും വടക്കു പടിഞ്ഞാറ് യെനാനിൽ അവസാനിപ്പിക്കുകയും ചെയ്തു. ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര ലോങ് മാർച്ച് എന്നറിയപ്പെടുന്നു.

മാവോസെ തുംഗ് ഉയർന്നു വന്നു. 1934-ൽ മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റുകൾ ചരിത്രപ്രസിദ്ധമായ ലോങ്മാർച്ച് സംഘടിപ്പിച്ചു. ഇത് കമ്മ്യൂണിസ്റ്റുകളുടെ സ്വാധീനം ചൈനീസ് ജനതയുടെ ഇടയിൽ വർധിപ്പിച്ചു. രണ്ടാം ലോകയുദ്ധാനന്തരം ചൈനയിൽ ആഭ്യന്തരയുദ്ധം വീണ്ടും പൊട്ടിപ്പുറപ്പെട്ടു. ചിയാങ് കൈഷക്കിനെ പുറത്താക്കിക്കൊണ്ട് മാവോ സെ തുംഗ് ജനകീയ ചൈന റിപ്പബ്ലിക് 1949 ഒക്ടോബർ 1-ന് രൂപീകരിച്ചു. റഷ്യൻ വിപ്ലവത്തിന് തൊഴിലാളികളാണ് നേതൃത്വം നൽകിയത്. എന്നാൽ ചൈനയിലെ വിപ്ലവത്തിന് നേതൃത്വം നൽകിയത് കർഷകരാണ്.

**1949-നുശേഷം ചൈനയിൽ നടന്ന സാമ്പത്തിക അഭിവൃദ്ധിയെ വിലയിരുത്തുക.**

### ഒന്നാം ലോകയുദ്ധം

ഒന്നാം ലോകയുദ്ധവുമായി ബന്ധപ്പെട്ട ചിത്രങ്ങളാണിവ. ലോകം ഇത്തരം





ഒരു യുദ്ധത്തിലേക്ക് നയിക്കപ്പെട്ടത് എന്തുകൊണ്ടാണ്? അതിന്റെ കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

- സാമ്രാജ്യത്വ രാഷ്ട്രങ്ങൾ തമ്മിലുള്ള ശത്രുത
- സൈനിക സഖ്യങ്ങളുടെ രൂപീകരണം അവ ചുവടെ നൽകിയിരിക്കുന്നു

| ത്രികക്ഷി സഖ്യം | ത്രികക്ഷി സൗഹാർദം |
|---|---|
| ജർമ്മനി | ഇംഗ്ലണ്ട് |
| ആസ്ട്രിയ-ഹംഗറി | ഫ്രാൻസ് |
| ഇറ്റലി | റഷ്യ |




## സാമ്രാജ്യത്വരാഷ്ട്രങ്ങൾ

ഇവയെ രണ്ടായി തരംതിരിക്കുന്നു - പഴയ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ (ഇംഗ്ലണ്ട്, ഫ്രാൻസ്, പോർച്ചുഗൽ, ഹോളണ്ട്), പുതിയ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ (ജർമ്മനി, ഇറ്റലി, റഷ്യ, ജപ്പാൻ തുടങ്ങിയവ).

- തീവ്രദേശീയതയുടെ ഉദയം

ഈ കാലഘട്ടത്തിൽ രൂപീകരിച്ച തീവ്രദേശീയ പ്രസ്ഥാനങ്ങൾ ചുവടെ നൽകുന്നു.

| പ്രസ്ഥാനം | രാജ്യം | ലക്ഷ്യം |
|---|---|---|
| പാൻ(വിശാല)സ്ലാവ് പ്രസ്ഥാനം | റഷ്യ | കിഴക്കൻ യൂറോപ്പിലെ സ്ലാവ് വംശജരെ ഏകീകരിക്കുക |
| പാൻ (വിശാല) ജർമ്മൻ പ്രസ്ഥാനം | ജർമ്മനി | മധ്യ യൂറോപ്പിലേയും ബാൾക്കനിലേയും ട്യൂട്ടോണിക്ക് വർഗക്കാരെ ഏകോപിപ്പിക്കുക |
| പ്രതികാര പ്രസ്ഥാനം | ഫ്രാൻസ് | അൾസൈസ്, ലൊറൈൻ പ്രദേശങ്ങൾ ജർമ്മനിയിൽ നിന്നും തിരികെ പിടിക്കാൻ ആരംഭിച്ചത് |

- അന്തർദേശീയ പ്രതിസന്ധികൾ, അവയെ നമുക്ക് പരിചയപ്പെടാം.

## മൊറോക്കൻ പ്രതിസന്ധി

1904-ൽ ഫ്രാൻസും ബ്രിട്ടനും തമ്മിൽ രഹസ്യ ഉടമ്പടി ഉണ്ടാക്കി. ഇതനുസരിച്ച് ബ്രിട്ടീഷുകാർ ആഫ്രിക്കയുടെ വടക്കുള്ള മൊറോക്കോയെ ഫ്രാൻസിന് നൽകുകയും പകരമായി ഈജിപ്ത് ബ്രിട്ടീഷുകാർക്ക് വിട്ടുനൽകുകയും ചെയ്തു. ഈ ഉടമ്പടിയിൻമേലുള്ള ജർമ്മൻ ഇടപെടലാണ് മെറോക്കൻ പ്രതിസന്ധിയിലേക്ക് നയിച്ചത്. 1871-ൽ രൂപംകൊണ്ട ജർമ്മനിയും കോളനികൾ സ്ഥാപിക്കാൻ മറ്റു രാജ്യങ്ങളുമായി മത്സരിച്ചു.

## ബാൾക്കൻ പ്രതിസന്ധി

ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ബാൾക്കൻ മേഖലയെ 1912-ലെ യുദ്ധത്തിലൂടെ ബാൾക്കൻ സഖ്യം പിടിച്ചെടുത്തു. യുദ്ധത്തിൽ ലഭിച്ച പ്രദേശങ്ങൾ പങ്കിടുന്നതിന് ബാൾക്കൻ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം ഈ രാഷ്ട്രങ്ങളെ വീണ്ടും യുദ്ധത്തിലേക്ക് നയിച്ചു. ഇവർ തമ്മിലുള്ള ശത്രുത ലോകയുദ്ധത്തിനുള്ള കാരണങ്ങളിലൊന്നായി.

1914 ജൂണിൽ ആസ്ട്രിയൻ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിനെ ബോസ്നിയൻ തലസ്ഥാനമായ സരയാവോയിൽവച്ച് സെർബിയൻ യുവാവായ ഗാവ്‌ലൊ പ്രിൻസപ്പ് വെടിവെച്ചു കൊന്നു. തുടർന്ന് സെർബിയക്ക് ഈ സംഭവത്തിൽ പങ്കുണ്ടെന്ന് ആസ്ട്രിയ ആരോപിക്കുകയും അവർക്ക് എതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം ലോക രാഷ്ട്രങ്ങൾ, പ്രത്യേകിച്ചും യൂറോപ്യൻ രാജ്യങ്ങൾ രണ്ടു ചേരികളായി തിരിഞ്ഞ് ഈ യുദ്ധത്തിൽ പങ്കെടുത്തു. ഈ യുദ്ധത്തിൽ അന്തിമമായി ജർമ്മനിയും ആസ്ട്രിയയും പരാജയപ്പെട്ടു.

യുദ്ധാനന്തരം ജർമ്മനിയുമായി ഒപ്പുവച്ച ഉടമ്പടിയാണ് വേഴ്സായി സന്ധി. അതിലെ വ്യവസ്ഥകൾ ചുവടെ നൽകുന്നു.

- ജർമ്മൻ കോളനികൾ സഖ്യകക്ഷികൾക്ക് വിട്ടുനൽകി
- ജർമ്മനിയെ നിരായുധീകരിച്ചു
- യുദ്ധനഷ്ട പരിഹാരമായി ജർമനി വൻതുക നൽകേണ്ടി വന്നു
- അൾസൈസ്-ലൊറൈൻ പ്രദേശങ്ങൾ ജർമ്മനി ഫ്രാൻസിന് തിരിച്ചു നൽകി

പരാജയപ്പെട്ട ജർമ്മൻകാരോട് ക്രൂരമായി പെരുമാറിയത് ജർമ്മൻകാർക്ക് വിജയിച്ച ശക്തികളോട് വെറുപ്പും പ്രതികാരവും വളർന്നുവന്നതിനും മറ്റൊരു ലോകയുദ്ധത്തിനും കാരണമായി.

ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ നമുക്ക് നോക്കാം.

**ഫലങ്ങൾ**

- ദാരിദ്ര്യം, തൊഴിലില്ലായ്മ
- സാമ്പത്തിക പ്രതിസന്ധി
- സർവ്വരാഷ്ട്ര സഖ്യ(ലീഗ് ഓഫ് നേഷൻസ്)ത്തിന്റെ രൂപീകരണം
- യൂറോപ്യൻ മേധാവിത്വത്തിന്റെ തകർച്ച
- ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിലെ സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു

## സർവ്വരാഷ്ട്ര സംഖ്യം (ലീഗ് ഓഫ് നേഷൻസ്)

ഒന്നാം ലോകയുദ്ധത്തിനുശേഷം ലോകസമാധാനത്തിനായി രൂപീകരിച്ച അന്തർദേശീയ സംഘടനയാണിത്. 1920 ലാണ് നിലവിൽവന്നത്, ഇതിന്റെ ആസ്ഥാനം ജനീവയാണ്.

**വേഴ്സായി ഉടമ്പടിയിലൂടെ സഖ്യകക്ഷികൾ ജർമ്മനിയോട് അനീതി കാണിച്ചുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ച ചെയ്യുക.**

## ഫാഷിസവും നാസിസവും

*പ്രിയ കിറ്റി,*

ദുഃഖകരമായ വാർത്തകളാണ് എനിക്ക് പറയാനുള്ളത്. ഞങ്ങളുടെ പല യഹൂദ സുഹൃത്തുക്കളെയും ഗെസ്റ്റപ്പോകൾ പിടിച്ചുകൊണ്ടു പോയിരിക്കുന്നത്... കന്നുകാലികളെ കൊണ്ടുപോകുന്ന ട്രക്കിൽ മനുഷ്യരെ കുത്തിനിറയ്ക്കുന്നു... രക്ഷപ്പെടുക അസാധ്യമാണ്... ഒരുപക്ഷേ, മരിക്കാനുള്ള ഏറ്റവുമെളുപ്പവഴി അതായിരിക്കാം... ഇല്ല ഹിറ്റ്ലർ ഞങ്ങളുടെ ദേശീയതയെ എന്നേ നശിപ്പിച്ചു...

**എന്ന് നിന്റെ ആൻ**



*ആൻ ഫ്രാങ്ക്*

ഇത് ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിൽനിന്നുള്ള വിവരണങ്ങളാണ്. നാസി ഭരണകാലത്തെ ജൂതവേട്ടയുടെ അനുഭവ വിവരണമാണ് ഈ ഡയറിക്കുറിപ്പുകൾ. ഒന്നാം ലോകയുദ്ധത്തിനുശേഷം രൂപംകൊണ്ട ഈ പ്രസ്ഥാനത്തെ ഫാഷിസം എന്ന് വിളിക്കുന്നു. അതിന്റെ ചില സവിശേഷതകൾ നമു

ക്ക് പരിശോധിക്കാം.

- ജനാധിപത്യത്തോട് വിയോജിപ്പ്
- യുദ്ധത്തെ പ്രകീർത്തിക്കൽ
- തീവ്രദേശീയത
- സോഷ്യലിസത്തോട് എതിർപ്പ്
- സൈനിക സ്വേച്ഛാധിപത്യം

## ഇറ്റലിയിലെ ഫാഷിസം

ഇറ്റലിയിൽ ഫാഷിസത്തിന് നേതൃത്വം നൽകിയത് ബെനിറ്റോ മുസോളിനിയാണ്. ഫാഷിസ്റ്റുകൾ ഇറ്റലിയിൽ അധികാരത്തിൽ വരുവാനുള്ള സാഹചര്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- യുദ്ധാനന്തരം ഇറ്റലിയിലുണ്ടായ സാമ്പത്തിക പ്രതിസന്ധി
- ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളോടൊപ്പമാണ് ഇറ്റലി യുദ്ധം ചെയ്തതെങ്കിലും സഖ്യകക്ഷികൾ ഇറ്റലിക്ക് അർഹമായ പരിഗണന നൽകാത്തത്
- ഇറ്റലി സോഷ്യലിസത്തിലേക്ക് മാറുമോ എന്ന മുതലാളിമാരുടെ ഭയം



*ബെനിറ്റോ മുസ്സോളിനി*

ഇറ്റലിയിൽ അധികാരത്തിൽ വന്ന മുസോളിനി സോഷ്യലിസ്റ്റുകളെയും തൊഴിലാളികളെയും ജനാധിപത്യവാദികളെയും അടിച്ചമർത്തി. കരിങ്കുപ്പായക്കാർ എന്ന സൈന്യത്തിന് രൂപംനൽകി. അദ്ദേഹം സ്വേച്ഛാധിപത്യ നടപടികൾ പിൻതുടരുകയും എത്യോപ്യ, അൽബേനിയ തുടങ്ങിയ പ്രദേശങ്ങൾ ആക്രമിക്കുകയും ചെയ്തു. മുസോളിനിയുടെ ഈ സാമ്രാജ്യത്വ മനോഭാവമാണ് ലോകത്തെ രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ച ഒരു പ്രധാന കാരണം.

## ഹിറ്റ്ലറും നാസിസവും

ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിൽ നിന്നും നാസികളുടെ കാഴ്ചപ്പാട് നമുക്ക് മനസിലാക്കാൻ കഴിയും. നാസികൾ ജർമ്മനിയിൽ അധികാരത്തിൽ വരാൻ സഹായിച്ച ഘടകങ്ങൾ നമുക്ക് കണ്ടെത്താം.

- ജർമ്മനിയെ പൂർണമായും തകർക്കുന്ന വേഴ്സായി ഉടമ്പടിയിലെ വ്യവസ്ഥകൾ
- കമ്യൂണിസത്തോടുള്ള ഭയം
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയം
- ജർമ്മനിയിലുണ്ടായ സാമ്പത്തിക തകർച്ച, പ്രത്യേകിച്ചും 1929-ലെ ആഗോള സാമ്പത്തിക മാന്ദ്യം



*ഹിറ്റ്ലർ*

ജർമ്മനിയിൽ അധികാരത്തിൽ വന്ന ഹിറ്റ്ലർ സോഷ്യലിസ്റ്റുകളെയും കമ്യൂണിസ്റ്റുകളെയും ജൂതന്മാരെയും ജനാധിപത്യവാദികളെയും കൊന്നൊടുക്കി. ജൂതന്മാരെ കൂട്ടക്കൊല ചെയ്യുന്നതിനായി കോൺസെൻട്രേഷൻ ക്യാമ്പുകൾ രൂപീകരിച്ചു. അദ്ദേഹം തവിട്ട് കുപ്പായക്കാർ എന്ന സൈന്യത്തിന് രൂപംനൽകി. കൂടാതെ ആസ്ട്രിയ, ചെക്കോസ്ലോവാക്യ തുടങ്ങിയ പ്രദേശങ്ങൾ ഹിറ്റ്ലർ ആക്രമിച്ചു കീഴടക്കി. ഇറ്റലിയും ജപ്പാനുമായി സൈനികസഖ്യത്തിൽ ഏർപ്പെട്ടു. അദ്ദേഹത്തിന്റെ ഈ നയങ്ങളാണ് ലോകത്തെ രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ചത്.

**ഫാഷിസ്റ്റുകൾ ലോകത്ത് സൃഷ്ടിച്ച അപകടങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.**

**രണ്ടാം ലോകയുദ്ധം**



*ഹിരോഷിമ*

രണ്ടാം ലോകയുദ്ധകാലത്ത് അമേരിക്ക അണുബോംബ് വർഷിച്ച ജപ്പാൻ നഗരമാണ് ഹിരോഷിമ. അമേരിക്കയെ എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള നടപടി സ്വീകരിക്കാൻ പ്രേരിപ്പിച്ചത്? അതിലേക്ക് നയിച്ച കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

- വേഴ്സായി ഉടമ്പടി ജർമനിയോടു കാണിച്ച അനീതി
- സൈനികസഖ്യങ്ങളുടെ രൂപീകരണം

അവ ചുവടെ നൽകിയിരിക്കുന്നു

| അച്ചുതണ്ടുശക്തികൾ | സഖ്യശക്തികൾ |
|---|---|
| ജർമ്മനി | ഇംഗ്ലണ്ട് |
| ഇറ്റലി | ഫ്രാൻസ് |
| ജപ്പാൻ | ചൈന |

- സർവ്വരാഷ്ട്ര സഖ്യത്തിന്റെ പരാജയം
- മുതലാളിത്ത രാജ്യങ്ങളുടെ പ്രീണന നയം
- ജർമ്മനിയുടെ പോളണ്ടാക്രമണം

ജർമ്മനിയുടെ പോളണ്ടാക്രമണത്തോടുകൂടി സഖ്യശക്തികൾ ജർമ്മനിക്ക് എതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇത് രണ്ടാം ലോകയുദ്ധത്തിന്റെ ആരംഭമായി. 1939-ൽ രണ്ടു സഖ്യങ്ങൾ തമ്മിൽ ലോകയുദ്ധം ആരംഭിച്ചു. അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും കടന്നുവരവ് യുദ്ധത്തിന്റെ ഗതിമാറ്റി. ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. എന്നാൽ റഷ്യൻസൈന്യം നാസികളെ കിഴക്കൻ യൂറോപ്പിൽ പൂർണമായും പരാജയപ്പെടുത്തി. അമേരിക്ക അച്ചുതണ്ട് സഖ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഇറ്റലിയും ജർമ്മനിയും കീഴടങ്ങി. ജപ്പാനെ കീഴടക്കുന്നതിനുവേണ്ടി ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക അണുബോംബ് വർഷിച്ചതോടുകൂടി രണ്ടാം ലോകയുദ്ധം അവസാനിച്ചു.

രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ ഏതെല്ലാമെന്ന് നമുക്ക് നോക്കാം

- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി
- ഐക്യരാഷ്ട്ര സംഘടനയുടെ (യു. എൻ.ഒ.) രൂപീകരണം
- ശീതസമരത്തിന്റെ തുടക്കം
- ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി
- യൂറോപ്യൻ രാജ്യങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായി

### ശീതസമരം


രണ്ടാം ലോകയുദ്ധത്തിനു ശേഷം മുതലാളിത്തരാഷ്ട്രങ്ങൾ അമേരിക്കയുടെ നേതൃത്വത്തിലും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിലും നടത്തിയ ആശയപരമായ ഏറ്റുമുട്ടലാണ് ശീതസമരം.

## ഐക്യരാഷ്ട്ര സംഘടന

രണ്ടാം ലോകയുദ്ധത്തിനു ശേഷം ലോകസമാധാനം നിലനിർത്തുന്നതിനായി രൂപീകരിച്ച സംഘടനയാണ് ഐക്യരാഷ്ട്ര സംഘടന. 1945 ഒക്ടോബർ 24-നാണ് നിലവിൽ വന്നത്, ഇതിന്റെ ആസ്ഥാനം ന്യൂയോർക്കാണ്.



ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ നേതാക്കൾ



*മഹാത്മാ ഗാന്ധി (ഇന്ത്യ)*



*നെൽസൺ മണ്ടേല (ആഫ്രിക്ക)*



*ക്വാമി എൻക്രൂമ (ഘാന)*



*ജോമോ കെനിയാത്ത (കെനിയ)*

### പശ്ചിമ ഏഷ്യ

വെസ്റ്റ് ബാങ്കിൽ സംഘർഷം

ഗാസയിൽ ഇസ്രായേൽ ഏറ്റുമുട്ടൽ: 16 പലസ്തീനികൾ കൊല്ലപ്പെട്ടു

ശ്രദ്ധിക്കൂ. പശ്ചിമ ഏഷ്യയിലെ ഇസ്രായേൽ പാലസ്തീൻ സംഘർഷങ്ങളുടെ പത്രവാർത്തകളാണ്. ഈ സംഘർഷങ്ങളുടെ കാരണങ്ങൾ ഫ്ളോചാർട്ടിന്റെ സഹായത്തോടുകൂടി നമുക്ക് പരിചയപ്പെടാം.

- സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ രൂപീകരണം
- ഒന്നാം ലോകയുദ്ധം വരെ പലസ്തീൻ തുർക്കിസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു.
- യുദ്ധാനന്തരം ഈ പ്രദേശം ബ്രിട്ടന്റെ നിയന്ത്രണത്തിലായി
- ജൂതന്മാർക്കായി ഒരു രാഷ്ട്രം രൂപീകരിക്കുമെന്ന് ബ്രിട്ടന്റെ പ്രഖ്യാപനം
- 1948-ൽ ഇസ്രായേലിന്റെ രൂപീകരണം
- ഇസ്രായേൽ അറബ് രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധവും പാലസ്തീന്റെ പരാജയവും
- പി.എൽ.ഒ - യാസർ അറാഫത്ത് നേതൃത്വം നൽകി.



*യാസർ അറാഫത്ത്*

**പി.എൽ.ഒ**

പലസ്തീനെ സ്വതന്ത്ര മാക്കുന്നതിനുവേണ്ടി രൂപീകരിച്ചതാണ് പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ (പി.എൽ.ഒ).

**സിയോണിസ്റ്റ് പ്രസ്ഥാനം**

ജൂതർക്ക് സ്വന്തമായി ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിവേണ്ടി രൂപീകരിച്ചതാണ് സിയോണിസ്റ്റ് പ്രസ്ഥാനം. ഇത് 1897 ൽ സ്വിറ്റ്സർലാന്റിലാണ് രൂപീകരിച്ചത്.

**ഇസ്രായേൽ - പലസ്തീൻ സംഘർഷത്തിന്റെ പത്രക്കുറിപ്പുകൾ ശേഖരിക്കുക.**

**സോവിയറ്റ് യൂണിയന്റെ തകർച്ച**

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ലോകത്തിലെ ഒരു പ്രബല രാഷ്ട്രമായിരുന്ന സോവിയറ്റ് യൂണിയൻ തകർന്നു. അതിന്റെ തകർച്ചയിലേക്കുള്ള കാരണങ്ങൾ നമുക്ക് നോക്കാം.

- സോഷ്യലിസ്റ്റ് തത്ത്വത്തിൽനിന്നുള്ള വ്യതിചലനം
- ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങളായ ഗ്ലാസ്നോസ്ത്, പെരിസ്ട്രോയിക്ക

**ഗ്ലാസ് നോസ്ത്, പെരിസ്ട്രോയിക്ക**

മിഖായേൽ ഗോർബച്ചേവ് നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങളാണ്. രാഷ്ട്രീയ രംഗത്ത് തുറന്ന സമീപനം നടപ്പാക്കുന്നതാണ് ഗ്ലാസ്നോസ്ത്. സമ്പദ്ഘടനയെ പുന:സംഘടിപ്പിക്കുന്നതാണ് പെരിസ്ട്രോയിക്ക.



*ഗോർബച്ചേവ്*

1991ൽ ഗോർബച്ചേവ് സ്ഥാനം ഒഴിഞ്ഞതോടുകൂടി സോവിയറ്റ് യൂണിയൻ തകർന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയോടുകൂടി അമേരിക്ക ആഗോളശക്തിയായി മാറി.

**സോവിയറ്റ് യൂണിയനിൽനിന്നും സ്വതന്ത്രമായ രാഷ്ട്രങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.**

## ലോകം നവസാമ്രാജ്യത്തിലേക്ക്

ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം: ചെറുകിട വ്യവസായങ്ങൾ അപകടത്തിൽ

ആഗോള ഭീമനായ വാൾമാർട്ട് ഇന്ത്യയിലേക്ക്

പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങൾ

ശ്രദ്ധിക്കൂ. ഈ വാർത്തകൾ സൂചിപ്പിക്കുന്നത് സാമ്രാജ്യത്തിന്റെ പുതിയ രൂപമായ നവസാമ്രാജ്യത്വത്തിന്റെ കടന്നുവരവിനെയാണ്. നവസാമ്രാജ്യത്വമെന്തെന്ന് നമുക്ക് നോക്കാം.

ബഹുരാഷ്ട്ര കമ്പനികൾ ഒരു രാജ്യത്ത് സ്ഥാപിക്കുകയും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലയിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന പ്രതിഭാസത്തെ നവസാമ്രാജ്യത്വം

എന്ന് വിളിക്കുന്നു. ഇതിന്റെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.

- ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയവയാണ് നവസാമ്രജ്യത്വത്തിന്റെ ആശയങ്ങൾ
- വികസിത രാഷ്ട്രങ്ങളിലെ ഉൽപ്പന്നങ്ങൾ വികസ്വര രാഷ്ട്രങ്ങളിലെ കമ്പോളങ്ങളിൽ എത്തിക്കുന്നു

**ആഗോളവൽക്കരണം ഇന്ത്യയിലുണ്ടാക്കിയ ഗുണങ്ങളേയും ദോഷങ്ങളേയും കുറിച്ച് സംവാദം നടത്തുക.**

പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടു വരെയുള്ള ലോകത്തിലെ ചില പ്രധാനപ്പെട്ട സംഭവങ്ങളെ കുറിച്ചാണ് നാം ഇതുവരെ ചർച്ച ചെയ്തത്. ഇവ പിൽക്കാല ലോകചരിത്രത്തിന്റെ ഗതി നിർണയിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- ലോകത്തിലെ വിപ്ലവങ്ങളെ താരതമ്യം ചെയ്യുന്നു.
- നെപ്പോളിയന്റെ ഭരണപരിഷ്കാരം വിശകലനം ചെയ്യുന്നു.
- ഒന്നാം ലോകയുദ്ധത്തിന്റെയും രണ്ടാം ലോകയുദ്ധത്തിന്റെയും കാരണങ്ങളും ഫലങ്ങളും വിശകലനം ചെയ്യുന്നു.
- നാസിസത്തിന്റെയും ഫാഷിസത്തിന്റെയും വളർച്ച വിവരിക്കുന്നു.
- പശ്ചിമ-ഏഷ്യൻ പ്രശ്നങ്ങൾ വിലയിരുത്തുന്നു.
- സോവിയറ്റ് യൂണിയന്റെ തകർച്ച വിവരിക്കുന്നു.
- നവസാമ്രാജ്യത്വത്തെ വിലയിരുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഫ്രഞ്ച് സമൂഹത്തെ മൂന്നായി തരംതിരിക്കുന്നു. അവ ഏതെല്ലാം?
- ലാറ്റിനമേരിക്കൻ വിപ്ലവത്തിന് നേതൃത്വം നൽകിയത് ആരെല്ലാം?
- ഇറ്റലിയിലും ജർമ്മനിയിലും ഫാഷിസം വളരാനുള്ള കാരണങ്ങൾ എന്തെല്ലാം?

| എ | ബി |
|---|---|
| മാവോ സെ തുംഗ് | രണ്ടാം കോണ്ടിനന്റൽ കോൺഗ്രസ് |
| ലെനിൻ | തവിട്ടു കുപ്പായക്കാർ |
| ജോർജ് വാഷിങ്ടൺ | ലോങ് മാർച്ച് |
| ഹിറ്റ്ലർ | ബോൾഷെവിക്കുകൾ |

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ ഏതെല്ലാം?
- ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.
- നവസാമ്രാജ്യത്വത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
- സൺയാത് സെന്റെ ആശയങ്ങൾ എന്തെല്ലാം?
- റഷ്യൻവിപ്ലവത്തെക്കുറിച്ച് വിവരിക്കുക.

**തുടർ പ്രവർത്തനങ്ങൾ**

- കേരളത്തിൽ ബഹുരാഷ്ട്ര കമ്പനികൾക്കെതിരെ നടന്ന ചെറുത്തുനിൽപ്പുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക
- ഐക്യരാഷ്ട്ര സംഘടന ലോകത്ത് നടത്തുന്ന സമാധാന ശ്രമങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
- ഈ പാഠഭാഗവുമായി ബന്ധപ്പെട്ട നേതാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

**സ്വയം വിലയിരുത്തൽ**

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| അമേരിക്കൻ സ്വാതന്ത്ര്യസമരം | | | |
| ഫ്രഞ്ചു വിപ്ലവം | | | |
| ലാറ്റിനമേരിക്കൻ വിപ്ലവം | | | |
| റഷ്യൻ വിപ്ലവം | | | |
| ചൈനീസ് വിപ്ലവം | | | |
| ഒന്നാം ലോകയുദ്ധം | | | |
| നാസിസവും ഫാഷിസവും | | | |
| രണ്ടാം ലോകയുദ്ധം | | | |
| സോവിയറ്റ് യൂണിയന്റെ തകർച്ച | | | |
| പശ്ചിമ ഏഷ്യ | | | |
| നവസാമ്രാജ്യത്വം | | | |



അധ്യായം 7

# നമുക്കായി നാം തന്നെ





**തന്നിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക. രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. വിവിധ തെരഞ്ഞെടുപ്പുകളിൽ നിങ്ങളും പങ്കാളിയായിട്ടുണ്ടാകുമല്ലോ. നിങ്ങളുടെ തെരഞ്ഞെടുപ്പ് അനുഭവങ്ങൾ പങ്കുവയ്ക്കു.**

രാജ്യം ആര് ഭരിക്കണം എന്ന് നിർണയിക്കാനുള്ള ഉപാധിയാണ് തെരഞ്ഞെടുപ്പ്. ജനാധിപത്യ സംവിധാനത്തിൽ നിശ്ചിത കാലയളവുകളിൽ തെരഞ്ഞെടുപ്പ് നടക്കാറുണ്ട്. തെരഞ്ഞെടുപ്പ് നിയമവിധേയവും നീതിപൂർവകവും ആയിരിക്കണം. ഏതൊരു പൗരനും ബാലറ്റിലൂടെ തന്റെ പ്രതിനിധിയെ

നിർണയിക്കാനുള്ള അവകാശമാണ് വോട്ടവകാശം.

ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണ് എന്ന് നിങ്ങൾക്കറിയാമല്ലോ. ജനാധിപത്യ രാജ്യങ്ങളിൽ ഗവൺമെന്റുകൾ രൂപീകരിക്കപ്പെടുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുത്ത പ്രതിനിധികൾ ഭരണപരമായ ചുമതലകൾ നിർവഹിക്കുകയും ചെയ്യുന്നു.

സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നത് പ്രായപൂർത്തി വോട്ടവകാശം അടിസ്ഥാനമാക്കിയാണ്.

ജാതി, മതം, വർണം, വർഗം, ലിംഗം, ജനനസ്ഥലം, ഭാഷ എന്നീ വ്യത്യാസം പരിഗണിക്കാതെ പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടു ചെയ്യാനുള്ള അവകാശമാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം ഇന്ത്യയിൽ വോട്ടു ചെയ്യുന്നതിനുള്ള ഏറ്റവും കുറഞ്ഞ പ്രായം 18 വയസ്സാണ്.

*തെരഞ്ഞെടുപ്പുകാലത്ത് രാഷ്ട്രീയ പാർട്ടികൾ സജീവ പ്രവർത്തനം നടത്തുന്നതു കാണാമല്ലോ. ജനാധിപത്യ വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ് രാഷ്ട്രീയ കക്ഷികൾ. ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്? പട്ടിക എഴുതി പൂർത്തിയാക്കൂ.*

- പ്രകടനപത്രിക പരിചയപ്പെടുത്തുന്നു.
- പൊതുജനാഭിപ്രായം രൂപീകരിക്കുന്നു.
- 
- 
- 

നമ്മുടെ രാജ്യത്ത് ധാരാളം രാഷ്ട്രീയ കക്ഷികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ദേശീയ കക്ഷികൾ, സംസ്ഥാന കക്ഷികൾ, രജിസ്ട്രേഡ് പാർട്ടികൾ എന്നിങ്ങനെ അറിയപ്പെടുന്നു.

## ദേശീയകക്ഷികൾ

രാജ്യത്തെമ്പാടും സംഘടനാതലം ഉള്ളതും ജനപിന്തുയുള്ളതുമായ രാഷ്ട്രീയകക്ഷികളാണ് ദേശീയ കക്ഷികൾ. ഒരു രാഷ്ട്രീയ കക്ഷിയെ ദേശീയ കക്ഷിയായി അംഗീകരിക്കുന്നതിന് തെരഞ്ഞെടുപ്പിൽ നിശ്ചിത ശതമാനം വോട്ടോ സീറ്റുകളോ നേടിയിരിക്കണം.

## സംസ്ഥാന കക്ഷികൾ

ഏതെങ്കിലും ഒരു സംസ്ഥാനത്ത് മാത്രം പ്രവർത്തിക്കുന്ന കക്ഷികളാണ് സംസ്ഥാന കക്ഷികൾ. സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ നിശ്ചിത വോട്ട് നേടുന്ന കക്ഷികളെ തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന കക്ഷിയായി അംഗീകരിക്കുന്നു.

*ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ചിഹ്നങ്ങൾ കൊടികൾ എന്നിവ പരിചിതമാണോ? അവ ഒരു ചാർട്ടിൽ വരച്ചു ചേർക്കൂ.*

*ഏതെല്ലാം തെരഞ്ഞെടുപ്പുകളിൽ നിങ്ങൾ ഒരു വോട്ടർ എന്ന നിലയിൽ പങ്കെടുത്തിട്ടുണ്ട്?*

- പാർലമെന്റ് തിരഞ്ഞെടുപ്പ്
- നിയമസഭാ തിരഞ്ഞെടുപ്പ്
- 
- 
- 

*എല്ലാ തെരഞ്ഞെടുപ്പിലും പൊതുവായ എന്തെങ്കിലും പ്രത്യേകതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? അവ രേഖപ്പെടുത്തൂ.*

- രഹസ്യമായി വോട്ടു ചെയ്യാൻ കഴിയും
- 
- 
- 

സമയബന്ധിതമായി തിരഞ്ഞെടുപ്പ് നടന്നതുകൊണ്ടു മാത്രം ജനാധിപത്യം സംശുദ്ധമാകണമെന്നില്ല. ചില രാജ്യങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾ യഥാർത്ഥ പൊതുജനാഭിപ്രായം പ്രതിഫലിപ്പിക്കുന്നതാകണം എന്നില്ല.

തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവകവും ആകണമെങ്കിൽ ചില ഘടകങ്ങൾ അനിവാര്യമാണ്. അവ എന്തൊക്കെ എന്നു പരിശോധിക്കൂ.

### തിരഞ്ഞെടുപ്പു കമ്മീഷൻ




ചിത്രം നിരീക്ഷിക്കൂ. ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തിക്കുന്ന ഓഫീസിന്റെ ചിത്രമാണ് നൽകിയിരിക്കുന്നത്. രാജ്യത്ത് വിവിധ തെരഞ്ഞെടുപ്പുകൾ നടത്തുക തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയാണ്. തെരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നിഷ്പക്ഷവുമാകണമെങ്കിൽ ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമാണ്. ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു സ്വതന്ത്ര സ്ഥാപനമാണ്. ആരാണ് നിലവിൽ നമ്മുടെ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ?

> **സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
>
> എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക ഗവൺമെന്റിലേയ്ക്കുള്ള (പഞ്ചായത്ത്, നഗര ഭരണ സ്ഥാപനങ്ങൾ) തിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് രൂപം നൽകിയിട്ടുണ്ട്. പാർലമെന്റ് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ഈ കമ്മീഷന് യാതൊരു ഉത്തരവാദിത്തവും ഇല്ല.

### തെരഞ്ഞെടുപ്പു കമ്മീഷന്റെ മുഖ്യ ചുമതലകൾ എന്തെല്ലാം?

അവ താഴെ തന്നിട്ടുള്ള വായനാക്കുറിപ്പിൽ നിന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.

രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ, പാർലമെന്റ് തിരഞ്ഞെടുപ്പ്, സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകൾ തുടങ്ങിയവ നടത്തുന്നത് ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷനാണ്. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ (Chief Election Commissioner), രണ്ട് അംഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്നതാണ് ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറേയും കമ്മീഷൻ അംഗങ്ങളേയും നിയമിക്കുന്നത് പ്രസിഡന്റാണ്. സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ (Chief Electoral Officer) ആണ്. തിരഞ്ഞെടുപ്പ് കമ്മീഷൻ നിർവ്വഹിക്കുന്ന വിവിധ ചുമതലകൾ സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.

- വോട്ടർ പട്ടിക തയ്യാറാക്കൽ/പുതുക്കൽ
- ↓ തെരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കൽ
- ↓ നാമനിർദേശ പത്രിക സ്വീകരിക്കൽ
- ↓ സൂക്ഷ്മ പരിശോധന
- ↓ നാമനിർദേശ പത്രിക പിൻവലിക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കൽ
- ↓ അന്തിമ സ്ഥാനാർത്ഥിപ്പട്ടിക തയ്യാറാക്കൽ
- ↓ തെരഞ്ഞെടുപ്പ്
- ↓ വോട്ടെണ്ണൽ
- ↓ ഫല പ്രഖ്യാപനം

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇത്തരം ചുമതലകളോടൊപ്പം തെരഞ്ഞെടുപ്പ് കമ്മീഷൻ മറ്റ് ചില ചുമതലകൾ കൂടി നിർവ്വഹിക്കുന്നുണ്ട്. അവ എഴുതി പട്ടിക പൂർത്തിയാക്കുക.

- സ്ഥാനാർത്ഥികൾക്കുള്ള പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നു.
- രാഷ്ട്രീയ പാർട്ടികൾക്കുള്ള പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നു.
- തെരഞ്ഞെടുപ്പ് പരാതികൾ പരിശോധിക്കുന്നു.
- രാഷ്ട്രീയ കക്ഷികൾക്ക് തെരഞ്ഞെടുപ്പ് ചിഹ്നം അനുവദിക്കുന്നു.
- സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് ചിഹ്നങ്ങൾ അനുവദിക്കുന്നു.
- രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുന്നു.
- 
- 

**ജനപ്രതിനിധികളെ തിരിച്ചറിയാം**

വാർഡു മെമ്പർ മുതൽ ലോക്സഭാംഗം വരെയുള്ള ജനപ്രതിനിധികളെ ജനങ്ങൾ നേരിട്ട് വോട്ടു ചെയ്തു തെരഞ്ഞെടുക്കുന്നു. നിങ്ങളുടെ ജനപ്രതിനിധികളുടെ പേര് നോട്ടുബുക്കിൽ കുറിക്കൂ.

| | | | |
|---|---|---|---|
| • എന്റെ വാർഡ് (ഗ്രാമ പഞ്ചായത്ത്) | | വാർഡ് മെമ്പർ | |
| • എന്റെ ബ്ലോക്ക് | | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | |
| • | | | |
| • | | | |
| • എന്റെ ലോകസഭാ നിയോജകമണ്ഡലം | | എം.പി. | |

കേരളത്തിലെ പാർലമെന്റ് മണ്ഡലങ്ങൾ സൂചിപ്പിക്കുന്ന ഭൂപടം നിരീക്ഷിച്ച് നിങ്ങളുടെ നിയോജകമണ്ഡലം കണ്ടെത്തൂ.




തെരഞ്ഞെടുക്കപ്പെട്ടശേഷം ജനപ്രതിനിധികളുടെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

തങ്ങളുടെ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുക എന്നതാണ് ഒരു ജനപ്രതിനിധിയുടെ മുഖ്യ ചുമതല. പ്രാദേശിക വികസനം, ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കണ്ടെത്തൽ തുടങ്ങിയവ എല്ലാ ജനപ്രതിനിധികളും നിർവഹിക്കേണ്ടതാണ്. ഇതിനായി പ്രാദേശിക വികസന ഫണ്ട് ജനപ്രതിനിധികൾക്ക് അനുവദിച്ചിട്ടുണ്ട്.

**നിങ്ങളുടെ ജനപ്രതിനിധികൾ ഓരോ തലത്തിലും ചെയ്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ചർച്ച ചെയ്യൂ.**

## നമ്മുടെ ഗവൺമെന്റ്









കേരള സംസ്ഥാനത്തെ ഗവൺമെന്റുമായി ബന്ധപ്പെട്ട മൂന്ന് ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ഏതെല്ലാമാണവ?

- സെക്രട്ടറിയറ്റ് – മന്ത്രിമാരുടെ ഓഫീസ് മന്ദിരം
-
-

മന്ത്രിമാർ കാര്യനിർവഹണ വിഭാഗത്തെയും നിയമസഭ നിയമനിർമാണ വിഭാഗത്തെയും ഹൈക്കോടതി നീതിന്യായ വിഭാഗത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. ഇവ മൂന്നും ചേർന്നതാണ് സംസ്ഥാന ഗവൺമെന്റ്. നിയമനിർമാണ വിഭാഗം, കാര്യനിർവഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നിവയാണ് ഗവൺമെന്റിന്റെ ഘടകങ്ങൾ. എന്തൊക്കെയാണ് ഓരോ വിഭാഗത്തിന്റെയും ചുമതലയെന്ന് ഡയഗ്രം നോക്കി മനസിലാക്കൂ.

നിങ്ങൾ നിയമനിർമാണസഭയിലേക്ക് തിരഞ്ഞെടുത്ത വ്യക്തി. കാര്യനിർവഹണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ?




സംസ്ഥാനങ്ങളിലേതുപോലെ ദേശീയതലത്തിലും ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങളും നിലനിൽക്കുന്നു. ഇന്ത്യയിലെ ഗവൺമെന്റിന്റെ ഘടകങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് പരിശോധിക്കൂ.

**ഇന്ത്യയിലെ ഗവൺമെന്റ്**

| നിയമനിർമാണ വിഭാഗം | കാര്യനിർവഹണ വിഭാഗം | നീതിന്യായ വിഭാഗം |
|---|---|---|
| രാഷ്ട്രപതി | രാഷ്ട്രപതി | സുപ്രീം കോടതി |
| ലോകസഭ | ഉപരാഷ്ട്രപതി | ഹൈക്കോടതികൾ |
| രാജ്യസഭ | പ്രധാനമന്ത്രി | ജില്ലാ കോടതികൾ |
| | മന്ത്രിസഭ | സബ് കോടതികൾ |
| | ഉദ്യോഗസ്ഥവൃന്ദം | മുൻസിഫ് കോടതികൾ |
| | | മജിസ്ട്രേറ്റ് കോടതികൾ |

**സംസ്ഥാനം, രാജ്യം എന്നിവയുടെ ഗവൺമെന്റുകളുമായി ബന്ധപ്പെട്ട ഘടകങ്ങളെ താരതമ്യം ചെയ്യുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.**

## നിയമനിർമാണസഭ

രാജ്യത്ത് നിയമങ്ങൾ നിർമിക്കുന്നത് എങ്ങനെയാണ്?

ഇന്ത്യയുടെ നിയമനിർമാണ വിഭാഗം പാർലമെന്റ് എന്ന പേരിൽ അറിയപ്പെടുന്നു. രാഷ്ട്രപതി, ലോകസഭ, രാജ്യസഭ എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യയുടെ പാർലമെന്റ്. ലോകസഭ അധോസഭയും രാജ്യസഭ ഉപരി സഭയുമാണ്.

നമ്മുടെ ലോകസഭയുടെയും രാജ്യസഭയുടെയും ഘടന താരതമ്യം ചെയ്യുന്ന പട്ടിക വിശകലനം ചെയ്യൂ.

| ലോകസഭ | രാജ്യസഭ |
|---|---|
| ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്ന 543 അംഗങ്ങൾ | തിരഞ്ഞെടുക്കപ്പെട്ട 238 അംഗങ്ങൾ |
| നാമനിർദേശം ചെയ്യപ്പെട്ട 2 അംഗങ്ങൾ | നാമനിർദേശം ചെയ്യപ്പെട്ട 12 അംഗങ്ങൾ |
| ജനപ്രതിനിധിസഭ എന്നറിയപ്പെടുന്നു | സംസ്ഥാനങ്ങളുടെ കൗൺസിൽ എന്നറിയപ്പെടുന്നു |
| അഞ്ചു വർഷമാണ് കാലാവധി | സ്ഥിരം സഭ |
| സ്പീക്കർ അധ്യക്ഷം വഹിക്കുന്നു | ഉപരാഷ്ട്രപതി അധ്യക്ഷം വഹിക്കുന്നു |

കാലാകാലങ്ങളിൽ രാജ്യത്ത് ആവശ്യമായ നിയമങ്ങൾ നിർമിക്കുക പാർലമെന്റിന്റെ സുപ്രധാന ചുമതലയാണ്. നിയമത്തിന്റെ കരടുരൂപം ബിൽ എന്നറിയപ്പെടുന്നു. ലോകസഭയിലും രാജ്യസഭയിലും ചർച്ച ചെയ്ത ശേഷമാണ് ബിൽ പാസാക്കുക. പാർലമെന്റ് പാസാക്കിയ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം കൂടി കിട്ടുമ്പോഴാണ് അത് നിയമമായി മാറുന്നത്. ഇത്തരത്തിൽ പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ രാജ്യത്തിനു മുഴുവൻ ബാധകമാണ്.

**ഒരു ബിൽ നിയമമാകുന്നതുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കൂ.**

സംസ്ഥാനങ്ങൾക്കുമാത്രം തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന ചില മേഖലകളുണ്ട്. (ഉദാ: പോലീസ്). പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളിൽ നിയമം നിർമിക്കുന്നത് സംസ്ഥാന നിയമസഭകളാണ്. ഗവർണറുടെ അംഗീകാരം ലഭിക്കുന്നതോടെ ബിൽ നിയമമായി മാറുന്നു.

**നിയമസഭാ സന്ദർശനം നടത്തി അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടെ കുറിപ്പു തയ്യാറാക്കൂ.**

## കാര്യനിർവഹണ വിഭാഗം (Executive)




കാര്യനിർവഹണ വിഭാഗത്തിന്റെ തലവനായ രാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയുടെ ചിത്രമാണ് നൽകിയിരിക്കുന്നത്. നയങ്ങൾ രൂപീകരിക്കുകയും നിയമങ്ങൾ നടപ്പാക്കുകയും രാജ്യത്തെ ദൈനംദിന ഭരണനിർവഹണം നടത്തുകയും ചെയ്യുന്ന ഗവൺമെന്റിന്റെ ഘടകമാണ് കാര്യനിർവഹണ വിഭാഗം. ഇന്ത്യയിൽ രണ്ടുതലങ്ങളിൽ കാര്യനിർവഹണ വിഭാഗം പ്രവർത്തിക്കുന്നു. കേന്ദ്ര കാര്യനിർവഹണ വിഭാഗവും സംസ്ഥാന കാര്യനിർവഹണ വിഭാഗവും. ഓരോന്നിലും ഉൾപ്പെടുന്നത് ആരൊക്കെ എന്നു പരിശോധിക്കൂ.

| കേന്ദ്ര കാര്യ നിർവഹണ വിഭാഗം | സംസ്ഥാന കാര്യനിർവഹണ വിഭാഗം |
|---|---|
| രാഷ്ട്രപതി<br>ഉപരാഷ്ട്രപതി<br>കേന്ദ്രമന്ത്രിസഭ<br>ഉദ്യോഗസ്ഥവൃന്ദം | ഗവർണർ<br>സംസ്ഥാന മന്ത്രിസഭ<br>ഉദ്യോഗസ്ഥ വൃന്ദം |

### രാഷ്ട്രപതി

ഇന്ത്യയുടെ രാഷ്ട്രത്തലവനാണ് രാഷ്ട്രപതി. എല്ലാ കാര്യനിർവഹണ അധികാരവും രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. അദ്ദേഹം നാമമാത്ര ഭരണാധികാരിയാണ്. ഇന്ത്യയിൽ പാർലമെന്ററി ഭരണവ്യവസ്ഥ നിലനിൽക്കുന്നതിനാൽ കേന്ദ്രമന്ത്രിസഭയുടെ ഉപദേശമനുസരിച്ച് രാഷ്ട്രപതി തന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നു. രാഷ്ട്രപതിയുടെ കാലാവധി 5 വർഷമാണ്. അദ്ദേഹത്തിന് കാര്യനിർവഹപരവും നിയമനിർമാണപരവും നീതിന്യായപരവുമായ അധികാരങ്ങൾ ഉണ്ട്. കൂടാതെ ചില അടിയന്തിര അധികാരങ്ങളും ഭരണഘടന രാഷ്ട്രപതിക്ക് നൽകിയിരിക്കുന്നു. രാഷ്ട്രപതിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതല നിർവഹിക്കുന്നത് ഉപരാഷ്ട്രപതിയാണ്.



*ഡോ. രാജേന്ദ്രപ്രസാദ് - ആദ്യ രാഷ്ട്രപതി*

ഇന്ത്യയുടെ ഇപ്പോഴത്തെ രാഷ്ട്രപതി ആരെന്ന് കണ്ടെത്തൂ.

## പ്രധാനമന്ത്രിയും മന്ത്രിസഭയും

ഇന്ത്യയിലെ യഥാർത്ഥ കാര്യനിർവഹണ വിഭാഗം പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭയാണ്. എല്ലാ നയപരമായ തീരുമാനങ്ങളും എടുക്കുന്നത് മന്ത്രിസഭയാണ്. മന്ത്രിസഭയ്ക്ക് നേതൃത്വം നൽകുന്ന വ്യക്തി എന്ന നിലയിൽ വളരെ ഉയർന്ന സ്ഥാനമാണ് പ്രധാനമന്ത്രിക്കുള്ളത്. ലോകസഭയിൽ ഭൂരിപക്ഷമുള്ള രാഷ്ട്രീയകക്ഷിയുടെ അഥവാ മുന്നണിയുടെ നേതാവിനെയാണ് പ്രധാനമന്ത്രിയായി നിയമിക്കുക. പ്രധാനമന്ത്രിയെയും മന്ത്രിമാരെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ലോകസഭയിൽ ഭൂരിപക്ഷമുള്ള അത്രയും കാലം മാത്രമേ പ്രധാനമന്ത്രിക്ക് അധികാരത്തിൽ തുടരാൻ കഴിയൂ. പ്രധാനമന്ത്രി നിർവഹിക്കുന്ന ഏതാനും ചുമതലകൾ പട്ടികയിൽ നിരീക്ഷിക്കുക.

- മന്ത്രിമാരെ നിശ്ചയിക്കുകയും വകുപ്പുകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- മന്ത്രിസഭാ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നു.
- പ്രസിഡന്റിനെയും മന്ത്രിസഭയെയും പരസ്പരം ബന്ധിപ്പിക്കുന്നു.
- ലോകസഭയുടെ നേതാവായി പ്രവർത്തിക്കുന്നു.
- വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു.
- അന്തർദേശീയ വേദികളിൽ രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു.
- 
- 
- 

മന്ത്രിസഭയ്ക്കുള്ളിൽ പ്രഥമസ്ഥാനമാണ് പ്രധാനമന്ത്രിക്കുള്ളത്. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്തം ഉണ്ട്. മന്ത്രിസഭാ തീരുമാനങ്ങൾ അനുസരിക്കാൻ എല്ലാ മന്ത്രിമാരും ബാദ്ധ്യസ്ഥമാണ്. പ്രധാനമന്ത്രി രാജിവച്ചാൽ മന്ത്രിസഭ രാജിവച്ചതായി കണക്കാക്കും.



*ജവഹർലാൽ നെഹ്റു*
*- ആദ്യ പ്രധാനമന്ത്രി*

ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി ആരാണ്?

### നീതിന്യായ വിഭാഗം (Judiciary)





*ചിത്രങ്ങൾ നിരീക്ഷിക്കൂ*

ഒന്നാമത്തെ ചിത്രത്തിൽ കാണുന്നത് രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയാണ്. നീതി ദേവതയുടെ ചിത്രമാണ് രണ്ടാമതായി നൽകിയി

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത്.

## സ്വതന്ത്ര നീതിന്യായ വിഭാഗം

നീതിന്യായ വിഭാഗം ഒരു സ്വതന്ത്ര സ്ഥാപനമാണ്. നിയമനിർമാണ വിഭാഗത്തിനും കാര്യനിർവഹ വിഭാഗത്തിനും നീതിന്യായ വിഭാഗത്തെ സ്വാധീനിക്കുക സാധ്യമല്ല. ഇത് ഭയരഹിതമായി വിവിധ കേസുകളിൽ വിധി കൽപ്പിക്കാൻ കോടതിയെ സഹായിക്കുന്നു. ജഡ്ജിമാരുടെ നിയമനരീതി, സേവന വ്യവസ്ഥകൾ, നീക്കം ചെയ്യൽ, വിമർശനത്തിൽനിന്നുള്ള സംരക്ഷണം എന്നിവ നീതിന്യായ വിഭാഗത്തിന്റെ സ്വതന്ത്രത ഉറപ്പാക്കുന്ന ഘടകങ്ങളാണ്.

ട്ടുള്ളത്. ഇവ രാജ്യത്തെ നീതിന്യായ വിഭാഗത്തെ പ്രതിനിധീകരിക്കുന്നു. നിയമങ്ങൾ വ്യാഖ്യാനിക്കുകയും തർക്കങ്ങൾ തീർപ്പാക്കി നീതി നടപ്പാക്കുകയും ചെയ്യുന്ന ഘടകമാണ് നീതിന്യായ വിഭാഗം. സ്വതന്ത്രമായ ഒരു നീതിന്യായ വിഭാഗമാണ് നമ്മുടെ രാജ്യത്തുള്ളത്.

ഇന്ത്യയിലെ നീതിന്യായ വിഭാഗത്തിന്റെ ഘടന സൂചിപ്പിക്കുന്ന ഡയഗ്രം നോക്കൂ.

**സുപ്രീം കോടതി**
രാജ്യത്തെ പരമോന്നത നീതിപീഠം
ഇന്ത്യ മുഴുവൻ അധികാരപരിധി
ചീഫ് ജസ്റ്റിസും ജഡ്ജിമാരും

**ഹൈക്കോടതികൾ**
സംസ്ഥാനത്തെ ഉയർന്ന കോടതി
അധികാരപരിധി - സംസ്ഥാനം
സംസ്ഥാനത്തുണ്ടാകുന്ന കേസുകൾ പരിശോധിക്കുന്നു.

**ജില്ലാ കോടതികൾ**
സിവിലും ക്രിമിനലുമായ കേസുകൾ പരിശോധിക്കുന്നു.
അധികാരപരിധി - റവന്യൂ ജില്ല.

**സബ് കോടതികൾ, മുൻസിഫ് കോടതികൾ, മജിസ്ട്രേറ്റ് കോടതികൾ**
താലൂക്കു തലത്തിലുള്ള കേസുകൾ പരിശോധിക്കുന്നു

ഏതൊക്കെ തരത്തിലുള്ള തർക്കങ്ങളാണ് കോടതികളുടെ മുമ്പാകെ എത്തുക?


- വ്യക്തികൾ - വ്യക്തികൾ
- വ്യക്തികൾ - ഗവൺമെന്റ്
- സംസ്ഥാന ഗവൺമെന്റ് - സംസ്ഥാന ഗവൺമെന്റ്
- സംസ്ഥാന ഗവൺമെന്റ് - കേന്ദ്ര ഗവൺമെന്റ്

*തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നത് കോടതികളാണ്. രാജ്യത്തെ പരമോന്നത കോടതിയായ സുപ്രീം കോടതിക്ക് ഉത്ഭവ അധികാരം, അപ്പീലധികാരം, ഉപദേശക അധികാരം, റിട്ടധികാരം എന്നിങ്ങനെ നാലുതരം അധികാരങ്ങളുണ്ട്.*

കേസുകൾ നീണ്ടുപോകാതെ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിലൂടെ യഥാസമയം നീതി ലഭ്യമാക്കുക ഇത്തരം നീതിന്യായ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. തർക്കങ്ങൾ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് മറ്റു ചില പ്രത്യേക സംവിധാനങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഹരിത ട്രിബ്യൂണൽ, ജല ട്രിബ്യൂണൽ തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണമാണ്.

## പൊതുഭരണം

തന്നിട്ടുള്ള പദസൂര്യനിൽ നിങ്ങളുടെ ചുറ്റുപാടുമുള്ള പൊതു സ്ഥാപനങ്ങളുടെ പേരുകൾ കൂട്ടിച്ചേർക്കൂ.




ഓഫീസുകളിലെ പ്രധാന ഉദ്യോഗസ്ഥൻ ആരാണ്? ഇവിടെനിന്നും നമുക്കു ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാം? പട്ടികയിൽ എഴുതൂ.

| ഓഫീസ് | പ്രധാന ഉദ്യോഗസ്ഥൻ | സേവനങ്ങൾ |
|---|---|---|
| വില്ലേജ് ഓഫീസ് | വില്ലേജ് ഓഫീസർ | വരുമാന സർട്ടിഫിക്കറ്റ് നൽകുന്നു |
| | | |
| | | |
| | | |

## എന്താണ് ഈ സ്ഥാപനങ്ങളുടെ പ്രാധാന്യം?


ഗവൺമെന്റ് രൂപംനൽകുന്ന വിവിധ നയങ്ങളും വികസന പദ്ധതികളും നടപ്പാക്കുന്നത് ഈ സ്ഥാപനങ്ങളാണ്. ഇവയെല്ലാം പൊതുഭരണ സ്ഥാപനങ്ങളാണ്.

**പൊതുഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾക്കു കിട്ടിയിട്ടുള്ള സേവനങ്ങൾ എന്തെല്ലാം? അനുഭവങ്ങൾ പങ്കു വയ്ക്കൂ.**

## എന്താണ് പൊതുഭരണം?

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റ് രൂപംനൽകുന്ന നയപരിപാടികളും വികസന പദ്ധതികളും കോടതിവിധികളും ഫലപ്രദമായി നടപ്പാക്കേണ്ടതുണ്ട്. ഇതിനായി മനുഷ്യവിഭവങ്ങളും ഭൗതിക സാഹചര്യങ്ങളും ഫലപ്രദമായി വിനിയോഗിക്കപ്പെടണം. ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ കൊണ്ടുമാത്രം ഇവയുടെ പ്രയോജനം ജനങ്ങളിൽ എത്തുകയില്ല. ഗവൺമെന്റ് രൂപീകരിക്കുന്ന നയങ്ങളും പരിപാടികളും കോടതിവിധികളും ജനങ്ങളിലേക്ക് എത്തുന്നത് പൊതുഭരണ സംവിധാനത്തിലൂടെയാണ്. ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്. രാജ്യത്തെ ജനങ്ങളുടെ ക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്. ഗവൺമെന്റുകൾക്ക് നിലനിൽക്കാനും പ്രവർത്തിക്കാനും ഭരണസംവിധാനം ആവശ്യമാണ്. പൊതുഭരണം എത്രമാത്രം കാര്യക്ഷമമാകുന്നോ അത്രമാത്രം ഫലപ്രദമായ രീതിയിൽ ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിൽ എത്തും. അതായത് ഗവൺമെന്റുകളുടെ വിജയവും പരാജയവും പൊതുഭരണത്തിന്റെ കാര്യക്ഷമതയിൽ അധിഷ്ഠിതമാണ്.

പൊതുഭരണത്തിന്റെ സമീപനങ്ങളിൽ ഭരണരീതിക്കനുസരിച്ച് മാറ്റം വരുന്നു. ജനാധിപത്യ ഭരണരീതിയിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്നു. എന്നാൽ രാജഭരണത്തിൽ രാജാവിന്റെ താൽപ്പര്യങ്ങൾക്കാണ് പ്രാധാന്യം ലഭിക്കുന്നത്.
പൊതുഭരണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന ഡയഗ്രം നോക്കൂ.



കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന ചില പദ്ധതികളുടെ പേരുവിവരങ്ങൾ പത്രവാർത്തകൾ പരിശോധിച്ച് കണ്ടെത്തുക. അവ ജനങ്ങൾക്ക് എത്രമാത്രം ഗുണകരമെന്നും പരിശോധിക്കൂ.
ഉദാ: പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (കേരള സർക്കാർ)

## സ്വകാര്യഭരണം
**(Private Administration)**

സ്വകാര്യ സ്ഥാപനങ്ങളുടെ നടത്തിപ്പിനു വേണ്ടി രൂപീകരിച്ചിരിക്കുന്ന സംവിധാനത്തിന് സ്വകാര്യഭരണം എന്നു പറയുന്നു. സ്വകാര്യഭരണം നിർവഹിക്കപ്പെടുന്നത് സ്വകാര്യ മാനേജ്മെന്റ് സംവിധാനത്തിലൂടെയാണ്. അവിടെ ജോലി ചെയ്യുന്നവരുടെ സേവനവേതന വ്യവസ്ഥകൾ നിർണയിക്കുന്നത് വ്യക്തികളോ സ്വകാര്യ കമ്പനികളോ ആണ്.

## ഉദ്യോഗസ്ഥവൃന്ദം




ഗവൺമെന്റ് പരിപാടികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികൾ ഉൾപ്പെടുന്ന കൊളാഷ് ശ്രദ്ധിക്കൂ.

മുകളിൽ നൽകിയിരിക്കുന്ന പ്രവർത്തന പരിപാടികൾ നടപ്പാക്കുന്ന വകുപ്പുകൾ എഴുതി പട്ടിക പൂർത്തിയാക്കുക.

- വൃക്ഷത്തൈ വിതരണം - വനം വകുപ്പ്
-
-
-

ഗവൺമെന്റ് രൂപംനൽകുന്ന ഇത്തരം ജനക്ഷേമകരമായ തീരുമാനങ്ങൾ ജനങ്ങളിൽ നടപ്പാക്കുന്നത് ആരാണ്? മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും മാത്രമായി പ്രവർത്തനങ്ങൾ നിർവഹിക്കാൻ കഴിയുമോ?

മന്ത്രിമാരെ ഭരണനിർവഹണത്തിൽ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും നടപ്പാക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥവൃന്ദത്തിന് രൂപംനൽകിയിട്ടുണ്ട്.

**കേരളം, ഇന്ത്യ എന്നിവയുമായി ബന്ധപ്പെട്ട 'വ്യത്യസ്ത മന്ത്രിമാരും - വകുപ്പുകളും' എന്ന പട്ടിക തയ്യാറാക്കൂ.**

മുൻപ് തയ്യാറാക്കിയ 'സ്ഥാപനങ്ങളും സേവനങ്ങളും' എന്ന പട്ടികയോടൊപ്പം മന്ത്രിമാരുടെ വകുപ്പുകൾ കൂട്ടിച്ചേർക്കാൻ ശ്രമിക്കുമല്ലോ.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ കീഴിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരേയുമാണ് ഉദ്യോഗസ്ഥവൃന്ദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുന്നതും ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുന്നതും ഇവരിലൂടെയാണ്. രാജ്യത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം (bureaucracy) എന്നു പറയുന്നു.

## ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ

നിങ്ങൾ വ്യത്യസ്ത ഓഫീസുകൾ സന്ദർശിച്ചിട്ടില്ലേ? അവിടത്തെ ഉയർന്ന ഉദ്യോഗസ്ഥൻ ആരെന്നും മനസിലാക്കിയിട്ടുണ്ടോ? അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് ഉദ്യോഗസ്ഥന്മാർ ആരെല്ലാം എന്നും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഉദ്യോഗസ്ഥവൃന്ദത്തിന് അതിന്റേതായ ചില സവിശേഷതകൾ ഉണ്ട്. അവ നിരീക്ഷിക്കൂ.

*ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ*

- ശ്രേണീപരമായ സംഘാടനം (ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴേക്കുവരുമ്പോൾ കൂടുതൽ ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്ന രീതി).
- സ്ഥിരത (നിശ്ചിത പ്രായം വരെ സേവനകാലാവധി)
- യോഗ്യത അടിസ്ഥാനമാക്കി നിയമനം (വിദ്യാഭ്യാസം, പ്രായം)
- രാഷ്ട്രീയ നിഷ്പക്ഷത (രാഷ്ട്രീയ പക്ഷപാതിത്വത്തോടെ പ്രവർത്തിക്കാൻ പാടില്ല)
- വൈദഗ്ധ്യം (കർത്തവ്യങ്ങൾ, കൃത്യത, സൂക്ഷ്മത എന്നിവയോടുകൂടി നിർവഹിക്കാനുള്ള ശേഷി)

## ഉദ്യോഗസ്ഥനാകാം







ചിത്രത്തിലെ ഭരണഘടനാ സ്ഥാപനങ്ങളെ തിരിച്ചറിയാമോ?

കേരളത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC). സമാന രീതിയിൽ എല്ലാ സംസ്ഥാനങ്ങളിലും പി.എസ്.സി. ഉണ്ട്. പി.എസ്.സി ചെയർമാനേയും അംഗങ്ങളേയും നിയമിക്കുന്നത് ഗവർണർ ആണ്.

ദേശീയതലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനാണ് (UPSC). യു.പി.എസ്.സി ചെയർമാനേയും അംഗങ്ങളേയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.


കാറ്റഗറി നമ്പർ: 638/2014
അസിസ്റ്റൻറ്/ഓഡിറ്റർ ഗവണ്മെൻറ് സെക്രട്ടേറിയറ്റ്/ കേരള പബ്ലിക് സർവീസ് കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം)/ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കാനായി വെബ്സൈറ്റിലും പ്രമുഖ പത്രങ്ങളിലും വിജ്ഞാപനം പുറപ്പെടുവിക്കും. തുടർന്ന് എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരായവരെ തിരഞ്ഞെടുത്ത് വിവിധ

ഗവൺമെന്റ് ഓഫീസുകളിൽ നിയമിക്കുന്നു. യു.പി.എസ്.സിയുടെയും കെ.പി.എസ്.സിയുടെയും വിജ്ഞാപനങ്ങൾ പരിശോധിച്ച് പട്ടിക വിപുലീകരിക്കുക.

| ക്രമ നമ്പർ | തസ്തിക | വിദ്യാഭ്യാസ യോഗ്യത | നിയമന ഏജൻസി |
|---|---|---|---|
| 1 | ഇന്ത്യൻ ഫോറസ്റ്റ് സർവീസ് | ഡിഗ്രി | യു.പി.എസ്.സി. |
| 2 | ഇന്ത്യൻ റെയിൽവേ സർവീസ് | ഡിഗ്രി | യു.പി.എസ്.സി. |
| 3 | ഡെപ്യൂട്ടി കളക്ടർ | ഡിഗ്രി | കെ.പി.എസ്.സി. |
| 4 | | | |
| 5 | | | |

കണ്ടെത്തിയ ഉദ്യോഗപ്പേരുകൾ അഖിലേന്ത്യാ സർവീസ്, കേന്ദ്രസർവീസ്, സംസ്ഥാന സർവീസ് എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. ഈ മൂന്നു സർവീസുകളും ചേർന്നതാണ് ഇന്ത്യയുടെ സിവിൽ സർവീസ്. ഇന്ത്യയിലെ സിവിൽ സർവീസ് സൂചിപ്പിക്കുന്ന ഫ്ളോ ചാർട്ട് നോക്കൂ.

**'തൊഴിലും വിദ്യാഭ്യാസ യോഗ്യതയും' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു ചർച്ച സംഘടിപ്പിക്കൂ.**

| അഖിലേന്ത്യാ സർവീസ് (All India Civil Service) | കേന്ദ്ര സർവീസ് (Central Service) | സംസ്ഥാന സർവീസ് (State Service) |
|---|---|---|
| • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.<br>*ഉദാ:* ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS), ഇന്ത്യൻ പോലീസ് സർവീസ് (IPS) | • ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കുന്നു.<br>*ഉദാ:* ഇന്ത്യൻ ഫോറിൻ സർവീസ് (IFS), ഇന്ത്യൻ പോസ്റ്റൽ സർവീസ് (IPS) | • സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.<br>• സംസ്ഥാന ഗവൺമെന്റിനു കീഴിൽവരുന്ന വകുപ്പുകളിൽ നിയമിക്കുന്നു.<br>*ഉദാ:* സെയിൽസ് ടാക്സ് ഓഫീസർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്. |

ഗവൺമെന്റ് സേവനങ്ങൾ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കുന്നതിനാണ് മുകളിൽ സൂചിപ്പിച്ച വിവിധതരം സർവീസുകൾക്ക് രൂപംനൽകിയത്. എന്നിരുന്നാലും യഥാസമയം ഫലപ്രദമായ രീതിയിൽ ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിലേക്ക് എത്തുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. ഇതിനുള്ള പരിഹാരം എന്ന നിലയിലാണ് ഭരണനവീകരണ നടപടികൾക്ക് തുടക്കംകുറിച്ചത്. പ്രധാനപ്പെട്ട ഭരണനവീകരണ നടപടികൾ നിരീക്ഷിക്കൂ.

## ഇ-ഗവേണൻസ്

നിങ്ങളിൽ എത്രപേർക്ക് മൊബൈൽ ഫോണിൽ ഇന്റർനെറ്റ് കണക്ഷൻ ഉണ്ട്? ഏതെങ്കിലും സോഷ്യൽ നെറ്റ് വർക്കിംഗ് സർവീസിൽ അംഗമാണോ? ബാങ്കിൽനിന്നും പണമിടപാടുകളെ സംബന്ധിച്ച അറിയിപ്പുകൾ മൊബൈൽ ഫോണിൽ വരാറുണ്ടോ?

ഇന്റർനെറ്റ്, ഇലക്ട്രോണിക് സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പ്രാഥമിക അറിവാണ് ഇ-സാക്ഷരത. വ്യക്തികൾ കാലത്തിനനുസരിച്ച് ഇലക്ട്രോണിക് സാക്ഷരരാകുന്നപോലെ ഗവൺമെന്റുകളും അവരുടെ സേവനങ്ങൾ ഇന്റർനെറ്റു വഴി ആക്കുന്നുണ്ട്. ഇത് ഭരണനവീകരണത്തിലേക്ക് നയിക്കുന്നു.

അക്ഷയ കേന്ദ്രങ്ങളെക്കുറിച്ച് കേട്ടിട്ടില്ലേ? നിങ്ങൾ അക്ഷയ കേന്ദ്രം സന്ദർശിച്ച ഒരനുഭവം പങ്കുവയ്ക്കൂ.

- ആധാർ-ബാങ്ക് അക്കൗണ്ട് എന്നിവ ലിങ്കു ചെയ്തത്.
- പാൻ കാർഡ് - ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചത്.
- വരുമാന സർട്ടിഫിക്കറ്റിന് അപേക്ഷിച്ചത്.
-
-

ശാസ്ത്രസാങ്കേതികരംഗത്ത് നാം കൈവരിച്ച പുരോഗതി ഭരണരംഗത്ത് പ്രയോജനപ്പെടുത്തുന്നു. ഭരണരംഗത്ത് ഇലക്ട്രോണിക് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനെ ഇ-ഗവേണൻസ് എന്നു പറയുന്നു. ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ലഭിക്കുന്നതിന് ഇ-ഗവേണൻസ് സഹായകമാണ്.

## ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങളാണുള്ളത്?

- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

## വിവരാവകാശം

ഏതൊരു സർക്കാർ സ്ഥാപനത്തിൽ നിന്നും അവയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനുള്ള അവകാശം പൊതുജനങ്ങൾക്കുണ്ട്. 2005 ലെ വിവരാവകാശ നിയമം വഴിയാണ് ജനങ്ങൾക്ക് ഈ അവകാശം ലഭിച്ചത്.

## ഈ നിയമം എന്തിനുവേണ്ടി?

- അഴിമതി നിയന്ത്രിക്കുന്നതിന്.
- ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധം ഊട്ടിയുറപ്പിക്കുന്നതിന്.
- ഗവൺമെന്റ് പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന്.
- പൊതുസ്ഥാപനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുന്നതിന്.

വിവരാവകാശ നിയമം അടിസ്ഥാനമാക്കി അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെ?

- വെള്ള പേപ്പറിൽ എഴുതിയ അപേക്ഷ മതി.

- 10 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിക്കണം.
- സ്ഥാപന മേധാവി/വിവരാവകാശ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- പൊതുകാര്യത്തെക്കുറിച്ചായിരിക്കണം അന്വേഷണം.
- അപേക്ഷകന്റെ മേൽവിലാസം ഉണ്ടാകണം.

## വിവരാവകാശ കമ്മീഷൻ





സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷനുകൾ പ്രവർത്തിക്കുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങളുടെ പ്രയോഗവും ചുമതലകൾ നിർവഹിക്കലുമാണ് കമ്മീഷനുകളുടെ ചുമതല. എപ്പോഴാണ് വിവരാവകാശ കമ്മീഷനെ സമീപിക്കേണ്ടത്? പട്ടിക നിരീക്ഷിക്കൂ.

- കൃത്യസമയത്തിനകം മറുപടി തരാതിരിക്കൽ
- നിരസിക്കൽ
- അപൂർണമായ മറുപടി നൽകൽ
- തെറ്റായ മറുപടി നൽകൽ
- തൃപ്തികരമല്ലാത്ത മറുപടി നൽകൽ

ഇത്തരം സാഹചര്യങ്ങളിൽ പരാതിക്കാരന് കമ്മീഷനു മുമ്പാകെ അപ്പീൽ കൊടുക്കാവുന്നതാണ്. വിവരങ്ങൾ നൽകാത്ത ഉദ്യോഗസ്ഥനുമേൽ മറുപടി നൽകുന്നതുവരെ ഓരോ ദിവസവും 250 രൂപാ നിരക്കിൽ പിഴശിക്ഷ വിധിക്കാൻ കമ്മീഷന് അധികാരമുണ്ട്.

**ഈ ഓഫീസിൽ നിന്നും...**




'ഈ ഓഫീസിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ' എന്ന പ്രദർശന ബോർഡ് ഏതെങ്കിലും ഓഫീസിൽ കണ്ടിട്ടുണ്ടോ? എന്തൊക്കെയാണ് അവർ നൽകുന്ന സേവനങ്ങൾ?

സേവനാവകാശ നിയമത്തെ അടിസ്ഥാനമാക്കിയാണ് ഇത്തരം ബോർഡുകൾ ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഓരോ സേവനങ്ങളും എത്ര ദിവസങ്ങൾക്കുള്ളിൽ നൽകണമെന്നും ആവശ്യമായ ഫീസ് ഉണ്ടെങ്കിൽ എത്രയാണെന്നും ബോർഡിൽ രേഖപ്പെടുത്തിയിരിക്കും. സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാകാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം. ഇത് പൊതുഭരണ സംവിധാനത്തെ ശക്തവും കാര്യക്ഷമവുമാക്കുന്നു.

## ഭരണപരിഷ്കാര കമ്മീഷൻ (arc.kerala.gov.in)

സംസ്ഥാനത്തെ പൊതുഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക എന്നതാണ് ഭരണപരിഷ്കാര

കമ്മീഷന്റെ ലക്ഷ്യം. ക്ഷേമരാഷ്ട്രം രൂപപ്പെടുത്തുക എന്നതിന് കമ്മീഷൻ പ്രാധാന്യം നൽകുന്നു. ആരാണ് കേരളത്തിലെ ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാൻ?

- ഉദ്യോഗസ്ഥരുടെ മെച്ചപ്പെട്ട പ്രകടനം ഉറപ്പാക്കുന്നതിനുവേണ്ടി അവരുടെ നിയമനം, സ്ഥാനനിർണയം, സ്ഥാനക്കയറ്റം എന്നിവ അവലോകനം ചെയ്യുക.
- ഗവൺമെന്റ് ഘടകങ്ങളുടെ ജനാധിപത്യവൽക്കരണത്തിനുള്ള രീതികൾ നിർദ്ദേശിക്കുകയും പങ്കാളിത്ത ഭരണസാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
- പ്രധാനപ്പെട്ട പൊതുസേവനങ്ങൾ എത്രത്തോളം നടപ്പിലാകുന്നു എന്നു വിലയിരുത്തി അവയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക.

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള മറ്റു നടപടികൾ ഏതൊക്കെയാണ്?

## ലോക്പാലും ലോകായുക്തയും

എന്താണ് അഴിമതി? ഇത് ഏതെല്ലാം തലങ്ങളിൽ?

അഴിമതി ഭരണതലത്തിലോ ഉദ്യോഗസ്ഥതലത്തിലോ രാഷ്ട്രീയതലത്തിലോ സംഭവിച്ചാൽ അവ തടയുന്നതിനുള്ള സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും. കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്. ദേശീയതലത്തിൽ ലോക്പാലും സംസ്ഥാനതലത്തിൽ ലോകായുക്തയും പ്രവർത്തിക്കുന്നു. പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ഇവയ്ക്ക് അധികാരമുണ്ട്.

## സെൻട്രൽ വിജിലൻസ് കമ്മീഷൻ

ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള ചുമതലയാണ് വിജിലൻസിനുള്ളത്. കേന്ദ്ര ഗവൺമെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുക എന്നതാണ് സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ചുമതല.

സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ട്. അതുപോലെ എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനങ്ങളിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുകയാണ് സംസ്ഥാന വിജിലൻസ് കമ്മീഷന്റെ ചുമതല. വിജിലൻസ് കേസുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വിജിലൻസ് കോടതികളും നിലവിലുണ്ട്.


**ഓംബുഡ്സ്മാൻ**

ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ അഴിമതി, സ്വജനപക്ഷപാതം, ധനദുർവിനിയോഗം തുടങ്ങിയ നടത്തിയാൽ പരാതി നൽകാനുള്ള മറ്റൊരു സംവിധാനമാണ് ഓംബുഡ്സ്മാൻ. സർവീസിൽനിന്നു വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. ജനങ്ങൾക്ക് പരാതിയുമായി നേരിട്ട് ഓംബുഡ്സ്മാനെ സമീപിക്കാം. പരാതി ലഭിച്ചാൽ ആരെയും വിളിച്ചുവരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും അദ്ദേഹത്തിന് അധികാരമുണ്ട്.

**ഓംബുഡ്സ്മാനുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ചർച്ച ചെയ്യുക.**

## വിലയിരുത്തൽ ചോദ്യങ്ങൾ

- തിരഞ്ഞെടുപ്പിന്റെ പ്രാധാന്യമെന്ത്?
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ ഫ്ളോചാർട്ടിൽ ക്രമപ്പെടുത്തി എഴുതുക.




- ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രാധാന്യമെന്ത്?
- തിരഞ്ഞെടുപ്പു കമ്മീഷൻ എന്തിനുവേണ്ടി നിലകൊള്ളുന്നു?
- ഗവൺമെന്റിന്റെ ഘടകങ്ങൾ ഏതെല്ലാം? ഓരോ ഘടകത്തിന്റെയും ചുമതലയെന്ത്?
- ഇന്ത്യാഗവൺമെന്റിന്റെ ഓരോ ഘടകത്തിലും ഉൾപ്പെടുന്നത് ആരൊക്കെ? എന്തൊക്കെ?
- ലോകസഭയും രാജ്യസഭയും താരതമ്യം ചെയ്യുന്ന ഒരു പട്ടിക തയ്യാറാക്കുക.
- ഇന്ത്യയിലെ നീതിന്യായ വിഭാഗത്തിന്റെ ഘടന സൂചിപ്പിക്കുന്ന ഒരു ഡയഗ്രം തയ്യാറാക്കുക.
- നിങ്ങളുടെ പ്രദേശത്ത് കാണുന്ന ഏതെങ്കിലും രണ്ട് ഓഫീസുകളുടെ പേരെഴുതി അവ നൽകുന്ന സേവനങ്ങൾ ലിസ്റ്റു ചെയ്യുക.
- പൊതുഭരണം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?
- ഇ-ഗവേണൻസ് എന്നാലെന്ത്? ഇതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെല്ലാം നേട്ടങ്ങളാണുള്ളത്?
- വിവരാവകാശ നിയമം അടിസ്ഥാനമാക്കി അപേക്ഷ സമർപ്പിക്കേണ്ടതെങ്ങനെ?
- ഭരണപരിഷ്കാര കമ്മീഷൻ എന്തിനുവേണ്ടി നിലകൊള്ളുന്നു?
- ലോക്പാൽ, ലോകായുക്ത എന്നിവയുടെ പ്രസക്തി എന്ത്?
- സെൻട്രൽ വിജിലൻസ് കമ്മീഷന്റെ ചുമതല എന്ത്?
- ഓംബുഡ്സ്മാൻ എന്ന സംവിധാനത്തിന്റെ അധികാരം എന്തെല്ലാം?

## തുടർപ്രവർത്തനങ്ങൾ

- സംസ്ഥാന നിയമസഭകൾ, പാർലമെന്റ് എന്നിവിടങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പു വാർത്തകൾ, ചിത്രങ്ങൾ, ഫലങ്ങൾ സംബന്ധിച്ച കണക്കുകൾ എന്നിവ ഉൾപ്പെടുന്ന പത്രവാർത്തകൾ ശേഖരിച്ച് ഒരു പതിപ്പു തയ്യാറാക്കുക.
- വിവിധ രാഷ്ട്രീയ പാർട്ടികളുടെ പേര്, അവയുടെ ചിഹ്നം, കൊടി എന്നിവ ഉൾപ്പെടുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
- ഈ യൂണിറ്റിൽ സൂചിപ്പിക്കുന്ന ഔദ്യോഗിക സ്ഥാനങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളുടെ ലഘുവിവരം, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു ജീവചരിത്ര നിഘണ്ടു തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| ദേശീയ കക്ഷികളെയും സംസ്ഥാന കക്ഷികളെയും വേർതിരിക്കാനാകും | | | |
| തിരഞ്ഞെടുപ്പു കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഫ്ളോചാർട്ട് തയ്യാറാക്കാനാകും | | | |
| ഗവൺമെന്റിന്റെ 3 ഘടകങ്ങളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വർഗീകരിക്കാം | | | |
| പൊതുഭരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനാകും | | | |
| ഇന്ത്യയിലെ സിവിൽ സർവീസിനെ വേർതിരിച്ചു പറയാനാകും | | | |
| ഭരണ നവീകരണ നടപടികളെക്കുറിച്ച് വിവരണം തയ്യാറാക്കാം | | | |




അധ്യായം
8

# ഇന്ത്യൻ ഭരണഘടന: മൗലികാവകാശങ്ങൾ

**സ്വകാര്യത മൗലികാവകാശം: സുപ്രീം കോടതി**

സ്വകാര്യത മൗലികാവകാശമെന്ന് സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ച് വിധിച്ചു. ഇതു സംബന്ധിച്ച മുൻകാല വിധികൾ ഇതോടെ റദ്ദായി. ഭരണഘടനയുടെ 21-ാം വകുപ്പ് വിപുലപ്പെടുത്തുന്നതാണ് ഈ വിധി.

സമീപകാലത്ത് സുപ്രീം കോടതി പ്രഖ്യാപിച്ച വിധികളിൽ സുപ്രധാനമായ ഒന്നാണ് മുകളിൽ നൽകിയിരിക്കുന്നത്. സമാനമായ മറ്റേതെങ്കിലും വിധി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാമോ. സ്വകാര്യതയ്ക്കുള്ള അവകാശം ഇതിന് മുൻപ് മൗലികാവകാശമായിരുന്നില്ല. ഇതിൽനിന്നും നമുക്ക് എന്താണ് മനസിലാകുക.

- ചില അവകാശങ്ങൾ മൗലികമാണ്.
- മറ്റുചില അവകാശങ്ങള മൗലികമല്ല.

മൗലികാവകാശങ്ങൾ  എന്നതുകൊണ്ടർത്ഥമാക്കുന്നതെന്താണ്? രാജ്യത്തെ പരമോന്നത നിയമമായ ഭരണഘടനയിലുൾപ്പെടുത്തി എല്ലാ ജനങ്ങൾക്കും തുല്യനിലയിൽ ഉറപ്പുനൽകുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. ഇത്തരം അവകാശങ്ങളെ മൗലികമാക്കുന്ന ഘടകങ്ങൾ നിരീക്ഷിക്കുക.

- യാതൊരു കാരണവശാലും അവ നിഷേധിക്കാൻ പാടില്ല.
- പൂർണമായ വ്യക്തിത്വവികാസത്തിന് അനിവാര്യമായവ.
- അന്തസ്സോടെയുള്ള ജീവിതം നയിക്കുന്നതിനാവശ്യമായ അവകാശങ്ങൾ.

ചില അവകാശങ്ങൾ മൗലികം എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത്?

**അവകാശ പത്രിക**

എല്ലാ ജനാധിപത്യ രാജ്യങ്ങളും പൗരന് ഉറപ്പുനൽകുന്ന അവകാശങ്ങളുടെ ഒരു പട്ടിക ഭരണഘടനയിൽ ഉൾപ്പെടുത്താറുണ്ട്. ഈ അവകാശങ്ങളുടെ പട്ടിക അവകാശ പത്രിക എന്നറിയപ്പെടുന്നു. ഇന്ത്യയിലെ അവകാശ പത്രിക മൗലികാവകാശങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്.

കോളനിവാഴ്ച നിലനിന്നിരുന്നതിനാൽ 1947 വരെ ഇന്ത്യയിലെ ജനങ്ങൾക്ക് മൗലികാവകാശങ്ങൾ ലഭിച്ചിരുന്നില്ല. സ്വാതന്ത്ര്യാനന്തരം പുതിയ ഭരണഘടനയ്ക്ക് നാം രൂപം നൽകിയപ്പോൾ അവകാശ പത്രിക അതിൽ ഉൾപ്പെടുത്താൻ ഭരണഘടനാ നിർമാതാക്കൾ പ്രത്യേകം ശ്രദ്ധിച്ചു.

എന്തെല്ലാം മൗലികാവകാശങ്ങളാണ് നമുക്ക് ലഭ്യമായിട്ടുള്ളത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ചാർട്ട് നിരീക്ഷിക്കൂ.

**മൗലികാവകാശങ്ങൾ**
- സമത്വത്തിനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരായ അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം

**സ്വത്തവകാശം**

ഇന്ത്യൻ ഭരണഘടന 1950 ജനുവരി 26ന് നിലവിൽ വന്നപ്പോൾ 7 മൗലികാവകാശങ്ങൾ പൗരന് ഉറപ്പു നൽകിയിരുന്നു. സ്വത്തവകാശം, മൗലികാവകാശമായി 31-ാം വകുപ്പിലൂടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് നിയമാനുസൃതം സ്വത്ത് സമ്പാദിക്കുന്നതിന് കൈവശം വച്ച് അനുഭവിക്കുന്നതിനും ഉള്ള അവകാശം മൗലികാവകാശമായിരുന്നു. 1978-ൽ 44-ാം ഭരണഘടനാ ഭേദഗതിയിലൂടെ സ്വത്തവകാശം ഒരു സാധാരണ അവകാശമാക്കി മാറ്റി. ഇതിനായി 300എ വകുപ്പ് ഭരണഘടനയിൽ ഉൾപ്പെടുത്തി.


**നെഹ്റു റിപ്പോർട്ട്**

ഇന്ത്യയിലെ ജനങ്ങളുടെ മൗലികാവകാശ രൂപീകരണത്തിൽ പ്രഥമസ്ഥാനം നെഹ്റു റിപ്പോർട്ടിനാണ്. ന്യൂ ഡൽഹിയിൽ ചേർന്ന സർവ്വകക്ഷി സമ്മേളനം മോട്ടിലാൽ നെഹ്റു അദ്ധ്യക്ഷനായി സ്വതന്ത്ര ഇന്ത്യയിൽ നടപ്പിലാക്കേണ്ട ഭരണഘടനാ നിയമത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചു. ഇത് നെഹ്റു കമ്മിറ്റി എന്നറിയപ്പെടുന്നു. രാജ്യത്തെ ജനങ്ങൾക്ക് ഉറപ്പാക്കേണ്ട അവകാശങ്ങളുടെ ഒരു പട്ടിക 1928 ലെ നെഹ്റു റിപ്പോർട്ടിലുണ്ടായിരുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് പിൽക്കാലത്ത് മൗലികാവകാശങ്ങൾക്ക് രൂപം നൽകിയത്.

ഇന്ത്യൻ പൗരന് ഉറപ്പുനൽകുന്ന ആറ് മൗലികാവകാശങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഭരണഘടനയുടെ ഭാഗം III ലാണ് ഇവ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മൗലികാവകാശങ്ങൾ ഏതെല്ലാം തരത്തിലാണ് പൗരന് ലഭ്യമാവുന്നത്.

## സമത്വത്തിനുള്ള അവകാശം

ജാതീയമായ അസമത്വവും വിവേചനവും നിലനിന്നിരുന്ന ഒരു സമൂഹമായിരുന്നു ഇന്ത്യയിലേത് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. എല്ലാത്തരം അസമത്വങ്ങളും അവസാനിപ്പിച്ച് സമത്വം കൈവരിക്കുകയാണ് സമത്വത്തിനുള്ള അവകാശം ലക്ഷ്യമിടുന്നത്. സമത്വാവകാശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ആശയങ്ങൾ ചിത്രത്തിൽ നിരീക്ഷിക്കൂ.




സമത്വാവകാശ പ്രഖ്യാപനം കൊണ്ടുമാത്രം സമത്വത്തിന്റെ നേട്ടങ്ങൾ എല്ലാവരിലും എത്തിക്കാൻ കഴിയില്ല. നൂറ്റാണ്ടുകളായി അസമത്വം നിലനിന്ന സമൂഹത്തിൽ ദുർബല വിഭാഗങ്ങൾക്ക് സമത്വാവകാശത്തിന്റെ നേട്ടങ്ങൾ ലഭിക്കണമെങ്കിൽ ചില അനുകൂല നടപടികൾ ആവശ്യമാണ്. രാജ്യത്ത് ഭരണഘടനാപരമായി നടപ്പാക്കുന്ന അനുകൂല നടപടികൾ എഴുതി പട്ടിക വിപുലീകരിക്കുക.

- പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തി.
- 
- 

ഇത്തരം പ്രത്യേക പരിഗണനകൾ നൽകുന്നത് സമത്വാവകാശത്തിന് എതിരല്ല. എന്തുകൊണ്ടെന്നാൽ ഇവയുടെയെല്ലാം ലക്ഷ്യം ആത്യന്തികമായി സമത്വം കൈവരിക്കലാണ്.

സമത്വാവകാശം പൂർണമായ അർത്ഥത്തിൽ നമുക്ക് ലഭിക്കുന്നുണ്ടോ?

## സ്വാതന്ത്ര്യത്തിനുള്ള അവകാശം



കൊളാഷ് നിരീക്ഷിക്കൂ. ഇവയെല്ലാം നമ്മുടെ നിത്യജീവിതത്തിൽ അനുഭവിക്കാറുള്ള ചില സ്വാതന്ത്ര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഏതെല്ലാം സ്വാതന്ത്ര്യങ്ങളാണ് ഇതിലൂടെ നാം അനുഭവിക്കുന്നത്. പട്ടിക നിരീക്ഷിക്കൂ.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം.
- സമാധാനപരമായി ആയുധമില്ലാതെ സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം.
- ഏതു തൊഴിലിലും, വ്യാപാരം, വാണിജ്യം എന്നിവയിലും ഏർപ്പെടാനുള്ള സ്വാതന്ത്ര്യം.
- സ്വതന്ത്രമായി രാജ്യത്തെവിടെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം.

നിങ്ങൾ വിവിധ സംഘടനകളിൽ അംഗമായിരിക്കുമല്ലോ. നിങ്ങളുടെ ബന്ധുക്കൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ താമസമാക്കിയിട്ടും ഉണ്ടാവുമല്ലോ. ഭരണഘടന ഉറപ്പുനൽകുന്ന ഏതൊക്കെ സ്വാതന്ത്ര്യമാണ് ഇതിലൂടെ അനുഭവിക്കുന്നത്.

- സംഘടനാ സ്വാതന്ത്ര്യം.
- രാജ്യത്തെവിടെയും സ്ഥിരതാമസമാക്കാനുള്ള സ്വാതന്ത്ര്യം.

ഇവയെല്ലാം മൗലിക സ്വാതന്ത്ര്യങ്ങളാണ്. ഈ സ്വാതന്ത്ര്യങ്ങൾ ഒരിക്കലും അനിയന്ത്രിതമല്ല. രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, സമൂഹത്തിന്റെ ഉത്തമ താൽപ്പര്യം എന്നിവ ലക്ഷ്യമിട്ട് അനുയോജ്യമായ ചില നിയന്ത്രണങ്ങൾ രാഷ്ട്രത്തിന് ഏർപ്പെടുത്താം.

ഇവ കൂടാതെ,

- ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനും സംരക്ഷണം.
- പതിനാലു വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം.
- അന്യായമായ അറസ്റ്റ്, തടങ്കൽ എന്നിവയിൽനിന്നും സംരക്ഷണം.

തുടങ്ങിയവയും സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയൊക്കെ നമുക്ക് ഒരു ജനാധിപത്യ ജീവിതം ഉറപ്പാക്കുന്നു.

### വിദ്യാഭ്യാസത്തിനുള്ള അവകാശം

ഭരണഘടന നിലവിൽ വരുമ്പോൾ വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശം ആയിരുന്നില്ല. 2010-ൽ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെ 6-14 വയസുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശം ഒരു മൗലികാവകാശമാക്കി മാറ്റി. ഇതിനായി 21 എ വകുപ്പ് ഭരണഘടനയിൽ കൂട്ടിച്ചേർക്കുകയുണ്ടായി.

**മൗലിക സ്വാതന്ത്ര്യങ്ങൾക്കു മേലുള്ള നിയന്ത്രണം**

- രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ
- കലാപങ്ങൾ നിയന്ത്രിക്കാൻ
- ക്രമസമാധാനം പാലിക്കാൻ
- ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന വ്യാപാരം, വാണിജ്യം എന്നിവ നിയന്ത്രിക്കാൻ.
- വ്യക്തികൾക്ക് മാനഹാനിയുണ്ടാക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങൾ നിയന്ത്രിക്കാൻ.

## ചൂഷണത്തിനെതിരായ അവകാശം

നേഴ്സുമാരുടെ ചുരുങ്ങിയ വേതനം വിജ്ഞാപനമായി

2.3 കോടി കുട്ടികൾ രാജ്യത്ത് ബാലവേല ചെയ്യുന്നു

വേതനം പുതുക്കി നിശ്ചയിക്കൽ, ബാലവേല എന്നിവയുമായി ബന്ധപ്പെട്ട വാർത്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. എന്തിനാണ് ചുരുങ്ങിയ വേതനം നിശ്ചയിച്ചു നൽകുന്നത്. വിവിധ മേഖലകളിൽ നിലനിൽക്കുന്ന ചൂഷണം തടയുകയാണ് ഇതിന്റെ ലക്ഷ്യം. എല്ലാത്തരത്തിലും ഉള്ള ചൂഷണം അവസാനിപ്പിക്കുകയാണ് ചൂഷണത്തിനെതിരായ അവകാശം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഭരണഘടന:

- നിർബന്ധിത തൊഴിൽ, മനുഷ്യക്കച്ചവടം എന്നിവ നിരോധിക്കുന്നു.
- വ്യവസായശാലകൾ, ഖനികൾ തുടങ്ങി അപകടകരമായ മേഖലകളിൽ 14 വയസിൽ താഴെയുള്ള കുട്ടികളെ പണിയെടുപ്പിക്കുന്നത് നിരോധിക്കുന്നു.

അടിമത്തം, ബാലവേല തുടങ്ങിയവ എല്ലാ അർത്ഥത്തിലും അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുക.



## മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

**ഭാരതത്തിന്റെ ഭരണഘടന**

**ആമുഖം**

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1](**പരമാധികാര സ്ഥിതിസമത്വ മതേതര ജനധിപത്യ റിപ്പബ്ലിക്കായി**) സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും:**

പദവിയിലും അവസരത്തിലും **സമത്വവും** സംപ്രാപ്തമാക്കുവാനും:

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2](**രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും**) ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും:

സഗൗരവം തീരുമാനിച്ചിരിക്കുകയാൽ:

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

1 1976-ലെ ഭരണഘടന (42-ാം ഭേദഗതി) ആക്ട് 2-ാം വകുപ്പ് പ്രകാരം 'പരമാധികാര ജനാധിപത്യ റിപ്പബ്ലിക്' എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം)

2 മേൽ പറഞ്ഞ ആക്ട് രണ്ടാം വകുപ്പ് പ്രകാരം 'രാഷ്ട്രത്തിന്റെ ഐക്യം' എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം)

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം പരിശോധിക്കൂ. ഇന്ത്യയെ ഒരു മതേതര ജനാധിപത്യ റിപ്പബ്ലിക്കായി ആമുഖത്തിൽ വിശേഷിപ്പിക്കുന്നു. രാജ്യത്തെ എല്ലാ ജനങ്ങൾക്കും മതസ്വാതന്ത്ര്യം അനുവദിക്കുന്നു എന്നും ഇതിൽനിന്നും മനസിലാക്കാം. മതപരമായ വിഷയത്തിൽ എന്തെല്ലാം സ്വാതന്ത്ര്യങ്ങളാണ് നിങ്ങൾ അനുഭവിക്കുന്നത്. ചാർട്ട് പരിശോധിക്കൂ.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

- ഏതു മതത്തിലും വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.
- മതജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നോക്കിനടത്താനും ഉള്ള അവകാശം.
- മതപ്രോത്സാഹനത്തിന്റെ പേരിൽ നികുതി കൊടുക്കാൻ നിർബന്ധിക്കുന്നതിനെതിരായ അവകാശം.
- ഗവൺമെന്റിൽനിന്നും ധനസഹായം പറ്റുന്ന വിദ്യാലയങ്ങളിൽ മതബോധനം നിരോധിക്കുന്നു.

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം മതേതര ഇന്ത്യയെ ശക്തമാക്കുന്നുണ്ടോ? അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

## സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം

ഇന്ത്യയിലെ വിവിധ മതഭാഷാ ന്യൂനപക്ഷങ്ങളെ സൂചിപ്പിക്കുന്ന പട്ടിക പൂർത്തിയാക്കൂ.

| മതന്യൂന പക്ഷം | ഭാഷാന്യൂന പക്ഷം |
|---|---|
| • സിഖ് മതം | • കൊങ്ങിണി ഭാഷ |
| • | • |
| • | • |

മതഭാഷാ ന്യൂനപക്ഷങ്ങൾ ധാരാളമുള്ള രാജ്യമാണ് ഇന്ത്യ. വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കിടയിൽ സുരക്ഷിതത്വബോധം ഉറപ്പാക്കേണ്ടതാണ്. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ഈ ലക്ഷ്യത്തോടെയുള്ളതാണ്. ഇതനുസരിച്ച്:

- ന്യൂനപക്ഷങ്ങൾക്ക് ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും അവകാശമുണ്ട്.
- മത ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നോക്കിനടത്തുന്നതിനും അവകാശമുണ്ട്.

### ന്യൂനപക്ഷ കമ്മീഷൻ

ന്യൂനപക്ഷ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ദേശീയതലത്തിൽ രൂപീകരിച്ചിരിക്കുന്ന കമ്മീഷനാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ. ന്യൂനപക്ഷ അവകാശ സംരക്ഷണം ന്യൂനപക്ഷ വിദ്യാലയങ്ങൾക്ക് അത്തരം പദവി നൽകൽ തുടങ്ങിയവയിൽ തീരുമാനമെടുക്കുന്നത് ന്യൂനപക്ഷ കമ്മീഷനാണ്. അവരുടെ ക്ഷേമത്തിന് ആവശ്യമായ വിവിധപദ്ധതികൾക്കും കമ്മീഷൻ രൂപംനൽകുന്നു.

ന്യൂനപക്ഷ അവകാശങ്ങൾ ഇന്ത്യയുടെ വൈവിധ്യത്തെ സംരക്ഷിക്കാൻ സഹായകമാണോ. വിശകലനം ചെയ്യൂ.

## ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം



ഈ ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട വകുപ്പ് ഏത് എന്നു ചോദിച്ചാൽ എന്റെ ഉത്തരം ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം ഉറപ്പുനൽകുന്ന ഭരണഘടനയിലെ 32-ാം വകുപ്പ് എന്നായിരിക്കും. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്.

*- ഡോ. ബി.ആർ.അംബേദ്കർ*

ഭരണഘടനയുടെ 32-ാം വകുപ്പിനെ കുറിച്ച് എന്തുകൊണ്ടാണ് ഡോ. ബി.ആർ. അംബേദ്കർ ഇപ്രകാരം അഭിപ്രായപ്പെട്ടത്. മൗലികാവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയതുകൊണ്ടു മാത്രം പ്രയോജനമില്ല. അവ നിഷേധിക്കപ്പെടുമ്പോൾ പരിഹരിക്കുന്നതിനുള്ള മാർഗവും ഭരണഘടനയിൽ ഉണ്ടാവണം. 32-ാം വകുപ്പനുസരിച്ചുള്ള

ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം ഇത് ഉറപ്പാക്കുന്നു. ഇതനുസരിച്ച് ഏതെങ്കിലും മൗലികാവകാശം നിഷേധിക്കപ്പെട്ടാൽ നേരിട്ട് സുപ്രീംകോടതിയെ സമീപിച്ച് റിട്ടുകൾ ഫയൽ ചെയ്യാനും അവകാശങ്ങൾ പുനഃസ്ഥാപിക്കാനും സാധിക്കും.

ഹേബിയസ് കോർപ്പസ്, മൻഡാമസ്, പ്രൊഹിബിഷൻ, ക്വോവാറന്റോ, സെർഷ്യോറാറി എന്നിവയാണ് മൗലികാവകാശ സംരക്ഷണത്തിനുവേണ്ടി സുപ്രീം കോടതി പുറപ്പെടുവിക്കുന്ന റിട്ടുകൾ. 226-ാം വകുപ്പനുസരിച്ച് ഹൈക്കോടതിക്കും ഈ റിട്ടുകൾ പുറപ്പെടുവിക്കാം. മറ്റ് കീഴ്ക്കോടതികൾക്ക് ഇത്തരം റിട്ടുകൾ പുറപ്പെടുവിക്കാൻ അവകാശമില്ല.

> സമീപകാലത്ത് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഏതാനും ഹേബിയസ് കോർപ്പസ് ഹർജികൾ കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യൂ.

## നിർദ്ദേശക തത്ത്വങ്ങൾ

കേരളത്തിൽ പ്ലാസ്റ്റിക് നിരോധനം നിലവിൽവരുന്നു

അന്ത്യോദയ കാർഡുടമകൾക്ക് സൗജന്യ നിരക്കിൽ കൂടുതൽ അരി

2020-ഓടെ എല്ലാവർക്കും പാർപ്പിടം ലക്ഷ്യമിട്ട് ലൈഫ് പദ്ധതി

മായം കലർന്ന വെളിച്ചെണ്ണ ബ്രാന്റുകൾ വിൽപ്പന നിരോധിച്ചു

തൊഴിലുറപ്പ് പദ്ധതി നേട്ടം കൊയ്ത് കേരളം

തന്നിരിക്കുന്ന വാർത്താ തലക്കെട്ടുകൾ പരിശോധിക്കൂ. ഗവൺമെന്റിന്റെ ഇത്തരം പ്രവർത്തനങ്ങൾ ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടവയാണ്. പട്ടിക പൂർത്തിയാക്കൂ.

- പരിസ്ഥിതി സംരക്ഷണം
- 
- 

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഇത്തരത്തിലുള്ള നിരവധി പദ്ധതികൾ നടപ്പാക്കാറുണ്ട്. സമാനമായ പദ്ധതികൾ നടപ്പാക്കുന്നതിൽ നിങ്ങൾ പങ്കാളികളാകുകയോ പദ്ധതിയുടെ ഗുണങ്ങൾ അനുഭവിക്കുകയോ ചെയ്തിട്ടുണ്ടോ. അനുഭവം പങ്കുവെയ്ക്കൂ.

ഗവൺമെന്റുകൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന്റെ അടിസ്ഥാനമെന്ത്? എല്ലാ ജനങ്ങളുടെയും ക്ഷേമം ഉറപ്പാക്കുകയാണ് ഇവയുടെ ലക്ഷ്യം. ജനക്ഷേമം ലക്ഷ്യമിട്ട് ഇത്തരം പദ്ധതികൾ നടപ്പാക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് ഭരണഘടന നിർദ്ദേശിക്കുന്നു. ഭരണഘടനയുടെ ഭാഗം IV ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇത്തരം നിർദ്ദേശങ്ങൾ രാഷ്ട്രനയത്തിലെ നിർദ്ദേശക തത്ത്വങ്ങൾ എന്നറിയപ്പെടുന്നു.

ഒരു ക്ഷേമരാഷ്ട്രം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഇത്തരം പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭരണഘടനയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഇവയെല്ലാം നിർദ്ദേശങ്ങളാണ്. വിവിധ നയങ്ങൾ രൂപീകരിക്കുമ്പോൾ ഗവൺമെന്റുകൾ ഇവ പരിഗണിക്കേണ്ടതാണ്. സാമൂഹിക-സാമ്പത്തിക നീതി ഉറപ്പാക്കുക, മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താൻ കഴിയാത്ത അവകാശങ്ങൾ സംരക്ഷിക്കുക തുടങ്ങിയവ ഇതിലൂടെ ലക്ഷ്യമിടുന്നു. എന്നാൽ നിർദ്ദേശക തത്ത്വങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി മൗലികാവകാശങ്ങളിലേതുപോലെ പൗരന് കോടതിയെ സമീപിക്കാൻ കഴിയില്ല.

നിർദ്ദേശക തത്ത്വങ്ങൾ ക്ഷേമരാഷ്ട്രത്തെ സഹായിക്കുന്നതെങ്ങനെ? ചർച്ച ചെയ്യൂ.

എന്നാൽ മൗലികാവകാശങ്ങൾ പൂർണമായ അർത്ഥത്തിൽ ലഭിക്കണമെങ്കിൽ നിർദ്ദേശക തത്ത്വങ്ങൾ നടപ്പാക്കണം.

നിർദ്ദേശക തത്വങ്ങളും ക്ഷേമരാഷ്ട്രവും എന്ന വിഷയത്തിൽ ഒരു ചർച്ച ക്ലാസിൽ സംഘടിപ്പിക്കൂ.

## മൗലിക കർത്തവ്യങ്ങൾ

ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ അതാതു സംഗതിപോലെ മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കിയതിനെ തുടർന്ന് ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഒരു മൗലിക കർത്തവ്യമാണ് മുകളിൽ നൽകിയിരിക്കുന്നത്. സമാനമായ മറ്റുചില മൗലിക കർത്തവ്യങ്ങൾ നൽകിയിരിക്കുന്നു. അവ നിങ്ങൾ പാലിക്കാറുണ്ടോ എന്ന് വിലയിരുത്തുക.

| | | |
|---|---|---|
| പൊതുസ്വത്ത് സംരക്ഷിക്കാറുണ്ട് | ഉണ്ട് | ഇല്ല |
| വനങ്ങളും നദികളും തടാകങ്ങളും സംരക്ഷിക്കുന്നു. | ഉണ്ട് | ഇല്ല |
| ഭരണഘടനയെ അനുസരിക്കുന്നു. | ഉണ്ട് | ഇല്ല |

മൗലികാവകാശങ്ങളോടൊപ്പം മൗലിക കർത്തവ്യങ്ങളുമുണ്ട്. ഭരണഘടനയുടെ ഭാഗം IV ലാണ് മൗലിക കർത്തവ്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്രം അവകാശങ്ങൾ ലഭ്യമാക്കുമ്പോൾ രാഷ്ട്രത്തോടും സമൂഹത്തോടും നമുക്ക് കടമകൾ ഉണ്ട് എന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. മൗലികാവകാശങ്ങൾ നമ്മുടെ വ്യക്തിത്വവികാസത്തെ സഹായിക്കുമ്പോൾ നിർദ്ദേശക തത്ത്വങ്ങൾ ജനക്ഷേമവും രാഷ്ട്രപുരോഗതിയും ഉറപ്പാക്കുന്നു. അതോടൊപ്പം മൗലിക കർത്തവ്യങ്ങൾ ഉത്തമ പൗരബോധമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നു.

മൗലിക കർത്തവ്യം ഉത്തമ പൗരനെ സൃഷ്ടിക്കുന്നതിൽ വഹിക്കുന്ന പങ്ക് വിശകലനം ചെയ്യൂ.

## പൗരബോധം



കേരളത്തിൽ സമീപകാലത്തുണ്ടായ പ്രളയസമയത്തെ രക്ഷാപ്രവർത്തനങ്ങൾ

സൂചിപ്പിക്കുന്ന ചിത്രങ്ങളും തായ്‌ലാന്റിലെ ഗുഹയിൽ അകപ്പെട്ട കുട്ടികളെയും ഫുട്ബോൾ കോച്ചിനെയും പുറത്തെത്തിക്കുന്നതിന് നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ ചിത്രങ്ങളുമാണ് മുകളിൽ നൽകിയിരിക്കുന്നത്. രണ്ട് സാഹചര്യങ്ങളിലും ഗവൺമെന്റും വിദഗ്ധരും സാധാരണ ജനങ്ങളും ഒത്തൊരുമിച്ച് നടത്തിയ പ്രവർത്തനങ്ങളാണ് ജീവഹാനി പരമാവധി ഒഴിവാക്കി ദുരിതബാധിതരെ രക്ഷിക്കാൻ സഹായിച്ചത്. പ്രളയസമയത്ത് മത്സ്യത്തൊഴിലാളികളും പ്രാദേശിക ജനങ്ങളും ഗവൺമെന്റ് സംവിധാനവും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയപ്പോൾ ലോകത്തെമ്പാടുമുള്ള ജനങ്ങൾ ദുരിതബാധിതർക്ക് ആവശ്യമായ ഭക്ഷണവും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിന് അന്തർദേശീയ തലത്തിൽ തന്നെ പ്രവർത്തിച്ചു എന്ന് കാണാം. സമാനമായ സംഭവങ്ങൾ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? എന്താണ് ഇവയിലെല്ലാം പൊതുവായുള്ള ഘടകം. ക്ലാസ്സിൽ ചർച്ച ചെയ്ത് താഴെ രേഖപ്പെടുത്തൂ.

- സേവന സന്നദ്ധത
- മാനുഷികത
- മൂല്യബോധം
- 
- 

എല്ലാവരിലും ഇത്തരം മനോഭാവം കണ്ടെത്താൻ നമുക്ക് സാധിക്കുകയില്ല. ഉത്തമമായ ഒരു സമൂഹസൃഷ്ടിക്ക് ഇത്തരം പൗരബോധം എല്ലാവരിലും വളർന്നുവരണം. എന്താണ് പൗരബോധം? ഓരോ പൗരനും സമൂഹത്തിനു വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപ്പര്യങ്ങളാണ് പൗരന് ഉണ്ടായിരിക്കേണ്ടതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം. ഇത്തരമൊരു അവബോധം ശരിയായ ഒരു ലോക സൃഷ്ടിക്കനിവാര്യമാണ്. എല്ലാവരിലും ഉത്തമമായ പൗരബോധം സൃഷ്ടിക്കാനായാൽ സമൂഹത്തിലെ പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം കാണാനും വിശ്വമാനവൻ എന്ന സങ്കൽപ്പം നിലനിർത്താനും കഴിയും.

ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ അമിത കീടനാശിനി പ്രയോഗം

കുമിഞ്ഞുകൂടുന്ന മാലിന്യം മോശം പൗരബോധത്തിന്റെ ലക്ഷണം

തന്നിരിക്കുന്ന തലക്കെട്ടുകൾ നിരീക്ഷിക്കൂ. നാം സർവസാധാരണമായി കാണുന്ന വാർത്തകളല്ലേ ഇവ. ഇത്തരം പ്രശ്നങ്ങളുടെ പേരിൽ നാം ഗവൺമെന്റിനെ കുറ്റപ്പെടുത്താറും ഇല്ലേ? എന്നാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റുകളെക്കൊണ്ടു മാത്രം കഴിയില്ല. പൗരബോധമുള്ള ജനതയെ സൃഷ്ടിക്കാനായാൽ ഇത്തരം പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടാവുകയില്ല എന്നതാണ് വസ്തുത. ഉത്തമ പൗരബോധത്തിന്റെ അഭാവത്താൽ പൊതുസമൂഹം അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ നൽകിയിരിക്കുന്നു. ഉത്തമ പൗരബോധത്തിനുടമയായ നിങ്ങൾ ഇവയെ നേരിടുന്നതെങ്ങനെയെന്ന് രേഖപ്പെടുത്തൂ.

| പ്രശ്നങ്ങൾ | പരിഹാരം |
|---|---|
| ജലമലിനീകരണം | • ജല സ്രോതസ്സുകളെ സ്വയം മലിനമാക്കില്ല.<br>• ജല സ്രോതസ്സുകളുടെ സംരക്ഷണം ഏറ്റെടുക്കും. |
| അഴിമതി | •<br>• |
| മായം ചേർക്കൽ | •<br>• |

ഇതിൽനിന്നും എല്ലാവരിലും പൗരബോധം വളർത്തിയെടുത്താൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരമുണ്ടാകും എന്ന് മനസിലാക്കാം. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട പൗരബോധം വളർത്തിയെടുക്കാൻ എല്ലാ രാജ്യങ്ങളും ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

## പൗരബോധം എങ്ങനെ വളർത്തിയെടുക്കാം

ജനങ്ങളിൽ പൗരബോധം വളർന്നുവരുന്നതെങ്ങനെയെന്ന് ചിന്തിച്ചിട്ടുണ്ടോ. വിവിധ സാമൂഹിക സ്ഥാപനങ്ങൾ ഇതിൽ നിർണായക പങ്കുവഹിക്കുന്നു. പൗരബോധം വളർത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ചില സ്ഥാപനങ്ങളും അവയുടെ പങ്കും സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.

| | |
|---|---|
| കുടുംബം | • മുതിർന്നവരെ ബഹുമാനിക്കാൻ ശീലിപ്പിക്കുന്നു.<br>• കർത്തവ്യബോധം വളർത്തുന്നു.<br>• സേവന സന്നദ്ധത രൂപീകരിക്കുന്നു. |
| വിദ്യാഭ്യാസം | • മൂല്യബോധം, നേതൃഗുണം, ശാസ്ത്രബോധം എന്നിവ വളർത്തുന്നു.<br>• സാങ്കേതികവിദ്യ ശരിയായി ഉപയോഗപ്പെടുത്തുന്നു. |
| സംഘടനകൾ | • സേവന സന്നദ്ധത വളർത്തുന്നു.<br>• രാഷ്ട്രീയബോധവും ജനാധിപത്യബോധവും വളർത്തുന്നു.<br>• ചിന്തയും പ്രവർത്തനവും രൂപപ്പെടുത്തുന്നു. |
| മാധ്യമങ്ങൾ | • വിവരങ്ങൾ ജനങ്ങളിലെത്തിച്ച് ആശയരൂപീകരണത്തിന് സഹായിക്കുന്നു.<br>• തുറന്ന സംവാദങ്ങളിലൂടെ ശരിയായ നിഗമനം രൂപപ്പെടുത്താൻ സഹായിക്കുന്നു. |
| ജനാധിപത്യം | • സ്വാതന്ത്ര്യം, സമത്വം തുടങ്ങിയവ ഉറപ്പാക്കുന്നു.<br>• അവകാശ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. |

## പൗരബോധവും ധാർമികതയും

നൽകിയിരിക്കുന്ന ചെക്ക്ലിസ്റ്റ് പൂർത്തിയാക്കുക.

| പ്രവർത്തനങ്ങൾ | ഉണ്ട് | ഇല്ല |
|---|---|---|
| മാതാപിതാക്കളെ ഉചിതമായി സംരക്ഷിക്കുന്നു | | |
| ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നു | | |
| സമൂഹത്തിനുവേണ്ടി അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്നു | | |

ഇവയൊക്കെ നാം നിരന്തരം ചെയ്യുന്ന ചില പ്രവർത്തനങ്ങളാണ്. ധാർമികതയാണ് ഇവയുടെയൊക്കെ അടിസ്ഥാനം. നന്മതിന്മക ളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ നമുക്ക് കഴിയണം. അവകാശങ്ങൾ അനുഭവിക്കുന്നതോ ടൊപ്പം ഓരോ പൗരനും തന്റെ കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യണം. പൗരബോധ മുള്ള ഉത്തമ പൗരൻ രാഷ്ട്രത്തിന് മുതൽ ക്കൂട്ടാണ്. പൗരത്വത്തെക്കുറിച്ചുള്ള ഈ അവബോധം സൃഷ്ടിക്കാൻ സാമൂഹ്യ ശാസ് ത്രപഠനം നിങ്ങളെ സഹായിക്കും.

## സംഗ്രഹം

- പൗരന് ഒഴിച്ചുകൂടാൻ കഴിയാത്ത അവകാശങ്ങളാണ് മൗലികാവകാ ശങ്ങൾ.
- അവകാശ പത്രിക മൗലികാവകാശങ്ങൾ ഉറപ്പാക്കുന്നു.
- ഇന്ത്യൻ ഭരണഘടന ഭാഗം മൂന്നിലൂടെ ആറ് മൗലികാവകാശങ്ങൾ ഉറ പ്പുനൽകുന്നു.
- ക്ഷേമരാഷ്ട്രം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാൻ നിർദ്ദേശക തത്ത്വ ങ്ങൾ ലക്ഷ്യമിടുന്നു.
- അവകാശങ്ങളെക്കൂടാതെ മൗലിക കർത്തവ്യങ്ങളും ഭരണഘടനയിലുൾ പ്പെടുത്തിയിട്ടുണ്ട്.
- കർത്തവ്യങ്ങൾ ഉത്തമ പൗരബോധം സൃഷ്ടിക്കുന്നതിന് സഹായകമാ ണ്.
- കുടുംബം, വിദ്യാഭ്യാസം തുടങ്ങിയവ പൗരബോധം വളർത്താൻ സഹാ യിക്കും.
- എല്ലാവരിലും ധാർമികബോധം വളർത്താൻ പൗരബോധം ലക്ഷ്യമി ടുന്നു.

## പഠനനേട്ടങ്ങൾ

- മൗലികാവകാശങ്ങൾ ഇന്ത്യയിൽ രൂപപ്പെട്ടതെങ്ങനെയെന്ന് കണ്ടെ ത്തുന്നു.
- അവകാശ പത്രിക നിർവചിക്കുന്നു.
- ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ പ്രസ്താവി ക്കുന്നു.
- വിവിധ മൗലികാവകാശങ്ങൾ വിലയിരുത്തുന്നു.
- നിർദ്ദേശക തത്ത്വങ്ങളുടെ പ്രാധാന്യം കണ്ടെത്തുന്നു.
- മൗലിക കടമകൾ അനുഷ്ഠിക്കുന്നു.
- പൗരബോധത്തെ നിർവചിക്കുന്നു.
- പൗരബോധം വളർത്താൻ സഹായിക്കുന്ന ഘടകങ്ങൾ വിശകലനം ചെയ്യാൻ സഹായിക്കുന്നു.
- പൗരബോധവും ധർമികതയും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- അവകാശ പത്രിക എന്നാൽ എന്ത്?
- മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് ഉൾപ്പെടുത്തിയിരിക്കുന്നത്?
- സമത്വാവകാശത്തിന്റെ ഭാഗമായിവരുന്ന വിവിധ ആശയങ്ങൾ എന്തെല്ലാം?
- സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉറപ്പുനൽകുന്ന മൗലിക സ്വാതന്ത്ര്യങ്ങൾ പട്ടികപ്പെടുത്തി വിശദമാക്കുക.
- ചൂഷണത്തെ ഇല്ലാതാക്കുന്നതിന് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നടപടികൾ ഏതെല്ലാം?
- മതസ്വാതന്ത്ര്യം മതേതരത്വത്തെ നിലനിർത്തുന്നതിൽ വഹിക്കുന്ന പങ്ക് വിശദമാക്കുക.
- ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന പ്രത്യേക അവകാശങ്ങൾ ഏതെല്ലാം?
- മൗലികാവകാശം സംരക്ഷിക്കുന്നതിന് പുറപ്പെടുവിക്കുന്ന റിട്ടുകൾ ഏതെല്ലാം?
- നിർദ്ദേശക തത്ത്വങ്ങൾ എന്നാൽ എന്ത്? അവ ക്ഷേമരാഷ്ട്ര രൂപീകരണത്തിന് സഹായകമാകുന്നതെങ്ങനെ?
- മൗലിക കർത്തവ്യങ്ങൾ എന്നാൽ എന്ത്?
- പൗരബോധം എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്? പൗരബോധ രൂപീകരണത്തെ സഹായിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
- ധാർമികത പൗരബോധ രൂപീകരണത്തെ സഹായിക്കുന്നതെങ്ങനെ?

## തുടർപ്രവർത്തനങ്ങൾ

- കേരളത്തിൽ സമീപകാലത്തുണ്ടായ ഹേബിയസ് കോർപ്പസ് ഹർജികൾ ശേഖരിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക.
- മൗലികാവകാശത്തിന്റെ വ്യാപ്തി വിപുലമാക്കിയ സമീപകാല സുപ്രീം കോടതി വിധികൾ ശേഖരിക്കുക.
- നിർദ്ദേശക തത്ത്വങ്ങൾ നടപ്പാക്കുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കൈക്കൊണ്ട നടപടികൾ ശേഖരിച്ച് ചുവർ മാസിക തയ്യാറാക്കുക.
- ഉയർന്ന പൗരബോധം പ്രകടിപ്പിക്കുന്ന മഹത് വ്യക്തികളുടെ ജീവചരിത്രം തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| അവകാശപ്പത്രിക നിർവചിക്കാൻ | | | |
| ഇന്ത്യൻ ഭരണഘടനയിലെ മൗലികാവ കാശങ്ങൾ പട്ടികപ്പെടുത്താൻ | | | |
| മൗലികാവകാശങ്ങൾ വിശകലനം ചെയ്യാൻ | | | |
| നിർദ്ദേശക തത്വങ്ങളുടെ പ്രാധാന്യം വിലയിരുത്താൻ | | | |
| മൗലിക കർത്തവ്യങ്ങൾ നിർവചിക്കാൻ | | | |
| പൗരബോധത്തെ നിർവചിക്കാൻ | | | |
| പൗരബോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദമാക്കാൻ | | | |



# അധ്യായം 9

# രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും




ലോകത്തിന്റെ രാഷ്ട്രീയഭൂപടമാണ് നൽകിയിരിക്കുന്നത്. ഭൂപടത്തിൽനിന്നും എന്താണ് നിങ്ങൾക്ക് കണ്ടെത്താനാകുന്നത്? ലോകത്താകെ 195 രാഷ്ട്രങ്ങളാണ് ഉള്ളത്. അതായത്

രാഷ്ട്രം ഒരു സാർവത്രിക സ്ഥാപനമാണ്. മനുഷ്യൻ രൂപംനൽകിയ നിരവധി സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും രാഷ്ട്രമാണ്. ജനക്ഷേമം ഉറപ്പാക്കുന്നതിനും സുരക്ഷിതവും സമാധാനപൂർണവുമായ ജീവിതം സാധ്യമാക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും രാഷ്ട്രം അനിവാര്യമാണ്.

## എന്താണ് രാഷ്ട്രം?

മനുഷ്യസമൂഹത്തിന് ഇന്ന് ഒഴിച്ചുകൂടാൻ കഴിയാത്ത സ്ഥാപനമാണ് രാഷ്ട്രം. വ്യത്യസ്ത രൂപങ്ങളിൽ ആയിട്ടാണെങ്കിലും മാനവജീവിതത്തിലുടനീളം രാഷ്ട്രം നിലനിന്നിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. എന്നാലും ആധുനിക അർത്ഥത്തിൽ രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ചത് പാശ്ചാത്യ ചിന്തകനായ നിക്കോളോ മാക്യവല്ലിയാണ്. പുരാതന ഗ്രീക്കുകാരാകട്ടെ നഗരരാഷ്ട്രം എന്ന അർത്ഥം വരുന്ന 'പോളിസ്' എന്ന പദമാണ് ഉപയോഗിച്ചിരുന്നത്.



*മാക്യവല്ലി*

വ്യത്യസ്ത കാലങ്ങളിൽ വിവിധ ചിന്തകന്മാർ രാഷ്ട്രത്തെ നിർവചിക്കുകയുണ്ടായി.ഇതിൽ ഏറ്റവും പ്രധാനമായത് പ്രൊഫസർ ഗാർണർ നൽകിയ നിർവചനമാണ്.''ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാര ഗവൺമെന്റോടുകൂടിയതുമായ ജനതയാണ് രാഷ്ട്രം''. നിർവചനം പരിശോധിച്ച് രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ കണ്ടെത്തി ചാർട്ട് പൂർത്തീകരിക്കുക.

**രാഷ്ട്രത്തിന്റെ ഘടകങ്ങൾ**

| ജനങ്ങൾ | ............................ | ............................ | ............................ |
|---|---|---|---|



രാഷ്ട്രരൂപീകരണത്തിന് പ്രധാനമായും നാല് ഘടകങ്ങളാണ് ഉള്ളത് എന്ന് മനസിലായല്ലോ. രാഷ്ട്ര രൂപീകരണത്തിൽ ഇവ സുപ്രധാന പങ്കുവഹിക്കുന്നു.

### ജനങ്ങൾ

ലോക ജനസംഖ്യയുടെ 17.2 ശതമാനം ഇന്ത്യയിൽ

ജനസംഖ്യയിൽ ഭൂട്ടാൻ 164-ാം സ്ഥാനത്ത്

ഇന്ത്യ ജനസംഖ്യാനയം പ്രഖ്യാപിച്ചു

വിവിധ രാജ്യങ്ങളിലെ ജനസംഖ്യയുമായി ബന്ധപ്പെട്ട വാർത്താ തലക്കെട്ടുകളാണ് മുകളിൽ നൽകിയത്.

രാഷ്ട്രം രൂപീകരിക്കപ്പെടണമെങ്കിൽ ജനങ്ങൾ ഉണ്ടാവണം. രാജ്യത്ത് എത്രമാത്രം ജനങ്ങൾ ഉണ്ടാവണം? ഈ ചോദ്യത്തിന് ഉത്തരം നൽകുക സാധ്യമല്ല. കാരണം ഒരു രാജ്യത്തെ കുറഞ്ഞ ജനസംഖ്യയോ കൂടിയ ജനസംഖ്യയോ നിശ്ചയിക്കപ്പെട്ടിട്ടില്ല. കൂടിയ ജനസംഖ്യ രാഷ്ട്രത്തിന് ബാദ്ധ്യതയാവുമ്പോൾ കുറഞ്ഞ ജനസംഖ്യ രാഷ്ട്രവികസനത്തെ പ്രതികൂലമായി ബാധിക്കും.

ജനങ്ങൾ ഒരു മതവിഭാഗത്തിൽപ്പെട്ടവരോ ഒരേ ഭാഷ സംസാരിക്കുന്നവരോ ആവണമെന്നില്ല. ലോകത്ത് എല്ലാ രാജ്യങ്ങളിലും വൈവിദ്ധ്യ സ്വഭാവമുള്ള ജനങ്ങളാണ് ഉള്ളത്. ഇന്ത്യയിലെ ജനങ്ങൾ ഭാഷ, മതം, സംസ്കാരം തുടങ്ങിയവയിലെല്ലാം വ്യത്യസ്തരാണല്ലോ. വൈവിദ്ധ്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ ഒത്തൊരുമയോടെ ജീവിക്കുന്നവരാവണം ഒരു രാഷ്ട്രത്തിലെ ജനങ്ങൾ.

### ഭൂപ്രദേശം





ഇന്ത്യയുടെ ഭൂപടമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഭൂപടം പരിശോധിച്ച് ഇന്ത്യ അതിർത്തി പങ്കുവയ്ക്കുന്ന രാജ്യങ്ങൾ, ജലമേഖല എന്നിവ എഴുതി താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| | | |
|---|---|---|
| • പാകിസ്ഥാൻ | • നേപ്പാൾ | • ഇന്ത്യൻ സമുദ്രം |
| • | • | • |
| • | • | • |

എന്താണ് ഇതിൽനിന്നും നാം മനസിലാക്കുന്നത്. ഇന്ത്യ, പാകിസ്ഥാൻ, ചൈന, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കുവയ്ക്കുന്നതോടൊപ്പം ജല അതിർത്തിയും ഇന്ത്യക്കുണ്ട്. ഈ അതിരുകൾക്കുള്ളിൽ വരുന്ന ഭൂപ്രദേശമേഖല ഇന്ത്യയുടെ പരമാധികാര ഭൂപ്രദേശമാണ്. കൃത്യമായ ഒരു ഭൂപ്രദേശമേഖല രാഷ്ട്രരൂപീകരണത്തിന് ആവശ്യമാണ്. ജനങ്ങൾ നിശ്ചിതമായ ഭൂപ്രദേശത്ത് സ്ഥിരമായി താമസിക്കു

മ്പോൾ മാത്രമേ രാഷ്ട്രം നിലവിൽ വരൂ. ഭൂപ്രദേശം എന്നാൽ അതിർത്തിക്കുള്ളിൽ വരുന്ന കര, വായു, ജലമേഖലകൾ എന്നാണ് അർത്ഥമാക്കുന്നത്.

### ലോക രാഷ്ട്രീയ ഭൂപടം നിരീക്ഷിക്കൂ




വലിപ്പം കൂടിയ റഷ്യ, കാനഡ, അമേരിക്ക പോലെയുള്ള രാജ്യങ്ങളും സാന്റ് മെരീനോ, വത്തിക്കാൻ നഗരം തുടങ്ങിയ ചെറിയ രാജ്യങ്ങളും ഭൂപടത്തിൽ കാണാം. എന്താണ് ഇതിൽ നിന്നും നാം മനസിലാക്കേണ്ടത്. ഭൂപ്രദേശപരമായ വലിപ്പം രാഷ്ട്രത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നില്ല. കൃത്യമായ അതിർത്തിയോടുകൂടിയ ഭൂപ്രദേശം ഉണ്ടായാൽ മതി. എന്നാൽ ഭൂപ്രദേശപരമായ വലിപ്പം വിഭവങ്ങളുടെ ലഭ്യതയെയും അതിലൂടെ രാഷ്ട്രത്തിന്റെ വികസനത്തെയും സ്വാധീനിക്കും.

**ഭൂപ്രദേശപരമായ വലിപ്പം രാഷ്ട്രവികസനത്തെ സ്വാധീനിക്കുന്നതെങ്ങനെ? വിശകലനം ചെയ്യുക.**

## ഗവൺമെന്റ്

**ദ്വിദിന സന്ദർശനത്തിന് സൗദി രാജാവ് ഇന്ന് തലസ്ഥാനത്തെത്തും**

**ചേരിചേരാ ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി വെനിസ്വേലയിൽ**

**അമേരിക്കൻ പ്രസിഡന്റായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും**

വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകളുമായി ബന്ധപ്പെട്ട വാർത്താ തലക്കെട്ടുകളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഓരോ രാഷ്ട്രത്തിനും അതിന്റേതായ ഗവൺമെന്റ് ഉണ്ടെന്നും വിവിധ രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ ഗവൺമെന്റുകളാണ് നിലനിൽക്കുന്നത് എന്നും ഇതിൽ നിന്നും മനസിലാക്കാം. ചില രാജ്യങ്ങളിൽ ജനാധിപത്യ ഭരണവും മറ്റു ചില രാജ്യങ്ങളിൽ രാജഭരണമോ സൈനിക ഭരണവുമോ ആവാം നിലനിൽക്കുന്നത്. ഗവൺമെന്റ് ഏതുതരത്തിലുള്ളതായാലും രാഷ്ട്രത്തിന്റെ നിലനിൽപ്പിന് ഗവൺമെന്റ് കൂടിയേ തീരൂ എന്നതാണ് വസ്തുത. ഗവൺമെന്റിന്റെ ഘടനയോ സ്വഭാവമോ മാറിയാലും രാഷ്ട്രത്തിന് മാറ്റമുണ്ടാവുകയില്ല.

രാഷ്ട്രം ജനങ്ങളിലേക്കെത്തുന്നത് ഗവൺമെന്റിലൂടെയാണ്. രാഷ്ട്രത്തിനാവശ്യമായ നിയമങ്ങൾ നിർമിക്കുക, അവ നടപ്പാക്കുക, ജനങ്ങൾക്ക് നീതി ലഭ്യമാക്കുക തുടങ്ങിയവയെല്ലാം ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഗവൺമെന്റില്ലാത്ത പക്ഷം ജനങ്ങൾക്ക് സമാധാനപൂർവം ഒത്തൊരുമയോടെ ജീവിക്കുക സാധ്യമല്ല.

**രാഷ്ട്രം, ഗവൺമെന്റ് എന്നീ ആശയങ്ങൾ എങ്ങനെ വ്യത്യാസപ്പെടുന്നു?**

## പരമാധികാരം

**ആഗോള ഭീകരവാദത്തെ നേരിടുന്നതിന് ഇന്ത്യ, റഷ്യ ഉഭയകക്ഷി സഹകരണം**

**വ്യവസായ കാർഷിക മേഖലകളുടെ പുരോഗതിക്ക് കൂടുതൽ പണം വകയിരുത്തും**

**ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ പുതിയ കരാർ ആലോചനയിൽ**

ദേശീയതലത്തിൽ ഗവൺമെന്റുകൾ എടുക്കുന്ന തീരുമാനങ്ങളും അന്തർദേശീയ വിഷയങ്ങളിലെ നിലപാടുകളും രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ബന്ധവുമാണ് വാർത്തയിൽ പ്രതിപാദിക്കുന്നത്. 1947 ആഗസ്റ്റ് 15-ന് മുൻപ് ഇത്തരം വിഷയങ്ങളിൽ തീരുമാനം എടുക്കാൻ ഇന്ത്യക്ക് കഴിഞ്ഞിരുന്നില്ല. ഇന്ത്യക്ക് വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റാണ് തീരുമാനങ്ങൾ എടുത്തിരുന്നത്. ഇന്ത്യ സ്വതന്ത്രമായതോടെ തീരുമാനമെടുക്കാനുള്ള അധികാരം രാജ്യത്തെ ജനങ്ങൾക്ക് ലഭിച്ചു.

രാഷ്ട്രരൂപീകരണത്തിനനിവാര്യമായ ഒരു ഘടകമാണ് പരമാധികാരം. മറ്റ് മൂന്നു ഘടകങ്ങളും ഉണ്ടായാലും രാഷ്ട്രം നിലവിൽവരണമെങ്കിൽ പരമാധികാരം ഉണ്ടാവണം. എന്താണ് പരമാധികാരം? ആഭ്യന്തരവിഷയങ്ങളിൽ തീരുമാനം എടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വതന്ത്രമായ നിലപാടെടുക്കാനും ഉള്ള രാഷ്ട്രത്തിന്റെ പരമോന്നത അധികാരമാണ് അത്. പരമാധികാരത്തിന്റെ ഈ രണ്ടുതലങ്ങൾ ചാർട്ടിൽ നിരീക്ഷിക്കൂ.

**പരമാധികാരം**

- ആഭ്യന്തരതലം — രാഷ്ട്രത്തിന്റെ ഭൂപ്രദേശ പരിധിക്കുള്ളിൽ വരുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുന്നു.
- ബാഹ്യതലം — അന്തർദേശീയ വിഷയങ്ങളിൽ നിലപാടെടുക്കാനുള്ള അധികാരം.

പരമാധികാരം വിഭജിക്കാൻ കഴിയാത്തതും സമ്പൂർണവും അപരിമിതവുമാണ്. വിഭജിച്ചാൽ പുതിയ രാഷ്ട്രം രൂപീകരിക്കപ്പെടും.

**ഇന്ത്യ അന്തർദേശീയ വിഷയത്തിലും ആഭ്യന്തരകാര്യങ്ങളിലും എടുത്തിട്ടുള്ള തീരുമാനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.**

## രാഷ്ട്രത്തിന്റെ ചുമതലകൾ

> രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്.
>
> ***- ജെർമി ബന്താം***

രാഷ്ട്രത്തിന്റെ ലക്ഷ്യവും ചുമതലയും സംബന്ധിച്ച ബെന്താമിന്റെ ആശയം പരിശോധിക്കൂ. രാഷ്ട്രത്തിലെ പരമാവധി ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ് രാഷ്ട്രത്തിന്റെ ലക്ഷ്യം. എല്ലാവർക്കും സുരക്ഷിതത്വവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും പ്രദാനം ചെയ്യുക എന്നതാണ് എക്കാലത്തും രാഷ്ട്രത്തിന്റെ ചുമതലയായി കണക്കാക്കപ്പെട്ടിട്ടുള്ളത്. രാഷ്ട്രത്തിന്റെ ചുമതലകൾ സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.

**രാഷ്ട്രത്തിന്റെ ചുമതലകൾ**

**നിർബന്ധിത ചുമതല**

- അതിർത്തി സംരക്ഷണം.
- ക്രമസമാധാനം ഉറപ്പാക്കൽ.
- നീതി നടപ്പാക്കൽ.
- പൗരന്റെ ജീവനും സ്വത്തും സംരക്ഷിക്കൽ.

**വിവേചനപരമായ ചുമതല**

- ആരോഗ്യസംരക്ഷണം.
- വിദ്യാഭ്യാസസൗകര്യം ലഭ്യമാക്കുക.
- ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
- വികസനപദ്ധതികൾ നടപ്പാക്കുക.

രാഷ്ട്രം എല്ലായ്പ്പോഴും നിർവഹിക്കേണ്ട ചുമതലകളാണ് നിർബന്ധിത ചുമതലകൾ. നിർബന്ധിത ചുമതലകൾ നിർവഹിക്കാത്ത പക്ഷം രാഷ്ട്രത്തിന്റെ നിലനിൽപ്പും ജനങ്ങളുടെ ജീവനും അപകടത്തിലാവും. എന്നാൽ രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതി അടിസ്ഥാനമാക്കി നിർവഹിക്കുന്ന ചുമതലകളാണ് വിവേചനപരമായ ചുമതലകൾ. സാമ്പത്തിക സ്ഥിതി അനുവദിക്കാത്ത പക്ഷം ഇവ നിർവഹിക്കുന്നത് പരിമിതപ്പെടുത്തുകയോ ഒഴിവാക്കുകയോ ആവാം. അതേസമയം നിർബന്ധിത ചുമതലയുടെ കാര്യത്തിൽ അത് സാദ്ധ്യമല്ല.


**ഇന്ത്യ നിർവഹിക്കുന്ന നിർബന്ധിത വിവേചന ചുമതലകൾ ഉൾപ്പെടുത്തി വീഡിയോ ആൽബം തയ്യാറാക്കുക.**

വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, തൊഴിലവസരം ഉണ്ടാക്കൽ തുടങ്ങിയ വിവേചനപരമായ ചുമതലകൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ രാഷ്ട്രം അതിന്റെ ലക്ഷ്യത്തിൽ ക്ഷേമരാഷ്ട്രമായി മാറും.

**രാഷ്ട്രം നിർവഹിക്കുന്ന നിർബന്ധിതവും വിവേചനപരവും ആയ ചുമതലകൾ തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുക?**

## രാഷ്ട്രത്തിന്റെ ആവിർഭാവം

രാഷ്ട്രം എങ്ങനെ നിലവിൽ വന്നു എന്നത് എക്കാലത്തും ഒരു സംവാദ വിഷയമാണ്. രാഷ്ട്രത്തിന്റെ ആവിർഭാവത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളാണ് ചിന്തകർക്കിടയിൽ നിലനിൽക്കുന്നത്. എന്തു തന്നെയായാലും പുരാതനകാലം മുതൽ രാഷ്ട്രം നിലനിന്നിരുന്നു എന്നത് വസ്തുതയാണ്. രാഷ്ട്രത്തിന്റെ ആവിർഭാവം സംബന്ധിച്ച് ധാരാളം സിദ്ധാന്തങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനമായവ ഡയഗ്രത്തിൽ നിരീക്ഷിക്കൂ.



രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട് പൊതുവെ സ്വീകാര്യമായ സിദ്ധാന്തം പരിണാമസിദ്ധാന്തമാണ്. ഈ സിദ്ധാന്തമനുസരിച്ച് ഗോത്രം, ഗോത്രഭരണം എന്നിവയിൽ തുടങ്ങി വിവിധ ഘട്ടങ്ങളിലൂടെ ഇന്നത്തെ നിലയിൽ എത്തിയെന്ന് കരുതപ്പെടുന്നു. ആധുനിക രാഷ്ട്രങ്ങൾ മിക്കവയും ദേശരാഷ്ട്രങ്ങൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പൊതുവായ ദേശീയതയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നതിനാലാണ് ഇപ്രകാരം അറിയപ്പെടുന്നത്. രാഷ്ട്രത്തോടുള്ള ജനങ്ങളുടെ ഉദാത്തമായ സ്നേഹവും പ്രതിബദ്ധതയും ഐക്യവുമാണ് ദേശരാഷ്ട്രത്തിന്റെ മുഖമുദ്ര.

**രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന സിദ്ധാന്തങ്ങൾ എന്തെല്ലാം? വിശദമാക്കുക.**

## രാഷ്ട്രവും പൗരനും

**2016-ൽ ക്യാനഡയിലേക്ക് കുടിയേറിയത് 300000 ജനങ്ങൾ**

രാഷ്ട്രരൂപീകരണത്തിന് ജനങ്ങൾ ആവശ്യമാണെന്ന് കണ്ടല്ലോ. രാഷ്ട്രവും വ്യക്തിയും തമ്മിലുള്ള ബന്ധം നിശ്ചയിക്കുന്നത് പൗരത്വത്തെ അടിസ്ഥാനമാക്കിയാണ്. നൽകിയിരിക്കുന്ന വാർത്താ തലക്കെട്ട് നിരീക്ഷിക്കൂ.

ഒരു രാഷ്ട്രത്തിന്റെ നിയമനിർമാണ നടപടികളിലും നീതിനിർവഹണത്തിലും പങ്കെടുക്കാൻ അധികാരമുള്ള ഏതു വ്യക്തിയെയും ആ രാഷ്ട്രത്തിലെ പൗരൻ എന്ന് വിളിക്കാം.

***- അരിസ്റ്റോട്ടിൽ***

രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം അരിസ്റ്റോട്ടിലിന്റെ ഈ നിർവചനത്തിൽനിന്നും മനസിലാക്കാം. ഒരു രാജ്യത്തെ പൂർണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം. പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കും പ്രാപ്തനാക്കുന്നു. അവകാശങ്ങളോടൊപ്പം കടമകളും ഉണ്ടെന്ന കാര്യം പൗരത്വം ജനങ്ങളെ ഓർമപ്പെടുത്തുന്നു.

**ഇന്ത്യൻ വംശജർക്ക് ഇന്ത്യൻ പൗരത്വത്തിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 31-ലേക്ക് നീട്ടി**

വാർത്ത നിരീക്ഷിക്കൂ. ഇന്ത്യൻ വംശജരായവർക്ക് ഇന്ത്യൻ പൗരത്വം നേടുന്നതിന് ഇതിലൂടെ അവസരം ലഭിക്കുന്നു. ഇതിൽ



പ്രമുഖ ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെയും മറ്റ് അനേകം പാഠ്യവിഷയങ്ങളുടെയും പിതാവ് എന്ന് അറിയപ്പെടുന്നു. രാഷ്ട്രത്തെയും രാഷ്ട്രതന്ത്ര ശാസ്ത്രത്തെയും സമഗ്രമായി വിശകലനം ചെയ്യുന്ന അദ്ദേഹത്തിന്റെ പ്രമുഖ കൃതിയാണ് *പൊളിറ്റിക്സ്.*

നിന്നും പൗരത്വം രണ്ടുതരമുണ്ട് എന്ന് മനസിലാക്കാം. ചാർട്ട് നിരീക്ഷിക്കൂ.

**പൗരത്വം**

- സ്വാഭാവിക പൗരത്വം
  - ജന്മനാ ലഭിക്കുന്ന പൗരത്വം
- ആർജിത പൗരത്വം
  - നിയമപരമായ നടപടികളിലൂടെ നേടുന്ന പൗരത്വം

ഒരു രാജ്യത്തെ അധിവസിക്കുന്ന എല്ലാ ജനങ്ങളും ആ രാജ്യത്തെ പൗരൻ ആകണമെന്നില്ല. ധാരാളം ഇന്ത്യൻ തൊഴിലാളികൾ വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ടല്ലോ. പൗരന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും വിദേശ തൊഴിലാളികൾക്ക് ലഭിക്കില്ല. പൗരന് മാത്രമാണ് ജനാധിപത്യ രാജ്യങ്ങളിൽ രാഷ്ട്രീയ അവകാശങ്ങൾ ലഭിക്കുക.

## രാഷ്ട്രതന്ത്ര ശാസ്ത്രം

> രാഷ്ട്രതന്ത്ര ശാസ്ത്രം
> രാഷ്ട്രത്തിൽ തുടങ്ങി
> രാഷ്ട്രത്തിൽ അവസാനിക്കുന്നു.
> **– *ഗാർണർ***

രാഷ്ട്രതന്ത്ര ശാസ്ത്രത്തെക്കുറിച്ചുള്ള ഗാർണറുടെ നിർവചനമാണ് മുകളിൽ നൽകിയിരിക്കുന്നത്. രാഷ്ട്രത്തെക്കുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രമെന്ന് ഗാർണർ ഇവിടെ അഭിപ്രായപ്പെടുന്നു. രാഷ്ട്രത്തെ സമഗ്ര വിശകലനത്തിന് വിധേയമാക്കിയത് ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലാണ്. രാഷ്ട്രം, ഗവൺമെന്റ് എന്നിവയെക്കുറിച്ചുള്ള പഠനമായി രാഷ്ട്രതന്ത്ര ശാസ്ത്രത്തെ അരിസ്റ്റോട്ടിൽ നിർവചിക്കുന്നു. രാഷ്ട്രം, ഗവൺമെന്റ് എന്നിവ സമഗ്രമായി വിശകലനം ചെയ്യുന്ന 'പൊളിറ്റിക്സ്' എന്ന തന്റെ കൃതിയിലാണ് രാഷ്ട്രതന്ത്ര ശാസ്ത്രത്തെ അദ്ദേഹം ഇപ്രകാരം നിർവചിച്ചത്. രാഷ്ട്രതന്ത്ര ശാസ്ത്രത്തെ ആദ്യമായി നിർവചിച്ച വ്യക്തിയെന്ന നിലയിൽ അദ്ദേഹം രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നു. നഗരരാഷ്ട്രം എന്നർത്ഥം വരുന്ന പോളിസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് പോളിറ്റിക്സ് എന്ന വാക്ക് രൂപം കൊണ്ടത്.

രാഷ്ട്രം, ഗവൺമെന്റ് എന്നീ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനമെന്ന നിലയിലാണ് രാഷ്ട്രതന്ത്ര ശാസ്ത്രം നിലവിൽവന്നത്. എന്നാൽ പിൽക്കാലത്ത് രാഷ്ട്രതന്ത്ര ശാസ്ത്ര പഠനത്തിന്റെ മേഖല വളരെയധികം വിപുലമായി. അധികാരം, അധികാരവിനിയോഗം എന്നിവയ്ക്ക് പിൽക്കാലത്ത് പ്രാമുഖ്യം ലഭിച്ചു. ജനാധിപത്യ വ്യവസ്ഥ വളർച്ച പ്രാപിച്ചതോടെ രാഷ്ട്രീയ പങ്കാളിത്തത്തിനും പ്രാധാന്യം ലഭിച്ചു. രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകൾ ചാർട്ടിൽ നിരീക്ഷിക്കൂ.

**രാഷ്ട്രതന്ത്ര ശാസ്ത്രം: പഠനമേഖലകൾ**

- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- അന്തർദേശീയ രാഷ്ട്രീയം
- താരതമ്യ രാഷ്ട്രീയം
- പൊതുഭരണം

## സംഗ്രഹം

- ജനങ്ങൾ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം എന്നിങ്ങനെ നാലു ഘടകങ്ങളോടുകൂടിയ സ്ഥാപനമാണ് രാഷ്ട്രം.
- പരമാധികാരത്തിന് ആഭ്യന്തരബാഹ്യ തലങ്ങൾ ഉണ്ട്.
- രാഷ്ട്രം നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ നിർവഹിക്കുന്നു.
- അതിർത്തി സംരക്ഷണം, ക്രമസമാധാനപാലനം എന്നിങ്ങനെയുള്ള ചുമതലകൾ നിർബന്ധിത ചുമതലകളാണ്.
- ആരോഗ്യ സംരക്ഷണം, വികസന പദ്ധതികൾ നടപ്പാക്കുക തുടങ്ങിയ വിവേചനപരമായ ചുമതലകൾ രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി നിർവഹിക്കേണ്ടവയാണ്.
- രാഷ്ട്രത്തിന്റെ ആവിർഭാവത്തെക്കുറിച്ച് വിവിധ സിദ്ധാന്തങ്ങൾ നിലനിൽക്കുന്നു.
- രാജ്യത്തെ ജനങ്ങൾ പൗരൻ എന്നറിയപ്പെടുന്നു.
- പൗരത്വം സ്വാഭാവിക പൗരത്വം, ആർജിത പൗരത്വം എന്നിങ്ങനെ രണ്ടുതരത്തിലുണ്ട്.
- രാഷ്ട്രത്തെക്കുറിച്ചുള്ള പഠനം എന്ന നിലയിൽ ആവിർഭവിച്ച ഒരു പഠനശാഖയാണ് രാഷ്ട്രതന്ത്ര ശാസ്ത്രം.

## പഠനനേട്ടങ്ങൾ

- രാഷ്ട്രത്തെ നിർവചിച്ച് അതിന്റെ സാർവത്രിക സ്വഭാവം വ്യക്തമാക്കുന്നു.
- രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- പരമാധികാരത്തിന്റെ ആഭ്യന്തര ബാഹ്യതലങ്ങൾ വിലയിരുത്തുന്നു.
- രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ വേർതിരിച്ച് വിശദമാക്കുന്നു.
- രാഷ്ട്രരൂപീകരണത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിവരിക്കുന്നു.
- പൗരത്വത്തെ നിർവചിച്ച് രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു.
- സ്വാഭാവിക പൗരത്വവും ആർജിത പൗരത്വവും തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുന്നു.
- രാഷ്ട്രതന്ത്ര ശാസ്ത്രത്തെ നിർവചിക്കുന്നു.
- രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ വിവിധ പഠന മേഖലകൾ പട്ടികപ്പെടുത്തുന്നു.

## തുടർ പ്രവർത്തനങ്ങൾ

- പ്രമുഖ രാഷ്ട്രീയ ചിന്തകരുടെ ചിത്രങ്ങളും അവരുടെ പ്രധാന കൃതികളും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുക.
- ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിർവഹിക്കുന്ന വിവേചന ചുമതലകൾ അടിസ്ഥാനമാക്കി ഡോക്യുമെന്ററി തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|
| രാഷ്ട്രത്തെ നിർവചിക്കാൻ കഴിയും | | | |
| രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ വിശകലനം ചെയ്യാൻ കഴിയും | | | |
| രാഷ്ട്രത്തിന്റെ ആവിർഭാവത്തെ കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിശദമാക്കാൻ കഴിയും | | | |
| രാഷ്ട്രത്തിന്റെ ചുമതലകൾ തരംതിരിച്ച് പ്രസ്താവിക്കാൻ കഴിയും | | | |
| പൗരത്വത്തെ നിർവചിക്കാൻ കഴിയും | | | |
| പൗരനും രാഷ്ട്രവും തമ്മിലുള്ള ബന്ധം വിശദമാക്കാൻ കഴിയും | | | |
| രാഷ്ട്രതന്ത്ര ശാസ്ത്രത്തെ നിർവചിക്കാൻ കഴിയും | | | |
| രാഷ്ട്രത്തിന്റെ വിവിധ മേഖലകൾ പട്ടികപ്പെടുത്താൻ കഴിയും | | | |



അധ്യായം 10

# സമൂഹത്തിന്റെ ശാസ്ത്രം


## വരട്ടാർ പുനരുജ്ജീവനം തികച്ചും ജനകീയം...

നാട്ടുകാരുടെ വിളികേട്ട് പുഴ തിരിച്ചെത്തിയതിന്റെ സന്തോഷത്തിലാണ് ആദിപമ്പയുടെ തീരത്തുള്ളവർ. പഴയ നദീതടം തിരികെ എത്തുമോ എന്നതാണ് ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന സംസാരവിഷയം.

ഒരിക്കൽ വറ്റിപ്പോയ പുഴയെ പുനരുജ്ജീവിപ്പിക്കണമെന്ന നാട്ടുകാരുടെ ഉറച്ച തീരുമാനമാണ് വരട്ടാർ പുനരുജ്ജീവന പദ്ധതിക്ക് തുടക്കമിട്ടത്. തികച്ചും ജനകീയ പങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തകരും വിദേശ മലയാളികളും നാട്ടുകാർക്ക് സഹായവുമായെത്തി.

വരട്ടാറിന്റെ തീരത്തുള്ള പഞ്ചായത്തുകളിലെ ജനങ്ങൾ പ്രാദേശിക സമിതികൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. നദിയുടെ മുഖം തുറക്കൽ ഉത്സവമാക്കാൻ നാടൊരുങ്ങുകയാണ്...

മുകളിൽ നൽകിയിരിക്കുന്ന വിവരണം വായിച്ചുവല്ലോ? വളരെയേറെ ജനശ്രദ്ധയും പ്രശംസയും പിടിച്ചുപറ്റിയ ഒരു പ്രവർത്തനത്തെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചത്. ഇവിടെ വരട്ടാറിന്റെ തീരത്തുള്ളവരും പരിസ്ഥിതി പ്രവർത്തകരും ഒന്നിച്ചിരുന്ന് ആസൂത്രണം ചെയ്ത പരിപാടികളുടെ അടിസ്ഥാനത്തിലായിരുന്നു ഇവരുടെ പ്രവർത്തനങ്ങൾ. വരട്ടാറിന്റെ പുനരുജ്ജീവനം എന്ന ലക്ഷ്യം നിറവേറ്റിക്കഴിഞ്ഞാൽ ഈ കൂട്ടായ്മ ഇല്ലാതെയാകും.



ഇതേപോലെ ഉദ്ദേശ്യലക്ഷ്യം നിറവേറ്റിക്കഴിയുമ്പോൾ ഇല്ലാതാകുന്ന സംഘങ്ങളും ജീവിതകാലം മുഴുവൻ പ്രവർത്തിക്കുന്ന സാമൂഹ്യസംഘങ്ങളുമുണ്ട്. നമ്മുടെ കുടുംബംതന്നെ ഉദാഹരണമായി എടുക്കാം. കുടുംബം എന്നത് അച്ഛൻ, അമ്മ, മക്കൾ എന്നിവരടങ്ങുന്ന ഒരു സാമൂഹ്യ സംഘമാണ്.

### സാമൂഹ്യസംഘങ്ങൾക്ക് ഉദാഹരണമാണ്:

- കുടുംബം
- ക്ലബുകൾ
- കൂട്ടുകാർ
- സംഘടനകൾ തുടങ്ങിയവ

**സഹജീവികളോ, സാമൂഹിക സംഘങ്ങളോ ഇല്ലാത്ത സാഹചര്യങ്ങളിൽ ഉണ്ടാവാനിടയുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

### സാമൂഹ്യസംഘം

സമൂഹജീവിയായ മനുഷ്യന് സാമൂഹ്യ സംഘങ്ങളില്ലാതെ നിലനിൽപ്പില്ല.

### എന്താണ് സാമൂഹ്യസംഘം?

*''രണ്ടോ അതിലധികമോ ആൾക്കാർ ഒന്നിച്ചുകൂടുകയും പരസ്പരം സ്വാധീനം ചെലുത്തുകയും ചെയ്യുമ്പോൾ അതിനെ ഒരു സാമൂഹ്യ സംഘം എന്ന് വിളിക്കുന്നു.''* **– *വില്യം ഓഗ്ബൺ***

*''പരസ്പരം സഹകരിക്കുന്ന രണ്ടോ അതിലധികമോ വ്യക്തികളുടെ സംഘങ്ങളാണ് സാമൂഹ്യ സംഘങ്ങൾ.''* **– *മേയർ നിംക്കോഫ്***

ഈ നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യസംഘങ്ങൾക്ക് ഉദാഹരണം എഴുതാമോ?

- കുടുംബം
- ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ
- ഒരേ സംഘടനയിൽ അംഗമായിട്ടുള്ളവർ
  കുടുംബത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് നോക്കാം.
- പരസ്പരം അറിയുന്നവർ
- പരസ്പരസ്നേഹം
- പരിചിതർ
- ഉയർന്ന സംഘബോധം
- പൊതുവായ ചില പ്രവർത്തന രീതികൾ
- അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു
- വ്യക്തിത്വത്തെ സ്വാധീനിക്കുന്നു

ഒരു ബസ് സ്റ്റോപ്പിൽ ബസ് കാത്തുനിൽക്കുന്നവരും ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നവരും പരസ്പരം അറിയണം എന്നില്ല. പരസ്പര ആശയവിനിമയവും നിർബന്ധമില്ല. നിശ്ചിത ബന്ധവുമില്ല. ഇത്തരം ആളുകളുടെ കൂട്ടത്തെ സാമൂഹ്യസഞ്ചയം (Social Agregate) അല്ലെങ്കിൽ അർദ്ധസംഘങ്ങൾ (Quasi Groups) എന്നും അറിയപ്പെടുന്നു.

**സാമൂഹ്യസംഘങ്ങളുടെ സവിശേഷതയെന്ത്?**





രണ്ടു വ്യത്യസ്തതരത്തിലുള്ള സംഘങ്ങളുടെ ചിത്രങ്ങളാണ് തന്നിരിക്കുന്നത്. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

ആദ്യത്തെ ചിത്രത്തിൽ അച്ഛനും അമ്മയും മക്കളുമാണ്. രണ്ടാമത്തെ ചിത്രം ഒരുസ്കൂളിലെനേച്ചർക്ലബ്അംഗങ്ങളുടേതാണ്. ഇവ രണ്ടും വ്യത്യസ്തസംഘങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അംഗബലം, അംഗങ്ങളുടെ പരസ്പരബന്ധം, പ്രവർത്തന മാർഗങ്ങൾ, നിർവഹണ ശ്രമങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി സാമൂഹ്യ സംഘങ്ങളെ തരംതിരിച്ചിരിക്കുന്നു.

1. പ്രാഥമിക സംഘം (Primary Group)
2. ദ്വിതീയ സംഘം (Secondary Group)

### പ്രാഥമിക സംഘം

അടുത്ത ബന്ധം പുലർത്തുന്നവരും മുഖാമുഖം ആശയവിനിമയം നടത്തുന്നവരും പരസ്പരം സഹകരിക്കുന്നതുമായ മനുഷ്യരുടെ ചെറുസംഘമാണ് പ്രാഥമിക സംഘം. പ്രാഥമിക സംഘങ്ങളുടെ സവിശേഷതകൾ എന്തെല്ലാമെന്നു പരിശോധിക്കാം.

- അംഗങ്ങൾ പരസ്പരം അറിയുന്നവർ
- അംഗങ്ങൾക്കിടയിൽ ആത്മബന്ധം
- അംഗങ്ങൾക്കിടയിൽ നിരന്തരമായ ആശയവിനിമയം
- അംഗങ്ങളുടെ ക്ഷേമമാണ് പ്രധാന ലക്ഷ്യം
- അംഗങ്ങൾ പരസ്പരം സഹകരിക്കുന്നു

### ദ്വിതീയ സംഘം

എണ്ണത്തിൽ കൂടുതലും ഔപചാരിക ബന്ധം മാത്രമുള്ള സംഘമാണ് ദ്വിതീയ സംഘങ്ങൾ. പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ദ്വിതീയ സംഘങ്ങൾ രൂപീകരിക്കുന്നത്. വ്യക്തിപരമായ പ്രയോജനമാണ് ഈ സംഘങ്ങളിലെ അംഗത്വത്തിന്റെ അടിസ്ഥാനം. സാമൂഹിക സംഘങ്ങളുടെ ലക്ഷ്യങ്ങളിൽ ചിലത് ചുവടെ നൽകിയിരിക്കുന്നു.

- കൂട്ടായ്മ വളർത്തുക
- പെരുമാറ്റശീലങ്ങൾ പരിശീലിപ്പിക്കുക
- സഹവർത്തിത്വം വളർത്തുക
- സാമൂഹ്യമൂല്യങ്ങൾ വളർത്തിയെടുക്കുക
- പരസ്പരസഹകരണം ഉറപ്പുവരുത്തുക

**സാമൂഹ്യ സംഘങ്ങളുമായുള്ള ബന്ധം ഇല്ലാതായാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

## സാമൂഹ്യനിയന്ത്രണം (Social Control)

വ്യക്തികളുടെമേൽ സമൂഹം ചില നിയന്ത്രണങ്ങൾ ചുമത്തിയിരിക്കുന്നു. തത്ഫലമായി നമ്മൾ ചില പെരുമാറ്റരീതികളും ശീലങ്ങളും പ്രകടിപ്പിക്കുന്നു.

- വസ്ത്രധാരണം
- മുതിർന്നവരെ ബഹുമാനിക്കൽ
- നിയമങ്ങൾ അനുസരിക്കൽ

സമാധാനപരവും സൗഹൃദപരവുമായ ജീവിതത്തിനു സമൂഹം അനുശാസിക്കുന്ന ചട്ടങ്ങളും പാലിക്കേണ്ടതുണ്ട്. സ്വസ്ഥപൂർണമായ ചുറ്റുപാട് ഉറപ്പുവരുത്താനും നിലനിർത്താനുമായി ഓരോ സാമൂഹ്യസംഘവും അംഗങ്ങളുടെ മേൽ ഏർപ്പെടുത്തുന്ന സമ്മർദ്ദങ്ങളെയും ഇടപെടലുകളെയുമാണ് സാമൂഹ്യനിയന്ത്രണം (Social Control) എന്ന് പറയുന്നത്. സാമൂഹ്യനിയന്ത്രണം നടത്തുന്നത് സാമൂഹ്യസ്ഥാപനങ്ങളാണ് (Social Institutions). സാമൂഹിക നിയന്ത്രണ സംവിധാനങ്ങൾക്ക് ഉദാഹരണമാണ് കുടുംബം, മതം, വിദ്യാലയം, സാമ്പത്തിക - രാഷ്ട്രീയസ്ഥാപനങ്ങൾ, പോലീസ്, കോടതി, ജയിൽ, പട്ടാളം തുടങ്ങിയവ.

**സാമൂഹ്യനിയന്ത്രണം മനുഷ്യന് വളരെ ഉപകാരപ്രദമാണ്. സമർഥിക്കുക.**

## അനൗപചാരിക സാമൂഹ്യ നിയന്ത്രണം (Non-Formal Social Control)

നിയമമായി രേഖപ്പെടുത്താത്ത ആചാരങ്ങൾ, നാട്ടുനടപ്പുകൾ വിശ്വാസങ്ങൾ, പാരമ്പര്യങ്ങൾ തുടങ്ങിയവ അനൗപചാരിക സാമൂഹ്യനിയന്ത്രണത്തിന്റെ മാർഗങ്ങളാണ്. ഇവ ലംഘിച്ചാൽ ഔപചാരിക ശിക്ഷ ലഭിക്കുന്നില്ല.

## ഔപചാരിക സാമൂഹ്യ നിയന്ത്രണം (Formal Social Control)

പരിഷ്കൃത സമൂഹങ്ങൾ, പോലീസ്, കോടതി, ജയിൽ എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് ഔപചാരികമായ സാമൂഹ്യ നിയന്ത്രണം നടത്തുന്നു. സമൂഹത്തിലെ വ്യവസ്ഥകളും, നിയമങ്ങളും ലംഘിക്കുന്നതിനെ സാമൂഹ്യവ്യതിയാനം എന്നു പറയു ന്നു. സാമൂഹ്യവ്യതിയാനം വർധിച്ചാൽ സാമൂഹ്യശിഥിലീകരണം (Social Disorganisation) സംഭവിക്കും.

**സാമൂഹ്യനിയന്ത്രണത്തിനായി സമൂഹം സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുക.**

## സാമൂഹ്യപ്രശ്നങ്ങളും പരിഹാരവും

നിങ്ങളുടെ നാട്ടിൽ ചിലർ വൈകുന്നേരങ്ങളിൽ മദ്യപിച്ച് വീടുകളിൽ ബഹളം ഉണ്ടാക്കുകയും ഉപദ്രവം ഉണ്ടാക്കുകയും ചെയ്യുന്നതു കണ്ടിട്ടില്ലേ? ഇവർ ഉണ്ടാക്കുന്ന പ്രശ്നം അവരുടെ വീടുകളിൽ മാത്രമാണോ ഒതുങ്ങിനിൽക്കുന്നത്?

സമൂഹത്തിലെ എല്ലാവരെയും നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന പ്രശ്നങ്ങളെയാണ് സാമൂഹ്യപ്രശ്നമായി കണക്കാക്കുന്നത്. വ്യക്തികളുടെ പ്രശ്നമോ പൊതുവായ പ്രശ്നമോ സമൂഹത്തെ ബാധിക്കുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്യുമ്പോൾ അത് സാമൂഹ്യപ്രശ്നമായി മാറുന്നു. സമൂഹത്തിലെ പൊതു പെരുമാറ്റരീതികളുടെ ലംഘനം, സാമൂഹിക നിയമങ്ങളുടെ നിഷേധം എന്നിവ സമൂഹത്തിന്റെ നിലനിൽപ്പിനു ഭീഷണിയാകുമ്പോൾ അത് ഒരു സാമൂഹ്യപ്രശ്നമായി മാറും. സാമൂഹ്യപ്രശ്നങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതും പൊതുസ്വഭാവമുള്ളതുമാണ്.

ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന പ്രശ്നങ്ങളിൽ ചിലതാണ്.

- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- പാർപ്പിട പ്രശ്നം
- വൃദ്ധജനങ്ങളുടെ അനാഥത്വം
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ
- കൗമാരകുറ്റകൃത്യങ്ങൾ
- ലഹരിപദാർഥങ്ങളുടെ ഉപയോഗം
- സൈബർ കുറ്റകൃത്യങ്ങൾ
- കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ

**സാമൂഹ്യപ്രശ്നം എന്നാൽ എന്ത്?**

ജീവിതം, ആരോഗ്യം, കാര്യക്ഷമത എന്നിവയ്ക്കു വേണ്ട ഏറ്റവും കുറഞ്ഞ ഉപഭോഗവസ്തുക്കൾ നേടുന്നതിനുള്ള കഴിവില്ലായ്മയാണ് ദാരിദ്ര്യം. ദാരിദ്ര്യം ഇന്ത്യയിൽ മാത്രമല്ല, ലോകത്ത് മുഴുവൻ ഒരു സാമൂഹ്യപ്രശ്നമാണ്. ആഫ്രിക്കാ വൻകരയിലെ സബ് സഹാറാപ്രദേശങ്ങളിൽ ദാരിദ്ര്യം ഓരോ വർഷവും കൂടിക്കൂടി വരുന്നു.

തൊഴിലില്ലായ്മ എന്നത് ദാരിദ്ര്യവുമായി ബന്ധപ്പെട്ട സാമൂഹ്യപ്രശ്നമാണ്. പണിയെടുക്കാനുള്ള ശാരീരികവും മാനസികവുമായ കഴിവും അതിനുള്ള പ്രായവും സമ്മതവും ഉണ്ടായിരുന്നിട്ടും ജോലി ലഭിക്കാത്ത അവസ്ഥയാണ് തൊഴിലില്ലായ്മ.

ഒരു വ്യക്തിക്കോ കുടുംബത്തിനോ ആരോഗ്യകരമായ രീതിയിൽ ജീവിക്കാൻ പറ്റിയ വാസസ്ഥലമില്ലാത്ത അവസ്ഥയെയാണ് പാർപ്പിടമില്ലായ്മ എന്നു വിളിക്കുന്നത്.

അണുകുടുംബങ്ങളുടെ വളർച്ചയും നഗരങ്ങളിലേക്കുള്ള കുടിയേറ്റവും വൃദ്ധജനങ്ങളുടെ അനാഥത്വത്തിനു കാരണമാകുന്നു. വേണ്ടപ്പെട്ടവരുടെ കരുതൽ, സ്നേഹം, പരിചരണം എന്നിവ നഷ്ടപ്പെടുമ്പോൾ ഇവർ ആരോഗ്യപ്രശ്നങ്ങൾ, മാനസിക പിരിമുറുക്കം എന്നിവ നേരിടേണ്ടിവരുന്നു.

**തൊഴിലില്ലായ്മയും ദാരിദ്ര്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിശദമാക്കുക.**

ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ പലതരത്തിലുള്ള വിവേചനങ്ങൾ നേരിടുന്നു. ലിംഗനീതി നിഷേധവും അവസര നിഷേധവും സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും ഒരു വലിയ സാമൂഹ്യ പ്രശനമാണ്.

വർദ്ധിച്ചുവരുന്ന ലഹരി പദാർഥങ്ങളുടെ ഉപയോഗം ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ്. ഒരു വ്യക്തി ലഹരിക്കടിമയായി കഴിഞ്ഞാൽ ഉണ്ടാകാവുന്ന പലതരത്തിലുള്ള പ്രശ്നങ്ങളിൽ ചിലതാണ്:

- ശാരീരിക-മാനസിക പ്രശ്നങ്ങൾ
- കുറ്റകൃത്യങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ്
- ആത്മഹത്യ
- റോഡപകടങ്ങൾ
- കുടുംബ പ്രശ്നം
- സാമ്പത്തികപ്രശ്നങ്ങൾ

പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾ കുറ്റകൃത്യം ചെയ്താൽ അവരെ കൗമാര കുറ്റവാളികൾ (Juvenile Delinquent) എന്ന് വിളിക്കുന്നു. ഇന്ന് സമൂഹം നേരിടുന്ന ഒരു വലിയ പ്രശ്നമാണ് കൗമാരകുറ്റകൃത്യം. കുട്ടികൾ കുറ്റവാസന ഉള്ളവരായി തീരുന്നതിനുള്ള കാരണങ്ങളിൽ ചിലതാണ്:

- തകരുന്ന സാമൂഹ്യമൂല്യങ്ങൾ
- സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം
- വർദ്ധിച്ചുവരുന്ന സാമൂഹ്യ മാധ്യമങ്ങളുടെയും ദൃശ്യമാധ്യമങ്ങളുടെയും സ്വാധീനം

- തകരുന്ന കുടുംബബന്ധങ്ങൾ തുടങ്ങിയവ

കൗമാര കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരുന്നതിനുവേണ്ടി സ്കൂളുകൾ, പോലീസ് പിന്തുണ സംവിധാനം, ബോധവൽക്കരണം എന്നിവയുടെ പ്രവർത്തനം വളരെയധികം സഹായകമാണ്.

വിവര സാങ്കേതികരംഗത്തുണ്ടാകുന്ന മാറ്റങ്ങൾ പുതിയ ഒരു സാമൂഹ്യപ്രശ്നത്തിന് കാരണമാകുന്നു. വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗം പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ളതാണ് സൈബർ സെൽ.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ പ്രധാനപ്പെട്ടതാണ് ബാലവേല, ശൈശവ വിവാഹം, ചൂഷണം, പോഷകാഹാര ലഭ്യതക്കുറവ്, അവഗണന തുടങ്ങിയവ.

## സമൂഹശാസ്ത്രം ഒരു മാനവിക വിഷയം എന്ന നിലയിൽ

ശാസ്ത്രവിപ്ലവം, ഫ്രഞ്ച്വിപ്ലവം, വ്യവസായികവിപ്ലവം എന്നീ മൂന്ന് വിപ്ലവങ്ങളാണ് പ്രധാനമായും സമൂഹശാസ്ത്രത്തിന്റെ വളർച്ചയ്ക്കു കാരണമായത്. ഫ്രഞ്ച് ചിന്തകനായ ആഗസ്ത് കോംതെ ആണ് സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്. ആദ്യകാലത്ത് ഇത് സാമൂഹ്യ ഭൗതിക ശാസ്ത്രം എന്നറിയപ്പെട്ടു. സമൂഹശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകിയ മറ്റു പ്രധാന ചിന്തകരാണ് കാൾ മാർക്സ്, എമൈൽ ദുർഖിം മാർക്സ് വെബർ തുടങ്ങിയവർ.

മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പരബന്ധങ്ങളെ കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം.

സമൂഹത്തെകുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കുന്നതിനും സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായി മനസിലാക്കാൻ സഹായിക്കുന്നു. സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചു പഠിക്കുകയും വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളെ കുറിച്ചുള്ള ബന്ധം തിരിച്ചറിയുന്നതും സമൂഹശാസ്ത്ര പഠനത്തിന്റെ ഭാഗമാണ്. സാമൂഹ്യപ്രശ്നങ്ങൾക്കു പരിഹാരങ്ങൾ കണ്ടെത്തുകയും സാമൂഹ്യവികസനത്തിനും ആസൂത്രണത്തിനും സമൂഹശാസ്ത്ര പഠനം സഹായിക്കുന്നു.

## സമൂഹശാസ്ത്രത്തിന്റെ പഠനരീതികൾ

സമൂഹശാസ്ത്ര പഠനത്തിൽ പ്രധാനമായും നാലുരീതികളാണ് പ്രയോജനപ്പെടുത്തുന്നത്.

### *1. സോഷ്യൽ സർവേ*

സമൂഹശാസ്ത്ര പഠനത്തിന്റെ ഭാഗമായി നടത്തുന്ന സർവേകളിൽ സാധാരണയായി മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലികളാണ് ഉപയോഗിക്കുന്നത്. സർവേയിൽ പങ്കെടുക്കുന്നവർക്ക് ചോദ്യാവലി നൽകിയാണ് വിവരശേഖരണം നടത്തുന്നത്.

### *2. അഭിമുഖം*

അഭിമുഖത്തിൽ നേരിട്ട് പ്രതികർത്താവിൽനിന്നും ഗവേഷകൻ വിവരശേഖരണം നടത്തുന്ന രീതിയാണ്. സാധാരണയായി ഒരു വ്യക്തിയുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ മനസിലാക്കാൻ അഭിമുഖം സഹായിക്കും.

സർവേയും അഭിമുഖവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

| സർവേ | അഭിമുഖം |
|---|---|
| മുൻകൂട്ടി ചോദ്യാവലി നൽകുന്നു. | ഉചിതമായ ചോദ്യങ്ങൾ ഒരുക്കി വാമൊഴിയായി വിവരശേഖരണം നടത്തുന്നു. |
| പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു. | ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു. |

***3. നിരീക്ഷണം***

കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം. പങ്കാളിത്ത നിരീക്ഷണം, പങ്കാളിത്തരഹിത നിരീക്ഷണം എന്നിങ്ങനെ രണ്ടുതരം നിരീക്ഷണരീതികളുണ്ട്.

*പങ്കാളിത്ത നിരീക്ഷണം:* ഗവേഷകൻ പഠനവിധേയമാക്കുന്ന സംഘത്തോടൊപ്പം താമസിച്ചു വിവരശേഖരണം നടത്തുന്ന രീതിയാണ് ഇത്. അവരുടെ ഭാഷാസംസ്കാരം, ജീവിതരീതി എന്നിവ പഠിക്കുകയും അവരുടെ ജീവിതത്തിന്റെ ഭാഗമായി വിവരശേഖരണം നടത്തുകയുമാണ് ചെയ്യുന്നത്. നരവംശശാസ്ത്ര പഠനത്തിൽ പ്രധാനമായും ഈ രീതിയാണ് ഉപയോഗിക്കുന്നത്.

*പങ്കാളിത്തരഹിത നിരീക്ഷണം:* ഗവേഷകൻ പുറത്തുനിന്നു നിരീക്ഷണം നടത്തുന്ന രീതി യാണ് ഇത്.

***4. കേസ് സ്റ്റഡി***

വ്യത്യസ്തവും അപൂർവവുമായ സാമൂഹിക പ്രതിഭാസങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച് നടത്തുന്ന പഠനമാണ് കേസ് സ്റ്റഡി.

**പഠനനേട്ടങ്ങൾ**

- വ്യത്യസ്ത സാമൂഹ്യസംഘങ്ങളെ തിരിച്ചറിയുന്നു.
- സമൂഹത്തിന്റെ നിലനിൽപ്പിൽ സാമൂഹ്യനിയന്ത്രണത്തിന്റെ പ്രാധാന്യം വിവരിക്കുന്നു. വ്യത്യസ്ത സാമൂഹ്യനിയന്ത്രണത്തിന്റെ മാർഗങ്ങൾ തിരിച്ചറിയുന്നു.
- സാമൂഹ്യപ്രശ്നങ്ങൾ എന്താണെന്നു തിരിച്ചറിയുന്നു.
- വിവിധ സാമൂഹ്യപ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.
- സമൂഹശാസ്ത്രത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.
- ആദ്യകാല സമൂഹശാസ്ത്ര ചിന്തകരെ തിരിച്ചറിയുന്നു.
- സമൂഹശാസ്ത്രത്തിലെ വിവിധ പഠനരീതികൾ വിവരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പ്രാഥമിക സംഘവും ദ്വിതീയ സംഘവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
- സാമൂഹ്യനിയന്ത്രണത്തിനുള്ള പ്രധാന സംവിധാനങ്ങൾ ഏതെല്ലാം?
- വർധിച്ചുവരുന്ന ലഹരിയുടെ ഉപയോഗം ഒരു സമൂഹത്തിന് പ്രശ്നമാണെന്നു പറയുന്നതിനുള്ള കാരണമെന്തെല്ലാം?
- കൗമാര കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?
- എന്താണ് സമൂഹശാസ്ത്രം?
- സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?
- സമൂഹശാസ്ത്രത്തിന്റെ വിവിധ പഠനരീതികൾ ഏതെല്ലാം?

## തുടർ പ്രവർത്തനങ്ങൾ

- നമ്മുടെ നിത്യജീവിതത്തിൽ നമ്മൾ ഇടപഴകുന്ന സംഘങ്ങളെ പ്രാഥമിക സംഘം എന്നും ദ്വിതീയ സംഘം എന്നും തരംതിരിച്ചു പട്ടിക തയ്യാറാക്കുക.
- ലഹരിപദാർത്ഥങ്ങൾ മൂലം സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് ഒരു അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| സാമൂഹ്യസംഘങ്ങൾ | | | |
| സാമൂഹ്യനിയന്ത്രണ മാർഗങ്ങൾ | | | |
| സാമൂഹിക പ്രശ്നങ്ങൾ | | | |
| സമൂഹശാസ്ത്രത്തിന്റെ പ്രാധാന്യം | | | |
| സമൂഹശാസ്ത്രത്തിലെ പഠനരീതികൾ | | | |




അധ്യായം 11

# ശിലാമണ്ഡലം

ഭൂമിയിലെ വിവിധ മണ്ഡലങ്ങളായ ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവയെ ആശ്രയിച്ചാണ് ജീവന്റെ നിലനിൽപ്പ് എന്ന് നിങ്ങൾക്കറിയാമല്ലോ. ഭൂമിയെ ഒരു ജീവഗ്രഹമായി നിലനിർത്തുന്നതിൽ വായുവും ജലവുമെന്നപോലെ സ്ഥലത്തിനും (ഭൂമി) പ്രധാന പങ്കുണ്ട്. ഭൂമിയിൽ നിരന്തരം മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് നേരിട്ടും അല്ലാതെയും നമുക്ക് ബോധ്യമുള്ളതാണല്ലോ. ഭൗമചലനങ്ങൾ വൈവിധ്യമാർന്ന ഭൂരൂപങ്ങളും മണ്ണിനങ്ങളും സൃഷ്ടിക്കുക വഴി ജൈവവൈവിധ്യത്തിന് കാരണമാകുന്നതെങ്ങനെയെന്ന് ഈ അധ്യായത്തിലൂടെ നമുക്ക് മനസിലാക്കാം.

## ഭൂമിയുടെ ഘടന

ഭൂമിക്ക് പാളികളായുള്ള ഘടനയാണുള്ളതെന്ന് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രധാന ഭൗമപാളികൾ ഏതെല്ലാമെന്ന് ചിത്രം നിരീക്ഷിച്ച് കണ്ടെത്തൂ.



ഓരോ ഭൗമപാളിയുടേയും സവിശേഷതകൾ എന്തൊക്കെയെന്ന് നോക്കൂ.

### ഭൂവൽക്കം

താരതമ്യേന കനം കുറഞ്ഞ പുറംപാളിയാണ് ഭൂവൽക്കം. ശരാശരി 40 കിലോമീറ്റർ കനമുള്ള ഭൂവൽക്കത്തിന് രണ്ടു ഭാഗങ്ങളുണ്ട് – വൻകര ഭൂവൽക്കവും സമുദ്രതട ഭൂവൽക്കവും.

മുഖ്യമായും സിലിക്ക, അലുമിന എന്നീ മൂലകങ്ങളാൽ നിർമിതമായ വൻകര ഭൂവൽക്കത്തെ സിയാൽ (SIAL) എന്നും സിലിക്ക, മഗ്നീഷ്യം എന്നീ മൂലകങ്ങളാൽ നിർമിതമായ കടൽത്തറ ഭൂവൽക്കത്തെ സിമ (SIMA) എന്നും വിളിക്കുന്നു.

### മാന്റിൽ

ഭൂവൽക്കത്തിന് തൊട്ട് താഴെയായി ഏകദേശം 2900 കിലോമീറ്റർ വരെ വ്യാപിച്ചിരിക്കുന്ന പാളിയാണ് മാന്റിൽ. സിലിക്കൺ സംയുക്തങ്ങളാൽ നിർമിതമായ ഉപരിമാന്റിൽ ഖരാവസ്ഥയിലും ലോഹങ്ങളും സിലിക്കയും കൂടിക്കലർന്ന് നിർമ്മിതമായ അധോമാന്റിൽ അർദ്ധദ്രവാവസ്ഥയിലും നിലകൊള്ളുന്നു.

### കാമ്പ്

മാന്റിലിന്റെ താഴെ അതിർവരമ്പുമുതൽ (2900 km) ഭൗമകേന്ദ്രംവരെ (6371 km) യാണ് കാമ്പ്. ലോഹനിർമ്മിതമായ കാമ്പിനെ രണ്ടു ഭാഗമായി തിരിക്കാം – പുറക്കാമ്പും അകക്കാമ്പും. പുറക്കാമ്പിൽ വസ്തുക്കൾ ദ്രവാവസ്ഥയിലാണ്. എന്നാൽ അകക്കാമ്പ് ബാഹ്യപാളികളുടെ സമ്മർദ്ദത്താൽ ഖരാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. ഇരുമ്പ് (Fe), നിക്കൽ (Ni) എന്നീ ലോഹങ്ങൾകൊണ്ട് നിർമിതമായതിനാൽ ഭൂമിയുടെ കാമ്പിന് നിഫെ (NIFE) എന്നും പേരുണ്ട്.

### ശിലാമണ്ഡലവും അസ്തനോസ്ഫിയറും

ഭൂവല്ക്കവും മാന്റിലിന്റെ ഉപരിഭാഗവും ചേർന്ന ശിലാനിർമിതമായ ഭൂമിയുടെ പുറംപാളിയെ ശിലാമണ്ഡലം (Lithosphere) എന്നു വിളിക്കുന്നു. ശിലാമണ്ഡലത്തിന് ഏകദേശം 60 മുതൽ 100 കിലോമീറ്റർ വരെയാണ് കനം. ശിലാമണ്ഡലത്തിന് തൊട്ടു താഴെയായി വസ്തുക്കൾ ഉന്നത താപത്താൽ അർദ്ധദ്രവാവസ്ഥയിൽ സ്ഥിതിചെയ്യുന്ന ഭാഗത്തെ അസ്തനോസ്ഫിയർ എന്ന് വിളിക്കുന്നു. അഗ്നിപർവതങ്ങളിലൂടെ ഭൗമോപരിതലത്തിലെത്തുന്ന ശിലാദ്രവത്തിന്റെ സ്രോതസ്സ് അസ്തനോസ്ഫിയറാണ്.

### ശിലകൾ

ഭൂമിയുടെ ഖരരൂപത്തിലുള്ള പുറംപാളി ശിലാനിർമിതമായതിനാലാണ് ഇതിനെ ശിലാമണ്ഡലം എന്നു വിളിക്കുന്നത്. നിറത്തിലും കാഠിന്യത്തിലുമെല്ലാം വൈവിധ്യം പുലർത്തുന്ന വിവിധതരം ശിലകൾ നിങ്ങൾക്ക് പരിചിതമല്ലേ. രൂപീകരണത്തെ അടിസ്ഥാനമാക്കി ശിലകളെ മൂന്നായി തരംതിരിക്കാം.



**ശിലകൾ**


- **ആഗ്നേയശിലകൾ**
  അഗ്നിപർവ്വതങ്ങളിലൂടെയോ അല്ലാതയോ ഭൗമോപരിതലത്തിലോ ഭൂവൽക്കത്തിനുള്ളിലെ വിള്ളലുകളിലോ എത്തുന്ന ശിലാദ്രവം തണുത്തുറഞ്ഞ് രൂപം കൊള്ളുന്നു.
  ഉദാ: ബസാൾട്ട്, ഗ്രാനൈറ്റ്...
- **അവസാദശിലകൾ**
  ശിലകൾ പൊടിഞ്ഞുണ്ടായ അവസാദങ്ങളോ സസ്യ-ജന്തുജാലങ്ങളുടെ അവശിഷ്ടങ്ങളോ താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെട്ട് ദൃഢീകരിച്ച് രൂപംകൊള്ളുന്നു.
  ഉദാ: ചുണ്ണാമ്പ്കല്ല്, മണൽ കല്ല്, കൽക്കരി...
- **കായാന്തരിശിലകൾ**
  ആഗ്നേയശിലകളോ അവസാദശിലകളോ ഉന്നത താപ മർദ്ദ മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ അവയ്ക്ക് പുനഃപരലീകരണം സംഭവിച്ച് രൂപംകൊള്ളുന്നു.
  ഉദാ: നയിസ്, മാർബിൾ, ഷിസ്റ്റ്...

- വിവിധതരം ശിലാ സാമ്പിളുകൾ ശേഖരിച്ച് വ്യത്യാസം തിരിച്ചറിയാൻ ശ്രമിക്കൂ.

## ശിലാമണ്ഡല ഫലകങ്ങൾ

ഒരു മുട്ടയുടെ പൊട്ടിയ പുറന്തോടിന് സമാനമായി ശിലാമണ്ഡലം വിവിധ ഭാഗങ്ങളായിട്ടാണ് സ്ഥിതിചെയ്യുന്നത്. വലുതും ചെറുതുമായ ഈ ഭാഗങ്ങളെ ശിലാമണ്ഡല ഫലകങ്ങൾ എന്ന് വിളിക്കുന്നു. ശിലാമണ്ഡലത്തിന് കേവലം 100 കിലോമീറ്റർ മാത്രമാണ് ശരാശരി കനം. താരതമ്യേന കുറഞ്ഞ കനവും അതിവിസ്തൃതവുമായതിനാലാണ് ശിലാമണ്ഡല ഭാഗങ്ങൾക്ക് ഫലകങ്ങൾ എന്ന് പേര്. ഏഴ് വലിയ ഫലകങ്ങളും നിരവധി ചെറിയ ഫലകങ്ങളും ഉൾപ്പെടുന്നതാണ് ശിലാമണ്ഡലം.

ചിത്രം നിരീക്ഷിച്ച് വലിയ ശിലാമണ്ഡല ഫലകങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൂ.




*ശിലാമണ്ഡല ഫലകങ്ങൾ*

- പസഫിക് ഫലകം
-
-
-
-
-
-

ഫിലിപ്പൈൻ, കോകേസ്, നാസ്ക, കരീബിയൻ, സ്കോഷ്യ, അറേബ്യൻ തുടങ്ങി നിരവധി ചെറിയ ഫലകങ്ങളുണ്ട്. പസഫിക് ഫലകമാണ് ഏറ്റവും വലിയ ശിലാമണ്ഡല ഫലകം. ഏറക്കുറെ പൂർണമായും വൻകരകളെ ഉൾക്കൊള്ളുന്ന ഫലകങ്ങളെ വൻകര ഫലകങ്ങളെന്നും ഏറക്കുറെ പൂർണ്ണമായും കടൽത്തറകളെ ഉൾക്കൊള്ളുന്നവയെ സമുദ്രഫലകങ്ങൾ എന്നും വിളിക്കുന്നു. പസഫിക് ഫലകം ഒരു സമുദ്രഫലകമാണ്.


## ഫലകചലനവും ഫലകസീമകളും

അസ്തനോസ്ഫിയറിനുള്ളിലെ ശിലാദ്രവം ഉയർന്ന താപത്താൽ നിരന്തരം സംവഹന വിധേയമാകുന്നത് ശിലാമണ്ഡലഫലകങ്ങളുടെ സാവധാനമുള്ള ചലനത്തിന് കാരണമാകുന്നു. നമുക്ക് ദൃശ്യമല്ലാത്തവിധം സാവധാനത്തിലുള്ള ഫലകചലനങ്ങൾ ഫലക അരികുകളിൽ സവിശേഷമായ ഭൂരൂപങ്ങളും ഭൗമപ്രതിഭാസങ്ങളും സൃഷ്ടിക്കുന്നു. ദുർബലമേഖലകളായതിനാൽ ഫലക അരികുകൾ അഗ്നിപർവ്വതങ്ങൾ, ഭൂകമ്പങ്ങൾ, ഭ്രംശനം, വലനം തുടങ്ങിയവകൊണ്ട് പ്രക്ഷുബ്ധമായിരിക്കും. ഫലകങ്ങളുടെ ആപേക്ഷിക ചലനം അടിസ്ഥാനമാക്കി പ്രധാനമായും മൂന്ന് തരം ഫലക അരികുകളാണുള്ളത്.

- ഫലകങ്ങൾ പരസ്പരം അടുത്തുവരുന്ന അരികുകൾ
  - സംയോജക സീമകൾ.
- ഫലകങ്ങൾ പരസ്പരം അകലുന്ന അരികുകൾ
  - വിയോജക സീമകൾ.
- ഫലകങ്ങൾ ഒന്നിനൊന്ന് ഉരസിനീങ്ങുന്ന ഫലക സീമകൾ
  - ഛേദക സീമകൾ.

## സംയോജകസീമകൾ


ഒരേ സാന്ദ്രതയുള്ള രണ്ട് ഫലകങ്ങൾ പരസ്പരം അടുക്കുന്നതിലൂടെ ഫലക അരികുകളിൽ വലനം സംഭവിച്ച് മടക്ക് പർവ്വതങ്ങൾ രൂപംകൊള്ളുന്നു. ഉദാ: ഇന്ത്യൻ ഫലകത്തിനും യൂറേഷ്യൻ ഫലകത്തിനുമിടയിലുണ്ടായ വലനം മൂലമാണ് ഹിമാലയ പർവതനിര രൂപംകൊണ്ടത്. വ്യത്യസ്ത സാന്ദ്രതയുള്ള രണ്ട് ഫലകങ്ങൾ പരസ്പരം അടുക്കുമ്പോൾ സാന്ദ്രത കൂടിയ ഫലകം മാന്റിലിനുള്ളിലേക്ക് തള്ളിതാഴ്ത്തപ്പെടുന്നു. ഇത്തരം ഫലക അരികുകളെ നിമഞ്ജന മേഖലകൾ അഥവാ സബ്ഡക്ഷൻ (Subduction) സോണുകൾ എന്നുവിളിക്കുന്നു. സമുദ്രാന്തർ ഗർത്തങ്ങൾ രൂപംകൊള്ളുന്നത് സബ്ഡക്ഷൻ സോണുകളിലാണ്. ഉദാ: പസഫിക് സമുദ്രത്തിലെ ചലഞ്ചർ ഗർത്തം.




*സംയോജകസീമ :*
*ഫലകങ്ങൾ പരസ്പരം അടുത്തുവരുന്നു.*

## വിയോജക സീമകൾ

ഫലകങ്ങൾ പരസ്പരം അകന്നു മാറുന്നതിലൂടെ രൂപപ്പെടുന്ന വിടവുകളിലൂടെ ശിലാദ്രവം പുറത്തേയ്ക്ക് വരികയും ഒഴുകിപ്പരന്ന് തണുത്ത് ഘനീഭവിച്ച് പുതിയ കടൽത്തറകൾ രൂപപ്പെടു



*വിയോജകസീമ :*
*ഫലകങ്ങൾ പരസ്പരം അകലുന്നു.*



*ഛേദകസീമ : ഫലകങ്ങൾ പരസ്പരം ഉരഞ്ഞുനീങ്ങുന്നു.*


കയും ചെയ്യുന്നതിനെ സമുദ്രതടവ്യാപനം എന്നുവിളിക്കുന്നു. ഇത്തരം ഫലക അരികുകളിൽ അഗ്നിപർവതങ്ങളുടെ ശ്രേണിതന്നെ രൂപമെടുക്കുന്നു. ഇതിലൂടെ പുറത്തെത്തുന്ന ശിലാദ്രവം നിക്ഷേപിക്കപ്പെട്ട് സമുദ്രാന്തർ പർവതനിരകൾ രൂപപ്പെടുന്നു. ഉദാ: തെക്കേ അമേരിക്കൻ ഫലകത്തിനും ആഫ്രിക്കൻ ഫലകത്തിനുമിടയിൽ രൂപംകൊണ്ട മധ്യഅറ്റ്ലാന്റിക് പർവതനിര.

## ഛേദകസീമകൾ

ഫലകങ്ങൾ പരസ്പരം ഉരസിനീങ്ങുന്ന ഇത്തരം ഫലക സീമകളിൽ ഭൂരൂപങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. ഛേദകസീമകൾ ഭ്രംശമേഖലകളാണ്. വടക്കേ അമേരിക്കയിലെ സാൻ ആൻഡ്രിയാസ് ഭ്രംശമേഖല ഇത്തരം മേഖലകൾക്ക് ഉദാഹരണമാണ്.

## ഭൗമചലനങ്ങൾ

വലുതും ചെറുതുമായ ഭൂരൂപങ്ങൾ കൊണ്ട് വൈവിധ്യപൂർണമാണല്ലോ ഭൗമോപരിതലം. ഈ ഭൂരൂപ വൈവിധ്യങ്ങൾക്ക് കാരണം വിവിധതരത്തിലുള്ള ഭൗമചലനങ്ങളാണ്. ഭൗമചലനങ്ങളെ എങ്ങനെ തരംതിരിക്കാം എന്ന് നോക്കൂ.



## അന്തർജന്യചലനങ്ങൾ

ഭൗമാന്തർ ഭാഗത്ത് ജന്മമെടുക്കുന്ന ബലങ്ങളാണ് അന്തർജന്യചലനങ്ങൾക്ക് കാരണം. അന്തർജന്യബലങ്ങളാൽ മന്ദചലനങ്ങളും ദ്രുതചലനങ്ങളുമുണ്ടാകുന്നു.

ഫലകചലനങ്ങൾ മന്ദചലനങ്ങൾക്കുദാഹരണമാണ്. ദീർഘകാലത്തെ നിരീക്ഷണത്തിലൂടെ മാത്രമേ ഇത്തരം ചലനങ്ങളുടെ ഫലങ്ങൾ നമുക്ക് തിരിച്ചറിയാനാകൂ. എന്നാൽ ദ്രുതചലനങ്ങൾ മാനവരാശിയെ കൂടുതൽ പ്രത്യക്ഷത്തിൽ ബാധിക്കാറുണ്ട്. അഗ്നിപർവതങ്ങളും ഭൂകമ്പങ്ങളും ഇത്തരം ചലനങ്ങളിൽ പ്രധാനമാണ്.

## ഭൂകമ്പങ്ങൾ


ഭൂവൽക്കത്തിനുള്ളിലെ ശിലാപാളികൾക്ക് ഫലകചലനത്താലോ മറ്റ് കാരണങ്ങളാലോ സ്ഥാന ഭ്രംശം സംഭവിക്കുമ്പോൾ ശിലാമണ്ഡലത്തിൽ ചെലുത്തപ്പെടുന്ന സമ്മർദ്ദത്താൽ ഊർജ്ജം മോചിപ്പിക്കപ്പെടുന്നു. ഇത് മൂലം എല്ലാ ദിശകളിലേക്കും വിന്യസിക്കപ്പെടുന്ന ആഘാത തരംഗങ്ങൾ ഭൂവൽക്കത്തിൽ സൃഷ്ടിക്കുന്ന കമ്പനമാണ് ഭൂകമ്പം.

ഫലകചലനവും ഭ്രംശനവും കൂടാതെ ഭൂകമ്പങ്ങൾക്കുള്ള മറ്റ് കാരണങ്ങളെന്തൊക്കെയെന്ന് നോക്കൂ.

- ഭൂഗർഭഗുഹകൾ അഥവാ ഖനികൾ തകർന്നടിയുന്നത്.
- ജലാശയങ്ങൾ ചെലുത്തുന്ന സമ്മർദ്ദം.
- അഗ്നിപർവത സ്ഫോടനം.

ഭൂകമ്പം ഉണ്ടാകുന്ന ഭൗമാന്തർ കേന്ദ്രത്തെ ഭൂകമ്പചലനകേന്ദ്രം (Focus) എന്നും ചലനകേന്ദ്രത്തിന് നേർമുകളിൽ ആഘാത തരംഗങ്ങൾ ആദ്യം എത്തിച്ചേരുന്ന ഭൗമോപരിതല കേന്ദ്രത്തെ അധികേന്ദ്രം (Epicentre) എന്നും വിളിക്കുന്നു.

ഭൂകമ്പതീവ്രത അളക്കുന്നത് റിക്ടർ സ്കെയിൽ എന്ന ഏകകത്തിലാണ്. ഭൂകമ്പ തരംഗങ്ങളെ രേഖപ്പെടുത്തുന്ന ഉപകരണമാണ് സീസ്മോഗ്രാഫ്.




## അഗ്നിപർവതങ്ങൾ

ശിലാദ്രവം, ശിലാഖണ്ഡങ്ങൾ, വാതകങ്ങൾ, ചാരം, പൊടിപടലങ്ങൾ തുടങ്ങിയവ അസ്തനോസ്ഫിയറിൽനിന്നും ഭൗമോപരിതലത്തിലേയ്ക്ക് ബഹിർഗമിക്കുന്ന മാർഗങ്ങളാണ് അഗ്നിപർവതങ്ങൾ. ഫലക അരികുകളിലാണ് അഗ്നിപർവതങ്ങളേറെയും സ്ഥിതിചെയ്യുന്നത്.

ലോകത്തെ 80 ശതമാനത്തിലേറെ അഗ്നിപർവതങ്ങളും പസഫിക് അതിർത്തി പ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ മേഖലയെ പസഫിക് തീവലയം (Ring of Fire) എന്ന് വിളിക്കുന്നു.

## ബാഹ്യചലനങ്ങൾ

അപക്ഷയം, അപരദനം, നിക്ഷേപണം എന്നിങ്ങനെ മൂന്നു വിധത്തിലാണ് ബാഹ്യചലനങ്ങൾ ഭൗമോപരിതലത്തിൽ പ്രവർത്തിക്കുന്നത്.

### അപക്ഷയം

ഭൗമോപരിതലത്തിലെ ശിലകൾ വിവിധ കാരണങ്ങളാൽ ശിഥിലീകരിക്കപ്പെടുകയോ വിഘടിക്കപ്പെടുകയോ ചെയ്യുന്നതിനെയാണ് അപക്ഷയം എന്നു വിളിക്കുന്നത്. വിവിധതരം അപക്ഷയ പ്രക്രിയകൾ ഏതൊക്കെയെന്ന് നോക്കൂ.

## സുനാമി

കടൽത്തറയിലുണ്ടാകുന്ന ശക്തമായ ഭൂകമ്പങ്ങൾ സൃഷ്ടിക്കുന്ന വിനാശകാരികളായ കൂറ്റൻ കടൽത്തിരമാലകളാണ് സുനാമികൾ. തീരത്തിരകൾ എന്നർത്ഥമുള്ള ജാപ്പനീസ് പദമാണ് സുനാമി.



**അപക്ഷയം**


- **ബലകൃത അപക്ഷയം**
  - ധാതുക്കളുടെ താപീയ വികാസവും സങ്കോചവും.
  - ശിലാവിദരങ്ങളിൽ ആവർത്തിച്ചുള്ള ജലത്തിന്റെ തണുത്തുറയലും ഉരുകലും.
- **രാസിക അപക്ഷയം**
  - ഓക്സിജൻ, കാർബൺ ഡയോക്സൈഡ്, ജലം എന്നിവ ശിലകളിലെ ധാതുക്കളുമായി രാസപ്രക്രിയയിൽ ഏർപ്പെടുന്നത് കാരണം ശിലകൾ വിഘടിക്കപ്പെടുന്നു.
- **ജൈവിക അപക്ഷയം**
  - സസ്യങ്ങളുടെ വേരുകൾ ശിലകളിലേക്ക് ആഴ്ന്നിറങ്ങുന്നത്.
  - ജൈവജീർണനം മൂലമുള്ള രാസപ്രവർത്തനങ്ങൾ.
  - എലി, ഉറുമ്പ്, ചിതൽ തുടങ്ങിയ മണ്ണ് തുരക്കുന്ന ജീവികളുടെ പ്രവർത്തനം.
  - കൃഷി, ഖനനം, പാറപൊട്ടിക്കൽ തുടങ്ങിയ മനുഷ്യപ്രവർത്തനങ്ങൾ.

**അപക്ഷയത്തിന് കാരണമാകുന്ന വിവിധ മനുഷ്യപ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തൂ?**

- ഖനനം
- 
- 
- 



അപക്ഷയത്തിന്റെ വിവിധ ഫലങ്ങളിൽ ഏറ്റവും പ്രധാനമാണ് മണ്ണിന്റെ രൂപീകരണം. അപക്ഷയ വിധേയമായ ശിലാപദാർത്ഥങ്ങൾക്കുമേൽ ജൈവാവശിഷ്ടങ്ങൾ, ജലം, സൂക്ഷ്മാണുക്കൾ എന്നിവ കൂടിക്കലർന്നുള്ള വളരെ ദീർഘവും സങ്കീർണവുമായ പ്രക്രിയയിലൂടെയാണ് മണ്ണ് രൂപം കൊള്ളുന്നത്. ഒരിഞ്ച് കനത്തിൽ മണ്ണ് രൂപംകൊള്ളാൻ ഏകദേശം ആയിരം വർഷങ്ങൾ വേണ്ടിവരും എന്നാണ് കണക്കാക്കുന്നത്. മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് നോക്കൂ.




ഇന്ത്യയിലെ വിവിധയിനം മണ്ണിനങ്ങളെപ്പറ്റി മനസിലാക്കുന്നതിന് ഇന്ത്യയുടെ ഭൗതിക ഭൂമിശാസ്ത്രം എന്ന പാഠഭാഗം വായിക്കൂ.

**മണ്ണിന്റെ നാശത്തിന് കാരണമാകുന്ന മനുഷ്യപ്രവർത്തനങ്ങൾ കണ്ടെത്തിയെഴുതൂ?**

- വനനശീകരണം
-
-

**മണ്ണ് സംരക്ഷണത്തിനായി നമുക്ക് എന്തൊക്കെ ചെയ്യാനാകും?**

## അപരദനവും നിക്ഷേപണവും

വിവിധതരത്തിൽ അപക്ഷയം സംഭവിച്ച ശിലാപദാർത്ഥങ്ങളെ ഒഴുക്കുവെള്ളം, കാറ്റ്, ഹിമാനികൾ, ഭൂഗർഭജലം, തിരമാലകൾ തുടങ്ങിയ ബാഹ്യശക്തികളാൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് നീക്കം ചെയ്യപ്പെടുന്ന പ്രക്രിയയാണ് അപരദനം. ഇത്തരത്തിൽ നീക്കം ചെയ്യപ്പെടുന്ന വസ്തുക്കൾ താഴ്ന്നപ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു.


അപരദനത്തിലൂടെ ഉയർന്ന പ്രദേശങ്ങൾ തേയ്മാന വിധേയമായി താഴുകയും താഴ്ന്നപ്രദേശങ്ങൾ നിക്ഷേപണത്തിലൂടെ ഉയരുകയും ചെയ്യുന്നു. തന്മൂലം ഭൗമോപരിതലത്തിൽ വൈവിധ്യമാർന്ന അപരദന ഭൂരൂപങ്ങളും നിക്ഷേപണ ഭൂരൂപങ്ങളും ഉണ്ടാകുന്നു. അപരദന-നിക്ഷേപണ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന ഒഴുക്കുവെള്ളം, കാറ്റ്, ഹിമാനി, ഭൂഗർഭജലം, തിരമാല എന്നീ ബാഹ്യശക്തികളെ ഭൂരൂപരൂപീകരണ സഹായികൾ എന്ന് വിളിക്കാം.

ഓരോ പ്രദേശത്തിന്റേയും കാലാവസ്ഥാ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത ഭൂരൂപ സഹായികളായിരിക്കും അവിടെ പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന്, നമ്മുടെ പ്രദേശത്ത് ഒഴുക്കുവെള്ളവും തിരമാലയുമാണ് പ്രധാന ഭൂരൂപ രൂപീകരണ സഹായികൾ. എന്നാൽ മരുഭൂമികളിൽ കാറ്റും, ശീതപർവത മേഖലകളിലും ധ്രുവപ്രദേശങ്ങളിലും ഹിമാനി (ചലിക്കുന്ന മഞ്ഞ്) യുമാണ് പ്രധാന ഭൂരൂപ രൂപീകരണ ശക്തികൾ.

ഓരോ ഭൂരൂപ രൂപീകരണസഹായികളും ഭൂമുഖത്ത് സൃഷ്ടിക്കുന്ന അപരദന നിക്ഷേപണ ഭൂരൂപങ്ങളെ പരിചയപ്പെടാം.

| രൂപീകരണ സഹായി | അപരദന ഭൂരൂപങ്ങൾ | നിക്ഷേപണ ഭൂരൂപങ്ങൾ |
|---|---|---|
| ഒഴുക്ക്വെള്ളം | • താഴ്വരകൾ, വെള്ളച്ചാട്ടം | • പ്രളയസമതലങ്ങൾ<br>• ഡൽറ്റകൾ |
| കാറ്റ് | • കുമിൾശിലകൾ | • മണൽകൂനകൾ |
| ഭൂഗർഭജലം | • ചുണ്ണാമ്പ്കൽ ഗുഹകൾ | • സ്റ്റാലക്റ്റൈറ്റുകൾ<br>• സ്റ്റാലഗ്മൈറ്റുകൾ<br>• ചുണ്ണാമ്പ് സ്തംഭങ്ങൾ |
| ഹിമാനികൾ | • U രൂപ താഴ്വരകൾ<br>• സിർക്കുകൾ | • മൊറെയ്നുകൾ |
| തിരമാല | • ക്ലിഫുകൾ<br>• കടൽ സ്തംഭങ്ങൾ | • ബീച്ചുകൾ<br>• മണൽതിട്ടകൾ |


*V രൂപ താഴ്വര*



*വെള്ളച്ചാട്ടം*


*കുമിൾശില*



*ചുണ്ണാമ്പുകല്ല്ഗുഹ*


*U രൂപ താഴ് വര*


*ക്ലിഫ്*


*കടൽസ്തംഭങ്ങൾ*


*പ്രളയസമതലം*


*മണൽകൂന*


*ബീച്ച്*

മേൽപ്പറഞ്ഞ അപരദന നിക്ഷേപണ ഭൂരൂപങ്ങളുടെ ചിത്രങ്ങൾ ഇന്റർനെറ്റിൽനിന്നും കണ്ടെത്തി മനസിലാക്കുമല്ലോ.

ഭൗമോപരിതല വൈവിധ്യങ്ങളും അവയ്ക്കുള്ള കാരണങ്ങളും മനസിലായില്ലേ. ഈ വൈവിധ്യങ്ങളാണ് ഭൂമിയെ എണ്ണമറ്റ സസ്യജന്തുജാലങ്ങളുടെ ജീവഗൃഹമായി നിലനിർത്തുന്നത്. ഈ വൈവിധ്യങ്ങളെ നാം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തുന്നുവെന്ന് ചിന്തിക്കൂ.

വരുംതലമുറകൾക്ക് ഇവിടെ വാസം സാധ്യമാകണമെങ്കിൽ ഈ വൈവിധ്യങ്ങളെ സന്തുലിതമായി സംരക്ഷിച്ചു നിലനിർത്തിയേ മതിയാവൂ. അത് നമ്മുടെ കടമയാണ്.

### പഠനനേട്ടങ്ങൾ

- ഭൂമിയുടെ ഘടന ചിത്രീകരിക്കാനും വിവിധ ഭൗമപാളികളുടെ സവിശേഷതകൾ വിശദമാക്കാനും കഴിയുന്നു.
- ശിലകളുടെ വിവിധ തരങ്ങളെ ഉദാഹരണസഹിതം വിശദമാക്കാനാകുന്നു.
- ശിലാമണ്ഡല ഫലകങ്ങളെ തിരിച്ചറിഞ്ഞ് വിവിധതരം ഫലകസീമകളും അനുബന്ധ ഭൂരൂപങ്ങളും പട്ടികപ്പെടുത്തുന്നു.
- ഭൗമചലനങ്ങളെ തരംതിരിച്ച് വിശദീകരിക്കുന്നു.
- വിവിധതരം അപക്ഷയ പ്രക്രിയകളെക്കുറിച്ചും അപക്ഷയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിവരണം തയ്യാറാക്കാൻ കഴിയുന്നു.
- മണ്ണിന്റെ രൂപീകരണം വിശദമാക്കാൻ കഴിയുന്നു.
- വിവിധ ഭൂരൂപങ്ങൾക്ക് കാരണമായ രൂപീകരണശക്തികളെ തിരിച്ചറിഞ്ഞ് അപരദന രൂപങ്ങൾ, നിക്ഷേപണ രൂപങ്ങൾ എന്ന് തരംതിരിക്കുന്നു.
- ഭൂമിയിലെ വൈവിധ്യങ്ങളെ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നു.

### വിലയിരുത്തൽ ചോദ്യങ്ങൾ

- നിർവചിക്കുക.
  * സിയാൽ * സീമ
- അവസാദശിലകൾ രൂപപ്പെടുന്നതെങ്ങനെ? അവസാദശിലകൾക്ക് ഉദാഹരണങ്ങളെഴുതുക.
- സബ്ഡക്ഷൻ മേഖലകൾ എന്നാലെന്ത്?
- അപക്ഷയം എന്നാലെന്ത്? വിവിധതരം അപക്ഷയ പ്രക്രിയകൾ വിവരിക്കുക.
- ചുവടെ നൽകിയിട്ടുള്ള ഭൂരൂപങ്ങളെ അപരദന ഭൂരൂപങ്ങൾ എന്നും നിക്ഷേപണ ഭൂരൂപങ്ങളെന്നും തരംതിരിക്കുക. ഓരോന്നും ഏതേത് ഭൂരൂപ രൂപീകരണ ശക്തിയാൽ രൂപപ്പെടുന്നുവെന്നും എഴുതുക.
  * ഡൽറ്റകൾ * കുമിൾശിലകൾ * സ്റ്റാലക്റ്റൈറ്റുകൾ

### തുടർപ്രവർത്തനം

- വിവിധതരം ഭൂരൂപങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| ഭൂമിയുടെ ഘടന | | | |
| ശിലകളും ശിലാമണ്ഡലവും | | | |
| ഫലകങ്ങളും .... | | | |
| അന്തർജന്യ ചലനങ്ങളും | | | |
| അപരദന നിക്ഷേപണ ഭൂരൂപങ്ങൾ | | | |



അധ്യായം 12

# ഭൗമാന്തരീക്ഷം

നാം അധിവസിക്കുന്ന ഭൂമി ഒരു ജീവഗൃഹമായി നിലനിൽക്കുന്നത് വിവിധ മണ്ഡലങ്ങളുടെ പാരസ്പര്യത്താലാണെന്ന് ഏഴാംതരത്തിൽനിന്നും നാം മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. സ്ഥല-ജല-വായു മണ്ഡലങ്ങളുണ്ടെങ്കിലേ മനുഷ്യരുൾപ്പെട്ട ജീവമണ്ഡലത്തിന് നിലനിൽപ്പുള്ളൂ. ജീവന്റെ നിലനിൽപ്പിൽ പ്രഥമസ്ഥാനം ജീവവായുവിനാണല്ലോ. നമുക്ക് ജീവവായു ഇടതടവില്ലാതെ പ്രദാനം ചെയ്യുന്നത് ഭൂമിയെ ആവരണം ചെയ്ത് നിലനിൽക്കുന്ന വായുമണ്ഡലം അഥവാ അന്തരീക്ഷമാണ്. നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഭൗമാന്തരീക്ഷത്തിന്റെ സംരചന, ഘടന, അന്തരീക്ഷ അവസ്ഥകളിലുണ്ടാകുന്ന സ്ഥല-കാല മാറ്റങ്ങൾ തുടങ്ങിയ ആശയങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഭൂമിയെ സംരക്ഷിച്ച് പരിപാലിക്കുന്ന വാതകപ്പുതപ്പാണ് അന്തരീക്ഷം. ഭൂമിയെ പൊതിഞ്ഞ് നിൽക്കുന്ന അന്തരീക്ഷത്തെ ഭൂമിയോട് ചേർത്തുനിർത്തുന്നത് ഭൂമിയുടെ ഗുരുത്വാകർഷണബലമാണ്.

***അന്തരീക്ഷം ഏതെല്ലാം വിധത്തിൽ നമുക്ക് പ്രയോജനപ്രദമാകുന്നുവെന്ന് ചർച്ച് ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.***

## അന്തരീക്ഷസംരചന

വാതകങ്ങൾ, പൊടിപടലങ്ങൾ, നീരാവി എന്നിവയാണ് പ്രധാന അന്തരീക്ഷഘടകങ്ങൾ. അന്തരീക്ഷത്തിൽ അടങ്ങിയിട്ടുള്ള പ്രധാന വാതകങ്ങൾ അവയുടെ ആനുപാതിക അളവിന്റെ

ക്രമത്തിൽ പട്ടികയിൽ നൽകിയിട്ടുണ്ട്.

| വാതകങ്ങൾ | അന്തരീക്ഷത്തിലെ ആനുപാതിക അളവ് (ശതമാനത്തിൽ) |
|---|---|
| നൈട്രജൻ | 78.08% |
| ഓക്സിജൻ | 20.95% |
| ആർഗൺ | 0.93% |
| കാർബൺ ഡയോക്സൈഡ് | 0.037% |
| മറ്റ് വാതകങ്ങൾ (ഓസോൺ, നിയോൺ, ഹീലിയം, ക്രിപ്റ്റൻ, ഹൈഡ്രജൻ തുടങ്ങിയവ) | 0.01% |

*പട്ടിക 1*

***അന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള വാതകമേത്?***

നൈട്രജൻ സ്ഥിരീകരണത്തിലൂടെ അന്തരീക്ഷത്തിലെ നൈട്രജൻ വാതകത്തെ സസ്യവളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നു. ഓക്സിജൻ ഭൂമിയിലെ ജന്തുജാലങ്ങൾക്ക് ജീവവായുവാണ്. കാർബൺ ഡയോക്സൈഡാകട്ടെ പ്രകാശസംശ്ലേഷണത്തിനായി ഹരിതസസ്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. മാത്രമല്ല, അന്തരീക്ഷതാപം നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു ഹരിതഗൃഹ വാതകം കൂടിയാണ് കാർബൺ ഡയോക്സൈഡ്.

ഭൂമിയിലെ ജലസ്രോതസുകളിൽ നിന്നും ബാഷ്പീകരണത്തിലൂടെ എത്തിച്ചേരുന്ന നീരാവിയാണ് മറ്റൊരു പ്രധാന അന്തരീക്ഷഘടകം. മേഘരൂപീകരണം, മഴ തുടങ്ങിയ അന്തരീക്ഷ പ്രതിഭാസങ്ങൾ അന്തരീക്ഷ നീരാവിയുടെ അളവിനെ ആശ്രയിച്ചിരിക്കുന്നു.

കാറ്റ്, അഗ്നിപർവത പ്രവർത്തനങ്ങൾ, ഉൽക്കാദഹനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ എത്തുന്നത്. നേർത്ത സൂക്ഷ്മധൂളികളെ ചുറ്റിപ്പറ്റി ഘനീകരണം വേഗത്തിൽ നടക്കുന്നതിനാൽ മേഘരൂപീകരണത്തിന് ഇത് അനിവാര്യമാണ്. അതിനാൽ അന്തരീക്ഷത്തിലെ നേർത്ത സൂക്ഷ്മധൂളികൾക്ക് 'ഘനീകരണമർമം' എന്നും പേരുണ്ട്.

## ഹരിതഗൃഹപ്രഭാവവും ആഗോളതാപനവും

ശൈത്യരാജ്യങ്ങളിൽ സസ്യങ്ങളെ കൊടുംതണുപ്പിൽനിന്നും സംരക്ഷിക്കുന്ന



*ഹരിതഗൃഹം*




*ഹരിതഗൃഹ പ്രഭാവം*

തിനായി തയ്യാറാക്കുന്ന കണ്ണാടി/സ്ഫടിക മേൽക്കൂരയുള്ള നിർമിതികളെയാണ് ഹരിതഭവനങ്ങൾ (Green houses) എന്ന് വിളിക്കുന്നത്. സ്ഫടികതലങ്ങൾക്ക് സൗരവികിരണത്തെ അകത്തേക്കു കടത്തിവിടാനും ഭൗമവികിരണത്തെ പുറത്തേക്ക് പോകാതെ തടഞ്ഞു നിർത്താനും കഴിയും എന്നതിനാലാണ് ഇത്തരം നിർമിതികൾ ഉണ്ടാക്കുന്നത്. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, മീഥെയ്ൻ, നീരാവി തുടങ്ങിയ വാതകങ്ങൾക്കും ഭൗമവികരണത്തെ ആഗിരണം ചെയ്ത് അന്തരീക്ഷ താപം നിലനിർത്താനാകും. ഇതിനെ ഹരിതഗൃഹപ്രഭാവം എന്ന് വിളിക്കുന്നു. മേൽപ്പറഞ്ഞ വാതകങ്ങളെ ഹരിതഗൃഹവാതകങ്ങൾ എന്നും വിളിക്കാം.


ആധുനികകാലത്ത് മനുഷ്യന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ (ഫോസിൽ ഇന്ധനങ്ങൾ കത്തിക്കൽ, വനനശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ) വൻതോതിൽ ഹരിതഗൃഹവാതകങ്ങൾ, പ്രത്യേകിച്ച് കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിലെത്തുന്നു. ഇത് ഹരിതഗൃഹപ്രഭാവം കൂട്ടുന്നതിനാൽ അന്തരീക്ഷതാപനിലയിൽ ക്രമേണ വർദ്ധനവുണ്ടാക്കുന്നു. ഇതിനെ ആഗോളതാപനം എന്ന് വിളിക്കുന്നു.

***ആഗോളതാപനം ചെറുക്കുന്നതിന് നമുക്ക് എന്തൊക്കെ ചെയ്യാനാകും?***

## അന്തരീക്ഷഘടന

ഭൗമാന്തരീക്ഷത്തിന് പാളികളായുള്ള ഘടനയാണുള്ളത്. ഭൂമിയുടെ ഉപരിതലത്തിൽനിന്നും മുകളിലേക്ക് വിവിധ തലങ്ങളിൽ താപനിലയിലുണ്ടാകുന്ന മാറ്റത്തെ അടിസ്ഥാനമാക്കിയാണ് അന്തരീക്ഷത്തെ വിവിധ പാളികളായി തിരിച്ചിട്ടുള്ളത്.

ചിത്രം നിരീക്ഷിച്ച് അന്തരീക്ഷപാളികൾ ഏതെല്ലാമെന്നും, ഓരോ പാളിയിലും താപനിലയിൽ എന്ത് മാറ്റമാണ് ഉണ്ടാകുന്നതെന്നും അവയ്ക്കിടയിലെ സംക്രമണ മേഖലകൾ ഏതെല്ലാമെന്നും മനസിലാക്കൂ.


km
140
130
120
110
100
90
80
70
60
50
40
30
20
10
0
തെർമോസ്ഫിയർ
മിസോപാസ്
മിസോസ്ഫിയർ
സ്ട്രാറ്റോപാസ്
സ്ട്രാറ്റോസ്ഫിയർ
ട്രോപ്പോപാസ്
ട്രോപോസ്ഫിയർ
-100
-80
-60
-40
-20
0
20
40
60
താപനില ഡിഗ്രി സെൽഷ്യസിൽ

**വിവിധ അന്തരീക്ഷപാളികളും അവയുടെ സവിശേഷതകളുമാണ് പട്ടികയിൽ**

| പാളികൾ | ഉയരം | സവിശേഷതകൾ |
|---|---|---|
| ട്രോപോസ്ഫിയർ | ഭൗമോപരിതലത്തിൽ നിന്ന് 8 മുതൽ 17 കിലോമീറ്റർ വരെ. | • ഭൂമിയോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നു.<br>• ഉയരത്തിനനുസരിച്ച് ഓരോ 165 മീറ്ററിനും 1° സെൽഷ്യസ് എന്ന ക്രമത്തിൽ താപനില കുറഞ്ഞുവരുന്നു. ഇതിനെ ക്രമമായ താപനഷ്ട നിരക്ക് എന്ന് വിളിക്കുന്നു.<br>• എല്ലാ അന്തരീക്ഷസ്ഥിതി/കാലാവസ്ഥാ മാറ്റങ്ങളും ഇവിടെയാണുണ്ടാകുന്നത്. |
| സ്ട്രാറ്റോസ്ഫിയർ | ട്രോപോസ്ഫിയറിന്റെ മുകളിൽ തുടങ്ങി 50 കിലോമീറ്റർ ഉയരം വരെ. | • താഴെഭാഗത്ത് താപനില മാറ്റമില്ലാതെ തുടരുന്നു, ഉയരത്തിനനുസരിച്ച് വർദ്ധിച്ചു വരുന്നു.<br>• വായു പ്രവാഹങ്ങളില്ല. തിരശ്ചീനതലത്തിലുള്ള കാറ്റുകൾ മാത്രമാണുള്ളത്. അതിനാൽ ജറ്റ് വിമാനങ്ങൾ സുഗമമായ സഞ്ചാരത്തിന് സ്ട്രാറ്റോസ്ഫിയറിനെ പ്രയോജനപ്പെടുത്തുന്നു.<br>• 20 മുതൽ 50 കിലോമീറ്റർ ഉയരപരിധിയിൽ. സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് കിരണങ്ങളേറ്റ് ഓക്സിജൻ തന്മാത്രകൾ ഓസോൺ വാതകമാക്കി മാറ്റപ്പെടുന്നു. ഓസോൺ വാതകം കേന്ദ്രീകരിച്ചിരിക്കുന്ന ഈ മേഖലയെ ഓസോൺ പാളി എന്ന് വിശേഷിപ്പിക്കുന്നു. |
| മിസോസ്ഫിയർ | 50 മുതൽ 80 കിലോമീറ്റർ വരെ. | • ഉയരത്തിനനുസരിച്ച് താപനില ഗണ്യമായി കുറഞ്ഞുവരുന്നു.<br>• അന്തരീക്ഷത്തിലെ ഏറ്റവും താഴ്ന്ന താപനിലയായ $-100^{0}$ C വരെ താഴുന്നു.<br>• ഉൽക്കകൾ കത്തിതീരുന്നത് ഈ അന്തരീക്ഷ പാളിയിൽ വച്ചാണ്. |
| തെർമോസ്ഫിയർ | 80 കിലോമീറ്ററിന് മുകളിൽ. | • ഉയരത്തിനനുസരിച്ച് താപനില വൻതോതിൽ കൂടിവരുന്നു.<br>• ഈ അന്തരീക്ഷമണ്ഡലത്തിന്റെ കീഴ്ഭാഗത്തെ അയണോസ്ഫിയർ എന്ന് വിളിക്കുന്നു. അയോണുകൾ കേന്ദ്രീകരിച്ചുള്ള വൈദ്യുത ചാലകതയുള്ള ഈ അന്തരീക്ഷ പാളിയെ റേഡിയോതരംഗ പ്രസരണത്തിനായി നാം പ്രയോജനപ്പെടുത്തുന്നു. |

*പട്ടിക 2*

## ഓസോൺപാളിയും ഓസോൺ സുഷിരവും


സ്ട്രാറ്റോസ്ഫിയറിൽ ഓസോൺവാതകം രൂപപ്പെട്ട് കേന്ദ്രീകരിക്കുന്ന ഭാഗത്തെ ഓസോൺ പാളി എന്ന് വിളിക്കുന്നു. സൂര്യനിൽ നിന്നുള്ള ഹാനികരങ്ങളായ അൾട്രാവയലറ്റ് കിരണങ്ങളെ തടഞ്ഞുനിർത്തി ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്നത് ഓസോൺപാളിയാണ്.

നാം നിത്യേന ആശ്രയിക്കുന്ന റഫ്രിജറേറ്ററുകൾ, വിവിധതരം സ്പ്രേകൾ, അഗ്നിശമന വസ്തുക്കൾ തുടങ്ങിയവ ക്ലോറോഫ്ളൂറോ കാർബണുകളുടെ സ്രോതസുകളാണ്. ഇത്തരം വാതകങ്ങൾ അന്തരീക്ഷത്തിലൂടെ ഉയർന്ന് ഓസോൺ പാളിയിലെത്തുമ്പോൾ അത് ഓസോൺ വാതകത്തെ വിഘടിപ്പിച്ച് നശിപ്പിക്കുന്നു. ഇത്തരത്തിൽ അന്തരീക്ഷ ഓസോൺ പാളിയിൽ ക്രമേണയുണ്ടാകുന്ന ശോഷണത്തെ ഓസോൺ സുഷിരം എന്ന് വിശേഷിപ്പിക്കുന്നു. ഓസോൺപാളി തകരുന്നത് അൾട്രാവയലറ്റ് കിരണങ്ങളെ ഭൂമിയിലേക്ക് കടത്തിവിടും എന്നതിനാൽ അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും ജീവകലകളുടെ നാശത്തിനും വഴിവയ്ക്കും.

## അന്തരീക്ഷതാപനം

ഭൂമിയിൽ എല്ലായിടത്തും താപനില ഒരേ അളവിലല്ല രേഖപ്പെടുത്തുന്നത്. അതുപോലെ ഓരോ പ്രദേശത്തും വ്യത്യസ്ത സമയങ്ങളിലും കാലങ്ങളിലും അനുഭവപ്പെടുന്ന താപനില വ്യത്യസ്തമായിരിക്കും. സൂര്യപ്രകാശ ലഭ്യതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ് സ്ഥല-കാല താപവ്യത്യാസങ്ങൾക്ക് കാരണം. സൂര്യനിൽനിന്ന് ഹ്രസ്വതരംഗ രൂപത്തിലാണ് ഊർജം ഭൂമിയിൽ എത്തിച്ചേരുന്നത്. ഇതിനെ സൗരവികിരണം (Insolation) എന്ന് വിളിക്കുന്നു.

സൗരവികിരണത്തിലൂടെ ഭൗമോപരിതലം ചൂടുപിടിക്കുന്നു. ചൂടുപിടിച്ച ഭൗമോപരിതലത്തിൽ നിന്നും ക്രമേണ അന്തരീക്ഷത്തിലേക്കും താപം പകരുന്നു. ഭൂമിയിൽനിന്നും ദീർഘതരംഗ രൂപത്തിൽ ശൂന്യാകാശത്തേക്ക് ഊർജം പുനഃ വികിരണം ചെയ്യപ്പെടുന്നതിനെ ഭൗമവികിരണം എന്നു വിളിക്കുന്നു (Terrestrial Radiation). ഭൂമിയിലെത്തിച്ചേരുന്ന സൗരവികിരണവും ഭൂമിയിൽ നിന്നും മോചിപ്പിക്കപ്പെടുന്ന ഭൗമവികിരണവും തമ്മിലുള്ള സന്തുലനത്തെ ഹീറ്റ് ബജറ്റ് എന്ന് വിശേഷിപ്പിക്കുന്നു. ഹീറ്റ് ബജറ്റ് എന്ന ഈ ദൈനംദിന താപസന്തുലന പ്രക്രിയ ഉള്ളതുകൊണ്ടാണ് ഭൗമോപരിതലത്തിൽ ജീവന്റെ നിലനിൽപ്പിന് അനുഗുണമായ താപനില നിലനിർത്താനാകുന്നത്.




*ഹീറ്റ് ബജറ്റ്*

## താപവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

ഭൗമോപരിതല താപവിതരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് നോക്കൂ.

### 1) അക്ഷാംശം:

ഭൂമധ്യരേഖയോടടുത്ത പ്രദേശങ്ങളിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ അവിടെ ഉയർന്ന താപം അനുഭവപ്പെടുന്നു. മധ്യരേഖയിൽനിന്നും ധ്രുവങ്ങളിലേക്ക് അകലുന്തോറും സൂര്യരശ്മികൾ കൂടുതൽ ചരിഞ്ഞു പതിക്കുന്നതിനാൽ ക്രമേണ താപം കുറഞ്ഞുവരുന്നു.

ധ്രുവങ്ങൾ ഹിമാവൃതമായിരിക്കാൻ കാരണമെന്ത്?

മൂന്നാർ, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ താരതമ്യേന കുറഞ്ഞ താപനില അനുഭവപ്പെടുന്നതെന്തുകൊണ്ട്?

### 2) സമുദ്രനിരപ്പിൽനിന്നുള്ള ഉയരം:

സമുദ്രനിരപ്പിൽ നിന്നും ഉയരുന്തോറും ഓരോ 165 മീറ്ററിനും $1^0$ സെൽഷ്യസ് എന്നതോതിൽ താപനില കുറഞ്ഞുവരുന്നു. ഇതിനെ ക്രമമായ താപനഷ്ട നിരക്ക് എന്ന് വിളിക്കുന്നു.

### 3) സമുദ്രസാമീപ്യം:

കടലിനെ അപേക്ഷിച്ച് കര വേഗത്തിൽ ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നു. അതിനാൽ കരയ്ക്ക് മുകളിലും കടലിനു മുകളിലും എപ്പോഴും താപനില വ്യത്യസ്തമായിരിക്കും. പകൽ കടലിൽനിന്നും കരയിലേക്കും രാത്രി കരയിൽനിന്നും കടലിലേക്കും കാറ്റ് വീശുന്നതിനാൽ തീരദേശങ്ങളിലെ താപനില മിതമായി നിലനിൽക്കുന്നു.

തീരപ്രദേശങ്ങളെ അപേക്ഷിച്ച് ഉൾനാടൻ പ്രദേശങ്ങളിൽ രാത്രി-പകലുകൾ തമ്മിൽ വലിയ താപാന്തരം രേഖപ്പെടുത്തുന്നു. എന്തുകൊണ്ട്?

### കാറ്റുകളും സമുദ്രജല പ്രവാഹങ്ങളും

കാറ്റിലൂടെയും സമുദ്രജല പ്രവാഹങ്ങളിലൂടെയും ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് താപവ്യാപനമുണ്ടാകുന്നു.




**സമതാപരേഖകൾ (Isotherms)**

ഒരേ താപനിലയുള്ള പ്രദേശങ്ങളെ തമ്മിൽ യോജിപ്പിച്ചു കൊണ്ട് ഭൂപടങ്ങളിൽ വരയ്ക്കുന്ന സാങ്കൽപ്പികരേഖകളാണ് സമതാപരേഖകൾ. ഭൗമോപരിതല താപവിതരണം പ്രദർശിപ്പിക്കുന്നതിന് ഏറ്റവും ശാസ്ത്രീയമായ രീതിയാണിത്.

## താപനിലയും അന്തരീക്ഷമാറ്റങ്ങളും

അന്തരീക്ഷമർദ്ദവ്യത്യാസങ്ങൾ, കാറ്റുകൾ, മേഘരൂപീകരണം, മഴ തുടങ്ങിയ വ്യത്യസ്ത അന്തരീക്ഷ സ്ഥിതിമാറ്റങ്ങൾക്ക് കാരണമാകുന്നത് അന്തരീക്ഷ താപനിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളാണ്.

***അന്തരീക്ഷ സ്ഥിതിയിൽ എന്തൊക്കെ മാറ്റങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്?***

**അന്തരീക്ഷമർദ്ദവും കാറ്റുകളും**

മറ്റെല്ലാ വസ്തുക്കളെയുംപോലെ വായുവിനും ഭാരമുണ്ട്. അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദ്ദം (Atmospheric Pressure). ബാരോമീറ്റർ എന്ന ഉപകരണം ഉപയോഗിച്ച് ഒരു സ്ഥലത്തെ അന്തരീക്ഷമർദ്ദം രേഖപ്പെടുത്താനാകും. മില്ലിബാർ, ഹെക്ടോപാസ്ക്കൽ എന്നീ ഏകകങ്ങളിൽ മർദ്ദം രേഖപ്പെടുത്താം. ഭൗമോപരിതലത്തിൽ അനുഭവപ്പെടുന്ന ശാരശരി അന്തരീക്ഷമർദ്ദം 1013.2 മില്ലിബാർ അഥവാ 1013.2 ഹെക്ടോപാസ്ക്കലാണ്.

ഭൗമോപരിതല അന്തരീക്ഷമർദ്ദം എല്ലായിടത്തും ഒരുപോലെയല്ല. ഏതൊക്കെ ഘടകങ്ങളാണ് മർദ്ദത്തെ സ്വാധീനിക്കുന്നതെന്ന് നോക്കൂ.

### 1) ഉയരം:

ഉയരം കൂടുമ്പോൾ അന്തരീക്ഷമർദ്ദം കുറഞ്ഞുവരുന്നു. അന്തരീക്ഷത്തിന്റെ താഴെ തലങ്ങളിൽ ഓരോ 10 മീറ്ററിനും 1 മില്ലിബാർ എന്നതോതിൽ മർദ്ദം കുറയുന്നു. നാം മലയോരപ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുമ്പോൾ ചെവിയടപ്പ് അനുഭവപ്പെടുന്നത് അന്തരീക്ഷമർദ്ദം കുറയുന്നതിനാലാണ്.

### 2) താപം:

താപനില കൂടുമ്പോൾ വായു വികസിച്ചുയരുന്നു. അതിനാൽ ആ പ്രദേശത്ത് വായുവിന്റെ സാന്ദ്രത കുറയുന്നതിലൂടെ അന്തരീക്ഷമർദ്ദം കുറയുന്നു. താപനില കുറയുന്ന അവസരങ്ങളിൽ വായു സങ്കോചിച്ച് താഴ്ന്നിറങ്ങുന്നതിനാൽ അവിടെ അന്തരീക്ഷമർദ്ദം കൂടുന്നു.


ഭൂമധ്യരേഖാ പ്രദേശത്തും ധ്രുവ പ്രദേശങ്ങളിലും അന്തരീക്ഷമർദ്ദത്തിൽ എന്ത് വ്യത്യാസമാണ് അനുഭവപ്പെടുക?

### 3) ആർദ്രത:

അന്തരീക്ഷത്തിലെ ജലാംശം അഥവാ നീരാവിയുടെ അളവാണ് ആർദ്രത. ജലതന്മാത്രകൾക്ക് വായുതന്മാത്രകളേക്കാൾ ഭാരം കുറവാണ്. ജലം ബാഷ്പമാകുമ്പോൾ ഉയർന്നു പോകുന്നത് കണ്ടിട്ടില്ലേ. നീരാവി പൂരിതമായ അന്തരീക്ഷത്തിൽ മർദ്ദം കുറവായിരിക്കും. വരണ്ട അന്തരീക്ഷത്തിൽ ഉയർന്ന അന്തരീക്ഷമർദ്ദമായിരിക്കും അനുഭവപ്പെടുക.

സമുദ്രതീര പ്രദേശങ്ങളിലെ അന്തരീക്ഷമർദ്ദം പൊതുവെ കുറവായിരിക്കും. എന്തുകൊണ്ട്?

ഉയരം, താപം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്നത് എപ്രകാരമാണെന്ന് കണ്ടില്ലേ.




**സമമർദ്ദരേഖകൾ (Isobars)**


സമുദ്രനിരപ്പിൽ ഒരേ അന്തരീക്ഷമർദ്ദമുള്ള പ്രദേശങ്ങളെ തമ്മിൽ യോജിപ്പിച്ചു കൊണ്ട് ഭൂപടങ്ങളിൽ വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് സമമർദ്ദരേഖകൾ. ഭൗമോപരിതല മർദ്ദവിതരണം രേഖപ്പെടുത്തുന്നതിനുള്ള ഏറ്റവും അനുയോജ്യമായ രീതിയാണിത്.

## ഉച്ചമർദ്ദവും ന്യൂനമർദ്ദവും

ചുറ്റുപാടുകളെ അപേക്ഷിച്ച് ഉയർന്ന അന്തരീക്ഷമർദ്ദം അനുഭവപ്പെടുന്ന മേഖലകളാണ് ഉച്ചമർദ്ദ മേഖലകൾ (H). ചുറ്റുപാടുകളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ അന്തരീക്ഷമർദ്ദമുള്ള പ്രദേശങ്ങളെ ന്യൂനമർദ്ദ മേഖലകൾ (L) എന്നും വിളിക്കുന്നു.

## ആഗോള മർദ്ദമേഖലകൾ

ചില അക്ഷാംശങ്ങൾക്കിടയിൽ അന്തരീക്ഷമർദ്ദം ഏറെക്കുറെ ഒരുപോലെയാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗമോപരിതലത്തെ വിവിധ മർദ്ദമേഖലകളായി തരംതിരിച്ചിരിക്കുന്നു. ഏഴ് പ്രധാന മർദ്ദമേഖലകളും അവയുടെ സ്ഥാനവും ചിത്രം നോക്കി മനസിലാക്കൂ.




ഈ മർദ്ദമേഖലകളെ ആഗോള മർദ്ദമേഖലകൾ എന്ന് വിളിക്കുന്നു.

ഓരോ മർദ്ദമേഖലകളും രൂപപ്പെടുന്നതിനുള്ള കാരണങ്ങളാണ് പട്ടികയിൽ

| ആഗോള മർദ്ദമേഖലകൾ | രൂപപ്പെടുന്നതിനുള്ള കാരണം |
|---|---|
| മധ്യരേഖാ ന്യൂനമർദ്ദമേഖല | ഉയർന്ന താപനില കാരണം മധ്യരേഖാ പ്രദേശത്തെ വായു വികസിച്ച് ഉയരുന്നതിലൂടെ ഈ ന്യൂനമർദ്ദമേഖല രൂപപ്പെടുന്നു. (ഭൂമധ്യരേഖയ്ക്ക് 5° വടക്കു മുതൽ 5° തെക്കു വരെ) |
| ഉപോഷ്ണ ഉച്ചമർദ്ദമേഖല | മധ്യരേഖാ പ്രദേശത്തുനിന്ന് ചൂടുപിടിച്ച് ഉയർന്നുപൊങ്ങുന്ന വായു ക്രമേണ തണുത്ത് ഉപോഷ്ണ മേഖലകളിൽ താഴ്ന്നിറങ്ങുന്നു. ഇതുമൂലം 30° ഉത്തര-ദക്ഷിണ അക്ഷാംശപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഉച്ചമർദ്ദമേഖലകൾ രൂപപ്പെടുന്നു. |
| ഉപധ്രുവീയ ന്യൂനമർദ്ദമേഖലകൾ | ഭൂമിയുടെ ഭ്രമണം നിമിത്തം ഏതാണ്ട് 60° ഉത്തര-ദക്ഷിണ അക്ഷാംശ മേഖലകളിലെ വായു ആകാശത്തേക്ക് ചുഴറ്റിയെറിയപ്പെടുന്നതിനാൽ ഇവിടങ്ങളിൽ ന്യൂനമർദ്ദമേഖലകൾ ഉണ്ടാകുന്നു. |
| ധ്രുവീയ ഉച്ചമർദ്ദമേഖലകൾ | ഉത്തര-ദക്ഷിണ ധ്രുവപ്രദേശങ്ങളിൽ അതിശൈത്യം കാരണം വായു സങ്കോചിച്ച് താഴ്ന്നിറങ്ങുന്നതിനാൽ ഉച്ചമർദ്ദമേഖലകൾ ഉണ്ടാകുന്നു. |

## കാറ്റുകൾ

അന്തരീക്ഷമർദ്ദത്തിലെ ഏറ്റക്കുറച്ചിലുകൾ കാറ്റുകൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു. ഉച്ചമർദ്ദ പ്രദേശങ്ങളിൽ നിന്നും ന്യൂനമർദ്ദ പ്രദേശങ്ങളിലേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റ്. ഇളം കാറ്റുകൾ മുതൽ കൊടുങ്കാറ്റുകൾ വരെ വിവിധതരം കാറ്റുകൾ നിങ്ങൾക്ക് പരിചിതമല്ലേ. ഏത് ദിശയിൽനിന്നും വീശുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് കാറ്റുകൾക്ക് പേര് നൽകാറുള്ളത്. ഉദാഹരണം: വടക്കു ദിശയിൽനിന്നു വീശുന്ന കാറ്റിനെ വടക്കൻ കാറ്റെന്നും കിഴക്കുനിന്നും വീശുന്ന കാറ്റിനെ കിഴക്കൻ കാറ്റ് അഥവാ പൂർവ്വവാതം എന്നും വിളിക്കുന്നു.

കാറ്റിന്റെ വേഗതയും ദിശയും താഴെപ്പറയുന്ന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

### 1) മർദ്ദചരിവ്:

തിരശ്ചീന ദൂരത്തിൽ മർദ്ദത്തിലെ വ്യത്യാസമാണിത്. മർദ്ദവ്യത്യാസം കൂടുതലെങ്കിൽ കാറ്റ് കൂടുതൽ ശക്തവും മർദ്ദവ്യത്യാസം കുറവെങ്കിൽ കാറ്റ് ദർബലവുമായിരിക്കും.

### 2) കോറിയോലിസ് ബലം:


ഭൂമിയുടെ ഭ്രമണം നിമിത്തം ഉത്തരാർദ്ധ ഗോളത്തിൽ കാറ്റുകൾക്ക് സഞ്ചാരദിശയുടെ വലത്തോട്ടും, ദക്ഷിണാർദ്ധ ഗോളത്തിൽ സഞ്ചാരദിശയുടെ ഇടത്തോട്ടും വ്യതിചലിക്കുന്നതിനുള്ള പ്രവണതയുണ്ട്. ഇതാണ് കോറിയോലിസ് ബലം.

### 3) ഘർഷണം:

നിരപ്പില്ലാത്തതും മരങ്ങൾ നിറഞ്ഞതുമായ ഭൂപ്രകൃതിയിൽ ഘർഷണം കൂടുതലായതിനാൽ കാറ്റിന് സുഗമമായി സഞ്ചരിക്കാനാകില്ല. എന്നാൽ നിരപ്പായ ഭൂപ്രദേശങ്ങളിലും സമുദ്രോപരിതലങ്ങളിലും കാറ്റിന് തടസങ്ങളില്ലാതെ വീശാനാകുന്നു.


## വിവിധതരം കാറ്റുകൾ

ഫ്ളോചാർട്ട് നിരീക്ഷിച്ച് ഭൂമുഖത്ത് വീശുന്ന വിവിധതരം കാറ്റുകൾ ഏതെല്ലാമെന്ന് മനസിലാക്കൂ.



## ആഗോളവാതങ്ങൾ

ആഗോള മർദ്ദമേഖലകളെക്കുറിച്ച് നിങ്ങൾ മനസിലാക്കിയല്ലോ. ഈ മർദ്ദമേഖലകൾക്കിടയിൽ (ഉച്ചമർദ്ദ മേഖലകളിൽനിന്നും ന്യൂനമർദ്ദ മേഖലകളിലേക്ക്) നിരന്തരം വീശുന്ന കാറ്റുകളാണ് ആഗോളവാതങ്ങൾ. ആഗോളവാതങ്ങളെ മൂന്നായി തരംതിരിക്കാം.




### 1. വാണിജ്യവാതങ്ങൾ

ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും മധ്യരേഖാ ന്യൂനമർദ്ദ മേഖലകളിലേക്ക് വീശുന്നു. കോറിയോലിസ് ബലത്താൽ ഈ കാറ്റുകൾ ഉത്തരാർദ്ധഗോളത്തിൽ വടക്കുകിഴക്കു നിന്നും, ദക്ഷിണാർദ്ധ ഗോളത്തിൽ തെക്കുകിഴക്കു നിന്നുമാണ് വീശുന്നത്.

### 2. പശ്ചിമവാതങ്ങൾ

ഉപോഷ്ണഉച്ചമർദ്ദമേഖലകളിൽനിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലകളിലേക്ക് വീശുന്നു. കോറിയോലിസ് ബലത്താൽ ഈ കാറ്റുകൾ ഉത്തരാർദ്ധഗോളത്തിൽ തെക്ക് പടിഞ്ഞാറ് നിന്നും ദക്ഷിണാർദ്ധഗോളത്തിൽ വടക്കുപടിഞ്ഞാറുനിന്നും വീശുന്നു. അതിനാലാണ് പശ്ചിമ വാതങ്ങൾ എന്ന പേര്.

### 3. ധ്രുവീയപൂർവവാതങ്ങൾ

ധ്രുവീയ ഉച്ചമർദ്ദമേഖലകളിൽ നിന്നും ഉപധ്രുവീയ മേഖലകളിലേക്ക് വീശുന്നു.

*വാണിജ്യവാതങ്ങളെ പൂർവവാതങ്ങൾ എന്നു വിളിക്കുന്നത് എന്തുകൊണ്ടായിരിക്കാം?*

## കാലികവാതങ്ങൾ

നിശ്ചിതസമയ ഇടവേളകളിൽ മാത്രം വീശുന്ന കാറ്റുകളാണ് കാലികവാതങ്ങൾ. കാലികവാതങ്ങൾക്ക് ഏറ്റവും നല്ല ഉദാഹരണമാണ് മൺസൂൺ കാറ്റുകൾ.

## മൺസൂൺ കാറ്റുകൾ

ഇന്ത്യ ഉൾപ്പെട്ട ദക്ഷിണേഷ്യൻ പ്രദേശങ്ങളിലാണ് മൺസൂൺ കാറ്റുകൾ മുഖ്യമായും അനുഭവപ്പെടുന്നത്. ഉഷ്ണകാലത്ത് ഉത്തരാർദ്ധഗോളത്തിലെ വൻകരകൾ ഗണ്യമായി ചൂടുപിടിച്ച് അവിടെ ന്യൂനമർദ്ദം രൂപപ്പെടുന്നു. താരതമ്യേന ഉയർന്ന മർദ്ദം നിലനിൽക്കുന്ന സമുദ്രോപരിതലത്തിൽനിന്നും ഈ ന്യൂനമർദ്ദ മേഖലയിലേക്ക് കാറ്റ് വീശുന്നു. കൊറിയോലിസ് പ്രഭാവത്താൽ ഈ കാറ്റുകൾ വലത്തോട്ട് വ്യതിചലിച്ച് തെക്ക് പടിഞ്ഞാറ് ദിശയിൽനിന്നും വീശുന്നതിനാൽ ഇതിനെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ എന്ന് വിളിക്കുന്നു. ജൂൺ മുതൽ സെപ്തംബർ മാസംവരെ കടലിൽനിന്നും കരയിലേക്ക് വീശുന്ന ഈ മൺസൂൺ കാറ്റിലൂടെ ഇന്ത്യയുൾപ്പെടെ ഏഷ്യൻ രാജ്യങ്ങളിൽ ധാരാളം മഴ ലഭിക്കുന്നു.

സെപ്തംബർ മാസം പിന്നിടുന്നതോടെ സൂര്യൻ ദക്ഷിണാർദ്ധ ഗോളത്തിലേക്ക് അയനം ചെയ്യുന്നതിനാ ൽ ഇന്ത്യയുൾപ്പെട്ട ഉത്തര വൻകരകളി ൽ താപനില കുറയുകയും ഉച്ചമർദ്ദം രൂപപ്പെടാൻ ഇടയാകുകയും ചെയ്യും. താരത

മേ്യന മർദ്ദം കുറഞ്ഞ ദക്ഷിണ സമുദ്രഭാഗത്തേക്ക് ഉത്തര വൻകരയിൽനിന്നും കാറ്റ് വീശുന്നു. കോറിയോലിസ് പ്രഭാവത്താൽ ഈ കാറ്റുകൾ വടക്കുകിഴക്ക് ദിശയിൽ നിന്നാകയാൽ ഇതിനെ വടക്കുകിഴക്കൻ മൺസൂൺ കാറ്റുകൾ എന്നു വിളിക്കുന്നു. ഒക്ടോബർ-നവംബർ മാസങ്ങളിൽ ഏറെ സജീവമായ ഈ കാറ്റ് പൊതുവെ വരണ്ട കാറ്റുകളാണ്.




*തെക്ക് പടിഞ്ഞാറൻ മൺസൂൺ*




*വടക്ക് കിഴക്കൻ മൺസൂൺ*

കാലികമായി കാറ്റുകൾ വിപരീതദിശയിലാകുന്ന മൺസൂൺ എന്ന പ്രതിഭാസത്തെക്കുറിച്ച് ബോധ്യമായല്ലോ.

ദൈനംദിനം രാത്രിപകലുകളിൽ വിപരീതദിശകളിലേക്ക് മാറുന്ന ചില പ്രാദേശിക കാലികവാതങ്ങളെ പരിചയപ്പെടാം.

### കരക്കാറ്റും കടൽക്കാറ്റും

തീരദേശങ്ങളിൽ ദൈനംദിന ആവർത്തിക്കുന്ന കാലിക വാതങ്ങളാണിവ. പകൽസമയത്ത് കര സമുദ്രത്തെ അപേക്ഷിച്ച് കൂടുതൽ ചൂടുപിടിക്കുന്നതിനാൽ കരയ്ക്കു മുകളിൽ മർദ്ദം






കുറയുന്നു. താരതമ്യേന ഉയർന്ന മർദ്ദമുള്ള സമുദ്രോപരിതലത്തിൽനിന്നും കരയിലേക്ക് കാറ്റ് വീശുന്നു. പൊതുവെ ഉച്ചതിരിഞ്ഞ് വീശുന്ന ഈ കാറ്റുകളെ കടൽക്കാറ്റുകൾ എന്നു വിളിക്കാം.

രാത്രിയാകുന്നതോടെ കരവേഗത്തിൽ തണുക്കുന്നതിനാൽ അവിടെ മർദ്ദം കൂടുന്നു. താരതമ്യേന മർദ്ദം കുറഞ്ഞ സമുദ്രോപരിതലത്തിലേക്ക് കരയിൽനിന്നും കാറ്റ് വീശുന്നു. ഇതാണ് കരക്കാറ്റ്.

കരക്കാറ്റും കടൽക്കാറ്റും രാത്രിപകലുകളിൽ ആവർത്തിച്ചുണ്ടാകുന്നതിനാൽ തീരദേശ കാലാവസ്ഥ മിതമായി നിലനിർത്താനാകുന്നു.







### പർവ്വതക്കാറ്റും താഴ്‌വരക്കാറ്റും

പകൽസമയം പർവ്വതചരിവിലെ വായു സൂര്യരശ്മികളാൽ ചൂടേറ്റ് ഉയരുന്നു. ഇത് താഴ്‌വരയിൽനിന്നും പർവതചരിവിലൂടെ മുകളിലേക്ക് കാറ്റുവീശാൻ ഇടയാകും. ഇതാണ് താഴ്‌വരക്കാറ്റ്. രാത്രികാലങ്ങളിൽ പർവതചരിവിലെ വായു സങ്കോചിച്ച് താഴ്ന്നിറങ്ങുന്നതിനാൽ പർവത മുകളിൽനിന്നും ചരിവിലൂടെ താഴ്‌വരയിലേക്ക് കാറ്റുവീശുന്നു. ഇതാണ് പർവതക്കാറ്റ്.

### പ്രദേശികവാതങ്ങൾ

താരതമ്യേന ചെറിയ പ്രദേശത്ത് മാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണ് പ്രാദേശികവാതങ്ങൾ. പ്രാദേശികമായ താപമർദ്ദ വ്യത്യാസങ്ങളാണ് ഇത്തരം കാറ്റുകൾക്ക് കാരണം.

**ചില പ്രധാന പ്രാദേശികവാതങ്ങളും അവ വീശുന്ന പ്രദേശങ്ങളും പ്രധാന സവിശേഷതകളുമാണ് പട്ടികയിൽ**

| പ്രാദേശികവാതം | പ്രദേശം | സവിശേഷതകൾ |
|---|---|---|
| ലൂ | ഉത്തരേന്ത്യൻ സമതലം. | വരണ്ട ഉഷ്ണക്കാറ്റ്. |
| ചിനൂക്ക് | വടക്കേ അമേരിക്കയിലെ റോക്കി പർവ്വതത്തിന്റെ കിഴക്കേചരിവ്. | പർവ്വതചരിവിലെ മഞ്ഞുരുക്കുന്ന വരണ്ട കാറ്റുകൾ. |
| ഫൊൻ | യൂറോപിലെ ആൽപ്സ് പർവ്വതചരിവ്. | പർവ്വതചരിവിൽ സമ്മർദ്ദത്താൽ ചൂടാകുന്ന ഈ കാറ്റ് തണുപ്പിന്റെ കാഠിന്യം കുറയ്ക്കുന്നു. |
| ഹർമാറ്റൻ | ആഫ്രിക്കയിലെ സഹാറ മരുഭൂമി. | പടിഞ്ഞാറൻ ആഫ്രിക്കയിലെ അസുഖകരമായ കാലാവസ്ഥയ്ക്ക് ആശ്വാസം നൽകുന്നു. |
| മാംഗോഷവേഴ്സ് | ദക്ഷിണേന്ത്യ | ഉഷ്ണകാലത്ത് മാമ്പഴം പഴുക്കുന്നതിനും പൊഴിക്കുന്നതിനുമാലാണ് ഈ പേര്. |

## അന്തരീക്ഷത്തിലെ ജലം


അന്തരീക്ഷത്തിലെ ജലാംശത്തെ അന്തരീക്ഷ ആർദ്രത എന്നു വിളിക്കുന്നു. ഭൂമിയിലെ ജലാശയങ്ങളിൽ നിന്നും താപമേറ്റ് നീരാവിയായാണ് അന്തരീക്ഷത്തിൽ ജലമെത്തുന്നത്. അന്തരീക്ഷത്തിലടങ്ങിയിരിക്കുന്ന ജലബാഷ്പത്തിന്റെ യഥാർത്ഥ അളവിനെ കേവല ആർദ്രത എന്നു വിളിക്കുന്നു. നിശ്ചിത ഊഷ്മാവിൽ അന്തരീക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന ജലാംശത്തിന് ഒരു പരിധിയുണ്ട്. അന്തരീക്ഷം പൂർണമായും ജലപൂരിതമാകുന്ന അവസ്ഥയെ പൂരിതാവസ്ഥ എന്നു വിളിക്കാം. അന്തരീക്ഷം പൂരിതാവസ്ഥയിലാകുന്നതോടെ ഘനീകരണം ആരംഭിക്കും. ഘനീകരണം ആരംഭിക്കുന്ന ഊഷ്മാവിനെ ഹിമാങ്കം എന്ന് വിളിക്കുന്നു. ജലകണികകളായി മാറുന്ന പ്രക്രിയയാണ് ഘനീകരണം.

അന്തരീക്ഷത്തിന്റെ ആകെ ജലാഗിരണശേഷിയുടെ എത്ര ശതമാനമാണ് നിലവിൽ അന്തരീക്ഷത്തിലുള്ളത് എന്നതിനെ ആപേക്ഷിക ആർദ്രത എന്നു വിളിക്കുന്നു.

> അന്തരീക്ഷ ആർദ്രത അളക്കുന്നതിന് ഹൈഗ്രോമീറ്റർ അഥവാ വെറ്റ് ആന്റ് ഡ്രൈ ബൾബ് തെർമോമീറ്റർ എന്ന ഉപകരണമാണ് ഉപയോഗിക്കുന്നത്.

## ഘനീകരണ രൂപങ്ങൾ

അന്തരീക്ഷം ജലപൂരിതമാകുന്നതോടെ ഘനീകരണം ആരംഭിക്കുമെന്ന് പറഞ്ഞല്ലോ. ഘനീകരണം ഏതെല്ലാം രൂപത്തിലാകാം എന്ന് നോക്കൂ.




### തുഷാരം:

പ്രഭാതങ്ങളിൽ പുൽനാമ്പുകളിലും ഇലകളിലും മറ്റ് തണുത്ത പ്രതലങ്ങളിലും ജലത്തുള്ളികൾ പറ്റിപ്പിടിച്ചിരിക്കുന്നത് കണ്ടിട്ടില്ലേ. ഭൗമോപരിതലം തണുക്കുന്നതുമൂലം വെള്ളത്തുള്ളികളുടെ രൂപത്തിലുണ്ടാകുന്ന ഈ ഘനീകരണരൂപമാണ് തുഷാരം.

*സൂര്യോദയത്തോടെ തുഷാരം അപ്രത്യക്ഷമാകുന്നു. എന്തുകൊണ്ട്?*

### ഹിമം:

രാത്രിതാപനില $0^{0}$ സെൽഷ്യസിൽ താഴെയാകുന്ന പ്രദേശങ്ങളിൽ നേർത്ത ഹിമപരലുകളുടെ രൂപത്തിലാണ് ഘനീകരണം ഉണ്ടാകുന്നത്. ഇതാണ് ഹിമം.

### മൂടൽമഞ്ഞ്:

അന്തരീക്ഷം തണുക്കുന്നതിലൂടെ ഘനീഭവിച്ചുണ്ടാകുന്ന നേർത്ത ജലകണികകൾ അന്തരീക്ഷത്തിൽത്തന്നെ തങ്ങിനിൽക്കുന്നതാണ് മൂടൽമഞ്ഞ്. അന്തരീക്ഷത്തിന്റെ താഴ്ന്നവിതാനങ്ങളിൽ രൂപപ്പെടുന്ന മേഘങ്ങൾ എന്ന് ഇതിനെ വിശേഷിപ്പിക്കാറുണ്ട്. മൂടൽമഞ്ഞ് പലപ്പോഴും കാഴ്ചയെ തടസപ്പെടുത്താറുണ്ട്.

## മേഘങ്ങൾ:

അന്തരീക്ഷത്തിന്റെ ഉയർന്ന തലങ്ങളിൽ നേർത്ത പൊടിപടലങ്ങളെ ചുറ്റി ഘനീകരണം നടക്കുന്നതിലൂടെയാണ് മേഘങ്ങൾ രൂപപ്പെടുന്നത്. ആകൃതിയുടെയും ഉയരത്തിന്റെയും അടിസ്ഥാനത്തിൽ വിവിധതരം മേഘങ്ങളുണ്ട്.


*സിറസ്*


*സ്ട്രാറ്റസ്*


*ക്യുമുലസ്*


*നിംബസ്*

- *സിറസ് മേഘങ്ങൾ:* തെളിഞ്ഞ അന്തരീക്ഷസ്ഥിതിയിൽ ഉയർന്ന വിതാനങ്ങളിൽ രൂപപ്പെടുന്ന നേർത്ത തൂവലുകൾക്ക് സമാനമായ മേഘങ്ങൾ.
- *സ്ട്രാറ്റസ് മേഘങ്ങൾ:* കനത്ത പാളികളായി കാണപ്പെടുന്ന മേഘങ്ങൾ.
- *ക്യുമുലസ് മേഘങ്ങൾ:* കൂറ്റൻ പഞ്ഞിക്കെട്ടുകളോട് സാദൃശ്യമുള്ള മേഘങ്ങൾ.
- *നിംബസ് മേഘങ്ങൾ:* ഇരുണ്ട മഴമേഘങ്ങൾ.

മേൽപ്പറഞ്ഞ മേഘങ്ങൾ പൊതുവെ പരസ്പരം കൂടിക്കലർന്നാണ് ദൃശ്യമാകുന്നത്.

ആകാശം നിരീക്ഷിച്ച് വിവിധതരം മേഘങ്ങളെ തിരിച്ചറിയാൻ ശ്രമിക്കൂ.


## വർഷണം

തുടർച്ചയായ ഘനീകരണത്തിലൂടെ മേഘങ്ങളിൽ ജലകണികകളുടെ വലിപ്പം കൂടിവരുന്നു. ഗുരുത്വാകർഷണത്തെ പ്രതിരോധിക്കാൻ കഴിയാത്തത്ര വലിപ്പമാർജ്ജിക്കുന്നതോടെ ജലകണികകൾ മേഘങ്ങളിൽനിന്നും മോചിപ്പിക്കപ്പെടുകയും വിവിധ രൂപത്തിൽ ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു. ഇതാണ് വർഷണം.

വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏതൊക്കെയെന്ന് നോക്കൂ.

- *മഴ:* ജലത്തുള്ളികളുടെ രൂപത്തിൽ ഭൂമിയിൽ പതിക്കുന്ന സാധാരണ വർഷണരീതിയാണ് മഴ.
- *മഞ്ഞ് വീഴ്ച:* താപനില $0^0$ സെൽഷ്യസിൽ താഴെയാകുമ്പോൾ നേർത്ത ഹിമപരലുകളുടെ രൂപത്തിൽ ഭൂമിയിൽ പതിക്കുന്നു.
- *ആലിപ്പഴ വീഴ്ച:* മേഘത്തിൽനിന്നും മോചിപ്പിക്കപ്പെട്ട ജലകണികകൾ വിവിധ തലങ്ങളിൽ വച്ച് തണുത്ത അന്തരീക്ഷപാളികളിലൂടെ കടന്നുവരുമ്പോൾ അവ പാളികളായി തണുത്തുറഞ്ഞ് മഞ്ഞു കട്ടകളുടെ രൂപത്തിൽ ഭൂമിയിൽ എത്തുന്നു.


*മഴ*


*മഞ്ഞ് വീഴ്ച*


ആലിപ്പഴ വീഴ്ച

*നിങ്ങൾക്ക് ഏറ്റവും പരിചിതമായ വർഷണ രീതിയേതാണ്?*

## മഴ വിവിധതരത്തിൽ

*പർവതവൃഷ്ടി/ശൈലവൃഷ്ടി:*

ഈർപ്പം വഹിക്കുന്ന കാറ്റ് പർവത ചരിവിൽ തട്ടി ഉയർത്തപ്പെട്ട് ഘനീഭവിച്ച് മേഘരൂപീകരണവും മഴയുമുണ്ടാകുന്നു. ഇതാണ് പർവതവൃഷ്ടി.


*സംവഹനവൃഷ്ടി:*

ഉഷ്ണമേഖലയിൽ, പ്രത്യേകിച്ച് മധ്യരേഖാ പ്രദേശങ്ങളിൽ ഉയർന്ന ചൂട് കാരണം വായു വികസിച്ചുയർന്ന് മഴമേഘങ്ങളുണ്ടാകുന്നതിലൂടെ ഉച്ചയ്ക്കു ശേഷം മഴയുണ്ടാകുന്നു. ഇതാണ് സംവഹനവൃഷ്ടി.

*തീരദേശവൃഷ്ടി:*

സമുദ്രോപരിതലത്തിലെ വായു കരയിലെ വായുവുമായി തീരദേശങ്ങളിൽ വച്ച് സന്ധിക്കുമ്പോൾ ഉഷ്ണവായു മുകളിലേക്കുയരുകയും ഘനീഭവിച്ച് മഴയായി പെയ്യുകയും ചെയ്യുന്നു. ഇതാണ് തീരദേശവൃഷ്ടി.

ജീവഗ്രഹമായ നമ്മുടെ ഭൂമിയിലെ സകല സ്പന്ദനങ്ങളും നിയന്ത്രിക്കുന്നത് സൂര്യനാണെന്ന് ബോധ്യമായില്ലേ. ജീവമണ്ഡലത്തിന്റെ നിലനിൽപ്പുതന്നെ സൗരോർ



പർവതവൃഷ്ടി



സംവഹനവൃഷ്ടി



തീരദേശവൃഷ്ടി

ജത്തിൽ അധിഷ്ഠിതമാണ്.

ഭൂമിക്ക് ഒരു സ്വാഭാവിക താപസന്തുല സംവിധാനമുണ്ടെന്ന് നിങ്ങൾ മനസിലാക്കിയല്ലോ. വിവിധ മനുഷ്യപ്രവർത്തനങ്ങളിലൂടെ അന്തരീക്ഷ സംരചനയിൽ മാറ്റങ്ങളുണ്ടാകുന്നതിലൂടെ ഭൂമിയുടെ സ്വാഭാവിക താപസന്തുലനം സാധ്യമാകാതെ വരുന്നതിനാലാണ് കാലാവസ്ഥ മാറ്റം എന്ന സ്ഥിതിവിശേഷം സംജാതമാകുന്നത്. അശാസ്ത്രീയമായ പ്രവർത്തനങ്ങൾ സ്വയം നിയന്ത്രിച്ച് അന്തരീക്ഷത്തിന്റെ ലോലസന്തുലനം നിലനിർത്തുക വഴി ഇനിയും തലമുറകൾക്ക് ഭീഷണിയില്ലാതെ ജീവിക്കാൻ കഴിയുന്ന ജീവഗ്രഹമായി ഭൂമിയെ സംരക്ഷിക്കാൻ കഴിയും എന്ന് നമുക്ക് പ്രത്യാശിക്കാം.

## പഠനനേട്ടങ്ങൾ

- അന്തരീക്ഷ ഘടകങ്ങൾ തിരിച്ചറിഞ്ഞ് ഓരോ ഘടകത്തിന്റെയും പ്രാധാന്യം വിശദീകരിക്കാൻ കഴിയുന്നു.
- താപനിലയിലെ മാറ്റങ്ങൾ അടിസ്ഥാനമാക്കി അന്തരീക്ഷത്തെ പാളികളായി തിരിക്കാനും സവിശേഷതകൾ വിശദമാക്കാനും കഴിയുന്നു.
- താപവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദമാക്കുന്നു.
- അന്തരീക്ഷ മർദ്ദത്തിലെ ഏറ്റക്കുറച്ചിലുകൾക്ക് കാരണങ്ങൾ വിശദമാക്കാൻ കഴിയുന്നു.
- ആഗോള മർദ്ദമേഖലകളെ ചിത്രീകരിക്കാൻ കഴിയുന്നു.
- വിവിധതരം കാറ്റുകളും അവ രൂപപ്പെടുന്ന സാഹചര്യവും വിവരിക്കാനാകുന്നു.
- അന്തരീക്ഷ ആർദ്രതയും അതുമൂലമുള്ള അന്തരീക്ഷ സ്ഥിതിമാറ്റങ്ങളും വ്യക്തമാക്കാനാകുന്നു.
- ഘനീകരണ രൂപങ്ങൾ, മേഘരൂപങ്ങൾ, വർഷണരൂപങ്ങൾ എന്നിവ തരംതിരിച്ച് വിശദമാക്കാൻ കഴിയുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ചുവടെ ചേർത്തിട്ടുള്ള വാതകങ്ങളെ അന്തരീക്ഷത്തിലെ ആനുപാതിക അളവിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുക.
  കാർബൺഡൈഓക്സൈഡ് - ഓക്സിജൻ - ആർഗൺ - നൈട്രജൻ
- ഹരിതഭവനങ്ങൾ എന്നാലെന്ത്? ഹരിതഭവന പ്രഭാവം എന്തെന്ന് വ്യക്തമാക്കുക.
- സൂചനകളിൽനിന്നും അന്തരീക്ഷപാളി ഏതെന്ന് തിരിച്ചറിഞ്ഞ് പ്രസ്തുത പാളിയുടെ മറ്റ് സവിശേഷതകൾ എഴുതുക.
  * ഭൂമിയോടടുത്തുള്ള പാളി.
  * 50 കിലോമീറ്റർ മുതൽ 80 കിലോമീറ്റർ വരെ ഉയരത്തിൽ നിലകൊള്ളുന്നു.
- അന്തരീക്ഷമർദ്ദം എന്നാലെന്ത്? ഉയരം, താപം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്നതെങ്ങനെ?
- ആഗോള മർദ്ദമേഖലകൾ ചിത്രം വരച്ച് അടയാളപ്പെടുത്തുക.

## തുടർപ്രവർത്തനങ്ങൾ

- ഒരു വർഷത്തിൽ വിവിധ കാലങ്ങളിൽ നിങ്ങളുടെ പ്രദേശത്ത് ലഭിക്കുന്ന മഴയുടെ പ്രത്യേകതകൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

## സ്വയംവിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| അന്തരീക്ഷത്തിലെ വാതകസംരചന, അന്തരീക്ഷ ഘടനഎന്നിവയെക്കുറിച്ച് ആശയ ധാരണ നേടിയിട്ടുണ്ട്. | | | |
| ആഗോളമർദ്ദമേഖലകൾ, വിവിധ തതരം കാറ്റുകൾ എന്നിവയെക്കുറിച്ച് ധാരണകൾ രൂപപ്പെട്ടിട്ടുണ്ട്. | | | |
| വിവിധതരം ഘനീകരണരൂപങ്ങൾ, പരീക്ഷണരൂപങ്ങൾ, മഴകൾ എന്നിവയെക്കുറിച്ച് ആശയ രൂപീകരണം നടത്തിയിട്ടുണ്ട്. | | | |
| അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ച് വിശദീകരിക്കാൻ കഴിയുന്നുണ്ട്. | | | |



# അധ്യായം 13 ജലമണ്ഡലം

ഭൗമോപരിതലത്തിലും അന്തരീക്ഷത്തിലും ഭൂഗർഭത്തിലുമായി വിവിധ രൂപത്തിൽ നിലകൊള്ളുന്ന മുഴുവൻ ജലവും ഉൾക്കൊള്ളുന്ന മണ്ഡലമാണ് ജലമണ്ഡലം.

സൗരയൂഥത്തിലെ ഒരേയൊരു ജീവഗ്രഹമാണ് ഭൂമി എന്ന് നിങ്ങൾക്കറിയാമല്ലോ. ഭൂമിയിൽ ജീവന്റെ നിലനിൽപ്പ് സാധ്യമാക്കുന്ന പരമപ്രധാനമായ ഘടകമാണ് ജലം. എത്രയേറെ ഉപയോഗിച്ചാലും ജലപരിവൃത്തി എന്ന ചാക്രികമായ പ്രക്രിയകളിലൂടെ വീണ്ടും പുനഃസ്ഥാപിക്കപ്പെടുന്ന വിഭവമായതിനാൽ ജലത്തെ ഒരു ചാക്രികവിഭവമായി പരിഗണിക്കാം.

## ജലപരിവൃത്തി




ചിത്രം നിരീക്ഷിച്ച് ജലം ഏതെല്ലാം അവസ്ഥകളിലൂടെ കടന്നുപോകുന്നു എന്നു മനസ്സിലാക്കൂ.

തുടർന്ന് ചുവടെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

- ജലാശയങ്ങളിലെ ജലത്തിൽ സൂര്യതാപമേൽക്കുമ്പോൾ എന്തു സംഭവിക്കുന്നു?
- നദികളിലേക്കും തടാകങ്ങളിലേക്കും ജലമെത്തുന്നതെങ്ങനെ?
- ഈ ജലത്തിന് തുടർന്ന് എന്തു സംഭവിക്കുന്നു?

ഭൂമിക്ക് ജലഗ്രഹം എന്നും പേരുണ്ട്. അതെന്തുകൊണ്ടായിരിക്കാം? തന്നിരിക്കുന്ന ചിത്രം ശ്രദ്ധിക്കൂ.



ഭൂമിയുടെ വിസ്തൃതിയുടെ മുക്കാൽ പങ്കും ജലമായതിനാലാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നതെന്ന് ബോധ്യമായിരിക്കുമല്ലോ. ഉപരിതലത്തിന്റെ ഏതാണ്ട് 71 ശതമാനവും ജലമായതിനാൽ ബഹിരാകാശത്തുനിന്നു നോക്കുമ്പോൾ ഭൂമി ഒരു നീലഗോളമാണത്രേ.

സമുദ്രങ്ങളെ കൂടാതെ മറ്റേതെല്ലാം ജലസ്രോതസുകളെക്കുറിച്ച് നിങ്ങൾക്കറിയാം?

- നീരുറവകൾ
-
-

ചുവടെ നൽകിയ ഡയഗ്രം നിരീക്ഷിക്കൂ.




> ധ്രുവപ്രദേശങ്ങളിലും ഉയർന്ന പർവതങ്ങളിലും ഉറഞ്ഞുകിടക്കുന്ന മഞ്ഞും ചില പ്രദേശങ്ങളിലെ ഭൂഗർഭജലവും നമുക്ക് അപ്രാപ്യമായ ശുദ്ധജലമാണ്.

- ഭൂമിയിൽ ലവണജലമാണോ ശുദ്ധജലമാണോ കൂടുതലുള്ളത്?
- ഭൂമിയിലെ ആകെ ജലത്തിന്റെ എത്ര ശതമാനമാണ് ലവണജലം?
- മനുഷ്യന് ലഭ്യമായ ശുദ്ധജലം എത്ര ശതമാനമുണ്ട്?

## ശുദ്ധജലം

ശുദ്ധജലസ്രോതസുകളെ ഉപരിതല ജലസ്രോതസ്സുകൾ, ഭൂഗർഭ ജലസ്രോതസുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം.

നദികൾ, തടാകങ്ങൾ, കായലുകൾ എന്നിവയൊക്കെയാണ് ഉപരിതല ജലസ്രോതസുകൾ. ഭൂമിയുടെ ഉപരിതലത്തോട് വളരെ അടുത്തായിരിക്കും ഇവയിലെ ജലനിരപ്പ്. കിണർ, കുളം, കുഴൽക്കിണർ തുടങ്ങിയവ ഭൂഗർഭ ജലസ്രോതസ്സുകളാണ്.

## മണ്ണിനടിയിലെ ജലം


മഴയാണ് മണ്ണിലേക്കു വെള്ളമെത്തിക്കുന്നത്. മഴത്തുള്ളികൾ മണ്ണിലെ സൂക്ഷ്മ സുഷിരങ്ങളിലേക്കു കിനിഞ്ഞിറങ്ങുകയും അവിടെ ശേഖരിക്കപ്പെടുകയും ചെയ്യുന്നു.

ഭൂമിയിൽ പെയ്തിറങ്ങുന്ന മഴവെള്ളം മഴയില്ലാത്ത കാലങ്ങളിലേക്ക് സംഭരിച്ചുവയ്ക്കാനുള്ള സംവിധാനം പ്രകൃതി ഏർപ്പെടുത്തിയിട്ടുണ്ട്. മഴവെള്ളം മണ്ണിനടിയിലേക്ക് ഊർന്നിറങ്ങാനുള്ള അവസരം നാം തടസപ്പെടുത്തിയാൽ വേനൽക്കാലത്ത് ജലദൗർലഭ്യമായിരിക്കും ഫലം.

കിണറുനിർമാണത്തിനും മറ്റാവശ്യങ്ങൾക്കുമൊക്കെ കുഴിയെടുക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. ആഴംകൂടുന്തോറും പൊതുവെ മണ്ണിന്റെ നനവ് വർദ്ധിക്കുന്നതു കാണാം. വീണ്ടും ആഴം കൂട്ടിയാലോ? ശിലകളിലെ സുഷിരങ്ങളിൽ നിറഞ്ഞിരിക്കുന്ന ജലം കിനിഞ്ഞിറങ്ങി കുഴിയിൽ നിറയുന്നു. എല്ലാ സുഷിരങ്ങളും ജലംകൊണ്ട് നിറഞ്ഞിരിക്കുന്ന ഭാഗമായതിനാലാണ് ഈ ജലസമൃദ്ധി. ഭൂമിക്കടിയിലെ ജലസമൃദ്ധമായ ഭാഗത്തിന്റെ മുകൾപ്പരപ്പാണ് 'ജലപീഠം' (water table) എന്നറിയപ്പെടുന്നത്. ഭൂമിക്കടിയിൽ സംഭരിക്കപ്പെട്ടിരിക്കുന്ന ജലമാണ് ഭൂഗർഭ ജലം (underground water).

### അക്യുഫറുകൾ (Aquifers)

മേൽമണ്ണിൽനിന്ന് ഊർന്നിറങ്ങുന്ന ജലം മണ്ണിലെ സുഷിരങ്ങളിലും പാറയിടുക്കുകളിലും സംഭരിക്കപ്പെടുന്ന നീരറകളാണ് അക്യുഫറുകൾ (Aquifers). ഇങ്ങനെ ശേഖരിക്കപ്പെടുന്ന ജലമാണ് കിണറിലൂടെ നമുക്കു ലഭിക്കുന്നത്.




**മഴക്കാലത്ത് ജലപീഠം ഉയരുന്നു. വേനൽക്കാലത്ത് താഴുന്നു. ഇതെന്തുകൊണ്ടായിരിക്കാം?**

### നീരുറവ (Spring)

നമ്മുടെ നാട്ടിൽ മഴക്കാലത്ത് പറമ്പുകളിലും കുന്നിൻചരിവുകളിലുമൊക്കെ ഉറവകൾ രൂപംകൊള്ളുന്നത് കണ്ടിട്ടില്ലേ? ചില സ്ഥലങ്ങളിൽ ഇത് സ്ഥിരമായി ഉണ്ടാകും, മറ്റിടങ്ങളിൽ അവ മഴക്കാലം കഴിയുന്നതോടെ വറ്റിപ്പോകും.

ജലപീഠം ഭൗമോപരിതലത്തെ സ്പർശിക്കുന്ന ഇടങ്ങളിൽ ജലം ഭൂമിക്കുള്ളിൽ നിന്ന് ഉപരിതലത്തിലൂടെ ഒഴുകും. ഇതാണ് നീരുറവ (Spring). ചില സ്ഥലങ്ങളിൽ ഇങ്ങനെയൊഴുകുന്ന വെള്ളത്തിന് ചൂടുണ്ടായിരിക്കും. ഇത് ചുടുനീരുറവ (Hot spring) എന്നറിയപ്പെടുന്നു.

### ഗീസറുകൾ (Geysers)

ഭൂമിക്കുള്ളിൽ നിന്നു നിശ്ചിത ഇടവേളകളിൽ ചൂടുവെള്ളവും നീരാവിയും ശക്തമായി പുറത്തേക്കു പ്രവഹിക്കുന്ന പ്രതിഭാസമാണ് ഗീസറുകൾ.

ഭൂമിക്കുള്ളിലെ വിടവുകളിലൂടെ താണിറങ്ങുന്ന ജലം മാഗ്മയുമായി സമ്പർക്കത്തിലാവുന്നതുകൊണ്ടാണ് ചൂടുനീരുറവകളും ഗീസറുകളും രൂപംകൊള്ളുന്നത്.


### തണ്ണീർത്തടങ്ങൾ

ഉപരിതലജലം സംഭരിക്കപ്പെടുന്ന സ്വാഭാവിക ഇടങ്ങളാണ് തണ്ണീർത്തടങ്ങൾ. വയലുകൾ, കുളങ്ങൾ, ചതുപ്പുനിലങ്ങൾ തുടങ്ങി എല്ലാ താഴ്ന്ന പ്രദേശങ്ങളും തണ്ണീർത്തടങ്ങൾ എന്ന വിഭാഗത്തിൽപ്പെടും.



ഇവിടങ്ങളിൽ ശേഖരിക്കപ്പെടുന്ന ജലമാണ് ഭൂഗർഭജലത്തിന്റെ ഭാഗമാകുന്നത്. പ്രകൃതിയിലെ സ്വാഭാവിക ജലസംഭരണികളായ തണ്ണീർത്തടങ്ങൾ നികത്തുന്നത് താഴെ സൂചിപ്പിക്കുന്ന തരത്തിൽ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്കു വഴിതെളിക്കും.

- കിണറുകളിൽ ജലനിരപ്പു താഴുന്നു.
- ചെറിയ മഴയിൽപ്പോലും നദികളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു.




**ലോകജലദിനം 2008**

ജലക്ഷാമം തരണം ചെയ്യുക, ജലം സംരക്ഷിക്കുക എന്നീ സന്ദേശങ്ങളുമായാണ് ''ഭക്ഷ്യ-കാർഷിക സംഘടന'' (FAO) അതിന്റെ ആസ്ഥാനമായ റോമിൽ 2008 മാർച്ച് 22-ന് ലോകജലദിനത്തിന് ആരംഭം കുറിച്ചത്. എല്ലാ വർഷവും മാർച്ച് 22 ജലദിനമായി നാം ആഘോഷിക്കുന്നു.

### തുള്ളി കുടിപ്പാനില്ലത്രേ

ലഭ്യമായ ശുദ്ധജലസ്രോതസുകൾപോലും പലയിടത്തും ഇന്ന് വറ്റിവരണ്ടു തുടങ്ങിയിരിക്കുന്നു.

ഭൂമിയിലെ ആകെ ജലത്തിന്റെ അളവ് സ്ഥിരമാണ്. അതുകൊണ്ടുതന്നെ ജനസം

വ്യ വർദ്ധിക്കുമ്പോൾ ആളോഹരി ജലലഭ്യത കുറയുന്നു. ജലത്തിന്റെ ഉപഭോഗം വർദ്ധിച്ചതും ജലലഭ്യതയെ ബാധിക്കുന്നുണ്ട്.

### ജലമലിനീകരണം

ചുവടെ ചേർത്ത ചിത്രങ്ങൾ ശ്രദ്ധിക്കൂ.

ഏതൊക്കെ സാഹചര്യങ്ങളാണ് ജല



മലിനീകരണത്തിന് കാരണമാകുന്നത്?

- വ്യവസായശാലകളിൽനിന്നുള്ള മാലിന്യങ്ങൾ.
- 

ജലത്തിന്റെ ഭൗതികഗുണങ്ങളിലും രാസഗുണങ്ങളിലും ജൈവപരമായ സവിശേഷതകളിലും വരുന്ന ഹാനികരമായ മാറ്റമാണ് ജലമലിനീകരണം. ആധുനികലോകം നേരിടുന്ന ഗൗരവമേറിയ പ്രശ്നമാണിത്.

മിക്ക രാജ്യങ്ങളിലും ഇത് ദേശീയപ്രാധാന്യമുള്ള വിഷയമായി മാറിക്കഴിഞ്ഞു. ജലമലിനീകരണം നിയന്ത്രിക്കുന്നതിനു നമ്മുടെ രാജ്യത്ത് നിയമം നിലവിലുണ്ട്. ജലമലിനീകരണ നിരോധന - നിയന്ത്രണ നിയമം എന്നാണിത് അറിയപ്പെടുന്നത്.

**ജലമലിനീകരണം തടയുന്നതിൽ വ്യക്തികൾക്കും സമൂഹത്തിനും എന്തൊക്കെ ചെയ്യാനാകും?**

ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ പ്രകാരം പ്രതിദിനം ഇരുപതു ലക്ഷം ടൺ മാലിന്യങ്ങളാണ് ലോകമൊട്ടാകെ ജലത്തിലേക്കു തള്ളപ്പെടുന്നത്.

ശുദ്ധമായ കുടിവെള്ളം ജനങ്ങളുടെ മൗലികാവകാശമായി മാറേണ്ടതുണ്ട്.

### ജലസംരക്ഷണം


ഇവർ വാൽക്കിണ്ടിയുടെ കൂട്ടുകാർ

വെള്ളത്തിനായി ദ്വിപ് ചെയ്യുന്നത്

വേനൽ തോറ്റു: മഴക്കുഴികൾ ജയിച്ചു

നൽകിയിരിക്കുന്ന പത്രവാർത്തകൾ വായിച്ചല്ലോ. ജലം സംരക്ഷിക്കപ്പെടേണ്ടതാണെന്ന മഹത്തായ സന്ദേശമാണ് ഇവ നൽകുന്നത്. പ്രകൃതി നമുക്ക് ആവശ്യത്തിന് ശുദ്ധജലം ലഭ്യമാക്കുന്നുണ്ട്. മഴയിലൂടെ ലഭിക്കുന്ന ഈ ശുദ്ധജലം ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചാൽ നമുക്ക് ശുദ്ധജലക്ഷാമവും വരൾച്ചയും പരിഹരിക്കാം; ഒരു പരിധിവരെ വെള്ളപ്പൊക്കവും. മണ്ണാണ് ഏറ്റവും വലിയ ജലസംഭരണി. ഓരോ തുള്ളി മഴവെള്ളവും വീഴുന്ന സ്ഥലത്തുതന്നെ

താഴാൻ അനുവദിക്കുകയെന്നതാണ് ജല സംരക്ഷണത്തിലെ അടിസ്ഥാനതത്ത്വം.

## മഴവെള്ളം ശേഖരിക്കാം

വർഷം തോറും 300 സെന്റീമീറ്ററിലധികം മഴ കിട്ടുന്ന കേരളത്തിൽ വേനൽക്കാലത്ത് ശുദ്ധജലക്ഷാമം രൂക്ഷമാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്?

കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച്

> ധാരാളം മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. അന്തരീക്ഷ മലിനീകരണം ഇല്ലാത്ത സാഹചര്യത്തിൽ മഴവെള്ളം ഏറ്റവും ശുദ്ധമായ ജലമാണ്. കേരളത്തിൽ മാത്രം ഏതാണ്ട് 120 ഘനകിലോമീറ്റർ ജലമാണ് ഒരു വർഷം മഴയായി പെയ്യുന്നത്.

നിങ്ങൾ താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുണ്ടല്ലോ? കിഴക്കുനിന്നു പടിഞ്ഞാറേക്ക് ചരിഞ്ഞാണ് കേരളത്തിന്റെ കിടപ്പ്. ലഭിക്കുന്ന മഴയുടെ 70 ശതമാനവും ഇതുമൂലം വളരെവേഗം കടലിലേക്ക് ഒഴുകിപ്പോകുന്നു. ഈ മഴവെള്ളത്തെ മണ്ണിൽ താഴ്ത്താൻ പ്രകൃതി ഒരുക്കിയ സംവിധാനങ്ങളായിരുന്നു വനങ്ങൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, കാവുകൾ എന്നിവ. എന്നാൽ മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽമൂലം ഈ സ്വാഭാവിക സംവിധാനങ്ങൾ ഇല്ലാതാ





കുന്നു. അതുകൊണ്ട് ഇന്ന് മഴവെള്ളസംഭരണത്തിനുള്ള സാഹചര്യം ഒരുക്കാൻ നാം ബോധപൂർവമായ ശ്രമങ്ങൾ നടത്തണം.

മഴവെള്ളം സംഭരിക്കുകയാണ് ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗം. മഴവെള്ളസംഭരണം പല രീതികളിൽ സാധ്യമാണ്.

- മേൽക്കൂര മഴവെള്ളസംഭരണം
- ഉപരിതല നീരൊഴുക്കിന്റെ സംഭരണം

## മേൽക്കൂര മഴവെള്ളസംഭരണം

കെട്ടിടങ്ങളുടെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം സംഭരണികളിൽ

ശേഖരിക്കുകയോ ഭൂമിയിലേക്ക് ഇറക്കിവിട്ട് ഭൂഗർഭജലവിതാനം ഉയർത്തുകയോ ചെയ്യാം.

*മഴവെള്ളസംഭരണികൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനരീതി മനസിലാക്കി കുറിപ്പു തയ്യാറാക്കുക.*

## ഉപരിതല നീരൊഴുക്കിന്റെ സംഭരണം

മഴവെള്ളം ഭൂമിയുടെ ഉപരിതലത്തിലൂടെ ഒഴുകിപ്പോകാതെ മണ്ണിനടിയിലേക്ക് താഴ്ത്താനും ശേഖരിക്കാനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സഹായിക്കും.

- തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക
- വനങ്ങൾ നിലനിർത്തുക
- മരങ്ങൾ നട്ടുവളർത്തുക
- ബഹുനിലകൃഷി
- തട്ടുകൃഷി
- പുതയിടൽ
- തടയണകൾ നിർമിക്കുക
- കയ്യാലകൾ നിർമിക്കുക
- മഴക്കുഴികൾ നിർമിക്കുക



**വെള്ളം മണ്ണിനുള്ളിലേക്ക് താഴാനായി നാം നടത്തുന്ന ഓരോ പ്രവർത്തനവും ഒരേസമയം ജല സംരക്ഷണപ്രവർത്തനവും മണ്ണു സംരക്ഷണ പ്രവർത്തനവും ആവുന്നതെങ്ങനെ? ചർച്ച ചെയ്യൂ.**

*ജലസംരക്ഷണം വിഷയമാക്കി ഒരു പതിപ്പ് തയ്യാറാക്കുക.*





## സമുദ്രങ്ങൾ

ബഹിരാകാശത്തുനിന്നു നോക്കിയാൽ ഒരു വലിയ ജലപ്പരപ്പായാണ് ഭൂമി ദൃശ്യമാകുന്നത്. ഭൂഗോളവിസ്തൃതിയുടെ ഏതാണ്ട് 71% ജലഭാഗമാണ്. കരഭാഗങ്ങൾക്കിടയിലായി വ്യാപിച്ചുകിടക്കുന്ന വിശാല ജലപ്പരപ്പുകളാണ് സമുദ്രങ്ങൾ. പസഫിക് സമുദ്രം, അറ്റ്ലാന്റിക് സമുദ്രം, ഇന്ത്യൻ സമുദ്രം, ആർട്ടിക് സമുദ്രം, അന്റാർട്ടിക് സമുദ്രം എന്നിവയാണ് പ്രധാന സമുദ്രങ്ങൾ. മുകളിൽ സൂചിപ്പിച്ച ഓരോ സമുദ്രവും അനേകം കടലുകളും ഉൾക്കടലുകളും കടലിടുക്കുകളും മറ്റും ചേർന്നതാണ്. മൂന്നു വശങ്ങൾ കരയാൽ ചുറ്റപ്പെട്ടതാണ് ഉൾക്കടൽ (Bay). രണ്ടു കരകൾക്കിടയിലുള്ള ഇടുങ്ങിയ സമുദ്രഭാഗമാണ് കടലിടുക്ക് (Strait). സമുദ്രത്തിന്റെ കരയോടു ചേർന്ന ഭാഗമാണ് പൊതുവെ കടൽ (Sea) എന്ന് അറിയപ്പെടുന്നത്.



## ലോക ഭൂപടം




ഭൂപടം നിരീക്ഷിച്ച് പ്രധാന സമുദ്രങ്ങളുടെ സ്ഥാനം മനസിലാക്കൂ.

### ലോകസമുദ്രങ്ങൾ ഒറ്റനോട്ടത്തിൽ

| സമുദ്രങ്ങൾ | അടിസ്ഥാന വിവരങ്ങൾ |
|---|---|
| പസഫിക് സമുദ്രം | • ആകെ വിസ്തീർണം 165.2 ലക്ഷം ച.കി.മീ.<br>• ശരാശരി ആഴം 4280 മീറ്ററും ഏറ്റവും കൂടിയ ആഴം 11,034 മീറ്ററുമാണ്.<br>• ഏറ്റവും ആഴം കൂടിയ ഭാഗം ചലഞ്ചർ ഗർത്തം എന്നറിയപ്പെടുന്നു. |
| അറ്റ്ലാന്റിക് സമുദ്രം | • ആകെ വിസ്തൃതി 82.4 ലക്ഷം ച.കി.മീ.<br>• ശരാശരി ആഴം 37000 മീറ്ററും കൂടിയ ആഴം 8618 മീറ്ററുമാണ്.<br>• ഏറ്റവും ആഴം കൂടിയ ഭാഗമാണ് പ്യൂറിട്ടോറിക്കോ ഗർത്തം (Puertorico trench).<br>• നീണ്ട ആകൃതിയിലാണ് ഈ സമുദ്രം.<br>• സമുദ്രത്തിന്റെ മധ്യഭാഗത്തായി ഏകദേശം 14000 കി.മീ. നീളത്തിൽ ഒരു പർവതനിരയുണ്ട്. ഇത് മധ്യ-അറ്റ്ലാന്റിക് പർവതനിര എന്നറിയപ്പെടുന്നു. |
| ഇന്ത്യൻ സമുദ്രം | • ആകെ വിസ്തൃതി 73.4 ലക്ഷം ച.കി.മീ.<br>• ശരാശരി ആഴം 3960 മീറ്റർ. ഏറ്റവും ആഴം കൂടിയ ഭാഗമായ വാർട്ടൺ ഗർത്തത്തിന് 7725 മീറ്റർ ആഴമുണ്ട്. |
| ആർട്ടിക് സമുദ്രം | • സമുദ്രങ്ങളിൽ വച്ച് ഏറ്റവും ചെറുത്.<br>• വിസ്തൃതി 14.09 ലക്ഷം ച.കി.മീ.<br>• ഏറ്റവും കൂടിയ ആഴം 5180 മീറ്റർ. |
| അന്റാർട്ടിക് സമുദ്രം | • സമുദ്രോപരിതലം മഞ്ഞുകട്ടകളാൽ മൂടപ്പെട്ടിരിക്കുന്നു.<br>• 'ദക്ഷിണസമുദ്രം' എന്നും അറിയപ്പെടുന്നു.<br>• ആകെ വിസ്തൃതി 32 ലക്ഷം ച.കി.മീ. |

അറ്റ്ലസ് പരിശോധിച്ച് ഓരോ സമുദ്രത്തിന്റെയും ഭാഗമായ കടലുകൾ, ഉൾക്കടലുകൾ, കടലിടുക്കുകൾ എന്നിവ കണ്ടെത്തി പട്ടിക തയ്യാറാക്കുക.

### ദ്വീപുകളും ഉപദ്വീപുകളും

പൂർണമായും സമുദ്രത്താൽ ചുറ്റപ്പെട്ട കരഭാഗങ്ങളാണ് ദ്വീപുകൾ (Islands). മൂന്നു വശങ്ങൾ സമുദ്രത്താൽ ചുറ്റപ്പെട്ട വൻകരഭാഗങ്ങളാണ് ഉപദ്വീപുകൾ (Peninsula).

സമുദ്രത്തിന്റെ പ്രധാന സവിശേഷതകളാണ് താപം, ലവണത്വം എന്നിവ. ഇവ എല്ലാ സമുദ്രങ്ങളിലും ഒരുപോലെയല്ല അനുഭവപ്പെടുന്നത്. ഇതിനുള്ള കാരണങ്ങൾ പരിശോധിക്കാം.

## സമുദ്രജലത്തിലെ താപവിതരണം

അക്ഷാംശീയ വ്യതിയാനങ്ങൾക്കനുസൃതമായി സമുദ്രജലത്തിന്റെ താപനിലയിൽ വ്യത്യാസം ഉണ്ടാകുന്നു. ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തുന്നത് ഭൂമധ്യരേഖയുടെ ഇരുവശങ്ങളിലായി ഏതാണ്ട് 10 ഡിഗ്രി വരെ അക്ഷാംശമേഖലകളിലാണ്. മധ്യരേഖാപ്രദേശത്തുനിന്നു ധ്രുവീയമേഖലകളിലേക്കു പോകുന്തോറും താപനിലയിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തുന്നു. മധ്യ അക്ഷാംശീയ മേഖലകളിൽ താപനില 10 ഡിഗ്രിയോളം താഴുന്നു. ധ്രുവീയമേഖലകളിൽ –2 ഡിഗ്രിവരെ താപനില താഴുന്നതായി കണക്കാക്കുന്നു. സൗരോർജ ലഭ്യതയിലെ അസന്തുലിതാവസ്ഥയാണ് സമുദ്രജലത്തിന്റെ താപനിലയിൽ ഉണ്ടാകുന്ന ഈ വ്യത്യാസങ്ങൾക്ക് കാരണം. സമുദ്രജലപ്രവാഹങ്ങളും കാറ്റുകളും സമുദ്രജലത്തിന്റെ താപനിലയിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

## സമുദ്രജല ലവണത്വം

കടൽവെള്ളത്തിന്റെ പ്രത്യേക സവിശേഷതയാണ് ഉപ്പുരസം. നിശ്ചിത വ്യാപ്തം സമുദ്രജലത്തിൽ അടങ്ങിയിട്ടുള്ള ലവണത്തിന്റെ അളവിനെ സമുദ്ര ലവണത്വം (Salinity) എന്നുവിളിക്കുന്നു. 1000 ഗ്രാം ജലത്തിൽ എത്ര ഗ്രാം ലവണം അടങ്ങിയിരിക്കുന്നു എന്ന വിധത്തിലാണ് ലവണത്വം കണക്കാക്കുന്നത്. സമുദ്രജലത്തിന്റെ ശരാശരി ലവണത്വം 35 സഹസ്രാംശമാണ്. (35 $^{0}/_{00}$) ഇത് അർഥമാക്കുന്നത് 1000 ഗ്രാം സമുദ്രജലത്തിൽ 35 ഗ്രാം ലവണം അടങ്ങിയിരിക്കുന്നുവെന്നാണ്. സമുദ്രങ്ങളിൽ എല്ലായിടത്തും ലവണത്വം ഒരുപോലെയല്ല. ലവണത്വത്തിന്റെ ഏറ്റക്കുറച്ചിലിന് കാരണമാകുന്ന സാഹചര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.


- ഉയർന്ന അളവിൽ ബാഷ്പീകരണം നടക്കുന്ന പ്രദേശങ്ങളിൽ ലവണത്വം കൂടുന്നു.
- ഉയർന്ന അളവിൽ മഞ്ഞുരുകി ജലം എത്തുന്ന സമുദ്രഭാഗങ്ങളിൽ ലവണത്വം കുറയുന്നു.
- ധാരാളം നദികൾ വന്നുചേരുന്ന സമുദ്രഭാഗങ്ങളിൽ ലവണത്വം കുറയുന്നു.
- ഉയർന്ന അളവിൽ മഴ ലഭിക്കുന്നത് ലവണത്വം കുറയുന്നതിന് ഇടയാക്കുന്നു.

ധ്രുവപ്രദേശങ്ങളെ അപേക്ഷിച്ച് ഭൂമധ്യരേഖാപ്രദേശത്ത് ഉയർന്ന ലവണത്വം രേഖപ്പെടുത്തുന്നു. എന്തായിരിക്കാം ഇതിനു കാരണം?

## സമുദ്രജലചലനങ്ങൾ

തിരമാലകൾ (Waves), വേലികൾ (Tides), ജലപ്രവാഹങ്ങൾ (Ocean currents) എന്നിവയാണ് സമുദ്രജലത്തിന്റെ ചലനങ്ങൾ.

## തിരമാലകൾ




ചിത്രം ശ്രദ്ധിക്കൂ. സമുദ്രജല ഉപരിതലത്തിന്റെ നിമ്നോന്നത രൂപത്തിലുള്ള ചലനങ്ങളാണ് തിരകൾ.

ചിത്രത്തിൽ കാണുന്നതുപോലെ തിരയുടെ ഉയർന്ന ഭാഗത്തെ തിരാശിഖരം എന്നും താഴ്ന്ന ഭാഗത്തെ തിരാതടം എന്നും പറയുന്നു. അടുത്തടുത്തുള്ള രണ്ട് തിരാശിഖരങ്ങൾ തമ്മിലുള്ള അകലത്തെ തിരാദൈർഘ്യം എന്നും തിരാതടത്തിനും തിരാശിഖരത്തിനുമിടയിലെ ലംബദൂരത്തെ തിരോന്നതി എന്നും പറയുന്നു.

കാറ്റുകൾ സമുദ്രജലോപരിതലത്തിൽ ഏൽപ്പിക്കുന്ന ഘർഷണമാണ് തിരകൾക്കു കാരണം. വളരെ ശക്തമായ കാറ്റുകളുടെ ഫലമായി ഉണ്ടാകുന്ന ശക്തികൂടിയ തിരമാലകൾ തീരങ്ങളി ൽ കടലാക്രമണത്തിനു കാരണമാകുന്നു. കേരളത്തിലെ കടൽത്തീരങ്ങൾ ഇത്തരത്തിൽ കടലാക്രമണങ്ങൾക്കു വിധേയമാകുന്നതായി പത്രവാർത്തകളിൽ നിന്നു നിങ്ങൾ മനസിലാക്കിയിട്ടുണ്ടാകുമല്ലോ. കടൽത്തീരങ്ങളിലെ ജനവാസത്തിന് ഭീഷണിയായി മാറുന്ന കടലാക്രമണത്തെ പ്രതിരോധിക്കാൻ ചില മാർഗങ്ങൾ സ്വീകരിച്ചുവരുന്നു. അവ എന്തൊക്കെയെന്ന് നോക്കൂ.

- പാറകൾകൊണ്ടുള്ള കടൽഭിത്തി









നിർമാണം

- പുലിമുട്ടുകൾ നിക്ഷേപിക്കൽ
- കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ

കരയിൽനിന്നു കടലിലേക്കും മറിച്ചും നീക്കം ചെയ്യപ്പെടുന്ന മണൽ അന്യോന്യം തടയപ്പെട്ട് തീരങ്ങളിൽ രൂപംകൊള്ളുന്ന മണൽഭിത്തികൾ കടലാക്രമണത്തെ പ്രതിരോധിക്കാൻ പ്രകൃതിതന്നെ സൃഷ്ടിക്കുന്ന ഒരു മാർഗമാണ്.

കടൽത്തറകളിൽ ഉണ്ടാകുന്ന അഗ്നിപർവതങ്ങളും ഭൂകമ്പങ്ങളും വിനാശകാരികളായ വൻ തിരമാലകൾക്കു കാരണമാകാറുണ്ട്. ഇത്തരം തിരമാലകൾ സീസ്മിക് കടൽത്തിരകൾ അഥവാ സുനാമികൾ എന്നറിയപ്പെടുന്നു. ഇത്തരം തിരമാലകൾക്ക് മണിക്കൂറിൽ ശരാശരി 800 കി.മീ. വരെ വേഗമുണ്ടാകാറുണ്ട്.

കേരളത്തിൽ സുനാമികൾ ഉണ്ടായിട്ടുണ്ടോ? അന്വേഷിച്ചറിയൂ.


**ചാകര**

മൺസൂൺ കാലത്തിന്റെ ആരംഭത്തിലോ അവസാനത്തിലോ അറബിക്കടലിൽ രൂപംകൊള്ളുന്ന പ്രതിഭാസമാണ് ചാകര. ചെളി അടിഞ്ഞുകൂടി ഉണ്ടാകുന്ന ചിറകളിലെ പോഷകസമൃദ്ധമായ കലക്കവെള്ളത്തിലെ പ്ലവകങ്ങളും ചെളിയും ഭക്ഷിക്കാൻ ചെമ്മീൻ, മത്തി, അയല മുതലായ മത്സ്യങ്ങൾ കൂട്ടംകൂട്ടമായി എത്തുന്നു. ഈ പ്രതിഭാസമാണ് ചാകര.

## വേലികൾ

നിശ്ചിത ഇടവേളകളിൽ സമുദ്രജലനിരപ്പിനുണ്ടാകുന്ന ഉയർച്ചയും താഴ്ചയുമാണ് വേലികൾ. സമുദ്രജല വിതാനത്തിന്റെ ഉയർച്ചയെ വേലിയേറ്റമെന്നും താഴ്ചയെ വേലിയിറക്കമെന്നും വിളിക്കുന്നു.

ഭൂമിയുടെമേൽ ചന്ദ്രനും സൂര്യനും ചെലുത്തുന്ന ആകർഷണബലവും ഭൂമിയുടെ ഭ്രമണഫലമായുണ്ടാകുന്ന അപകേന്ദ്ര ബലവുമാണ് വേലികൾക്ക് കാരണം.






ചിത്രം ശ്രദ്ധിക്കൂ. ചന്ദ്രന് അഭിമുഖമായ ഭൂമിയുടെ ഭാഗത്തെ ജലനിരപ്പ് ഉയരുന്നു. ചന്ദ്രൻ ഭൂമിയിൽ ചെലുത്തുന്ന ആകർഷണബലത്തിന്റെ ഫലമായി ഈ ഭാഗത്തെ ജലനിരപ്പ് ഉയർന്ന് വേലിയേറ്റം (High tide) ഉണ്ടാകുന്നു. ചന്ദ്രന് പ്രതിമുഖമായ ഭാഗത്തെ ജലനിരപ്പും ഉയർന്നതായി കാണുന്നില്ലേ. ഈ ഭാഗത്തെ ജലനിരപ്പ് ഉയരുന്നതിനു കാരണമായ ഘടകം ഭൂമിയുടെ ഭ്രമണഫലമായുള്ള അപകേന്ദ്രബലമാണ് (Centrifugal force). വേലിയേറ്റങ്ങൾക്കു വിധേയമാകുന്ന സ്ഥലങ്ങൾക്ക് 90 ഡിഗ്രി അകലെയുള്ള പ്രദേശങ്ങളിൽ ജലനിരപ്പ് താഴുന്നതായി കാണാം. ഈ പ്രദേശങ്ങളിലെ ജലം വേലിയേറ്റപ്രദേശങ്ങളിലേക്ക് ഒഴുകിപ്പോകുന്നതിനാലാണ് ഇവിടെ ജലനിരപ്പ് താഴുന്നത്. ജലനിരപ്പ് താഴുന്ന ഈ പ്രതിഭാ

സമാണ് വേലിയിറക്കം (Low tide).

ചന്ദ്രന്റെ ആകർഷണബലം മാത്രമല്ല വേലികൾക്ക് കാരണം. സൂര്യൻ ഭൂമിയിൽ ചെലുത്തുന്ന ആകർഷണബലവും വേലി കൾക്ക് കാരണമാകുന്നു. സൂര്യനെ അപേ ക്ഷിച്ച് ചന്ദ്രന് വലുപ്പം കുറവാണെങ്കിലും ഭൂമിയോട് ഏറ്റവും അടുത്തുനിൽക്കുന്ന തിനാൽ ചന്ദ്രന്റെ ആകർഷണം സൂര്യനെ അപേക്ഷിച്ച് വളരെ ശക്തമായിരിക്കും.

ചിത്രം ശ്രദ്ധിക്കൂ. ഓരോ മാസത്തിലും അമാവാസി (കറുത്തവാവ്) ദിവസത്തിലും പൗർണമി (വെളുത്തവാവ്) ദിവസത്തിലും സൂര്യനും ചന്ദ്രനും ഭൂമിയും നേർരേഖയിൽ വരുന്നു. ഈ ദിവസങ്ങളിൽ സൂര്യന്റെയും ചന്ദ്രന്റെയും സംയുക്തമായ ആകർഷണം മൂലം മറ്റു ദിവസങ്ങളെ അപേക്ഷിച്ച് കൂടു തൽ ശക്തമായ വേലിയേറ്റം ഉണ്ടാകുന്നു. ഇത്തരം വേലിയേറ്റങ്ങളെ വാവുവേലികൾ (Spring tides) എന്ന് വിളിക്കുന്നു.




അമാവാസി, പൗർണമി എന്നീ ദിവസങ്ങൾക്കു ശേഷം ഏഴ് ദിവസം കഴിയുമ്പോൾ സൂര്യനും ഭൂമിയും ചന്ദ്ര നും 90 ഡിഗ്രി കോണീയ അക ലങ്ങളിൽ എത്തുന്നു. ഈ ദി വസങ്ങളിൽ സൂര്യനും ചന്ദ്ര നും 90 ഡിഗ്രി കോണീയ അകലങ്ങളിൽനിന്ന് ആകർഷി ക്കുന്നതിനാൽ വളരെ ദുർബ ലമായ വേലികളാണ് ഉണ്ടാകു ന്നത്. ദുർബലമായ ഇത്തരം വേലികളെ സപ്തമിവേലികൾ (Neap tides) എന്നു വിളിക്കുന്നു.

വേലികൾ നമുക്ക് എങ്ങനെ പ്രയോജനപ്രദമാകുന്നുവെന്ന് നോക്കൂ.

## വേലികൾ സൃഷ്ടിക്കുന്ന ഫലങ്ങൾ

വേലിയേറ്റവും വേലിയിറക്കവും ഒട്ടേറെ ഫലങ്ങളാണ് സൃഷ്ടിക്കുന്നത്. അവ എന്തൊക്കെയെന്ന് നോക്കാം.


- വേലിയേറ്റസമയങ്ങളിൽ ഉപ്പളങ്ങളിൽ കടൽവെള്ളം കയറ്റാൻ കഴിയുന്നു.
- മീൻപിടിത്തത്തിനായി കടലിലേക്ക് കട്ടമരങ്ങളിൽ പോകുന്നതിനും വരുന്നതിനും വേലികളെ പ്രയോജനപ്പെടുത്തുന്നു.
- വേലിയേറ്റശക്തിയിൽനിന്നു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു (Tidal energy).
- ആഴം കുറഞ്ഞ തുറമുഖങ്ങളിലേക്ക് കപ്പലുകൾ അടുപ്പിക്കുന്നത് വേലിയേറ്റ സന്ദർഭങ്ങളിലാണ്. ഉദാ: കൊൽക്കത്താ തുറമുഖം.

## സമുദ്രജലപ്രവാഹങ്ങൾ

ഒരു ദിശയിൽനിന്ന് മറ്റൊരു ദിശയിലേക്കുള്ള സമുദ്രജലത്തിന്റെ തുടർച്ചയായ പ്രവാഹമാണ് സമുദ്രജലപ്രവാഹം. ഉഷ്ണജലപ്രവാഹങ്ങൾ എന്നും ശീതജലപ്രവാഹങ്ങൾ എന്നും പ്രവാഹങ്ങൾ രണ്ടു തരത്തിലുണ്ട്. ഉഷ്ണമേഖലയിൽനിന്നോ ഉപോഷ്ണമേഖലയിൽനിന്നോ സഞ്ചരിച്ച് ധ്രുവീയ-ഉപധ്രുവീയ മേഖലകളിലേക്ക് ഒഴുകുന്ന സമുദ്രജല പ്രവാഹങ്ങളാണ് ഉഷ്ണജലപ്രവാഹങ്ങൾ. ഇവയ്ക്ക് ഒഴുകിയെത്തുന്ന പ്രദേശങ്ങളിലെ ജലത്തെ അപേക്ഷിച്ച് ചൂട് കൂടുതലായിരിക്കും. അതുപോലെ ധ്രുവീയ-ഉപധ്രുവീയ മേഖലകളിൽനിന്ന് ഉഷ്ണമേഖലയിലേക്കോ ഉപോഷ്ണമേഖലയിലേക്കോ ഒഴുകിയെത്തുന്ന സമുദ്രജലപ്രവാഹങ്ങളാണ് ശീതജലപ്രവാഹങ്ങൾ. ഇവയ്ക്ക് ഒഴുകിയെത്തുന്ന പ്രദേശത്തെ ജലത്തെ അപേക്ഷിച്ച് ചൂട് കുറവായിരിക്കും.

സമുദ്രജല ലവണത്വം, താപനില എന്നിവ ഓരോ സമുദ്രത്തിലും വ്യത്യസ്തമാണ്. ഈ വ്യത്യാസം സമുദ്രജലത്തിന്റെ സാന്ദ്രതാവ്യത്യാസത്തിന് കാരണമാകുന്നു. സമുദ്രജലത്തിന്റെ സാന്ദ്രതാവ്യത്യാസം ജലപ്രവാഹങ്ങൾക്കു കാരണമാകുന്ന ഘടകങ്ങളിലൊന്നാണ്.

ചിത്രം നിരീക്ഷിച്ച് വിവിധ സമുദ്രങ്ങളിലെ ഉഷ്ണജലപ്രവാഹങ്ങളുടെയും ശീതജലപ്രവാഹങ്ങളുടെയും പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൂ.



1. ഉത്തരമദ്ധ്യരേഖാപ്രവാഹം
2. ദക്ഷിണമദ്ധ്യരേഖാപ്രവാഹം
3. മദ്ധ്യരേഖാപ്രതിപ്രവാഹം
4. ഗൾഫ്സ്ട്രീം പ്രതിപ്രവാഹം
5. ഉത്തര അറ്റ്ലാന്റിക് പ്രവാഹം
6. കാനറി പ്രവാഹം
7. ലാബ്രഡോർ പ്രവാഹം
8. നോർവ്വീജിയൻ പ്രവാഹം
9. ബ്രസീൽ പ്രവാഹം
10. പശ്ചിമവാത പ്രവാഹം
11. ബംഗാള പ്രവാഹം
12. അഗുൽഹാസ് പ്രവാഹം
13. പശ്ചിമ ആസ്ത്രേലിയൻ പ്രവാഹം
14. പൂർവ ആസ്ത്രേലിയൻ പ്രവാഹം
15. പെറു പ്രവാഹം
16. കുറോഷിയോ പ്രവാഹം
17. ഉത്തരപസഫിക് പ്രവാഹം
18. കാലിഫോർണിയ പ്രവാഹം
19. മൺസൂൺ പ്രവാഹം

**സമുദ്രജലപ്രവാഹങ്ങളുടെ ഫലങ്ങൾ**

- സമുദ്രത്തിലൂടെയുള്ള യാത്രകൾ അനായാസമാക്കുന്നു.
- സമുദ്രതീരപ്രദേശങ്ങളിലെ കാലാവസ്ഥയെ സ്വാധീനിക്കുന്നു.
- ഉഷ്ണ-ശീതജലപ്രവാഹങ്ങൾ സന്ധിക്കുന്ന പ്രദേശങ്ങളിൽ മൂടൽമഞ്ഞ് ഉണ്ടാകുന്നു.
- ഉഷ്ണ-ശീതജലപ്രവാഹങ്ങൾ സന്ധിക്കുന്ന പ്രദേശങ്ങളിൽ മത്സ്യപ്രജനനത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകുന്നു.

### ഗ്രാന്റ് ബാങ്ക്സ്

ലോകത്തിലെ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിൽ ഒന്നാണ് ഗ്രാന്റ് ബാങ്ക്സ്. വടക്കേ അമേരിക്കയുടെ കിഴക്ക് ന്യൂഫൗണ്ട്ലാന്റിന്റെ തീരത്താണ് ഗ്രാന്റ് ബാങ്ക്സ് സ്ഥിതിചെയ്യുന്നത്. ഗൾഫ്സ്ട്രീം ഉഷ്ണജലപ്രവാഹവും ലാബ്രഡോർ ശീതജലപ്രവാഹവും സന്ധിക്കുന്നതിനാൽ ഇവിടെ മത്സ്യവളർച്ചയ്ക്കാവശ്യമായ കാലാവസ്ഥ രൂപപ്പെടുന്നു. മാത്രമല്ല, ലാബ്രഡോർ പ്രവാഹം മത്സ്യാഹാരമായ പ്ലവകങ്ങളെ ധാരാളമായി ഈ മേഖലയിലേക്ക് കൊണ്ടുവരുന്നു.

സമുദ്രങ്ങൾ പലവിധത്തിൽ മനുഷ്യർക്ക് പ്രയോജനപ്പെടുന്നു. അവ എന്തൊക്കെയെന്ന് നോക്കാം.

- തീരപ്രദേശങ്ങളിലെ കാലാവസ്ഥയെ കടൽക്കാറ്റുകളും കരക്കാ



റ്റുകളും വഴി സമുദ്രങ്ങൾ മിതമാക്കുന്നു. മഴ, കാറ്റ്, ചക്രവാതങ്ങൾ തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങളുടെ രൂപീകരണത്തിൽ സമുദ്രങ്ങൾക്ക് പങ്കുണ്ട്.



- കരയിൽ ലഭ്യമാകുന്ന ഒട്ടുമിക്ക ധാതുക്കളും സമുദ്രങ്ങളിലും കാണപ്പെടുന്നു. കറിയുപ്പ്, ബ്രോമിൻ, മഗ്നീഷ്യം, ഇരുമ്പയിര്, കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം എന്നിവയുടെ പ്രധാന സ്രോതസാണ് സമുദ്രങ്ങൾ.
- തിരമാലകൾ, വേലികൾ എന്നിവ വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗപ്പെടുത്തുന്നു.
- വിവിധതരം മത്സ്യവിഭവങ്ങളുടെ കലവറയാണ് സമുദ്രങ്ങൾ.
- കടലിലെ സസ്യജന്തുജാലങ്ങൾ ഔഷധ നിർമാണത്തിനായി പ്രയോജനപ്പെടുത്തുന്നു.
- സമുദ്രജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കാം.
- മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യവിപണനം തുടങ്ങിയ മേഖലകളിൽ ധാരാളം തൊഴിൽസാധ്യതകൾ പ്രദാനം ചെയ്യുന്നു.
- തീരദേശ വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ നൽകുന്നു.
- ഭാരമേറിയ വസ്തുക്കൾ ചെലവുകുറഞ്ഞ മാർഗത്തിലൂടെ വൻകരകളിൽനിന്നു വൻകരകളിലേക്ക് കൊണ്ടുപോകാൻ സമുദ്രഗതാഗതം പ്രയോജനപ്രദമാണ്.

### പഠനനേട്ടങ്ങൾ

- ഭൂമി ജലഗ്രഹമാണെങ്കിലും ശുദ്ധജലം വളരെ കുറവാണെന്ന് സമർഥിക്കുന്നു.
- ജലപരിവൃത്തി എന്ന ആശയം ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു.
- ജലവിഭവം നേരിടുന്ന മലിനീകരണഭീഷണി സംബന്ധിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.
- വിവിധ മഴവെള്ളസംഭരണ മാർഗങ്ങൾ വിശദമാക്കുന്നു.
- വ്യക്തിഗതമായും കൂട്ടായും ജലസംരക്ഷണ മാർഗങ്ങളിൽ ഏർപ്പെടുന്നു.
- വിവിധ സമുദ്രങ്ങളുടെ സ്ഥാനം മനസിലാക്കി ലോകത്തിന്റെ രൂപരേഖയിൽ അടയാളപ്പെടുത്തുന്നു.
- സമുദ്രങ്ങളുടെ വലുപ്പം, ആഴം, മറ്റു പ്രത്യേകതകൾ എന്നിവ വിശദീകരിക്കുന്നു.
- സമുദ്രജലചലനങ്ങളായ തിരമാലകൾ, വേലികൾ, ജലപ്രവാഹങ്ങൾ എന്നിവ എന്തെന്ന് വിശദീകരിക്കുന്നു.
- തിരമാലകൾ, വേലികൾ എന്നിവ ഏതൊക്കെത്തരത്തിൽ മനുഷ്യജീവിതത്തിൽ പ്രയോജനപ്പെടുന്നുവെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- പസഫിക്, അറ്റ്ലാന്റിക്, ഇന്ത്യൻ സമുദ്രങ്ങളിലൂടെ ഒഴുകുന്ന ജലപ്രവാഹങ്ങളെ ഉഷ്ണജലപ്രവാഹങ്ങൾ, ശീതജലപ്രവാഹങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടിക തയ്യാറാക്കുന്നു.
- സമുദ്രങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം വിശദീകരിച്ച് ഉപന്യാസം തയ്യാറാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഭൂമിയിൽ ജലം മൂന്ന് അവസ്ഥകളിൽ സ്ഥിതിചെയ്യുന്നതിനുള്ള സാഹചര്യമെന്ത്?
- ഭൂമിയെ ജലഗ്രഹം എന്നു വിളിക്കാനുള്ള കാരണമെന്ത്?
- ജലപരിവൃത്തി ചിത്രീകരിക്കുക.
- താഴെ പറയുന്ന പ്രവർത്തനങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നു?
  * തടയണകളുടെ നിർമാണം.
  * മുറ്റം കോൺക്രീറ്റ് ചെയ്യുന്നു.
  * മഴക്കുഴികളുടെ നിർമാണം.
  * വയലുകൾ നികത്തുന്നു.
- നിങ്ങളുടെ പ്രദേശത്തെ ശുദ്ധജലസ്രോതസ്സുകൾ മലിനപ്പെടുന്നത് എങ്ങനെയെല്ലാമാണെന്ന് വ്യക്തമാക്കുക.
- ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ഇന്ത്യൻ സമുദ്രവുമായി ബന്ധമില്ലാത്ത പ്രസ്താവന?
  * സമുദ്രത്തിന്റെ ദക്ഷിണഭാഗം അന്റാർട്ടിക് സമുദ്രംവരെ വ്യാപിച്ചിരിക്കുന്നു.
  * ശരാശരി ആഴം അറ്റ്ലാന്റിക് സമുദ്രത്തേക്കാൾ കൂടുതലാണ്.
  * പ്യൂറിട്ടോറിക്കോ ഗർത്തം ഈ സമുദ്രത്തിലാണ് സ്ഥിതിചെയ്യുന്നത്.
  * വിസ്തൃതിയിൽ മൂന്നാംസ്ഥാനമാണുള്ളത്.
- ചുവടെ സൂചിപ്പിച്ചിട്ടുള്ളവയിൽ എവിടെയാണ് ലവണത്വം കുറവ് അനുഭവപ്പെടുന്നത്? എന്തുകൊണ്ട്?
  * കരയാൽ ചുറ്റപ്പെട്ട കടൽഭാഗം
  * ഉയർന്ന അളവിൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾ
  * ഉയർന്ന ബാഷ്പീകരണം നടക്കുന്ന പ്രദേശങ്ങൾ
- വാവുവേലികൾ, സപ്തമിവേലികൾ എന്നിവ ചിത്രങ്ങളുടെ സഹായത്തോടെ വിശദീകരിക്കുക.• മാനവജീവിതത്തിലും ഭൗമപരിസ്ഥിതിയിലും സമുദ്രങ്ങൾ ചെലുത്തുന്ന സ്വാധീനം അളവറ്റതാണ്. സാധൂകരിക്കുക.

## തുടർപ്രവർത്തനങ്ങൾ

- ഒരു ചാന്ദ്രമാസത്തിലെ ചന്ദ്രന്റെ കലകളിൽ ഉണ്ടാകുന്ന മാറ്റം നിരീക്ഷിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ജല പരിവൃത്തി | | | |
| ജലസ്രോതസ്സുകൾ | | | |
| ജലമലിനീകരണം | | | |
| ജലസംരക്ഷണമാർഗ്ഗങ്ങൾ | | | |
| ലോകസമുദ്രങ്ങൾ | | | |
| സമുദ്രജല ചലനങ്ങൾ | | | |



# അധ്യായം 14
# സമയനിർണ്ണയവും ഋതുഭേദങ്ങളും

ദുബായിൽ ജോലി ലഭിച്ച ബാലു വരാനിരിക്കുന്ന തന്റെ നല്ല നാളെകളെക്കുറിച്ച് ചിന്തിച്ചിരിക്കുമ്പോഴാണ് ആ അറിയിപ്പ് ഉണ്ടായത്.

വിമാനം ദുബായ് എയർപ്പോർട്ടിൽ ലാന്റ് ചെയ്യാൻ പോകുന്നു. എല്ലാവരും സീറ്റ്ബെൽറ്റ് ഇടുക. ഏവരും തിടുക്കത്തിൽ സീറ്റ്ബെൽറ്റുകൾ ഇടാൻ തുടങ്ങി. അപ്പോഴേക്കും അടുത്ത അറിയിപ്പ് എത്തി. ദുബായിൽ ഇപ്പോൾ സമയം രാവിലെ 8.30. എല്ലാവരും അവരവരുടെ വാച്ചുകളിൽ സമയം ക്രമീകരിക്കേണ്ടതാണ്. ബാലു തന്റെ വാച്ചിലേക്ക് നോക്കി. തന്റെ വാച്ചിൽ സമയം രാവിലെ 10 മണി ആയിരിക്കുന്നു. സമയത്തിൽ ഉണ്ടായ ഈ വ്യത്യാസം എന്ത് എന്ന ചിന്ത ബാലുവിനെ വല്ലാതെ അസ്വസ്ഥനാക്കി.

*ബാലുവിന്റെ ഈ സംശയത്തിന് മറുപടി നൽകാൻ നിങ്ങൾക്ക് കഴിയുമോ?*

## ഭൂമിയുടെ ചലനങ്ങൾ

ഭൂമിയുടെ രണ്ട് പ്രധാന ചലനങ്ങളാണ് ഭ്രമണവും പരിക്രമണവും. ഭൂമി അതിന്റെ സാങ്കൽപ്പിക അച്ചുതണ്ടിൽ സ്വയം കറങ്ങുന്നതിനെയാണ് ഭ്രമണം എന്നുപറയുന്നത്. ദീർഘവൃത്താകൃതിയിലുള്ള ഒരു പരിക്രമണപഥത്തിലൂടെ ഭൂമി സൂര്യന് ചുറ്റും സഞ്ചരിക്കുന്നതിനെയാണ് പരിക്രമണം എന്ന് പറയുന്നത്.

ഇനി നമുക്ക് ഭ്രമണവുമായി ബന്ധപ്പെട്ട ചില വസ്തുതകൾ പരിശോധിക്കാം.

- ഒരു ഭ്രമണം പൂർത്തിയാക്കാൻ 24

മണിക്കൂർ അഥവാ 1440 മിനിട്ട് വേണം.

- ഭൂമിക്ക് ചുറ്റുമുള്ള കോണീയ അകലം 360 ഡിഗ്രിയാണ്.
- അതായത് 360 ഡിഗ്രി തിരിയാൻ 1440 മിനിട്ട് വേണ്ടിവരുന്നതിനാൽ 1 ഡിഗ്രി തിരിയുവാൻ വേണ്ട സമയം 4 മിനിട്ടാണ്.
- ഭൂമിയുടെ ഭ്രമണം പടിഞ്ഞാറു നിന്നും കിഴക്കോട്ടാണ്. അതിനാലാണ് സൂര്യോദയം കിഴക്കും സൂര്യാസ്തമനം പടിഞ്ഞാറും അനുഭവപ്പെടുന്നത്. തന്മൂലം കിഴക്കോട്ട് സമയക്കൂടുതലും പടിഞ്ഞാറോട്ട് സമയക്കുറവും രേഖപ്പെടുത്തുന്നു. കിഴക്കോട്ട് ഓരോ ഡിഗ്രി രേഖാംശത്തിനും 4 മിനിട്ട് കൂടുതലും പടിഞ്ഞാറോട്ട് ഓരോ ഡിഗ്രി രേഖാംശത്തിനും 4 മിനിട്ട് കുറവും സമയത്തിൽ സംഭവിക്കുന്നു.

## പ്രാദേശിക സമയം

ഓരോ പ്രദേശത്തും സൂര്യൻ തലയ്ക്കുമുകളിൽ എത്തുമ്പോൾ ഉച്ചയ്ക്ക് 12 ആയി കണക്കാക്കി സമയം നിർണയിക്കപ്പെടുന്നതിനെയാണ് പ്രാദേശികസമയം എന്ന് പറയുന്നത്.

## മാനകസമയം

ഓരോ രാജ്യത്തിനും പൊതുവിൽ ബാധകമാകുന്ന ഒരു സമയം പരിഗണിക്കേണ്ടത് ആധുനിക കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതിനാൽ ഓരോ രാജ്യത്തിന്റെയും ഏതാണ്ട് മധ്യഭാഗത്തുകൂടി കടന്നുപോകുന്ന ഒരു രേഖാംശരേഖയെ മാനകരേഖാംശമായി കണക്കാക്കുന്നു. ഈ രേഖയിലെ പ്രാദേശികസമയത്തെ ആ രാജ്യത്ത് മുഴുവൻ ബാധകമാകുന്ന സമയമായി പരിഗണിക്കുന്നു. ഇതാണ് മാനകസമയം (Standard Time).

## ഇന്ത്യൻ മാനകസമയം
### (Indian Standard Time)

ഇന്ത്യയുടെ രേഖാംശവ്യാപ്തി കിഴക്ക് രേഖാംശം 68 ഡിഗ്രിയിൽനിന്നും ആരംഭിച്ച് കിഴക്ക് രേഖാംശം 97 ഡിഗ്രി വരെയാണ്. അതായത് രേഖാംശവ്യാപ്തി ഏതാണ്ട് 30 ഡിഗ്രി. ഈ രേഖാംശങ്ങളുടെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശം 82½ ഡിഗ്രി രേഖാംശമാണ്. അതിനാൽ ഇന്ത്യൻ മാനകസമയം കണക്കാക്കാൻ 82½ ഡിഗ്രി കിഴക്ക് രേഖാംശത്തെ മാനകരേഖാംശമായി പരിഗണിക്കുന്നു.

ഗ്രീനിച്ച് സമയവും ഇന്ത്യൻ മാനകസമയവും തമ്മിലുള്ള സമയവ്യത്യാസം 5½ മണിക്കൂറാണ്. ഇന്ത്യൻ സമയം ഗ്രീനിച്ച് സമയത്തെക്കാൾ 5½ മണിക്കൂർ മുന്നിലാണോ പിന്നിലാണോ എന്ന് കണ്ടെത്തുക.

## ഗ്രീനിച്ച് സമയം (GMT)

പൂജ്യം ഡിഗ്രി രേഖാംശരേഖ ഗ്രീനിച്ച് രേഖയെന്നറിയപ്പെടുന്നു. ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി കടന്നുപോകുന്നതിനാലാണ് ഈ രേഖയ്ക്ക് ഗ്രീനിച്ച് രേഖ എന്ന പേര് നൽകപ്പെട്ടത്.

ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത്. അതിനാൽ ഈ രേഖയെ പ്രൈം മെറീഡിയൻ (Prime Meridian) എന്നും വിളിക്കപ്പെടുന്നു.

ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം.


ചുവടെ നൽകിയിട്ടുള്ള ചിത്രം നിരീക്ഷിക്കൂ. ഗ്രീനിച്ചിൽ തിങ്കളാഴ്ച രാവിലെ 10 മണി ആയിരിക്കുമ്പോൾ ഈ രേഖയുടെ കിഴക്കോട്ടും പടിഞ്ഞാറോട്ടും ഓരോ 15 ഡിഗ്രി രേഖാംശങ്ങളിലും സമയത്തിൽ വരുന്ന മാറ്റം ശ്രദ്ധിക്കൂ.

ചിത്രത്തിൽ ഒരു നിശ്ചിതരേഖാംശരേഖയുടെ ഇരുവശങ്ങളിലായി 7½ ഡിഗ്രി രേഖാംശവ്യാപ്തിയിൽ ഒരു സമയമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 15 ഡിഗ്രി വ്യാപ്തിയുള്ള ഈ മേഖലയെ സമയമേഖല എന്നാണ് അറിയപ്പെടുന്നത്. അടുത്തടുത്തുള്ള രണ്ട് സമയമേഖലകൾ തമ്മിലുള്ള സമയവ്യത്യാസം 1 മണിക്കൂറാണ്. ഈ വിധം എത്ര സമയമേഖലകൾ ഉണ്ടെന്ന് കണ്ടെത്തുക.



180 ഡിഗ്രി രേഖാംശത്തെ ശ്രദ്ധിക്കൂ. ഈ രേഖയുടെ ഇരുവശങ്ങളി ലായി സമയം രാത്രി 10 മണിയാണ്. എന്നാൽ ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും രണ്ട് ദിവസങ്ങളായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈവിധം ഒരു സമയമേഖലയ്ക്കുള്ളിൽ രണ്ട് വ്യത്യസ്ത ദിവസങ്ങൾ വന്നാൽ ഉണ്ടായേക്കാവുന്ന പ്രയാസങ്ങൾ എന്തൊക്കെയായിരിക്കും? ഈ പ്രയാസം എങ്ങനെ മറികടക്കാനാകും?

## അന്താരാഷ്ട്ര ദിനാങ്കരേഖ (International Date Line)



ചിത്രത്തിൽ A എന്ന സ്ഥലത്തുകൂടിയാണ് 180 ഡിഗ്രി രേഖാംശരേഖ കടന്നുപോകുന്നത്. ഈ രേഖയുടെ പടിഞ്ഞാറ് വെള്ളിയാഴ്ചയും കിഴക്ക് വ്യാഴാഴ്ചയും രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ. A എന്ന സ്ഥലത്ത് താമസിക്കുന്നവർക്ക് തീയതി ഏതായിരിക്കും?

- ചിത്രത്തിൽ 180 ഡിഗ്രി രേഖാംശരേഖയെ മുറിഞ്ഞ വരകളാൽ വളച്ച് വരച്ചിരിക്കുന്നത് ശ്രദ്ധിച്ചല്ലോ? ഇപ്പോൾ ഈ രേഖ കടന്നുപോകുന്ന സ്ഥലങ്ങളിൽ കരഭാഗങ്ങൾ ഉണ്ടോ?
- മനുഷ്യവാസം ഇല്ലാത്ത സമുദ്രഭാഗങ്ങളിലൂടെ രേഖയെ വളച്ച് വരച്ചിരിക്കുന്നതിനാൽ രണ്ട് ദിവസങ്ങളുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കാൻ കഴിയില്ലേ?

ഈ രേഖ മുറിച്ച് കിഴക്കോട്ട് പോകുന്നവർ തന്റെ കലണ്ടറിൽ ഒരുദിവസം കുറച്ചും പടിഞ്ഞാറോട്ട് പോകുന്നയാൾ ഒരു ദിവസം കൂട്ടിയും ക്രമീകരിക്കേണ്ടതാണ്. ഈ വിധം 180 ഡിഗ്രി രേഖാംശത്തിന്റെ ഇരുവശങ്ങളിൽ തീയതികൾ ക്രമീകരിക്കുന്നു. ഈ രേഖയെ അന്താരാഷ്ട്ര ദിനാങ്കരേഖ എന്നാണ് അറിയപ്പെടുന്നത്.

## സമയം കണ്ടെത്താം

ഗ്രീനിച്ചിൽ തിങ്കളാഴ്ച രാവിലെ 10 മണി ആയിരിക്കുമ്പോൾ താഴെ സൂചിപ്പിച്ചിട്ടുള്ള രേഖാംശങ്ങളിലെ സമയം കണക്കാക്കുക.

- 30 ഡിഗ്രി പടിഞ്ഞാറ്
- 90 ഡിഗ്രി കിഴക്ക്
- 135 ഡിഗ്രി പടിഞ്ഞാറ്
- 180 ഡിഗ്രിയുടെ കിഴക്ക്

## ഋതുഭേദങ്ങൾ

കാലത്തിനനുസരിച്ച് പ്രകൃതി ഒരുക്കുന്ന വിസ്മയങ്ങൾ അനവധിയാണ്. കൊടുംശൈത്യത്തിന്റെ പിടിയിലമർന്ന് സകലതും മഞ്ഞുമൂടുന്ന കാലമാണ് ശൈത്യകാലം. ശൈത്യകാലം പിൻവാങ്ങുന്നതോടെ പുൽനാമ്പുകളും വൃക്ഷത്തലപ്പുകളുമെല്ലാം മെല്ലെ വീണ്ടും പച്ചപ്പണിയുന്നു. നാനാവർണങ്ങളിൽ ഇലകളും പൂക്കളുമൊക്കെയായി വസന്തം വന്നണയുന്നു. വസന്തത്തിന്റെ തേരോട്ടത്തിന് അവധി നൽകിക്കൊണ്ട് ഗ്രീഷ്മകാലം വരവായി. ഗ്രീഷ്മകാലത്ത് പൊതുവെ തീവ്രതയേറിയ അന്തരീക്ഷസ്ഥിതിയാണ് അനുഭവപ്പെടുന്നത്. ഗ്രീഷ്മകാലത്തിന്റെ അവസാനത്തോടെ ഹേമന്തകാലത്തിന് തുടക്കമാകുന്നു. ഇലപൊഴിയും കാലമാണ് ഹേമന്തകാലം. എല്ലാ വൃക്ഷത്തലപ്പുകളും ഏതാനും ആഴ്ചകൾകൊണ്ട് സകല ഇലകളും പൊഴിക്കുന്നു; വരാൻപോകുന്ന ശൈത്യത്തെ വരവേൽക്കാനുള്ള തയ്യാറെടുപ്പ്. അതാ വീണ്ടും ശൈത്യം എത്തുകയായി. ഇനി മാസങ്ങളോളം കൊടുംതണുപ്പാണ്.

- ഈവിധം പ്രകൃതിയിൽ വ്യത്യസ്ത കാലങ്ങൾ അനുഭവപ്പെടുന്നത് എന്തുകൊണ്ടാണ്?

ഭൂമിയുടെ പരിക്രമണം, അച്ചുതണ്ടിന്റെ ചരിവ്, അച്ചുതണ്ടിന്റെ സമാന്തരത എന്നിവയാണ് ഭൂമിയിൽ ഋതുഭേദങ്ങൾ ഉണ്ടാകാൻ കാരണമാകുന്ന ഘടകങ്ങൾ. ഇവ ഓരോന്നും എന്താണെന്ന് നോക്കാം.


## പരിക്രമണം



ഭൂമി അതിന്റെ സാങ്കൽപ്പിക അച്ചുതണ്ടിൽ ഭ്രമണം ചെയ്യുന്നതിനോടൊപ്പം സൂര്യന് ചുറ്റം വലംവയ്ക്കുന്നു. ഭൂമിയുടെ ഈ ചലനത്തെയാണ് പരിക്രമണം എന്നു പറയുന്നത്.

ഒരു പരിക്രമണം പൂർത്തിയാക്കാൻ ഭൂമിക്ക് 365 ദിവസവും 6 മണിക്കൂറും വേണ്ടതുണ്ട്. ഇതിൽ 365 ദിവസത്തെ ഉൾപ്പെടുത്തിയാണ് ഒരു വർഷം കണക്കാക്കുന്നത്. ശേഷിക്കുന്ന 6 മണിക്കൂറിനെ തുടർച്ചയായ നാലാമത്തെ വർഷത്തിൽ ഫെബ്രുവരി മാസത്തോടൊപ്പം ചേർത്ത് 29 ദിവസമുള്ള അധിവർഷമായി കണക്കാക്കുന്നു.

## അച്ചുതണ്ടിന്റെ ചരിവ്




ഭൂമിയുടെ അച്ചുതണ്ടിന് ചരിവുള്ള

തായി ചിത്രത്തിൽ കാണാൻ കഴിയുന്നില്ലേ? ഈ ചരിവിനെ കോണീയ അകലത്തിൽ എങ്ങനെ കണക്കാക്കാം?

അച്ചുതണ്ടിന്റെ ചരിവിനെ രണ്ടുവിധത്തിൽ കണക്കാക്കാവുന്നതാണ്.

- പരിക്രമണതലത്തിൽനിന്നും 66½ ഡിഗ്രിയും
- പരിക്രമണതലത്തിന്റെ ലംബത്തിൽ നിന്നും 23½ ഡിഗ്രിയും


## അച്ചുതണ്ടിന്റെ സമാന്തരത

പരിക്രമണവേളയിലുടനീളം ഭൂമി അച്ചുതണ്ടിന്റെ ചരിവ് ഒരേപോലെ നിലനിർത്തുന്നു. പരിക്രമണം കാണിച്ചിട്ടുള്ള ചിത്രം ശ്രദ്ധിക്കുക. ഇതിനെ അച്ചുതണ്ടിന്റെ സമാന്തരത (Parallelism of axis) എന്നാണ് പറയുന്നത്.

ഭൂമി സൂര്യന് ചുറ്റും ഒരു പരിക്രമണം പൂർത്തിയാക്കുന്നതിനിടയിൽ ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും ഇടയിൽ സൂര്യപ്രകാശം ലംബമായി പതിക്കുന്നു. സൂര്യപ്രകാശത്തിന്റെ ലഭ്യതയിലുള്ള ഈ ഏറ്റക്കുറവ് ഭൂമിയിൽ വ്യത്യസ്തപ്രദേശങ്ങളിൽ രാത്രിയുടെയും പകലിന്റെയും ദൈർഘ്യവ്യത്യാസത്തിന് കാരണമാകുന്നു. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ചുവടെ നൽകിയിട്ടുള്ള ചിത്രങ്ങളെ വിശകലനം ചെയ്യാം.





- മാർച്ച് 21 ന് സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിലായിരിക്കും. ഈ ദിവസം സൂര്യപ്രകാശം ലംബമായി പതിക്കുന്നത് മധ്യരേഖയിലാണ്. തന്മൂലം ഭൂമിയിൽ എല്ലായിടത്തും തുല്യമായ പകലും രാത്രിയും ഉണ്ടാകുന്നു. ഈ ദിവസത്തെ സമരാത്രദിനം (വിഷുവം) എന്നറിയപ്പെടുന്നു.




- ജൂൺ 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയ്ക്ക് നേർ മുകളിലായിരിക്കും. ഉത്തരായന രേഖയിൽ ലംബരശ്മികൾ പതിക്കുന്നു. ഉത്തരാർദ്ധഗോളത്തിൽ ദൈർഘ്യമേറിയ പകലും ദൈർഘ്യം കുറഞ്ഞ രാത്രിയും ആയിരിക്കും അനുഭവപ്പെടുക. ഈ ദിവസത്തെ ഗ്രീഷ്മ അയനാന്തദിനം (Summer Solstice) എന്നറിയപ്പെടുന്നു.

ജൂൺ 21




ഡിസംബർ 22




- സെപ്തംബർ 23 ന് വീണ്ടും ഭൂമധ്യരേഖയിൽ സൂര്യപ്രകാശം ലംബമായി പതിക്കുന്നു.
  * ഈ ദിവസത്തിന്റെ പ്രത്യേകത എന്തായിരിക്കും?
  * ഈ ദിവസത്തെ ഏതുപേരിൽ അറിയപ്പെടും?
- ഡിസംബർ 22 ന് സൂര്യന്റെ സ്ഥാനം ദക്ഷിണായനരേഖയ്ക്ക് മുകളിലായിരിക്കും. ദക്ഷിണായനരേഖയിൽ സൂര്യപ്രകാശം ലംബമായി പതിക്കുന്നതിനാൽ പകലിന്റെ ദൈർഘ്യം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും കുറവായിരിക്കും. ഈ ദിവസത്തെ ശൈത്യ അയനാന്തദിനം (Winter Solstice) എന്നറിയപ്പെടുന്നു.
  * ഈ ദിവസം ഉത്തരാർദ്ധ ഗോളത്തിൽ പകലിന്റെയും രാത്രിയുടെയും ദൈർഘ്യം ഏതുവിധമായിരിക്കും? എന്തുകൊണ്ട്?

## ഋതുഭേദങ്ങൾ

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധ ഗോളം | ദക്ഷിണാർദ്ധ ഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

ഇരു അർദ്ധഗോളങ്ങളിലും വ്യത്യസ്ത ഋതുക്കൾ അനുഭവപ്പെടുന്നത് ഏതേത് മാസങ്ങളിലാണെന്ന് പട്ടികയിൽനിന്നും കണ്ടെത്തി കുറിപ്പെഴുതുക.

വ്യത്യസ്ത ഋതുക്കളിൽ പ്രകൃതിയിൽ കാണാനാകുന്ന പ്രത്യേകതകളാണ് ചുവടെ പട്ടികയിൽ കൊടുത്തിട്ടുള്ളത്. അവ ഓരോന്നും ഏതേതു ഋതുക്കളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് പട്ടികയിൽ രേഖപ്പെടുത്തുക.

| പ്രത്യേകതകൾ | ഋതുക്കൾ |
|---|---|
| ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു, മാവുപൂക്കുന്നു, പ്ലാവുകളിൽ ചക്കയുണ്ടാകുന്നു. | |
| പൊതുവെ ഉയർന്ന അന്തരീക്ഷ താപനില അനുഭവപ്പെടുന്നു | |
| മരങ്ങൾ പൊതുവെ ഇലപൊഴിക്കുന്നു | |
| പൊതുവെ തണുത്ത അന്തരീക്ഷസ്ഥിതി | |

* ഉഷ്ണകാലത്തിനും ശൈത്യകാലത്തിനും ഇടയ്ക്കുള്ള പരിവർത്തനകാലം ഏതാണ്?

* ശൈത്യകാലത്തിനും ഉഷ്ണകാലത്തിനും ഇടയ്ക്കുള്ള പരിവർത്തനകാലം ഏതാണ്?

ഭൂമിയുടെ ചലനങ്ങളായ ഭ്രമണവും പരിക്രമണവും ഏതൊക്കെ തരത്തിൽ മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നുവെന്ന് മനസിലായല്ലോ?

### പഠനനേട്ടങ്ങൾ

- ഭൂമിയുടെ ഭ്രമണം, പരിക്രമണം എന്നിവയും അവയുടെ ഫലങ്ങളും വിശദീകരിക്കുന്നു.
- ഗ്രീനിച്ച് രേഖ, അന്താരാഷ്ട്ര ദിനാങ്കരേഖ എന്നിവയുടെ പ്രാധാന്യം വിശകലനം ചെയ്തു കുറിപ്പുകൾ തയ്യാറാക്കുന്നു.
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഇന്ത്യയിലെയും വിവിധ രേഖാംശങ്ങളിലെയും സമയം നിർണയിക്കുന്നു.
- ഋതുഭേദങ്ങൾക്കുള്ള കാരണങ്ങൾ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുന്നു.
- വിവിധ ഋതുക്കൾ, സമരാത്രദിനങ്ങൾ, വിഷുവങ്ങൾ എന്നിവ വിശകലനം ചെയ്തു നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.

### വിലയിരുത്തൽ ചോദ്യങ്ങൾ

- ചുവടെ കൊടുത്തിട്ടുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ എവിടെയാണ് സൂര്യോദയം ആദ്യം കാണുന്നത്?

  a. ഗുജറാത്ത് b. കേരളം

  c. അരുണാചൽപ്രദേശ് d. ജമ്മു കാശ്മീർ

- മാർച്ച് 21 ന് സൂര്യരശ്മി ലംബമായി പതിക്കുന്നത് എവിടെയാണ്?

  a. ഭൂമധ്യരേഖയിൽ b. ഗ്രീനിച്ച് രേഖയിൽ

c. ഉത്തരായനരേഖയിൽ    d. ദക്ഷിണായനരേഖയിൽ

- എല്ലാ രാജ്യങ്ങളും മാനക സമയത്തിന് പ്രാധാന്യം നൽകുന്നു. എന്തുകൊണ്ട്?
- ഋതുഭേദങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാം?
- ഗ്രീഷ്മ അയനാന്തദിനം, ശൈത്യ അയനാന്തദിനം ഈ ദിവസങ്ങളിലെ രാത്രിയുടെയും പകലിന്റെയും ദൈർഘ്യവ്യത്യാസം താരതമ്യംചെയ്തു കുറിപ്പെഴുതുക.
- ഇന്ത്യയിൽ തിങ്കളാഴ്ച രാവിലെ 10 മണി ആയിരിക്കുമ്പോൾ ഗ്രീനിച്ച് സമയം എത്രയായിരിക്കും?

## തുടർപ്രവർത്തനങ്ങൾ

- ~ഒരു വർഷത്തെ കലണ്ടർ നിരീക്ഷിച്ച് ഉദയാസ്തമസമയങ്ങൾ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കുക. രാത്രിയുടേയും പകലിന്റേയും ദൈർഘ്യത്തിലുണ്ടാവുന്ന മാറ്റം നിരീക്ഷിക്കുക.
- ഇന്റർനെറ്റിന്റെ സഹായത്തോടെ ലോകത്തിലെ വിവിധരാജ്യങ്ങളുടെ സമയമേഖലകൾ കണ്ടെത്തുക. അവിടങ്ങളിലെ സമയവ്യത്യാസം മനസ്സിലാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| സമയനിർണ്ണയം | | | |
| ഋതുഭേദങ്ങൾക്കുള്ള കാരണങ്ങൾ വിശദീകരിക്കാൻ | | | |
| പ്രാദേശിക സമയം മാനക സമയം, ഗ്രീനിച്ച് സമയം | | | |
| അന്താരാഷ്ട്ര ദിനാങ്കരേഖ | | | |
| സമരാത്രദിനങ്ങൾ അയനാന്തദിനങ്ങൾ | | | |



# അധ്യായം 15
# വൈവിധ്യങ്ങളുടെ ഇന്ത്യ



മുകളിൽ കാണുന്ന ചിത്രങ്ങൾ ശ്രദ്ധിച്ചല്ലോ? ഇന്ത്യയിൽ എല്ലായിടത്തും ഭൂപ്രദേശങ്ങൾ ഒന്നുപോലെയാണോ? ജനജീവിതം ഒരുപോലെയാണോ? ഇതുപോലുള്ള എന്തൊക്കെ വൈവിധ്യങ്ങളാണ് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്?

ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ എന്നിവയിലൊക്കെ ഇന്ത്യയിൽ വൈവിധ്യങ്ങൾ കാണാനാകും. ഈ വൈവിധ്യങ്ങളാണ് ഇന്ത്യയുടെ വ്യത്യസ്ത മേഖലകളിൽ വസിക്കുന്ന മനുഷ്യരുടെ ജീവിതത്തെ വ്യത്യസ്തമാക്കുന്നത്. ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങൾ കാർഷികവിളകളിലും നൈസർഗിക സസ്യജാലങ്ങളിലും സ്വാധീനം ചെലുത്തുന്നു. ഇന്ത്യയിലെ ഈ വൈവിധ്യങ്ങളുമായി ബന്ധപ്പെട്ട വസ്തുതകൾ മനസ്സിലാക്കാം.

### ഇന്ത്യൻ ഉപദ്വീപ്

മൂന്നുവശങ്ങളും സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂവിഭാഗമാണ് ഉപദ്വീപ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കുഭാഗം സമുദ്രത്താൽ ചുറ്റപ്പെട്ടു കാണപ്പെടുതിനാൽ ഈ ഭാഗം ഇന്ത്യൻ ഉപദ്വീപ് എന്നറിയപ്പെടുന്നു.

## ഭൂപ്രകൃതിവിഭാഗങ്ങൾ




ഇന്ത്യയുടെ ഭൂപടം നിരീക്ഷിച്ച് ഭൂപ്രകൃതിവിഭാഗങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുക.

- ഉത്തരപർവതമേഖല
- 
- 
- 
- 


## ഉത്തരപർവതമേഖല

ഇന്ത്യയുടെ ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന ഭൂപ്രകൃതിവിഭാഗമാണ് ഉത്തരപർവതമേഖല. ഉത്തരപർവതമേഖലയെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ട്രാൻസ് ഹിമാലയം, ഹിമാലയം, കിഴക്കൻ മലനിരകൾ എന്നിവയാണ് അവ.



| ഉത്തരപർവതമേഖല | | |
|---|---|---|
| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മലനിരകൾ |
| a കാറകോറം<br>b ലഡാക്ക്<br>c സസ്കർ | I ഹിമാദ്രി<br>II ഹിമാചൽ<br>III സിവാലിക് | 1 പത്കായിബും<br>2 നാഗാ കുന്നുകൾ<br>3 ഗാരോ, ഖാസി,<br>4 ജയന്തിയ,<br>5 മിസോ കുന്നുകൾ |

- പട്ടികയിൽ കൊടുത്തിട്ടുള്ള ഓരോ പർവതനിരകളുടെയും സ്ഥാനം നൽകിയിട്ടുള്ള ഭൂപടത്തിൽ കണ്ടെത്തുക.




## ഉത്തരപർവതമേഖലകളുടെ സവിശേഷതകൾ

- ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ്വിൻ ഓസ്റ്റിൻ (8661 മീറ്റർ ഉയരം) ട്രാൻസ് ഹിമാലയത്തിൽ സ്ഥിതി ചെയ്യുന്നു.
- മൂന്ന് സമാന്തരപർവതനിരകൾ ഉൾക്കൊള്ളുന്നതാണ് ഹിമാലയം മേഖല. ഹിമാദ്രി, ഹിമാചൽ, സിവാലിക് എന്നിവയാണ് അവ.

## പാമീർ പീഠഭൂമി - ലോകത്തിന്റെ മേൽക്കൂര

മധ്യേഷ്യയിൽ സ്ഥിതിചെയ്യുന്ന പാമീർ പീഠഭൂമി അറിയപ്പെടുന്നത് ഇങ്ങനെയാണ്. ഹിന്ദുക്കുഷ്, സുലൈമാൻ, ടിയാൻഷാൻ, കുൻലുൻ, കാറകോറം മുതലായ പർവതനിരകൾ പാമീർ പർവതക്കെട്ടിൽനിന്നു വിഭിന്ന ദിശകളിലേക്ക് പിരിഞ്ഞുപോകുന്നു. കാറകോറം പർവതനിരയുടെ തുടർച്ചയാണ് ടിബറ്റിലെ കൈലാസ പർവതനിരകൾ.

- ഹിമാദ്രി- ഏറ്റവും ഉയരം കൂടിയ മേഖലയാണ് ഇവിടം. ശരാശരി 6000 മീറ്ററാണ് ഈ മേഖലയുടെ ഉയരം. ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനമാണ് ഇവിടം. കാഞ്ചൻജംഗ, നന്ദാദേവി എന്നിവയാണ് ഈ മേഖലയിലെ ഉയരംകൂടിയ കൊടുമുടികൾ.
- ഹിമാചൽ - ഹിമാദ്രിയുടെ തെക്കായി സ്ഥിതിചെയ്യുന്ന ഈ മേഖലയുടെ ശരാശരി ഉയരം 3000 മീറ്ററാണ്. ഷിംല, ഡാർജിലിങ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു.
- സിവാലിക് - ഹിമാചലിന് തെക്കായി ഭാഗത്ത് സ്ഥിതിചെയ്യുന്ന പർവതനിരയാണ് ഇവിടം. 1220 മീറ്ററാണ് ഈ മേഖലയുടെ ശരാശരി ഉയരം. നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു. ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു. ഡൂണുകൾക്ക് ഉദാഹരണമാണ് ഡെറാഡൂൺ.
- സമുദ്രനിരപ്പിൽനിന്നും ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണ് പൂർവാചൽ അഥവാ കിഴക്കൻ മലനിരകൾ. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെ സ്ഥിതിചെയ്യുന്നു.


* കിഴക്കൻ മലനിരകൾ സ്ഥിതിചെയ്യുന്ന ഇന്ത്യയിലെ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്?
* ഇന്ത്യയുടെ രൂപരേഖയിൽ ഉത്തരപർവതമേഖലയിൽ ഉൾപ്പെടുന്ന പർവതനിരകൾ അടയാളപ്പെടുത്തി പേരെഴുതുക.



## മൗണ്ട് എവറസ്റ്റ്

ലോകത്തിലെ ഏറ്റവും ഉയരമുള്ള ഈ കൊടുമുടി ഹിമാലയപർവതത്തിലാണ്. ഇത് നേപ്പാളിൽ സ്ഥിതിചെയ്യുന്നു. ഇതിന്റെ ഉയരം 8848 മീറ്ററാണ്.

## ഉത്തരപർവതമേഖലയുടെ പ്രാധാന്യം




- ഉത്തരപർവതമേഖലകൊണ്ടുള്ള പ്രയോജനങ്ങൾ വിശദീകരിച്ച് കുറിപ്പെഴുതുക.



ഇന്ത്യയിലെ കാർഷിക വൈവിധ്യങ്ങളുടെ നേർക്കാഴ്ചയാണ് മുകളിലെ ചിത്രങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇന്ത്യയിൽ എല്ലായിടത്തും ഇത്തരത്തിലുള്ള കാർഷികവിളകൾ കൃഷി ചെയ്യാനാകുമോ? ഇത്തരം കാർഷികവിളകളുടെ വളർച്ചയിൽ ഭൂപ്രകൃതിക്കും മണ്ണിനും പങ്കുണ്ടോ?

### ഉത്തരമഹാസമതലം

ഹിമാലയത്തിൽനിന്ന് ഒഴുകിയെത്തുന്ന നദികളുടെ അനേകായിരം വർഷങ്ങളായി തുടർന്നുവരുന്ന നിക്ഷേപണ പ്രക്രിയയുടെ ഫലമായി രൂപംകൊണ്ട സമതലമാണ് ഉത്തരമഹാസമതലം.

- ഏതാണ്ട് ഏഴുലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും കിലോമീറ്ററുക

ളോളം കനത്തിലും അവസാദങ്ങൾ നിക്ഷേപിക്കപ്പെട്ടുണ്ടായതാണ്.

- ലോകത്തിലെ ഏറ്റവും വലിയ എക്കൽ സമതലമാണ് ഇവിടം.
- സിന്ധു-ഗംഗ-ബ്രഹ്മപുത്രാ സമതലം എന്നും അറിയപ്പെടുന്നു.
- വൈവിധ്യമാർന്ന കാർഷികവിളകൾക്ക് ഈ പ്രദേശം ഫലപ്രദമായതിനാൽ ഈ മേഖലയെ ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്നു.
- ലോകത്തിലെ ഏറ്റവും ജനനിബിഡമായ പ്രദേശങ്ങളിൽ ഒന്നാണ് ഇവിടം.
- ഈ മേഖലയുടെ പടിഞ്ഞാറ് ഭാഗത്ത് മഴ തീരെ കുറവാണ്. മഴ കുറവുള്ള ഈ പ്രദേശത്തെ ഥാർ മരുഭൂമി എന്നറിയപ്പെടുന്നു.

## ഉപദ്വീപീയ പീഠഭൂമി

ഉത്തരമഹാസമതലത്തിനും തീരസമതലങ്ങൾക്കും ഇടയിലായി സ്ഥിതി ചെയ്യുന്നതും ഉറപ്പേറിയ ശിലകളാൽ നിർമിതമായതുമായ ഭൂപ്രദേശമാണ് ഉപദ്വീപീയ പീഠഭൂമി. ഈ മേഖലയുടെ മറ്റ് സവിശേഷതകൾ നോക്കാം.

- ഏകദേശം 15 ലക്ഷം ചതുരശ്ര കിലോമീറ്ററാണ് വിസ്തൃതി.
- പർവതങ്ങൾ, പീഠഭൂമികൾ, താഴ്‌വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്.
- ഈ മേഖലയിലെ ഏറ്റവും ഉയരമേറിയ കൊടുമുടി ആനമുടിയാണ് (2695 മീറ്റർ).
- വിവിധതരം ധാതുക്കളുടെ ഒട്ടനവധി നിക്ഷേപങ്ങൾ ഈ മേഖലയിലുള്ളതിനാൽ ഉപദ്വീപീയ പീഠഭൂമിയെ 'ധാതുക്കളുടെ കലവറ' എന്നും വിളിക്കപ്പെടുന്നു.
- ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളാണ് ഈ പ്രദേശത്ത് കാണപ്പെടുന്നത്. തേക്ക്, സാൽ, ചന്ദനം, മുള എന്നിവയാണ് ഈ മേഖലയിൽ കാണപ്പെടുന്ന പ്രധാന വൃക്ഷങ്ങൾ.
- ആഗ്നേയശിലകളും കായാന്തരിതശിലകളും കാണപ്പെടുന്നു.
- ചെമ്മണ്ണ്, കറുത്തമണ്ണ്, ലാറ്ററൈറ്റ് മണ്ണ് എന്നിവയാണ് ഈ മേഖലയിൽ കാണപ്പെടുന്ന മണ്ണിനങ്ങൾ.


## തീരസമതലങ്ങൾ

ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ തുടങ്ങി ഗംഗ-ബ്രഹ്മപുത്ര ഡെൽറ്റാ പ്രദേശം വരെ നീളുന്ന ഈ തീരപ്രദേശത്തിന് ഏകദേശം 6100 കിലോമീറ്റർ നീളമുണ്ട്. ഇന്ത്യയുടെ തീരസമതലത്തെ രണ്ടായി തിരിക്കാം. പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം എന്നിവയാണ് അവ. ഇവയുടെ സവിശേഷതകൾ എന്തൊക്കെയന്ന് പട്ടികയിൽനിന്നും മനസിലാക്കുക.

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| • അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിൽ.<br>• റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ.<br>• താരതമ്യേന വീതി കുറവ്.<br>• ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം.<br>• കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു. | • ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ.<br>• സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ.<br>• വീതി താരതമ്യേന കൂടുതൽ.<br>• കോറമണ്ഡൽ തീരസമതലം, വടക്കൻ സിർകാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം.<br>• ഡെൽറ്റ രൂപീകരണം നടക്കുന്നു. |

## ഇന്ത്യയിലെ നദികൾ

ഇന്ത്യയിലെ നദികളെ പൊതുവെ രണ്ടായി തിരിച്ചിരിക്കുന്നു. ഹിമാലയൻ നദികൾ, ഉപദ്വീപീയ നദികൾ എന്നിവയാണ് അവ. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നിവയാണ് പ്രധാന ഹിമാലയൻ നദികൾ. ഇവ ഹിമാലയത്തിൽനിന്നും ഉത്ഭവിക്കുന്നു. ഉപദ്വീപിയ പീഠഭൂമിയിൽ വിവിധ മേഖലകളിൽ നിന്നും ഉത്ഭവിച്ച് ഒഴുകുന്ന നദികളാണ് ഉപദ്വീപീയ നദികൾ.



| ഹിമാലയൻ നദികൾ | | | | |
|---|---|---|---|---|
| **നദിയുടെ പേര്** | **ഉത്ഭവസ്ഥാനം** | **നീളം** | **പോഷകനദികൾ** | **എത്തിച്ചേരുന്ന സമുദ്രം** |
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | 2280 കി.മീറ്റർ | ഝലം, ചിനാബ്, രവി, സത്‌ലജ്, ബിയാസ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | 2500 കി.മീറ്റർ | യമുന, ഗോമതി, ഘാഘ്ര, ഗാണ്ഡക്, കോസി | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്- ദുങ് ഹിമാനി | 2900 കി.മീറ്റർ | ലുബാൻസിരി, ലുഹിത്, മാനസ് | ബംഗാൾ ഉൾക്കടൽ |
| **ഉപദ്വീപിയ നദികൾ** | | | | |
| മഹാനദി | മൈക്കാലാനിരകൾ (മധ്യപ്രദേശ്) | 857 കി.മീ | ഇബ്, ടെൽ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം (മഹാരാഷ്ട്രയിലെ നാസിക് ജില്ല) | 1465 കി.മീ | ഇന്ദ്രാവതി, ശബരി | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം (മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകൾ) | 1400 കി.മീ | ഭീമ, തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ (കർണാടകം) | 800 കി.മീ | കബനി, അമരാവതി | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കലാലാനിരകൾ (ഛത്തീസ്ഗഡ്) | 1312 കി.മീ | ഹിരൺ, ബൻജൻ | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി (മധ്യപ്രദേശിലെ ബൈതുൽ ജില്ല) | 724 കി.മീ | ആനർ, ഗിർന | അറബിക്കടൽ |

## ഇന്ത്യയുടെ കാലാവസ്ഥ

ഭൂപ്രകൃതിയിലുള്ള വൈവിധ്യം പോലെതന്നെ ഇന്ത്യയുടെ കാലാവസ്ഥയിലും വൈവിധ്യമുണ്ട്. ഇന്ത്യയുടെ കാലാവസ്ഥാ വൈവിധ്യത്തിൽ ചില ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നു. അവ എന്തൊക്കെയെന്ന് നോക്കൂ.

- അക്ഷാംശീയസ്ഥാനം
- ഭൂപ്രകൃതി
- സമുദ്രസാമീപ്യം
- സമുദ്രനിരപ്പിൽനിന്നുള്ള ഉയരം

ഇന്ത്യയിൽ നാല് വ്യത്യസ്ത ഋതുക്കൾ അനുഭവപ്പെടുന്നു. ശൈത്യകാലം, ഉഷ്ണകാലം, തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലം, വടക്ക്-കിഴക്കൻ മൺസൂൺ കാലം എന്നിവയാണ് അവ.

## ശൈത്യകാലം

ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്നത്. സമുദ്രസാമീപ്യമുള്ള സംസ്ഥാനങ്ങളിൽ ഇക്കാലത്ത് ശൈത്യകാലം തീവ്രതയുള്ളതല്ല. എന്നാൽ സമുദ്രസാമീപ്യമില്ലാത്ത ഉത്തരേന്ത്യയിൽ ശൈത്യകാലം പൊതുവെ തീവ്രമായിരിക്കും. ശൈത്യകാലത്ത് ഉത്തരേന്ത്യയിൽ പകൽ സമയത്ത് മിതമായ ചൂടും രാത്രികാലങ്ങളിൽ ശൈത്യവും അനുഭവപ്പെടുന്നു. മണാലി, ഷിംല തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ ഇക്കാലത്ത് മഞ്ഞുവീഴ്ച സർവസാധാരണമാണ്.

ശൈത്യകാലത്ത് അനുഭവപ്പെടുന്ന മറ്റൊരു കാലാവസ്ഥാ പ്രതിഭാസമാണ് **'പശ്ചിമ അസ്വസ്ഥത'**. ശൈത്യകാലത്ത് മെഡിറ്ററേനിയൻ കടലിൽ ശക്തമായ ന്യൂനമർദ്ദം രൂപംകൊള്ളുന്നു. ഈ ന്യൂനമർദ്ദം കിഴക്കോട്ട് നീങ്ങി ഇന്ത്യയിലെത്തുന്നു. ഇത് ഉത്തരമഹാസമതലത്തിൽ പ്രത്യേകിച്ച് പഞ്ചാബിൽ ശൈത്യകാല മഴക്ക് കാരണമാകുന്നു. ഇതിനെ പശ്ചിമ അസ്വസ്ഥത എന്നപേരിൽ അറിയപ്പെടുന്നു. ശൈത്യകാല വിളകളുടെ വളർച്ചയ്ക്ക് ഈ കാലാവസ്ഥാ പ്രതിഭാസം ഏറെ സഹായകമാണ്.

## ഉഷ്ണകാലം

മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് ഇന്ത്യയിൽ ഉഷ്ണകാലം അനുഭവപ്പെടുന്നത്. ഇക്കാലത്ത് തീരപ്രദേശങ്ങളെ അപേക്ഷിച്ച് ഉത്തരേന്ത്യയിൽ ഉഷ്ണകാലം ഏറെ തീവ്രമായിരിക്കും. ഉഷ്ണകാലത്ത് ഇന്ത്യയിൽ ഏറ്റവും ഉയർന്ന ചൂട് അനുഭവപ്പെടുന്നത് രാജസ്ഥാന്റെ പടിഞ്ഞാറുഭാഗത്തുള്ള ബാമർ (Barmer) എന്ന സ്ഥലത്താണ്. ഇക്കാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വീശുന്ന പ്രാദേശിക വാതങ്ങളാണ് ലൂ, മാംഗോഷവേഴ്സ്, കാൽബൈശാഖി മുതലായവ.

## തെക്കുപടിഞ്ഞാറൻ മൺസൂൺകാലം

ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് ഇന്ത്യയിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം അനുഭവപ്പെടുന്നത്. തെക്ക്-പടിഞ്ഞാറ് ദിശയിൽ ഇന്ത്യയിലേക്ക് വീശുന്ന കാറ്റുകളാണ് ഇന്ത്യയിലെ ഏറ്റവും വലിയ മഴക്കാലത്തിന് കാരണമാകുന്നത്.

ഈ കാലത്ത് സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരാർദ്ധഗോളത്തിലായിരിക്കുന്നതിനാൽ ഇന്ത്യയിൽ പൊതുവെ ഉയർന്ന ചൂട് അനുഭവപ്പെടുന്നു. തന്മൂലം ഇവിടെ ന്യൂനമർദ്ദം സൃഷ്ടിക്കപ്പെടുന്നു. താരതമ്യേന ചൂട് കുറവുള്ള ഇന്ത്യൻ സമുദ്രത്തിൽ ഉച്ചമർദ്ദമായിരിക്കും. മർദ്ദം കൂടിയ ഇന്ത്യൻ സമുദ്രത്തിൽനിന്നും ഇന്ത്യയിലേക്ക് വായു ആകർഷിക്കപ്പെടുന്നു. കോറിയോലിസ് പ്രഭാവത്താൽ വായുവിന്റെ ഈ സഞ്ചാരം വലത്തോട്ട് തിരിയുന്നതിനാൽ കാറ്റ് തെക്ക്-പടിഞ്ഞാറ് ദിശയിലായിരിക്കും.

തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാറ്റിന് രണ്ട് ശാഖകളുണ്ട്. അറബിക്കടൽ ശാഖ, ബംഗാൾ ഉൾക്കടൽ ശാഖ. ഈ രണ്ട് ശാഖകളും വീശിപ്പോകുന്ന പ്രദേശങ്ങളിലെ കാറ്റിന് അഭിമുഖമായ പർവത ചരിവുകളിൽ നല്ല മഴ പെയ്യിക്കുന്നു. കാറ്റ് മുന്നേറുന്നതിനനുസരിച്ച് മഴയുടെ അളവ് കുറഞ്ഞുവരുന്നു. രണ്ട് ശാഖകളും പഞ്ചാബ്-ഹരിയാന മേഖലകളിൽവച്ച് ഒന്നായി ഹിമാലയത്തിലേക്ക് വീശുന്നു.


## വടക്കുകിഴക്കൻ മൺസൂൺ കാലം

ഒക്ടോബർ, നവംബർ മാസങ്ങളിലാണ് പൊതുവെ വടക്കുകിഴക്കൻ മൺസൂൺകാലം അനുഭവപ്പെടുന്നത്. ഇക്കാലത്ത് ഇന്ത്യൻസമുദ്രത്തിൽ ന്യൂനമർദ്ദവും ഉത്തരേന്ത്യയിൽ ഉച്ചമർദ്ദവും അനുഭവപ്പെടുന്നു.

ഈ മർദ്ദവ്യത്യാസം ഇന്ത്യയിൽനിന്നും ഇന്ത്യൻ സമുദ്രത്തിലേക്ക് വായുവിനെ ആകർഷിക്കപ്പെടുന്നു. കോറിയോലിസ് പ്രഭാവത്താൽ കാറ്റിന്റെ ദിശ വലത്തോട്ട് തിരിയുന്നതിനാലാണ് കാറ്റ് വടക്കു കിഴക്കു ദിശയിൽനിന്നും വീശുന്നത്. കരയിൽനിന്നും വീശുന്നതിനാൽ പൊതുവെ വരണ്ട കാറ്റായിരിക്കും. ഇക്കാലത്ത് പൊതുവെ മഴ തീരെ കുറവായിരിക്കും. എന്നാൽ ബംഗാൾ ഉൾക്കടൽ മുറിച്ചുകടന്ന് കോറമാണ്ഡൽ തീരത്തെത്തുന്ന ഈ കാറ്റ് അവിടെ ശക്തമായ മഴയ്ക്കു കാരണമാകുന്നു. ഈ കാലത്ത് ഇന്ത്യയൊട്ടാകെ അനുഭവപ്പെടുന്ന ഉയർന്ന ഊഷ്മാവും ആർദ്രതയും പകൽസമയങ്ങളെ ദുസ്സഹമാക്കുന്നു. ഈ 'പ്രതിഭാസം ഒക്ടോബർ ചൂട്' (October heat) എന്നറിയപ്പെടുന്നു.

## ഇന്ത്യയിൽ മഴയുടെ വിതരണം

മഴയുടെ വിതരണം ചിത്രീകരിച്ചിട്ടുള്ള ഭൂപടം വിശകലനം ചെയ്ത് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.



- 200 സെന്റിമീറ്ററിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെ?
- 100 മുതൽ 200 സെന്റിമീറ്റർ വരെ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഏതെല്ലാം?
- 60 മുതൽ 100 സെന്റിമീറ്റർ വരെ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെ?
- 60 സെന്റിമീറ്ററിൽ താഴെ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഏതെല്ലാം?
- മഴയുടെ ഈ അസന്തുലിതാവസ്ഥയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാം?

## കൃഷിയും കൃഷിയധിഷ്ഠിത വ്യവസായങ്ങളും

ഓരോ കാർഷികവിളയ്ക്കും അനുകൂലമായ ഭൂമിശാസ്ത്ര സാഹചര്യങ്ങൾ അനിവാര്യമാണ്. വിളയിറക്കൽ കാലം, വിള വെടുപ്പുകാലം എന്നിവയെ അടിസ്ഥാനമാക്കി കാർഷികകാലങ്ങളെ ഖാരിഫ്, റാബി, സൈദ് എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

| കാർഷിക കാലങ്ങൾ | വിളയിറക്കൽ കാലം | വിളവെടുപ്പു കാലം | പ്രധാന വിളകൾ |
|---|---|---|---|
| ഖാരിഫ് | മൺസൂൺ ആരംഭത്തിൽ (ജൂൺ) | മൺസൂണിന്റെ അവസാനം (നവംബർ ആദ്യവാരം) | നെല്ല്, ചോളം, പരുത്തി, തിനവിളകൾ, ചണം, കരിമ്പ്, നിലക്കടല |
| റാബി | ശൈത്യകാലാരംഭം (നവംബർ മധ്യം) | വേനലിന്റെ ആരംഭം (മാർച്ച്) | ഗോതമ്പ്, പുകയില, കടുക്, പയർവർഗങ്ങൾ |
| സൈദ് | വേനലിന്റെ ആരംഭം (മാർച്ച്) | മൺസൂണിന്റെ ആരംഭം (ജൂൺ) | പഴവർഗങ്ങൾ, പച്ചക്കറികൾ |

ഇന്ത്യയിലെ കൃഷിയധിഷ്ഠിത വ്യവസായങ്ങളിൽ ചിലതാണ് പരുത്തിത്തുണിവ്യവസായം, പഞ്ചസാരവ്യവസായം, ചണവ്യവസായം എന്നിവ.



## പരുത്തിത്തുണി വ്യവസായം

ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായമാണ് പരുത്തിത്തുണിവ്യവസായം. ഇന്ത്യയിലെ ആദ്യത്തെ പരുത്തിത്തുണിമിൽ സ്ഥാപിമായത് 1818-ൽ കൊൽക്കത്തയ്ക്കു സമീപമുള്ള ഫോർട്ട് ഗ്ലാസ്റ്ററിലാണ്. എന്നാൽ വൻതോതിൽ ഉൽപ്പാദനമാരംഭിക്കുന്നത്




1854-ൽ മുംബൈയിലാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാന പരുത്തിത്തുണി ഉൽപ്പാദന കേന്ദ്രം മുംബൈ ആയതിനാൽ ഈ നഗരത്തെ **കോട്ടോണോപോളിസ്** എന്നു വിശേഷിപ്പിക്കുന്നു.

കരിമ്പുകൃഷി ചെയ്യുന്ന പ്രദേശങ്ങളിലാണ് പഞ്ചസാര ഫാക്ടറികൾ സ്ഥാപിച്ചിട്ടുള്ളത്. കരിമ്പ് വിളവെടുത്തു കഴിഞ്ഞാൽ ഉടൻതന്നെ ഫാക്ടറികളിലെത്തിച്ച് അതിന്റെ നീരെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ കരിമ്പിലെ സൂക്രോസിന്റെ അളവ് കുറയുന്നു. സുക്രോസിന്റെ അളവിനെ ആശ്രയിച്ചാണ് പഞ്ചസാരയുടെ അളവ് കൂടുകയോ കുറയുകയോ ചെയ്യുന്നത്.

താരതമ്യേന വിലകുറഞ്ഞ നാരുവിളയാണ് ചണം. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന ചണനാരിനും ഉൽപ്പന്നങ്ങൾക്കും അന്താരാഷ്ട്ര വ്യാപാരത്തിൽ ഏറെ പ്രാധാന്യമുണ്ട്. ചണമുൽപ്പാദനത്തിൽ ഇന്ത്യക്ക് ലോകരാജ്യങ്ങളിൽ രണ്ടാം സ്ഥാനമാണുള്ളത്.

**ധാതുക്കളും ധാതു അധിഷ്ഠിത വ്യവസായങ്ങളും**

വൈവിധ്യമാർന്ന ധാതുവിഭവങ്ങൾ കൊണ്ട് അനുഗൃഹീതമായ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ ധാതുവിഭവങ്ങളിൽ ഏറിയ പങ്കും ഉപദ്വീപീയ പീഠഭൂമിയിലെ ആഗ്നേയ-കായാന്തരിത ശിലകളുമായി ബന്ധപ്പെട്ട് കാണപ്പെടുന്നു. ഇന്ത്യയിലെ പ്രധാന ധാതുക്കളെ ചുവടെ കാണുന്ന വിധം വർഗീകരിച്ചിരിക്കുന്നു.



## ഇരുമ്പുരുക്കുവ്യവസായം

ഇരുമ്പുരുക്കുവ്യവസായത്തിലെ പ്രധാന അസംസ്കൃത വസ്തുക്കളാണ് ഇരുമ്പയിര്, കൽക്കരി, മാംഗനീസ്, ചുണ്ണാമ്പുകല്ല്, ഡോളമൈറ്റ്എന്നിവ.ഇന്ത്യയിലെപ്രധാനഇരുമ്പുരുക്ക് വ്യവസായശലകളെ സംബന്ധിച്ചുള്ള വസ്തുതകൾ ചുവടെ പട്ടികയിൽനിന്നും മനസിലാക്കുക.

| ഇരുമ്പുരുക്കുശാല | സ്ഥിതിചെയ്യുന്ന സ്ഥലം | സവിശേഷത |
|---|---|---|
| ടാറ്റാ ഇരുമ്പുരുക്കു കമ്പനി (TISCO) | ജംഷഡ്പൂർ (ഝാർഖണ്ഡ്) | ഏറ്റവും വലിയ സ്വകാര്യമേഖലാ ഇരുമ്പുരുക്ക് വ്യവസായശാല. |
| ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി (IISCO) | കുൾട്ടി, ബർൺപൂർ, ഹിരാപൂർ (പശ്ചിമബംഗാൾ) | പൊതുമേഖലയിലെ ആദ്യ ഇരുമ്പുരുക്ക് വ്യവസായശാല. |
| വിശേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ് (VISL) | ഭദ്രാവതി (കർണാടകം) | ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല. |
| ഭിലായ് സ്റ്റീൽ പ്ലാന്റ് | ദുർഗ് (ഛത്തീസ്ഗഡ്) | 1959 ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു. |
| റൂർക്കേല സ്റ്റീൽ പ്ലാന്റ് | സുന്ദർഗഡ് (ഒഡിഷ) | 1959 ൽ ജർമനിയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു. |
| ദുർഗാപൂർ സ്റ്റീൽ പ്ലാന്റ് | ദുർഗാപൂർ (പശ്ചിമബംഗാൾ) | 1962 ൽ യു.കെയുടെ സാങ്കേതിക സഹായത്തോടെ പ്രവർത്തനമാരംഭിച്ചു. |
| ബൊക്കാറോ സ്റ്റീൽ പ്ലാന്റ് | ബൊക്കാറോ (ഝാർഖണ്ഡ്) | 1964 ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചു. |



## ഇന്ത്യയിലെ ഗതാഗത മാർഗങ്ങൾ

വൈവിധ്യമാർന്ന ഗതാഗത മാർഗങ്ങൾ ഉള്ള രാജ്യമാണ് ഇന്ത്യ. ഓരോ പ്രദേശത്തിന്റെയും ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങും വിധമാണ് ഗതാഗത മാർഗങ്ങൾ കാണപ്പെടുന്നത്.

**റോഡ്ഗതാഗതം**

ഇന്ത്യയിലെ റോഡുകളെ പ്രധാനമായും ദേശീയ പാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ

എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

- രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ, പ്രധാന നഗരങ്ങൾ, തുറമുഖങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളാണ് **ദേശീയപാതകൾ**. ഇവയുടെ നിർമ്മാണ നിർവഹണ ചുമതല കേന്ദ്രസർക്കാരിനാണ്.
- സംസ്ഥാന തലസ്ഥാനങ്ങളെ ജില്ലാ ആസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളാണ് **സംസ്ഥാന ഹൈവേകൾ**. ഇത്തരം റോഡുകളുടെ നിർമാണ നിർവഹണ ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്.
- ജില്ലാ ആസ്ഥാനങ്ങളെ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളാണ് **ജില്ലാ റോഡുകൾ**. ഇവയുടെ നിർമാണ നിർവഹണ ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്.
- ഗ്രാമങ്ങളിലെ ആഭ്യന്തരസഞ്ചാരം ഉറപ്പാക്കുന്ന റോഡുകളാണ് **ഗ്രാമീണ റോഡുകൾ**. ഇന്ത്യയിലെ ആകെ റോഡുദൈർഘ്യത്തിന്റെ 80 ശതമാനവും ഗ്രാമീണ റോഡുകളാണ്. ഇവയുടെ നിർമാണവും പരിപാലനവും നിർവഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.
- ഇന്ത്യയിലെ വൻനഗരങ്ങളായ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു നിർമിച്ചിട്ടുള്ള ആറുവരി പാതകളായ സൂപ്പർ ഹൈവേകളെ ചേർത്ത് **സുവർണ ചതുഷ്കോണ സൂപ്പർഹൈവേ** എന്നറിയപ്പെടുന്നു.

## റെയിൽ ഗതാഗതം

ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവേ ശൃംഖല ഇന്ത്യയിലാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് ഇത്. ഇന്ത്യയുടെ വ്യാവസായിക വളർച്ചയിൽ ഇന്ത്യൻ റെയിൽവേയ്ക്ക് നിർണായക പങ്കാണുള്ളത്. ഭരണനിർവഹണത്തിനായി ഇന്ത്യൻ റെയിൽവേയെ 16 മേഖലകളായി തിരിച്ചിരിക്കുന്നു. പാളങ്ങൾ തമ്മിലുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ റെയിൽവേ ബ്രോഡ്ഗേജ്, മീറ്റർഗേജ്, നാരോഗേജ് എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. കൂടാതെ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് മെട്രോ റെയിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നു.

## ജലഗതാഗതം

മറ്റ് ഗതാഗത മാർഗങ്ങളെ അപേക്ഷിച്ച് ജലഗതാഗതത്തിന് ചില മേന്മകൾ കാണാനാകും.


- ഏറ്റവും ചെലവു കുറഞ്ഞ ഗതാഗത മാർഗം.
- വൻതോതിലുള്ള ചരക്കു ഗതാഗതത്തിന് ഉത്തമം.
- പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ല
- അന്താരാഷ്ട്ര വ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

ജലഗതാഗതത്തെ ഉൾനാടൻ ജലഗതാഗതം, സമുദ്ര ജലഗതാഗതം എന്നിങ്ങനെ തരംതിരിക്കാം. ഇന്ത്യയിൽ ചില പ്രദേശങ്ങളിൽ ജനങ്ങൾ ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്നു. ഉൾനാടൻ ജലഗതാഗതത്തിന് സാധ്യതയൊരുക്കുന്ന ജലാശയങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

- ഗംഗ, ബ്രഹ്മപുത്രാ നദികളും അവയുടെ പോഷകനദികളും
- ഗോദാവരി, കൃഷ്ണ നദികളും പോഷകനദികളും
- ബക്കിങ്ഹാം കനാൽ (ആന്ധ്രാപ്രദേശ്, തമിഴ്നാട്)
- മാണ്ഡോവി, സുവാരി നദികൾ (ഗോവ)
- കായലുകൾ (കേരളം)

തുറമുഖങ്ങളുമായി ബന്ധപ്പെട്ടാണ് സമുദ്രജലഗതാഗതം നിലകൊള്ളുന്നത്. ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറുമായി 12

പ്രധാന തുറമുഖങ്ങളും 185 ഓളം ചെറിയ തുറമുഖങ്ങളും ഉണ്ട്. പ്രധാന തുറമുഖങ്ങൾ ഏതൊക്കെയെന്ന് ചുവടെ നൽകിയിട്ടുള്ള ഭൂപടത്തിൽനിന്നും കണ്ടെത്തു.




### പഠനനേട്ടങ്ങൾ

- ഇന്ത്യയുടെ വൈവിധ്യമാർന്ന ഭൂപ്രകൃതി സവിശേഷതകൾ മനസിലാക്കി വിശകലനം ചെയ്യുന്നു.
- ഇന്ത്യയിലെ നദികളെ ഹിമാലയൻ നദികളെന്നും ഉപദ്വീപീയ നദികളെന്നും വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു.
- ഇന്ത്യയുടെ കാലാവസ്ഥയിൽ ഹിമാലയ പർവതനിരകളും മൺസൂൺ കാറ്റുകളും ചെലുത്തുന്ന സ്വാധീനം വിശദീകരിക്കുന്നു.
- ഇന്ത്യയിലെ ഋതുക്കളുടെ സവിശേഷതകൾ വിവരിക്കുന്നു.
- ഇന്ത്യയിലെ കാർഷികകാലങ്ങൾക്കനുസരിച്ച് വിളകളെ വർഗീകരിക്കുന്നു.
- കൃഷിയധിഷ്ഠിത വ്യവസായങ്ങളുടെയും ധാതു അധിഷ്ഠിത വ്യവസായങ്ങളുടെയും പട്ടിക തയ്യാറാക്കുന്നു.

- ധാതുക്കളെ വർഗീകരിച്ച് ഉദാഹരണ സഹിതം ഫ്ളോചാർട്ട് തയ്യാറാക്കുന്നു.
- ഇന്ത്യയിലെ പ്രധാന ഗതാഗത മാർഗങ്ങൾ സംബന്ധിച്ച വിവരണം തയ്യാറാക്കുന്നു.
- രാജ്യവികസനത്തിൽ ഗതാഗതത്തിന്റെ പങ്ക് വിലയിരുത്തുന്നു.
- പ്രധാന തുറമുഖങ്ങളെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഹിമാലയ പർവതനിരകൾകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?
- നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഹിമാലയൻ നദികളെ വിശദീകരിച്ച് കുറിപ്പെഴുതുക.
  * ഉത്ഭവസ്ഥാനം    * പോഷകനദികൾ
  * നീളം    * പതനസ്ഥാനം
- ഉത്തര മഹാസമതലത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.
- വൈവിധ്യം ഏറെയുള്ള ഭൂപ്രകൃതി വിഭാഗമാണ് ഉപദ്വീപിയ പീഠഭൂമി. സമർഥിക്കുക.
- ഇന്ത്യയിലെ വിവിധ കാർഷികകാലങ്ങൾ ഏതെല്ലാം? താരതമ്യം ചെയ്തു വ്യത്യാസം രേഖപ്പെടുത്തുക.
- ഉൾനാടൻ ജലഗതാഗതത്തിന്റെ പ്രയോജനങ്ങൾ പട്ടികപ്പെടുത്തുക.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ജനജീവിതം കാണിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയാറാക്കുക.
- ഇന്ത്യയുടെ ഒരു അറ്റ്ലസ് നിർമ്മിക്കുക, ഭൂപ്രകൃതി വിഭാഗങ്ങൾ - സംസ്ഥാനങ്ങൾ - നദികൾ - മണ്ണിനങ്ങൾ - ഗതാഗതമാർഗങ്ങൾ

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗങ്ങൾ | | | |
| ഇന്ത്യയുടെ നദികൾ | | | |
| ഇന്ത്യയുടെ കാലാവസ്ഥ | | | |
| ഇന്ത്യയുടെ കാർഷികവിളകൾ | | | |
| ഇന്ത്യയിലെ വ്യവസായങ്ങൾ | | | |
| ഇന്ത്യയിലെ ഗതാഗതമാർഗങ്ങൾ | | | |



അധ്യായം 16

# സാമ്പത്തികശാസ്ത്ര ചിന്തകരും ഉപഭോക്തൃ സംരക്ഷണവും



''യന്ത്രസാമഗ്രികൾ മനുഷ്യാദ്ധ്വാനത്തെ ലാഭിക്കുന്നു. ഒടുവിൽ അനേകായിരം പേർ തൊഴിലില്ലാത്തവരായി വിശന്നു തെരുവുകളിൽ മരിക്കുന്നു. മനുഷ്യവർഗത്തിൽ ഒരു വിഭാഗത്തിനു മാത്രമല്ല സകലമാനപേർക്കും ജോലിയും ജീവിതമാർഗവും ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എന്റെ ആഗ്രഹം. സമുദായത്തെ കെടുത്തി കുറേപ്പേരെ സമ്പന്നരാക്കുന്നതിനെ ഞാൻ അനുകൂലിക്കുകയില്ല. ഇപ്പോഴാകട്ടെ യന്ത്രസാമഗ്രികൾ ജനസാമാന്യത്തെ ചൂഷണം ചെയ്ത് ജീവിക്കാൻ ഒരു ന്യൂനപക്ഷത്തെ സഹായിക്കുകയാണ് ചെയ്യുന്നത്. ഈ ന്യൂനപക്ഷത്തിന്റെ പ്രവർത്തനശക്തി മനുഷ്യത്വമോ സഹജീവിസ്നേഹമോ അല്ല, അത്യാർത്തിയും ദുരാശയുമാണ്. ഈ സ്ഥിതിഗതിയെയാണ് ഞാൻ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കുന്നത്.'' - ഗാന്ധിജി

വ്യവസായ വിപ്ലവത്തെ തുടർന്ന് വളർന്നു വികസിച്ച മുതലാളിത്ത സമൂഹത്തിലെ യന്ത്രവൽക്കരണത്തെ സംബന്ധിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാടാണ് മുകളിൽ ചേർത്തത്. സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യക്തമായ നിലപാട് സ്വീകരിച്ച മഹാനായിരുന്നു ഗാന്ധിജി.

നാം ഓരോരുത്തരും വ്യത്യസ്ത തൊഴിൽ ചെയ്യുന്നവരാണല്ലോ. നമ്മുടെ കൂട്ടത്തിലുള്ള ചിലരാകട്ടെ തൊഴിൽരഹിതരുമാണ്. നമ്മുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വരുമാനം ലഭിക്കുന്നതിനു വേണ്ടിയാണല്ലോ നാമിങ്ങനെ ഓരോ തൊഴിലും ചെയ്യുന്നത്. കിട്ടുന്ന വരുമാനം കൊണ്ട് ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വിവിധ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നു.

**നാം സാധാരണ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന വിവിധസാമ്പത്തിക പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് പറയാമോ.**



*കൃഷി*



*കന്നുകാലി വളർത്തൽ*



*തുണിനെയ്ത്ത്*



*ഗതാഗതം*





* കരകൗശലം
* കന്നുകാലി വളർത്തൽ
* കൈത്തൊഴിലുകൾ
* കൈത്തറി തുണിനെയ്ത്ത്


* ഗതാഗതം *കച്ചവടം*
* കച്ചവടം
*
*


**മനുഷ്യൻ ഏർപ്പെട്ടിരിക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ സാമ്പത്തികതലത്തെ കുറിച്ച് പഠിക്കുന്ന ഒരു ശാസ്ത്രശാഖയാണ് സാമ്പത്തികശാസ്ത്രം. ഇത് സമ്പത്തിനെക്കുറിച്ചുള്ള പഠനം മാത്രമല്ല മനുഷ്യരെയും സമൂഹത്തെയും കുറിച്ചുള്ള പഠനം കൂടിയാണ്.**


സാമ്പത്തികശാസ്ത്രരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ ഏതാനും ചിന്തകന്മാരുടെ ഫോട്ടോ താഴെ കൊടുത്തിരിക്കുന്നു. ഇവരിൽ ആരെയെങ്കിലും കുറിച്ച് മുമ്പ് എപ്പോഴെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ?


ചാണക്യൻ



ആഡം സ്മിത്ത്



ഗാന്ധിജി


ദാദാഭായ് നവറോജി


കാൾ മാർക്സ്


അമർത്യാസെൻ


ആൽഫ്രഡ് മാർഷൽ


ലയണൽ റോബിൻസ്

ഈ ഫോട്ടോയിൽ കാണുന്നവരിൽനിന്നും ഇന്ത്യക്കാരും പാശ്ചാത്യരുമായ ചിന്തകന്മാരെ വേർതിരിച്ച് പട്ടികപ്പെടുത്താമോ. അതിനുശേഷം താഴെ കൊടുത്തിരിക്കുന്ന പട്ടികയുമായി ഒത്തു നോക്കുമല്ലോ.

| ഇന്ത്യക്കാർ | പാശ്ചാത്യർ |
|---|---|
| ചാണക്യൻ | ആഡം സ്മിത്ത് |
| ദാദാഭായ് നവറോജി | കാൾ മാർക്സ് |
| ഗാന്ധിജി | ആൽഫ്രഡ് മാർഷൽ |
| അമർത്യാസെൻ | ലയണൽ റോബിൻസ് |

*ഈ ചിന്തകന്മാർ സാമ്പത്തികശാസ്ത്രരംഗത്ത് നൽകിയ സംഭാവനകൾ നമുക്കൊന്ന് പരിചയപ്പെടാം.*

## പാശ്ചാത്യ സാമ്പത്തികശാസ്ത്ര ചിന്തകർ

| ചിന്തകർ | സംഭാവനകൾ |
|---|---|
| ആഡം സ്മിത്ത് | * സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.<br>* സമ്പത്തിനെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രമെന്നഭിപ്രായപ്പെട്ടു.<br>* സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടൽ പരിമിതപ്പെടുത്തണമെന്ന ലെസേഫെയർ സിദ്ധാന്തത്തിന്റെ വക്താവ്. |
| കാൾ മാർക്സ് | * ശാസ്ത്രീയ സോഷ്യലിസത്തിന്റെ പിതാവ്.<br>* ഉൽപാദന പ്രക്രിയയിൽ തൊഴിലാളികളുടെ പങ്കാളിത്തത്തിന് പ്രാധാന്യം നൽകി.<br>* മിച്ചമൂല്യ സിദ്ധാന്തം ആവിഷ്കരിച്ചു.<br>* അസമത്വം ഇല്ലാത്ത സമൂഹം സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം. |
| ആൽഫ്രഡ് മാർഷൽ | * ക്ഷേമ സാമ്പത്തികശാസ്ത്രം നിർവ്വചനം അവതരിപ്പിച്ചു.<br>* സമ്പത്ത് മനുഷ്യക്ഷേമത്തിന് വേണ്ടിയാണ്. സാമ്പത്തിക പ്രവർത്തനങ്ങളെല്ലാം മനുഷ്യക്ഷേമത്തിന് പ്രാധാന്യം നൽകണം എന്ന ആശയം അവതരിപ്പിച്ചു. |
| ലയണൽ റോബിൻസ് | * മനുഷ്യന്റെ ആവശ്യങ്ങൾ അതിരറ്റതും വിഭവങ്ങൾ പരിമിതവുമാണ്.<br>* അതുകൊണ്ട് വിഭവങ്ങളുടെ ബദൽ ഉപയോഗം പരിഗണിക്കണം.<br>* മനുഷ്യന്റെ അതിരറ്റ ആവശ്യങ്ങളും പരിമിതമായതും ബദൽ ഉപയോഗമുള്ളതുമായ വിഭവങ്ങളും തമ്മിലുള്ള ബന്ധമെന്ന നിലയിൽ മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രം. |

**സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടൽ പരിമിതപ്പെടുത്തണമെന്ന ലെസേഫെയർ സിദ്ധാന്തത്തോട് നിങ്ങളുടെ പ്രതികരണമെന്ത്?**

### അധിക വായന

**മിച്ചമൂല്യം**

* കാൾ മാർക്സാണ് മിച്ചമൂല്യ സിദ്ധാന്തം അവതരിപ്പിച്ചത്.
* ഒരു ചരക്കിന്റെ മൂല്യമെന്നത് അത് ഉൽപാദിപ്പിക്കാൻ ആകെ ചെലവഴിച്ചിട്ടുള്ള അദ്ധ്വാനത്തിന്റെ മൂല്യമാണ്.
* തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ മൂല്യത്തിൽ ഒരു ഭാഗം മാത്രമേ മുതലാളി തൊഴിലാളികൾക്ക് നൽകുന്നുള്ളൂ. ബാക്കി മുഴുവൻ മുതലാളി ലാഭമാക്കി മാറ്റി സ്വന്തമാക്കുന്നു. ഇങ്ങനെയുള്ള മൂല്യമാണ് മിച്ചമൂല്യം.
* മിച്ചമൂല്യത്തെ കുറിച്ച് പ്രതിപാദിക്കുന്ന പ്രസിദ്ധ ഗ്രന്ഥം - മൂലധനം (DAS KAPITAL)

| സാമ്പത്തിക ശാസ്ത്ര ചിന്തകർ | ഗ്രന്ഥങ്ങൾ |
|---|---|
| ആഡംസ്മിത്ത് | വെൽത്ത് ഓഫ് നേഷൻസ് (ആൻ ഇൻക്വയറി ഇൻടു ദി നാച്ചർ ആന്റ് കോസസ് ഓഫ് വെൽത്ത് ഓഫ് നേഷൻസ്) |
| കാൾ മാർക്സ് | മൂലധനം (ദാസ് കാപ്പിറ്റൽ) |
| ആൽഫ്രഡ് മാർഷൽ | സാമ്പത്തികശാസ്ത്ര തത്വങ്ങൾ (പ്രിൻസിപ്പിൾസ് ഓഫ് ഇക്കണോമിക്സ്) |
| ലയണൽ റോബിൻസ് | ആൻ എസ്സേ ഓൺ ദി നേച്ചർ & സിഗ്നിഫിക്കൻസ് ഓഫ് ഇക്കണോമിക് സയൻസ് |


## ഇന്ത്യൻ സാമ്പത്തികശാസ്ത്ര ചിന്തകർ

| | |
|---|---|
| ചാണക്യൻ | * കൃഷി, പശുപാലനം, വാണിജ്യം എന്നിവ മുഖ്യതൊഴിലുകളായി കണക്കാക്കി.<br>* സ്വകാര്യ സ്വത്തിന് അവകാശമുള്ളപ്പോൾത്തന്നെ സർക്കാർ വകയും ഭൂമിയുണ്ടായിരുന്നു.<br>* കരം, ബലി, ദണ്ഡം, ഭാഗം എന്നിങ്ങനെ 4 വരുമാന മാർഗ്ഗങ്ങൾ.<br>* രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ശരിയായ നയം വേണം.<br>* ഫലപ്രദമായ സാമ്പത്തിക പ്രവർത്തനം വരുമാന നഷ്ടം തടയും. |
| ദാദാഭായ് നവറോജി | * ചോർച്ചാസിദ്ധാന്തം ആവിഷ്കരിച്ചു.<br>* ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ നിന്നും സമ്പത്ത് ചോർത്തുന്നു.<br>* ശമ്പളം, പെൻഷൻ, നികുതി, അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി, ബ്രിട്ടീഷ് ഉൽപന്ന വിൽപന എന്നിവയിലൂടെയാണ് സമ്പത്ത് ചോർത്തുന്നത്.<br>* ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണം സമ്പത്തിന്റെ ചോർച്ചയാണ്. |
| ഗാന്ധിജി | * കാർഷിക ഗ്രാമീണ സമ്പദ് വ്യവസ്ഥക്ക് പ്രാധാന്യം നൽകി.<br>* ട്രസ്റ്റിഷിപ്പ് സമ്പ്രദായം അവതരിപ്പിച്ചു.<br>* ചെറുകിട കുടിൽ വ്യവസായങ്ങൾക്ക് മുഖ്യപരിഗണന നൽകി.<br>* സത്യത്തിലും അഹിംസയിലും ആവശ്യത്തിലും (NEED-ൽ) അധിഷ്ഠിതമായ സമ്പദ് വ്യവസ്ഥ. |
| അമർത്യാസെൻ | * മനുഷ്യക്ഷേമം, സാമ്പത്തിക സമത്വം, വികസനം സംബന്ധിച്ച് ആശയങ്ങൾ അവതരിപ്പിച്ചു.<br>* സാമൂഹ്യക്ഷേമം സൂക്ഷ്മതലത്തിൽ വിശകലനം ചെയ്തു.<br>* പട്ടിണി, ദാരിദ്ര്യം, ക്ഷാമം തുടങ്ങിയ പ്രശ്നങ്ങളെ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രധാന കേന്ദ്രമാക്കി.<br>* സ്വാതന്ത്ര്യമാണ് വികസനമെന്ന ആശയം അവതരിപ്പിച്ചു. |

**കൂടുതൽ സാമ്പത്തികശാസ്ത്രജ്ഞരെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കുക.**

**സാമ്പത്തികശാസ്ത്ര ചിന്തകളിൽ വിലപ്പെട്ട സംഭാവന ചെയ്ത രാജ്യമാണ് ഇന്ത്യ - സമർത്ഥിക്കുക.**

## ഉപഭോക്തൃ സംരക്ഷണം







കച്ചവടസ്ഥാപനങ്ങളിൽ വിൽപ്പനയ്ക്കായി വെച്ച സാധനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുവല്ലോ. അവ നാം വിലകൊടുത്തു വാങ്ങാറുണ്ടല്ലോ. സാധനങ്ങളും സേവനങ്ങളും വിലകൊടുത്തു വാങ്ങാറുള്ള നിങ്ങൾക്ക് എപ്പോഴെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ? എന്തായിരുന്നു നിങ്ങളുടെ പരാതിക്ക് കാരണം? നിങ്ങളുടെ അനുഭവം പറയാമോ?

നാം ഉപഭോഗത്തിനായി വാങ്ങിച്ച സാധനങ്ങളും സേവനങ്ങളും ഉപഭോക്താവായ നമുക്ക് സംതൃപ്തി നൽകാതിരിക്കുമ്പോഴാണല്ലോ നാം പരാതിപ്പെടുന്നത്. ഇത്തരം സാഹചര്യങ്ങളിൽ നാം എന്ത് ചെയ്യണം എന്നതിനെക്കുറിച്ച് നമുക്ക് കൂടുതൽ അറിയാൻ ശ്രമിക്കാം.

### ഉപഭോക്താവ് (Consumer)

വില നൽകിയോ, നൽകാമെന്ന വ്യവസ്ഥയിലോ ഏതെങ്കിലും സാധനങ്ങളും സേവനങ്ങളും വാങ്ങി ഉപയോഗിക്കുന്ന ആളാണ് ഉപഭോക്താവ്.

**ഉപഭോക്താവ് രാജാവാണ്**

**ഉപഭോക്താവ് അതിഥിയാണ് - മഹാത്മജി**

### ഉപഭോഗം (Consumption)

മനുഷ്യന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനായി സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനെയാണ് ഉപഭോഗം എന്നുപറയുന്നത്. ഇങ്ങനെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിന് ഉൽപ്പന്നങ്ങൾക്കുള്ള കഴിവിനെ ഉപയുക്തത (UTILITY) എന്നും വിളിക്കുന്നു.

**ഉപഭോക്താവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസമെന്ത്?**

### ഉപഭോക്താവിന്റെ സംതൃപ്തി

സാധനങ്ങളും സേവനങ്ങളും വില കൊടുത്തു വാങ്ങി ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനെയാണ് ഉപഭോക്താവിന്റെ സംതൃപ്തി എന്നു പറയുന്നത്.

നിങ്ങൾ ഒരു ഇലക്ട്രോണിക്സ് കടയിൽപ്പോയി ഒരു വാഷിം ഗ്മെഷിൻ വാങ്ങുന്നു

വെന്ന് കരുതുക. ഒരു ഉപഭോക്താവായ നിങ്ങൾക്ക് സംതൃപതി ലഭിക്കണമെങ്കിൽ നിങ്ങൾ പ്രതീക്ഷിക്കുന്നതെന്തൊക്കെയായിരിക്കും? ഒരു പേപ്പറിൽ കുറിക്കുക.

*
*



* ന്യായവില
* വിശ്വാസ്യത
* കൃത്യമായ അളവ്
* വിൽപ്പനാനന്തരസേവനം
*
*

ഇങ്ങനെ കുറേയേറെ ഗുണങ്ങളും സവിശേഷതകളും നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും ഇതൊന്നും ലഭിക്കാതെ നാം ചൂഷണം ചെയ്യപ്പെടുകയും വഞ്ചിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളുണ്ടായിട്ടില്ലേ? വാർത്താമാധ്യമങ്ങളിലൂടെ ഇത്തരം നിരവധി സംഭവങ്ങൾ നിങ്ങൾ അറിയാനും ഇടയായിട്ടുണ്ടല്ലോ? താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൂടുതൽ കാര്യങ്ങൾ കണ്ടെത്തി എഴുതുക.

*ഉപഭോക്തൃ സംരക്ഷണം സാധ്യമാ*

### ഉപഭോക്താവ് വഞ്ചിക്കപ്പെടുന്ന സന്ദർഭങ്ങൾ

* വാഗ്ദാനം ചെയ്യപ്പെട്ട ഉപയുക്തതയിലുള്ള കുറവ്
* അമിത വില ഈടാക്കൽ
* വ്യാജ ഉൽപ്പന്നങ്ങൾ നൽകൽ
* മായം ചേർക്കൽ
* അളവുതൂക്കത്തിൽ വ്യത്യാസം വരുത്തൽ
* ഗുണമേന്മയില്ലാത്ത സാധനങ്ങൾ നൽകൽ
* യഥാസമയം നൽകാതിരിക്കൽ
*

*കണമെങ്കിൽ നമ്മുടെ ഉപഭോക്തൃ ശീലങ്ങളിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകണം. എന്തൊക്കെയാണ് നാം വളർത്തിയെടുക്കേണ്ടുന്ന ശീലങ്ങൾ?*

## വളർത്തിയെടുക്കേണ്ടുന്ന ഉപഭോക്തൃ ശീലങ്ങൾ

* ബില്ലുകൾ ചോദിച്ചു വാങ്ങുക
* അളവുതൂക്കങ്ങൾ കൃത്യമാണെന്ന് ബോധ്യപ്പെടുക
* ഉൽപാദകന്റെയും വിതരണക്കാരന്റെയും മേൽവിലാസം ഉണ്ടെന്ന് ഉറപ്പുവരുത്തുക
* പായ്ക്ക് ചെയ്ത തീയതി, കാലാവധി, പരമാവധി വിൽപ്പന വില ഇവ ശ്രദ്ധിക്കുക
* ശരിയായ ഉപയോഗരീതികൾ മനസിലാക്കുക
*

**ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ എങ്ങനെയെല്ലാം ഒഴിവാക്കാം? നിങ്ങളുടെ അഭിപ്രായം എഴുതുക.**

## 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം

* ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി 1986-ലാണ് ഈ നിയമം നിലവിൽവന്നത്.
* ഉപഭോക്താവിന്റെ അവകാശങ്ങൾ വ്യക്തമായി നിർവചിക്കപ്പെട്ട നിയമം.
* ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിനായി ഉപഭോക്തൃ കോടതികൾ രൂപീകരിച്ചത്ഈ നിയമം വഴിയാണ്.
*



**അധിക വായന**

**1986-ലെ ഉപഭോക്തൃസംരക്ഷണ നിയമം - ഉപഭോക്താവിന്റെ പ്രധാന അവകാശങ്ങൾ**

* സംരക്ഷണം - ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽനിന്നും സംരക്ഷണം.
* ഗുണമേന്മ - സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.
* ന്യായവില - ന്യായവിലയ്ക്ക് സാധനങ്ങളും സേവനങ്ങളും ലഭിക്കുവാനുള്ള അവകാശം.
* തർക്കപരിഹാരം - തർക്കപരിഹാരം തേടി കോടതിയെ സമീപിക്കാനുള്ള അവകാശം.
* ഉപഭോക്തൃ വിദ്യാഭ്യാസം - ഉപഭോക്തൃ വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവകാശം.

**ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.**



## ചൂരിദാറിനു നഷ്ടപരിഹാരം

ഒരു കോളേജ് വിദ്യാർത്ഥിനി പ്രശസ്തമായ ഒരു വസ്ത്രവ്യാപാര സ്ഥാപനത്തിൽനിന്നും 3000രൂപ നൽകി ചൂരിദാർ വാങ്ങി. ആ വസ്ത്രം ധരിച്ച് അവർ അവരുടെ സുഹൃത്തിന്റെ വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ പോയി. അന്ന് അപ്രതീക്ഷിതമായി മഴ പെയ്യാനിടയായി. മഴ നനയാനിടയായതോടെ അവരുടെ ചൂരിദാറിന്റെ ഡിസൈനിന്റെ ഭാഗമായി തയ്ച്ചിരുന്ന കടും

നിറത്തിലുള്ള തുണിയിൽനിന്നും ചായമിളകി വസ്ത്രമാകെ പടർന്നു. വളരെയധികം മാനസികപ്രയാസത്തോടെയാണ് അവർ വിവാഹ ചടങ്ങിൽ പങ്കെടുത്ത് വീട്ടിലേക്ക് മടങ്ങിയത്. അടുത്ത നാളിൽ അവർ പ്രസ്തുത വസ്ത്രവും ബില്ലുമായി വസ്ത്രവ്യാപാരിയെ സമീപിച്ചു. വസ്ത്രം മാറ്റി നൽകാനോ വസ്ത്രത്തിന്റെ വില തിരികെ നൽകാനോ വസ്ത്രവ്യാപാരി തയ്യാറായില്ല. അവർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകി. അവർക്കുണ്ടായ മാനസികപ്രയാസങ്ങളും കഷ്ടനഷ്ടങ്ങളും കണക്കിലെടുത്ത് വസ്ത്രവ്യാപാരി 5000രൂപ പരാതിക്കാരിക്ക് നൽകണമെന്ന് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം വിധി പ്രസ്താവിക്കുകയും ചെയ്തു.

ബസ്സിൽ യാത്ര ചെയ്യുന്ന ആൾക്ക് അവർക്കിറങ്ങേണ്ടുന്ന സ്റ്റോപ്പിൽ ബസ്സ് നിർത്താതെ വന്ന സംഭവം, പരമാവധി റീട്ടെയിൽ വില (എം.ആർ.പി.)യേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്ന സംഭവം, കാലാവധി കഴിഞ്ഞ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് തുടങ്ങിയ നിരവധി അനുഭവങ്ങൾ നിങ്ങളുടെ അറിവിലുമുണ്ടാകുമല്ലോ. ഇത്തരം പ്രശ്നങ്ങളിൽ പരിഹാരം തേടി നിങ്ങൾ കോടതിയെ സമീപിച്ചിട്ടുണ്ടോ? നിങ്ങളിൽ കൂടുതൽ പേരുടെയും ഉത്തരം ഇല്ല എന്നായി രിക്കും. അല്ലെ? എന്തായിരിക്കും അതിന്റെ കാരണങ്ങൾ?

* പരാതി ആർക്ക്, എങ്ങനെ, എവിടെ നൽകണമെന്നറിയില്ല.
* ഏതൊക്കെ സാഹചര്യങ്ങളിൽ പരാതി നൽകാമെന്നറിയില്ല.
* പരാതിയോടൊപ്പം എന്തൊക്കെ നൽകണമെന്നും അറിയില്ല.

*നിരവധി കാരണങ്ങൾ നിങ്ങൾക്ക് പറയാനുണ്ടാകുമെന്നറിയാം. ഇതിന് പരിഹാരം ഉണ്ടാകണമെങ്കിൽ കൃത്യമായ ബോധവൽക്കരണം നടക്കേണ്ടതുണ്ട്.*

**അധിക വായന**

**പരാതി നൽകുന്നതാര്?**

സാധനങ്ങളോ സേവനങ്ങളോ വില കൊടുത്ത് വാങ്ങി ഉപയോഗിക്കുന്ന ഉപഭോക്താവ്, രജിസ്റ്റർ ചെയ്ത സംഘടനകൾ, കേന്ദ്ര-സംസ്ഥാന സർക്കാർ, സമാന താൽപ്പര്യമുള്ള ഉപഭോക്താക്കളിൽ ഒന്നോ അതിലധികമോ പേർ കൂട്ടായോ പരാതി നൽകാവുന്നതാണ്.

**അധിക വായന**

**പരാതി എവിടെ നൽകും?**


പരാതിക്കടിസ്ഥാനമായ ഇടപാട് പൂർണമായോ ഭാഗികമായോ നടന്ന ജില്ലയിലെയോ, എതിർകക്ഷികൾ താമസിക്കുകയോ, പ്രവർത്തനം നടത്തുകയോ ചെയ്യുന്ന ജില്ലയിലെയോ ഉപഭോക്തൃ ഫോറത്തിലാണ് പരാതി നൽകേണ്ടത്.

## ഉപഭോക്തൃ തർക്ക പരിഹാര സംവിധാനങ്ങൾ

*ഇനി നമുക്ക് ഉപഭോക്തൃതർക്കപരിഹാരത്തിന് ഇന്ത്യയിൽ നിലവിലുള്ള സംവിധാനങ്ങൾ പരിചയപ്പെടാം.*

ഉപഭോക്തൃതർക്കപരിഹാരത്തിന് ഇന്ന് ഇന്ത്യയിൽ ത്രിതല ഉപഭോക്തൃ കോടതികൾ നിലവിലുണ്ട്. അവയുടെ ഘടനയും അധികാരവും താഴെകൊടുത്തിരിക്കുന്ന പട്ടികയിലൂടെ പരിചയപ്പെടാം.



| ഉപഭോക്തൃ കോടതികൾ | ഘടന | | അധികാരം |
|---|---|---|---|
| ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം |  | * ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു.<br>* പ്രസിഡണ്ടും 2 അംഗങ്ങളും.<br>* ഒരംഗമെങ്കിലും വനിത. | 20 ലക്ഷം രൂപ വരെയുള്ള തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നു. |
| സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ |  | * സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു.<br>* പ്രസിഡണ്ടും 2 അംഗങ്ങളും. ഒരംഗമെങ്കിലും വനിത.<br>* കൂടുതൽ അംഗങ്ങളെ നിയമിക്കാൻ സംസ്ഥാന സർക്കാറിന് അധികാരമുണ്ട്. | 20 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നു. |
| ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ |  | * ദേശീയ തലത്തിൽ പ്രവർത്തിക്കുന്നു.<br>* പ്രസിഡണ്ടും 4-ൽ കുറയാത്ത അംഗങ്ങളും.<br>* കൂടുതൽ അംഗങ്ങളെ നിയമിക്കാൻ കേന്ദ്ര സർക്കാറിന് അധികാരമുണ്ട്. | ഒരുകോടി രൂപക്ക് മുകളിലുള്ള തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നു. |

**1986-ലെ ഉപഭോക്തൃസംരക്ഷണ നിയമപ്രകാരം ഉപഭോക്തൃ കോടതികൾക്ക് പുറമെ ജില്ല, സംസ്ഥാന, ദേശീയ തലത്തിൽ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുണ്ട്.**

**അധിക വായന**

**പരാതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ**

പരാതിക്കടിസ്ഥാനമായ ഇടപാട് നടന്ന് രണ്ടുവർഷത്തിനകം പരാതി നൽകണം. പരാതിക്കാരന്റെ പേര്, വയസ്സ്, അഡ്രസ് എന്നിവ ഉണ്ടായിരിക്കണം. എതിർകക്ഷിയുടെ പൂർണ വിവരങ്ങളും പരാതിക്കടിസ്ഥാനമായ കാര്യങ്ങളും കൃത്യമായി എഴുതണം. പരാതിക്കാരന്റെ ഒപ്പ്, രേഖകൾ എന്നിവയുണ്ടായിരിക്കണം. താഴെ പറയും പ്രകാരം ഫീസും പരാതിക്കാർ നൽകണം.

* ഒരുലക്ഷത്തിൽ താഴെ നഷ്ടപരിഹാരം ലഭിക്കാൻ - 100ക
* ഒരുലക്ഷംമുതൽ 5 ലക്ഷം വരെ - 200രൂപ
* 5 ലക്ഷംമുതൽ 10 ലക്ഷം വരെ - 400രൂപ
* 10 ലക്ഷത്തിനു മുകളിൽ - 500രൂപ

## വഞ്ചിക്കുന്ന പരസ്യങ്ങൾ

ഒരു മോട്ടോർ ബൈക്ക് കമ്പനി ഒരു ലിറ്റർ പെട്രോളിന് 101 കി.മീറ്റർ മൈലേജ് കിട്ടുമെന്ന് കാണിച്ച് ഉത്സവ സീസണിൽ പരസ്യമിറക്കി. ഒരു യുവാവ് പരസ്യം വിശ്വസിച്ച് മോട്ടോർ ബൈക്ക് വാങ്ങിച്ചു. എന്നാൽ അയാൾ എത്ര തവണ പരീക്ഷിച്ചിട്ടും കമ്പനി പരസ്യം ചെയ്ത മൈലേജ് കിട്ടിയില്ല. ഒടുവിൽ അയാൾ കമ്പനിക്കെതിരെ ജില്ലാ ഉപഭോക്തൃ ഫോറത്തിൽ പരാതി നൽകി. പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്തിയതിനാൽ കമ്പനി നഷ്ടപരിഹാരം നൽകണമെന്ന് ഫോറം വിധി തീർപ്പുണ്ടാക്കുകയും ചെയ്തു.

**പരസ്യങ്ങൾ പലപ്പോഴും ഉപഭോക്താവിനെ വഞ്ചിക്കുന്നുണ്ട്. അതുകൊണ്ട് നാം പരസ്യങ്ങളെ അമിതമായി വിശ്വസിക്കരുത്.**



**അധിക വായന**

**വഴി തെറ്റിക്കുന്ന പരസ്യങ്ങൾക്കെതിരെ GAMA**
**(GRIEVANCE AGAINST MISLEADING ADVERTISEMENTS)**

തെറ്റായ വിവരങ്ങൾ നൽകി പരസ്യം പുറപ്പെടുവിച്ച് ഉപഭോക്താക്കളെ വഞ്ചിക്കുന്നവർക്കെതിരെ ഓൺലൈൻ പരാതി നൽകാൻ https://gama.gov.in എന്ന പേരിൽ ഒരു പോർട്ടൽ വകുപ്പുതല സംവിധാനമായി ആരംഭിച്ചിട്ടുണ്ട്.

**പരസ്യങ്ങളുടെ ഗുണദോഷങ്ങൾ എന്തൊക്കെ? ഒരു ചർച്ച സംഘടിപ്പിക്കുക**

**അധിക വായന**

**ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ**

* അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ.
* പകരം സാധനം നൽകൽ.
* നഷ്ടപരിഹാരം നൽകൽ.
* പരാതിച്ചെലവ് നൽകൽ.
* ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന നിരോധിക്കൽ.
* ദോഷകരമായ വ്യാപാര നടപടികൾ നിർത്തിയ്ക്കൽ.
* സേവനത്തിലെ കോട്ടങ്ങൾ പരിഹരിക്കൽ.
*
*

**അധിക വായന**

**ഓൺ ലൈൻ വ്യാപാരവും ഉപഭോക്തൃ തർക്ക പരിധിയിൽ**

2015-ലെ നിയമഭേദഗതിയിലൂടെ ഓൺലൈൻ വ്യാപാരവും ഉപഭോക്തൃ തർക്ക പരിധിയിൽ വരുന്നതാണ്.

**ദേശിയ ഉപഭോക്തൃ ദിനം**

1985-ൽ ഐക്യരാഷ്ട്ര സംഘടന ഉപഭോക്തൃസംരക്ഷണം സംബന്ധിച്ച മാർഗരേഖകൾ ഉൾക്കൊള്ളുന്ന പ്രമേയം അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാ ഗവൺമെന്റ് ഉപഭോക്തൃസംരക്ഷണ നിയമം പാസാക്കി. 1986 ഡിസംബർ 24-നാണ് ഈ നിയമം നിലവിൽ വന്നത്. അതുകൊണ്ട് എല്ലാ വർഷവും ഡിസംബർ 24 ദേശീയ ഉപഭോക്തൃദിനമായി ആചരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന ചിഹ്നങ്ങൾ നിരീക്ഷിക്കുക. ഇതുപോലെയുള്ള ചിഹ്നങ്ങൾ എവിടെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? എന്തിനാണ് ഇതു നൽകുന്നതെന്നറിയാമോ?

സാധനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഗുണമേന്മ ഉപഭോക്താവിന് എളുപ്പം തിരിച്ചറിയാൻ വേണ്ടിയാണ് ഇത്തരം ചില ചിഹ്നങ്ങൾ നൽകുന്നത്. അവയെ നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| ISI | ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |
| ISO | ഇന്ത്യയടക്കം 120-ലധികം രാഷ്ട്രങ്ങളിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നു. |

| | |
|---|---|
| BIS | സ്വർണാഭരണങ്ങളുടെ പരിശുദ്ധി സൂചിപ്പിക്കുന്നു. |
| CE | ഇലക്ട്രോണിക്ക്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നു. |
| GOVERNMENT OF INDIA | കാർഷിക-വന ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു. |
| VEG / NON-VEG | സസ്യ-സസ്യേതര ആഹാര വസ്തുക്കൾ തിരിച്ചറിയുന്നു. |
| FPO | പഴം-പച്ചക്കറികളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു. |

ഇനിമുതൽ ഇടപാടുകൾ നടത്തുമ്പോൾ ഇത്തരം ചിഹ്നങ്ങൾ ശ്രദ്ധിക്കുമല്ലോ.

## ഉപഭോക്തൃ സംരക്ഷണത്തിൽ സാമൂഹ്യ ഇടപെടലുകൾ

ലാഭം ലക്ഷ്യംവെയ്ക്കുന്ന കമ്പോളവ്യവസ്ഥയിലാണ് നാമിന്ന് ജീവിക്കുന്നത്. പരസ്യങ്ങളുടെ മാസ്മരിക പ്രപഞ്ചത്തിൽ ഉപഭോക്താക്കൾ പലപ്പോഴും വഞ്ചിക്കപ്പെടുന്നു. ലാഭക്കൊതിമൂത്തവർ മനുഷ്യന്റെ ആരോഗ്യം പോലും പരിഗണിക്കാതെ കമ്പോളത്തിൽ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നു. കമ്പോളം തന്നെ നമ്മെ ഭരിക്കുന്ന സാമൂഹ്യക്രമത്തിന്റെ ഇരകളായി നാം മാറ്റപ്പെടുന്നു. ഇതിനെ അതിജീവിക്കാൻ നാം പ്രാപ്തി കൈവരിക്കണം. ഉപഭോക്തൃ ചൂഷണം തടയപ്പെടണം. ഇക്കാര്യത്തിൽ സജീവമായ സാമൂഹ്യ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

### പഠനനേട്ടങ്ങൾ

* മനുഷ്യന്റെ ദൈനംദിന സാമ്പത്തിക പ്രവർത്തനങ്ങൾ കണ്ടെത്തുകയും നിർവ്വചിക്കുകയും ചെയ്യുന്നു.
* പ്രമുഖരായ ഏതാനും സാമ്പത്തികശാസ്ത്ര ചിന്തകരെയും അവരുടെ സംഭാവനകളെയും വിശദീകരിക്കുന്നു.
* ഉപഭോഗം, ഉപഭോക്താവ്, ഉപഭോക്താവിന്റെ സംതൃപ്തി എന്നിവ വിശദീകരിക്കുന്നു.
* ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് വ്യക്തമാക്കുന്നു.

* ഉപഭോക്തൃസംരക്ഷണ നിയമങ്ങൾ അവതരിപ്പിക്കുന്നു.
* ഉപഭോക്തൃകോടതികളുടെ ഘടനയും അധികാരങ്ങളും അവതരിപ്പിക്കുന്നു.
* ഉപഭോക്തൃവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിവരിക്കുന്നു.
* ഉപഭോക്തൃസംരക്ഷണത്തിൽ സാമൂഹ്യ ഇടപെടലുകളുടെ സാധ്യത വിശദീകരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

* ''സാമ്പത്തികശാസ്ത്ര രംഗത്ത് പ്രഗത്ഭരെ സംഭാവന ചെയ്ത നാടാണ് ഇന്ത്യ''. ഇന്ത്യയിലെ ഏതെങ്കിലും രണ്ട് സാമ്പത്തികശാസ്ത്രചിന്തകരുടെ സംഭാവനകളെ അടിസ്ഥാനമാക്കി ഈ പ്രസ്താവന സാധൂകരിക്കുക.
* സാമ്പത്തിക ശാസ്ത്രജ്ഞരായ ആഡം സ്മിത്തിന്റെയും കാൾ മാർക്സിന്റെയും കാഴ്ചപ്പാടുകളെ താരതമ്യം ചെയ്യുക.
* ദാദാഭായ് നവറോജി അവതരിപ്പിച്ച ചോർച്ചാസിദ്ധാന്തം വിശദീകരിക്കുക.
* ആൽഫ്രഡ് മാർഷലിന്റെയും ലയണൽ റോബിൻസിന്റെയും സാമ്പത്തിക കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുക.
* ഗാന്ധിജി അവതരിപ്പിച്ച സാമ്പത്തികനയത്തിന്റെ കാലികപ്രസക്തി വിശകലനം ചെയ്യുക.
* ''ഉപഭോക്താവിന്റെ സംതൃപ്തിയാണ് എല്ലാ സാമ്പത്തികപ്രവർത്തനങ്ങളുടെയും ലക്ഷ്യം.'' ഈ പ്രസ്താവന വിലയിരുത്തുക.
* ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുന്ന ഏതെങ്കിലും 3 സാഹചര്യങ്ങൾ കണ്ടെത്തി എഴുതുക.
* ഉപഭോക്തൃചൂഷണം തടയാൻ നാം വളർത്തിയെടുക്കേണ്ടുന്ന ഉപഭോക്തൃശീലങ്ങൾ എന്തെല്ലാം?
* 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പ്രാധാന്യം വിശദമാക്കുക.
* ഉപഭോക്തൃകോടതികളുടെ ഘടനയും അധികാരവും വിശദീകരിക്കുക.
* ഉപഭോക്തൃവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

## തുടർ പ്രവർത്തനങ്ങൾ

* ലോകത്തിലെ പ്രധാന സാമ്പത്തിക ശാസ്ത്രജ്ഞരുടെ ഫോട്ടോ ശേഖരിച്ച് ഒരു ആൽബം തയാറാക്കുക.
* ഉപഭോക്തൃചൂഷണം തടയാൻ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഇന്ത്യയിലെയും പാശ്ചാത്യരാജങ്ങളിലേയും ശാസ്ത്രജ്ഞരുടെ സംഭാവനകൾ വിവരിക്കുന്നു. | | | |
| ഉപഭോക്താവിന്റെഅവകാശങ്ങളും, ഉപഭോക്തൃസംരക്ഷണനിയമവും ഉപഭോക്തൃസംരക്ഷണ സംവിധാനങ്ങളും വിശദമാക്കുന്നു. | | | |



# അധ്യായം 17
# ദേശീയ വരുമാനം, സാമ്പത്തിക വളർച്ച, മാനവ വിഭവശേഷി വികസനം

**ആമുഖം**

ഏതൊരു രാജ്യത്തിനും പുരോഗതിയുണ്ടാകണമെങ്കിൽ രാജ്യത്തിന്റെ വരുമാനം വർദ്ധിക്കണം. വരുമാനം വർദ്ധിച്ചതുകൊണ്ടു മാത്രമായില്ല, ജനങ്ങളുടെ ജീവിതഗുണനിലവാരത്തിൽ ഉയർച്ചയുണ്ടാകണം. മാനവവിഭവശേഷി വികസിക്കുകയും വേണം. ദേശീയവരുമാനം സംബന്ധിച്ച് ധാരണകൾ ഉണ്ടാകുന്നതിനും സാമ്പത്തിക വളർച്ചയും സാമ്പത്തികവികസനവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിനും മാനവവിഭവശേഷി വികസനസാധ്യതകൾ മനസിലാക്കുന്നതിനും സഹായിക്കുന്ന ഒരു പാഠഭാഗമാണിത്.






നമ്മളൊക്കെ ജോലി ചെയ്യുന്നതെന്തിനാണ്?
വരുമാനം ലഭിക്കാൻ എന്നായിരിക്കുമല്ലോ നിങ്ങളുടെ ഉത്തരം. ഈ വരുമാനമൊക്കെ എന്തിനാണ്?

നിങ്ങളുടെ കുടുംബത്തിൽ എല്ലാവർക്കും വരുമാനം ലഭിക്കുന്ന തൊഴിൽ ഉണ്ടോ?

കഴിഞ്ഞ ഒരുവർഷത്തെ നിങ്ങളുടെ കുടുംബത്തിന്റെ വരുമാനമെത്രയെന്ന് പറയാനാകുമോ? എന്തൊക്കെയാണ് നിങ്ങളുടെ കുടുംബത്തിന്റെ വരുമാന മാർഗങ്ങൾ?

## വരുമാനമാർഗങ്ങൾ

- കൃഷിയിൽനിന്ന്
- കച്ചവടത്തിൽനിന്ന്
- കൂലിയിനത്തിൽ
- 
- 

ഇങ്ങനെ കുറേ വരുമാനസ്രോതസ്സുകൾ നിങ്ങൾക്ക് കണ്ടെത്താനായല്ലോ?

കുടുംബ വരുമാനം വർദ്ധിക്കുന്നത് നിങ്ങളുടെ ജീവിതഗുണനിലവാരത്തിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടാക്കുമോ? എങ്ങനെയെല്ലാം - ചർച്ച ചെയ്യുക.
ഇനി നമുക്ക് രാജ്യത്തിന്റെ വരുമാനത്തെ കുറിച്ച് ചിന്തിക്കാം.

## ദേശീയവരുമാനം

രാജ്യത്ത് ഒരുവർഷം ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഭാഗമായി ലഭിക്കുന്ന ആകെ വരുമാനമാണ് ദേശീയ വരുമാനം. കാർഷിക മേഖല (പ്രാഥമിക മേഖല), വ്യാവസായിക മേഖല (ദ്വിതീയ മേഖല), സേവന മേഖല (തൃതീയ മേഖല) എന്നിങ്ങനെ മൂന്നു മേഖലകളിൽ നിന്നുമുള്ള വരുമാനം ചേർന്നതാണ് ദേശീയ വരുമാനം.



ദേശീയവരുമാനം കണക്കാക്കുന്നതാരാണ്?, എന്തിനാണ് ഇത് കണക്കാക്കുന്നത്?, എങ്ങനെയാണ് ഇത് കണക്കാക്കുന്നത്?, ഇങ്ങനെ നിരവധി സംശയങ്ങൾ നിങ്ങൾക്കില്ലേ? നമുക്ക് അവയുടെ ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കാം.

## ദേശീയവരുമാനം കണക്കാക്കുന്നതിന്റെ ലക്ഷ്യങ്ങൾ

- രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മനസിലാക്കാൻ
- പദ്ധതികളുടെ ആസൂത്രണത്തിന്
- വിവിധ മേഖലകളുടെ സംഭാവനകളറിയാൻ
- സമ്പദ് വ്യവസ്ഥയുടെ പ്രശ്നങ്ങൾ പഠിക്കാൻ
- മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യാൻ
- 
- 

കൂടുതൽ കാര്യങ്ങൾ കണ്ടെത്തി ഇതു പൂർത്തിയാക്കുമല്ലോ.

വിവിധ രാജ്യങ്ങളിലെ ദേശീയവരുമാനത്തിന്റെ പട്ടിക താഴെ കൊടുത്തിരിക്കുന്നു. പട്ടിക വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

| രാജ്യം | ദേശീയ വരുമാനം (ബില്ല്യൻ ഡോളറിൽ) | | |
|---|---|---|---|
| | 2010 | 2013 | 2014 |
| യു.എസ്.എ. | 16663.20 | 17348.10 | 17968.20 |
| ചൈന | 9490.80 | 10356.50 | 11384.80 |
| ജപ്പാൻ | 4919.60 | 4602.40 | 4116.20 |
| ജർമനി | 3746.50 | 3874.40 | 3371.00 |
| യു.കെ. | 2678.40 | 2950.00 | 2864.90 |
| ഫ്രാൻസ് | 2811.10 | 2833.70 | 2422.60 |
| ഇന്ത്യ | 1875.20 | 2051.20 | 2182.60 |
| ഇറ്റലി | 2137.60 | 2014.70 | 1819.00 |
| ബ്രസീൽ | 2391.00 | 2346.60 | 1799.00 |

*അവലംബം: IMF World Economic Outlook Oct. 2015*

**അധിക വായന**

**ദേശീയവരുമാനം – ചില പ്രധാന ആശയങ്ങൾ**

ദേശീയവരുമാനവുമായി ബന്ധപ്പെട്ട ചില പ്രധാന ആശയങ്ങൾ നാം അറിയേണ്ടതുണ്ട്. അവയെ നമുക്കൊന്ന് പരിചയപ്പെടാം.

**മൊത്ത ആഭ്യന്തര ഉൽപാദനം (Gross Domestic Product - GDP)**

ഒരു സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ ആഭ്യന്തര അതിർത്തിക്കുള്ളിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ വിപണിമൂല്യമാണ് മൊത്ത ആഭ്യന്തര ഉൽപാദനം.

**മൊത്ത ദേശീയ ഉൽപ്പാദനം (Gross National Product - GNP)**

ഒരു രാജ്യത്ത് ഒരു സാമ്പത്തികവർഷം ഉൽപ്പാദിപ്പിക്കുന്ന അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ കണക്കാക്കുന്നതാണ് മൊത്ത ദേശീയ ഉൽപ്പാദനം. ഉൽപ്പാദിപ്പിക്കപ്പെട്ട അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും വിപണിമൂല്യമായിരിക്കും ഇത്. GDP യോട് വിദേശത്ത് ജോലി ചെയ്യുന്ന ഇന്ത്യക്കാർ നാട്ടിലേക്കയക്കുന്ന വരുമാനവും ഇന്ത്യയിൽ ജോലി ചെയ്യുന്ന വിദേശികൾ അവരുടെ നാട്ടിലേക്കയക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസവും കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് GNP.

**അറ്റ ദേശീയഉൽപ്പാദനം (Net National Product - NNP)**

മൊത്ത ദേശീയ ഉൽപ്പാദനത്തിൽനിന്നും തേയ്മാനച്ചെലവ് കുറയ്ക്കുമ്പോൾ ലഭ്യമാകുന്നതാണ് അറ്റ ദേശീയോൽപ്പാദനം.

NNP = GNP - തേയ്മാനച്ചെലവ്

അറ്റ ദേശീയ ഉൽപ്പാദനം = മൊത്ത ദേശീയ ഉൽപ്പാദനം – തേയ്മാനച്ചെലവ്

**ദേശീയവരുമാനം (National Income - NI)**

അറ്റദേശീയ ഉൽപ്പാദനത്തിൽ (NNP യിൽ) നിന്നും പരോക്ഷ നികുതി കുറയ്ക്കുകയും സബ്സിഡികൾ കൂട്ടിച്ചേർക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്നതാണ് ദേശീയവരുമാനം.

**പ്രതിശീർഷ വരുമാനം (Per Capita Income)**

ദേശീയവരുമാനത്തെ രാജ്യത്തെ മൊത്തം ജനസംഖ്യ കൊണ്ട് ഭാഗിക്കുമ്പോൾ കിട്ടുന്നതാണ് പ്രതിശീർഷ വരുമാനം.

$$\text{പ്രതിശീർഷ വരുമാനം} \quad \frac{\text{ദേശീയ വരുമാനം}}{\text{ആകെ ജനസംഖ്യ}}$$

**ദേശീയവരുമാനം**
**കണക്കാക്കുന്ന രീതികൾ**

ദേശീയവരുമാനം കണക്കാക്കുന്ന മൂന്നു രീതികൾ ഇനി നമുക്ക് പരിചയപ്പെടാം. ഉൽപ്പാദനരീതി, വരുമാനരീതി, ചെലവുരീതി എന്നിവയാണ് ദേശീയവരുമാനം കണക്കാക്കുന്ന മൂന്നു രീതികൾ.

***1. ഉൽപാദനരീതി***

രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ദേശീയവരുമാനം കണക്കാക്കുന്ന രീതിയാണിത്. ഓരോ ഉൽപ്പാദനഘട്ടത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനവ് കണക്കാക്കിയാണ് ഇത് കണ്ടെത്തുന്നത്. അതുകൊണ്ട് ഇത് മൂല്യവർദ്ധനരീതി എന്നും അറിയപ്പെടുന്നു.

***2. വരുമാനരീതി***

ഉൽപ്പാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങളായ പാട്ടം, വേതനം, പലിശ, ലാഭം എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ വരുമാനം കണക്കാക്കുന്ന രീതിയാണിത്.

***3. ചെലവുരീതി***

ഒരുസാമ്പത്തികവർഷത്തിൽ രാജ്യത്തെ വ്യക്തികളും സ്ഥാപനങ്ങളും സർക്കാരുമെല്ലാം ചെലവഴിക്കുന്ന ആകെ തുകയുടെ അടിസ്ഥാനത്തിൽ ദേശീയവരുമാനം കണക്കാക്കുന്ന രീതിയാണിത്.

**അധിക വായന**


**ദേശീയവരുമാനം കണക്കാക്കുന്ന ഏജൻസി**

ഇന്ത്യയിൽ ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള ഏജൻസി സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (CSO) ആണ്.

ദേശീയവരുമാനത്തിൽ വിവിധ മേഖലകൾ നൽകുന്ന സംഭാവനകളുടെ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു. പട്ടിക വിശകലനം ചെയ്ത് നിഗമനം രൂപപ്പെടുത്തുക.

**ഇന്ത്യയിൽ GDP യിലെ വിവിധ മേഖലകളുടെ വിഹിതം (ശതമാനത്തിൽ)**

| *മേഖല* | *2011-12* | *2012-13* | *2013-14* |
|---|---|---|---|
| കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (പ്രാഥമിക മേഖല) | 17.9 | 17.5 | 18.2 |
| വ്യവസായം (ദ്വിതീയ മേഖല) | 27.2 | 26.2 | 24.8 |
| സേവന മേഖല (തൃതീയ മേഖല) | 54.9 | 56.3 | 57.0 |
| ആകെ | 100 | 100 | 100 |




ദേശീയവരുമാനം കണക്കാക്കുന്നതിൽ നാം നേരിടുന്ന ചില പ്രധാന പ്രശ്നങ്ങളാണ് വിശ്വാസയോഗ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം, ജനങ്ങളുടെ നിരക്ഷരത മുതലായവ. മറ്റെന്തെല്ലാം പ്രശ്നങ്ങൾ നമ്മുടെ രാജ്യം നേരിടുന്നുണ്ട്. ചർച്ച ചെയ്യുക.

### സാമ്പത്തികവളർച്ചയും വികസനവും



**നെല്ലുൽപ്പാദനത്തിൽ 30% വർദ്ധനവ്**



**മൊബൈൽ ഫോൺ ഉൽപ്പാദനത്തിൽ 3 മടങ്ങ് വർദ്ധനവ്**



**ദേശീയവരുമാനത്തിൽ ഏഴ് ശതമാനം വർദ്ധനവ്**

ഇങ്ങനെയുള്ള വാർത്തകൾ നിങ്ങളും കണ്ടുകാണുമല്ലോ? ഈ വാർത്തകളിൽ നിന്നും നിങ്ങളെത്തുന്ന നിഗമനമെന്താണ്?

- മുൻ വർഷത്തേക്കാൾ ഉൽപ്പാദനം വർദ്ധിച്ചിരിക്കുന്നു.
- ഉൽപ്പാദന വർദ്ധനവ് വരുമാന നേട്ടത്തിനിടയാക്കിയിരിക്കുന്നു.
- സാമ്പത്തികവളർച്ച നേടിയിരിക്കുന്നു.
-
-

### സാമ്പത്തികവളർച്ച

ഒരു സമ്പദ് വ്യവസ്ഥയിലെ ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന വർദ്ധനവാണ് സാമ്പത്തികവളർച്ച. ഈ സാമ്പത്തികവളർച്ച ശതമാന അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ലഭിക്കുന്നതാണ് സാമ്പത്തിക വളർച്ചാനിരക്ക്.

> സാമ്പത്തികവളർച്ച സമ്പദ്വ്യവസ്ഥയിലുണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളെന്തൊക്കെ?

നമ്മളെല്ലാവരും മെച്ചപ്പെട്ട ജീവിത ഗുണനിലവാരം ഉണ്ടാകണമെന്നാഗ്രഹിക്കുന്നവരാണല്ലോ. സാമ്പത്തികവളർച്ച ഉണ്ടായതുകൊണ്ട് ജീവിത ഗുണനിലവാരം കൈവന്നുവെന്ന് പറയാനാകുമോ?

ജീവിതഗുണനിലവാരം ഉണ്ടാകണമെങ്കിൽ എന്തൊക്കെ സൗകര്യങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്? ചർച്ച ചെയ്യുക.

- മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ
- പോഷകാഹാരം
- ശുദ്ധജല ലഭ്യത
- എല്ലാവർക്കും വിദ്യാഭ്യാസസൗകര്യങ്ങൾ
-
-

### സാമ്പത്തികവികസനം

സമ്പദ്വ്യവസ്ഥയിൽ മുൻ വർഷത്തെ അപേക്ഷിച്ച് സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവാണല്ലോ സാമ്പത്തിക വളർച്ച.

എന്നാൽ സാമ്പത്തികവളർച്ചയോടൊപ്പം ജീവിത ഗുണനിലവാരം കൂടി ഉയരുന്നതാണ് സാമ്പത്തികവികസനം.

> സാമ്പത്തികവളർച്ചയും സാമ്പത്തികവികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.

സാമ്പത്തികവികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ തരംതിരിക്കാറുണ്ട്. ഏതിന്റെ അടിസ്ഥാനത്തിലാണ് രാജ്യങ്ങളുടെ വികസനത്തെ നിർണയിക്കുകയും തരംതിരിക്കുകയും ചെയ്തിരിക്കുന്നത്?

ചില സൂചികകളുടെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്. അത്തരം ചില സൂചികകളെ നമുക്ക് പരിചയപ്പെടാം.

### വികസനസൂചികകൾ

പ്രതിശീർഷ വരുമാനം, ഭൗതിക ജീവിത ഗുണനിലവാര സൂചിക, മാനവ വികസന സൂചിക, സന്തോഷ സൂചിക എന്നിങ്ങനെ വിവിധതരം സൂചികകൾ ലോകത്ത് നിലവിലുണ്ട്.

### പ്രതിശീർഷ വരുമാനം

- ഒരു പരമ്പരാഗതവികസന സൂചിക
- ദേശീയ വരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ചു കിട്ടുന്ന സംഖ്യയാണ് പ്രതിശീർഷ വരുമാനം.
- ജനസംഖ്യയുടെ വളർച്ചാനിരക്കിനേക്കാൾ കൂടിയ വളർച്ചാനിരക്ക് ദേശീയ വരുമാനത്തിൽ ഉണ്ടായാൽ മാത്രമേ പ്രതിശീർഷ വരുമാനം വർദ്ധിക്കുകയുള്ളൂ.

> പ്രതിശീർഷ വരുമാനത്തെ ഒരു വികസന സൂചികയായി സ്വീകരിക്കുമ്പോഴുള്ള പരിമിതികൾ എന്തൊക്കെ? ചർച്ച ചെയ്യുക.

### അധിക വായന

***ഭൗതികജീവിതഗുണനിലവാര സൂചിക***

- പ്രതിശീർഷ വരുമാന സൂചികയേക്കാൾ മെച്ചപ്പെട്ടത്.
- പ്രതീക്ഷിത ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, അടിസ്ഥാന സാക്ഷരത എന്നീ മൂന്നു ഘടകങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ള വികസന സൂചിക.

***മാനവവികസന സൂചിക***

- മാനവ വികസനം അടിസ്ഥാനമാക്കിയുള്ള സൂചിക.
- പ്രതിശീർഷ വരുമാനം, വിദ്യാഭ്യാസം, ആയുർദൈർഘ്യം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന സൂചിക.

***സന്തോഷ സൂചിക***

- ഭൂട്ടാൻ വികസിപ്പിച്ചത്.
- ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം, അഴിമതിരഹിത ഭരണം, മാനസികാരോഗ്യം, പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണം, സാംസ്കാരിക വൈവിധ്യം, സമയത്തിന്റെ ഫലപ്രദമായ ഉപയോഗം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചികയാണിത്.

**അധിക വായന**

**മാനവവികസന സൂചികയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള രാജ്യങ്ങളുടെ വിഭജനം**

പൂജ്യം മുതൽ 1 വരെയാണ് വികസന സൂചികകളുടെ മൂല്യം. പൂജ്യം ഒട്ടും വികസനമില്ലായ്മയെ സൂചിപ്പിക്കുന്നു. ഒന്ന് ഏറ്റവും ഉയർന്ന വികസനത്തെ സൂചിപ്പിക്കുന്നു.

| HDI മൂല്യം | വിഭാഗം |
|---|---|
| പൂജ്യം (0) - 0.554 | താഴ്ന്ന |
| 0.550 - 0.699 | ഇടത്തരം |
| 0.700 - 0.799 | ഉയർന്നത് |
| 0.800 - 1.000 | വളരെ ഉയർന്നത് |

UNDP യാണ് ഇങ്ങനെ പട്ടിക തയ്യാറാക്കുന്നത്.
1990 മുതൽ UNDP വർഷംതോറും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു.






നമ്മുടെ രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളികളെന്തൊക്കെ? ചർച്ച സംഘടിപ്പിക്കുക. മറ്റു പ്രശ്നങ്ങൾ കണ്ടെത്തുക.

- തൊഴിലില്ലായ്മ
- ദാരിദ്ര്യം
- നിരക്ഷരത
- പോഷകാഹാരക്കുറവ്
- അസമത്വം
- പട്ടിണി
- 
- 

## മാനവവിഭവശേഷി വികസനം

ദേശീയവരുമാനം, സാമ്പത്തിക വളർച്ച, സാമ്പത്തിക വികസനം എന്നീ ആശയങ്ങൾ മനസ്സിലായിക്കാണുമല്ലോ ഓരോ രാജ്യത്തിന്റെയും യഥാർത്ഥ സമ്പത്ത് അവിടുത്തെ ജനങ്ങളാണ്. രാജ്യം സാമ്പത്തികവികസനം നേടണമെങ്കിൽ മാനവവിഭവശേഷിവികസനം കൈവരിക്കണം. ഇതെങ്ങനെ സാധ്യമാക്കാം എന്ന് നമുക്ക് പരിശോധിക്കാം.

## മാപ്പിള ഖലാസിമാർ





1988 ജൂലൈ 8-ന് കേരളത്തിലെ പെരുമൺ പാലത്തിൽ രാജ്യത്തെ നടുക്കിയ ഒരു വൻ തീവണ്ടി ദുരന്തമുണ്ടായി. ബംഗളൂരുവിൽനിന്നും തിരുവനന്ത പുരത്തേക്ക് പോവുകയായിരുന്ന ട്രെയിൻ അഷ്ടമുടി കായലിലേക്ക് മറിഞ്ഞു. നിരവധിയാളുകൾ മരണ പ്പെട്ടു. കായലിൽ വീണുകിടന്ന ട്രെയിൻ ബോഗികൾ പൊക്കിയെടുക്കുന്നതിന് നിരവധി ഉപകരണങ്ങളു മായി നൂറുകണക്കിനാളുകൾ കഷ്ടപ്പെട്ടിട്ടും ഉദ്ദേശിച്ച ലക്ഷ്യം പൂർത്തിയാക്കാനായില്ല. അപ്പോഴാണ് കോഴി ക്കോട്ടെ മാപ്പിള ഖലാസിക്കാരെ കുറിച്ച് അറിയാനി ടയായ ഉദ്യോഗസ്ഥർ അവരുടെ സഹായം തേടിയത്. എണ്ണത്തിൽ വലിയ സംഖ്യയൊന്നുമില്ലായിരുന്നുവെ ങ്കിലും അവർ ആ ജോലി അനായാസം പൂർത്തിയാക്കി. എങ്ങനെയാണ് അവർക്കിത് സാധിച്ചത്? മാപ്പിള ഖലാസിമാരുടെ തൊഴിൽവൈദഗ്ധ്യമാണ് അതിനവ രെ സഹായിച്ചത്. തൊഴിൽവൈദഗ്ധ്യം നേടുന്നതി ന് പരിശീലനം ആവശ്യമാണ്. ജനങ്ങളുടെ എണ്ണം കൂടിയതുകൊണ്ടു മാത്രമായില്ല, ജനങ്ങളുടെ കാര്യ പ്രാപ്തിയാണ് പ്രധാനം. ഇതെങ്ങനെയൊക്കെ നേ ടാം എന്നാണ് നാമിവിടെ വിചിന്തനം ചെയ്യുന്നത്.

### മാനവവിഭവശേഷി വികസനം


മനുഷ്യന്റെ കായികവും മാനസിക വുമായ കഴിവുകൾ വികസിപ്പിക്കുന്നതി നെയാണ് മാനവ വിഭവശേഷി വികസനം എന്നു പറയുന്നത്.

വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെയെല്ലാമാണ് മാനവ വിഭവശേഷി വികസിപ്പിക്കുന്നത്.

മാനവവിഭവശേഷി വികസനത്തിൽ
സമൂഹം, സർക്കാർ,
വിവിധ സ്ഥാപനങ്ങൾ,
ഏജൻസികൾ, എന്നിവ വഹിക്കുന്ന പങ്ക്
ചർച്ച ചെയ്യുക.

### മാനവ വിഭവശേഷി വികസനം – സ്വാധീന ഘടകങ്ങൾ

മാനവ വിഭവശേഷി വികസനത്തെക്കുറിച്ച് പഠി ക്കുമ്പോൾ അതിന്റെ ഗണ പരവും ഗുണപരവുമായ സ്വാധീന ഘടകങ്ങൾ നാം മനസിലാക്കേണ്ടതു ണ്ട്. അതിന് സഹായക മാകുന്ന ഒരു ഫ്ളോചാർട്ട് താഴെ കൊടുത്തിരിക്കുന്ന ത് നിരീക്ഷിക്കുക.




## ജനസംഖ്യാ വലുപ്പം

ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ രാജ്യത്തെ ജനസംഖ്യാ വലുപ്പം.

**അധിക വായന**

**ജനസംഖ്യാ കണക്കെടുപ്പ്**

ഇന്ത്യയിൽ 10 വർഷത്തിലൊരിക്കലാണ് ജനസംഖ്യാ കണക്കെടുപ്പ്.

പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണറുടെ ഓഫീസാണ് ഇതിന് നേതൃത്വം നൽകുന്നത്.

2011 മാർച്ച് 1 അടിസ്ഥാനമാക്കിയുള്ളതാണ് ഏറ്റവും ഒടുവിലായി നടന്ന ജനസംഖ്യാ കണക്കെടുപ്പ്.

**ജനസംഖ്യാ ശാസ്ത്രം**

ജനസംഖ്യയെ കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയാണ് ജനസംഖ്യാ ശാസ്ത്രം (Demography)

**ലോകജനസംഖ്യാ ദിനം - ജൂലൈ 11**

ജൂലൈ 11 ആണ് ലോക ജനസംഖ്യാ ദിനം

1987 ജൂലൈ 11-ന് ലോക ജനസംഖ്യ 500 കോടി തികഞ്ഞു. അതാണ് ജൂലൈ 11 തെരഞ്ഞെടുക്കാൻ കാരണം.

ഐക്യരാഷ്ട്രസഭയുടെ വികസന പരിപാടി (UNDP) യുടെ ആഹ്വാന പ്രകാരമാണ് 1989 മുതൽ ജനസംഖ്യാ ദിനം ആചരിച്ചുവരുന്നത്.

## ജനസാന്ദ്രത

ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ ശരാശരി എണ്ണമാണ് ജനസാന്ദ്രത.

ഗ്രാമപ്രദേശത്തും നഗരപ്രദേശങ്ങളിലും ജനസാന്ദ്രതയിലുള്ള വ്യത്യാസമെന്ത്? എന്തായിരിക്കും ഇതിന്റെ കാരണങ്ങൾ?

**ജനസംഖ്യ വളർച്ചാനിരക്ക്**

ജനസംഖ്യ മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചുവെന്നതാണ് ജനസംഖ്യാ വളർച്ചാനിരക്ക്.

| വർഷം | ജനസംഖ്യ (കോടിയിൽ) | ദശാബ്ദ വളർച്ചാ നിരക്ക് (ശതമാനത്തിൽ) |
|---|---|---|
| 1951 | 36.11 | 13.31 (1941-51) |
| 1961 | 43.90 | 21.64 (1951-61) |
| 1971 | 54.82 | 24.80 (1961-71) |
| 1981 | 68.33 | 24.66 (1971-81) |
| 1991 | 84.64 | 23.87 (1981-91) |
| 2001 | 102.87 | 21.54 (1991-2001) |
| 2011 | 121.02 | 17.64 (2001-2011) |

*അവലംബം: സെൻസസ് ഇന്ത്യ 2011*

നിങ്ങളുടെ കുടുംബത്തിലുള്ള അംഗങ്ങളെ താഴെ പറയുന്ന പ്രകാരം ഗ്രൂപ്പ് തിരിച്ച് അവരുടെ എണ്ണം കുറിക്കുക.

0 മുതൽ 14 വയസുവരെ പ്രായമുള്ളവർ
15 മുതൽ 59 വയസുവരെ പ്രായമുള്ളവർ
60 മുതൽ മുകളിലോട്ട് പ്രായമുള്ളവർ

നിങ്ങളുടെ ആകെ കുടുംബാംഗങ്ങളിൽ ഈ ഓരോ ഗ്രൂപ്പിലും ഉള്ളവരുടെ അനുപാതം കണ്ടെത്തി എഴുതുക.

## പ്രായഘടന

ജനസംഖ്യയെ 0 മുതൽ 14 വയസുവരെ, 15 മുതൽ 59 വരെ, 60 ന് മുകളിൽ എന്നിങ്ങനെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് പ്രായഘടന.

## തൊഴിൽ പങ്കാളിത്ത നിരക്ക്

15 വയസിനും 59 വയസിനും ഇടയിൽ പ്രായമുള്ള തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്.

## ആശ്രയത്വ നിരക്ക്

0 മുതൽ 14 വയസുവരെയുള്ളവരും 60 വയസിന് മുകളിലുള്ളവരുമായ ആശ്രയത്വ വിഭാഗത്തിന്റെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് ആശ്രയത്വ നിരക്ക്.

## മാനവവിഭവശേഷി വികസനവും വിദ്യാഭ്യാസവും

വിദ്യാഭ്യാസരംഗത്ത് ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണല്ലോ കേരളം. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നതും നിങ്ങൾ അറിയുന്നുണ്ടല്ലോ? എന്തുകൊണ്ടാണ് സർക്കാർ വിദ്യാഭ്യാസത്തിന് ഇത്രയും

വലിയ പരിഗണന നൽകുന്നത്? നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക.

വിദ്യാഭ്യാസം
↓
വ്യക്തികളുടെ ശേഷി വർദ്ധിപ്പിക്കുന്നു
↓
സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ കഴിവുനേടുന്നു
↓
മികച്ച തൊഴിൽ ലഭിക്കുന്നു
↓
വരുമാനം വർദ്ധിക്കുന്നു
↓
ജീവിത നിലവാരം ഉയരുന്നു
↓
സാമ്പത്തിക വികസനം

**ഇന്ത്യയിലെ സാക്ഷരതാനിരക്ക്**

| | | |
|---|---|---|
| സ്ത്രീകൾ | - | 65.46 |
| പുരുഷന്മാർ | - | 82.14 |
| ആകെ | - | 74.04 |

*അവലംബം: സെൻസസ് ഇന്ത്യ 2011*

മേൽ ചേർത്ത ചാർട്ട് വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

| **ശേഷികളും നൈപുണികളും വികസിപ്പിക്കുന്നതിനും വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ചില പദ്ധതികൾ പരിചയപ്പെടാം** | |
|---|---|
| സർവ്വ ശിക്ഷാ അഭിയാൻ (SSA) | • സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം<br>• വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | • സെക്കണ്ടറി വിദ്യാഭ്യാസ വികസനം<br>• വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചാതർ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നത വിദ്യാഭ്യാസ ലഭ്യത വർദ്ധിപ്പിക്കുക.<br>• ഉന്നത വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുക. |
| സമഗ്ര ശിക്ഷാ അഭിയാൻ | • സർവ്വ ശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും സംയോജിപ്പിച്ച് രൂപീകരിച്ചത്.<br>• പ്രീപ്രൈമറി മുതൽ 12 വരെ ക്ലാസ്സുകളുടെ കാര്യങ്ങൾ പരിഗണിക്കുന്നു. |

## മാനവ വിഭവശേഷി വികസനവും ആരോഗ്യ പരിപാലനവും

ആരോഗ്യ പരിപാലനം
↓
ആയുർദൈർഘ്യം വർദ്ധിക്കുന്നു
↓
അദ്ധ്വാനശേഷി വർദ്ധിപ്പിക്കുന്നു
↓
കാര്യക്ഷമത കൂട്ടുന്നു
↓
ഉൽപ്പാദനം വർദ്ധിക്കുന്നു
↓
പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കുന്നു
↓
ചികിത്സാച്ചെലവ് കുറയുന്നു
↓
വരുമാനം വർദ്ധിക്കുന്നു
↓
ജീവിത നിലവാരം ഉയരുന്നു
↓
സാമ്പത്തിക വികസനം

**ആയുർദൈർഘ്യം ഇന്ത്യയിൽ**

| | | |
|---|---|---|
| സ്ത്രീകൾ | - | 67.7 |
| പുരുഷന്മാർ | - | 64.6 |
| ആകെ | - | 66.1 |

**ആരോഗ്യരംഗത്ത് ചികിത്സാസംവിധാനം ഒരുക്കുന്ന സ്ഥാപനങ്ങൾ**

മെഡിക്കൽ കോളേജുകൾ

ജില്ലാ ആശുപത്രികൾ

സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

ആരോഗ്യ ഉപകേന്ദ്രങ്ങൾ

**ആരോഗ്യം**

ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിതിയാണ് ആരോഗ്യം.

*- ലോക ആരോഗ്യ സംഘടന*

*അവലംബം: സെൻസസ് ഇന്ത്യ 2011*

ചാർട്ട് വിശകലനം ചെയ്ത് ആരോഗ്യപരിപാലനം മാനവവിഭവശേഷി വികസനത്തിനും അതുവഴി രാജ്യത്തിന്റെ സാമ്പത്തികവികസനത്തിനും എപ്രകാരം സഹായിക്കുന്നുവെന്ന് വിശദീകരിക്കുക.

മാനവ വിഭവശേഷി വികസിപ്പിക്കുന്നതിലൂടെ രാജ്യത്ത് ഉൽപ്പാദന വർദ്ധനവ് കൈവരിക്കാൻ സാധിക്കും. ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയരുകയും രാജ്യത്തിന്റെ വികസനം സാധ്യമാവുകയും ചെയ്യും. മാനവവിഭവശേഷി വികസനത്തിന് ഏറ്റവും കരുതലോടെയുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസമേഖലയിലും ആരോഗ്യരംഗത്തും സംഘടിപ്പിക്കേണ്ടതുണ്ട്.

## പഠനനേട്ടങ്ങൾ

- ദേശീയവരുമാനം എന്തെന്നും ദേശീയവരുമാനം കണക്കാക്കുന്ന രീതികളേതൊക്കെയെന്നും വിശദീകരിക്കുന്നു.
- ദേശീയവരുമാനത്തിൽ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖലകളുടെ സംഭാവനകൾ തിരിച്ചറിയുകയും വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.
- സാമ്പത്തികവളർച്ചയും വികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദീകരിക്കുന്നു.
- സാമ്പത്തികവികസന സൂചികകൾ ഏതെല്ലാമെന്ന് തിരിച്ചറിഞ്ഞ് വ്യക്തമാക്കുന്നു.
- ഇന്ത്യയുടെ വികസനം നേരിടുന്ന വെല്ലുവിളികൾ വിശദീകരിക്കുന്നു.
- മാനവവിഭവശേഷി വികസനം വ്യക്തമാക്കുന്നു.
- മാനവവിഭവത്തിന്റെ ഗണപരവും ഗുണപരവുമായ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.
- ജനസംസംഖ്യയും ജനസാന്ദ്രതയും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് വ്യക്തമാക്കുന്നു.
- തൊഴിൽ പങ്കാളിത്ത നിരക്ക്, ആശ്രയത്വ നിരക്ക് ഇവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നു.
- മാനവവിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വിശദമാക്കുന്നു.
- മാനവവിഭവശേഷി വികസനത്തിൽ ആരോഗ്യപരിപാലനത്തിന്റെ പങ്ക് വിശദീകരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ദേശീയവരുമാനം കണക്കാക്കുന്ന വിവിധ രീതികളെന്തൊക്കെ? വിശദീകരിക്കുക.
- സാമ്പത്തികവളർച്ചയും വികസനവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?
- താഴെ കൊടുത്തിരിക്കുന്നവയെ സാമ്പത്തിക വളർച്ച, സാമ്പത്തികവികസനം എന്നിങ്ങനെ പട്ടികപ്പെടുത്തുക.
  ഗോതമ്പുൽപാദനത്തിൽ 150 ടണ്ണിന്റെ വർദ്ധനവ്
  പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചു
  നാളികേര ഉൽപ്പാദനത്തിൽ രണ്ടുമടങ്ങ് വർദ്ധനവ്
  വ്യവസായ സംരംഭകർക്ക് പ്രത്യേക പരിശീലന പരിപാടികൾ ആരംഭിച്ചു
  ജനങ്ങൾക്കായി പുതിയ കുടിവെള്ളവിതരണ പദ്ധതി കമ്മീഷൻ ചെയ്തു
  ഇരുമ്പയിർ ഖനനത്തിൽ 30% വർദ്ധനവ് നേടി

- സാമ്പത്തികവികസനം കണക്കാക്കുന്നതിന് വികസിപ്പിക്കപ്പെട്ട സൂചികകൾ ഏതൊക്കെ?
- ഇന്ത്യയുടെ വികസനം നേരിടുന്ന പ്രധാന വെല്ലുവിളികളെന്തൊക്കെ? ഇതു പരിഹരിക്കാൻ നിങ്ങളുടെ നിർദ്ദേശങ്ങളെന്തൊക്കെ?
- മാനവ വിഭവ ശേഷി വികസനമെന്നാലെന്ത്?
- മാനവ വിഭവത്തിന്റെ ഗണപരമായ സ്വാധീന ഘടകങ്ങൾ എന്തൊക്കെ?
- മാനവവിഭവത്തിന്റെ ഗുണപരമായ സ്വാധീന ഘടകങ്ങൾ എന്തൊക്കെ?
- ഇന്ത്യയിൽ ആശ്രയത്വ നിരക്ക് വർദ്ധിക്കുന്നതിന്റെ കാരണങ്ങളെന്തൊക്കെയായിരിക്കും? വിശകലനം ചെയ്യുക.
- മാനവ വിഭവ ശേഷി വികസനത്തിൽ വിദ്യാഭ്യാസമേഖല വഹിക്കുന്ന പങ്ക് വിശദീകരിക്കുക.
- മെച്ചപ്പെട്ട ആരോഗ്യപരിപാലനം രാജ്യത്തിന്റെ സാമ്പത്തികവികസനത്തിന് സഹായിക്കുന്നതെങ്ങിനെ?

**തുടർപ്രവർത്തനങ്ങൾ**

- കേരളത്തിലെ പൊതു വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലുമുണ്ടായ വളർച്ച കേരളവികസനത്തെ എപ്രകാരം സ്വാധീനിച്ചുവെന്ന് അന്വേഷിച്ചറിഞ്ഞ് ഒരു റിപ്പോർട്ട് തയ്യാറാക്കുക.
- 

## സ്വയം വിലയിരുത്തൽ

| | **പൂർണ്ണമായി കഴിയുന്നു** | **ഭാഗികമായി കഴിയുന്നു** | **മെച്ചപ്പെടേണ്ടതുണ്ട്** |
|---|---|---|---|
| സാമ്പത്തിക വികസനവും വളർച്ചയും തമ്മിലുള്ള വ്യത്യാസങ്ങൾ | | | |
| സാമ്പത്തികവികസനം കണക്കാക്കുന്ന വിവിധ സൂചികകൾ | | | |
| മാനവവിഭവശേഷി വികസനത്തിന്റെ ഗണപരവും ഗുണപരവുമായ സവിശേഷതകൾ | | | |
| മാനവവിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസവും ആരോഗ്യവും ചെലുത്തുന്ന സ്വാധീനം | | | |



അധ്യായം 18

# സമ്പദ്‌വ്യവസ്ഥയും സർക്കാരും

## ആമുഖം

നമ്മുടെ സമൂഹത്തിൽ സർക്കാരിന്റെ ഇടപെടലിന്റെ ആവശ്യകതയും അന്താരാഷ്ട്രബന്ധങ്ങളും ഒരു വ്യക്തി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പാഠഭാഗത്ത് പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത് സർക്കാരിന്റെ ചുമതലകൾ, സർക്കാരിന്റെ വിവിധതരം വരുമാന മാർഗങ്ങൾ, ചെലവുകൾ, വിവിധതരം ബജറ്റ്, ലോകത്ത് നിലകൊള്ളുന്ന വിവിധതരം സമ്പദ്‌വ്യവസ്ഥകൾ, ആഗോളവൽക്കരണം, പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾ എന്നിവയാണ്.

## സർക്കാരിന്റെ ചുമതല

നാം ജീവിക്കുന്ന സമൂഹത്തിൽ ഒരു സർക്കാർ ഇല്ലാത്ത അവസ്ഥ നമുക്ക് ചിന്തിക്കാൻ പറ്റില്ല എന്ന് എല്ലാവർക്കും അറിയാമല്ലോ. നമ്മൾ ഉപയോഗിക്കുന്ന പൊതുറോഡുകൾ, ആശുപത്രികൾ, അണക്കെട്ടുകൾ മുതലായവ ആരാണ് സ്ഥാപിച്ചത്? എന്തുകൊണ്ട് ഇത്തരം പ്രവൃത്തികൾക്ക് സ്വകാര്യമേഖല മുന്നോട്ടു വരുന്നില്ല എന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? സർക്കാർ പ്രവർത്തിക്കുന്നത് ഒരിക്കലും ലാഭം പ്രതീക്ഷിച്ചുകൊണ്ടല്ല. അതേസമയം സ്വകാര്യമേഖല പ്രവർത്തിക്കുന്നത് പ്രധാനമായും ലാഭം പ്രതീക്ഷിച്ചുകൊണ്ടാണ്. അതുകൊണ്ടാണ് മുകളിൽ പറഞ്ഞ പ്രവർത്തികൾക്ക് സ്വകാര്യമേഖല മുന്നോട്ടു വരാത്തത്.

എങ്ങനെയാണ് സർക്കാർ സമൂഹത്തിൽ ഇടപെടുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ? പൊതുവെ വിവിധതരം പൊതുചെലവുകളിൽ കൂടിയാണ് സർക്കാർ സമൂഹത്തിൽ ഇടപെടുന്നതും സമൂഹത്തിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും.




## എന്താണ് പൊതുചെലവുകൾ?

സർക്കാരിന്റെ ചെലവുകളെ ആണ് പൊതുചെലവുകൾ എന്ന് പറയുന്നത്. ഖജനാവിൽനിന്നും സമൂഹത്തിന്റെ പൊതു ആവശ്യങ്ങളായ റോഡുകൾ, അണക്കെട്ടുകൾ, പൊതുജനാരോഗ്യം, പ്രതിരോധം, ആഭ്യന്തരസുരക്ഷ, സാമൂഹ്യക്ഷേമം, ദാരിദ്ര്യ നിർമാർജനം, വികസനപ്രവർത്തനങ്ങൾ മുതലായ ആവശ്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ള സർക്കാരിന്റെ ചെലവുകളാണിത്.

*പൊതുചെലവുകളെ രണ്ടായി തിരിക്കാം*

- വികസനച്ചെലവ്
- വികസനേതര ചെലവ്

## വികസനച്ചെലവ്

സാമൂഹിക സാമ്പത്തിക വികസനത്തിനായി പ്രത്യുൽപ്പാദനപരമായ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവിടുന്നതിനെയാണ് വികസനച്ചെലവെന്നു പറയുന്നത്. ഉദാഹരണം: കാർഷികമേഖലയ്ക്കും വ്യവസായത്തിനും വേണ്ടിയുള്ള ചെലവുകൾ വികസനച്ചെലവുകളാണ്.

## വികസനേതര ചെലവ്

പ്രത്യക്ഷത്തിൽ പ്രത്യുൽപ്പാദനപരമല്ലാത്ത ചെലവുകളെ വികസനേതര ചെലവുകളെന്ന് വിളിക്കാം. ഉദാഹരണം: ജീവനക്കാർക്കുള്ള ശമ്പളം, പലിശ, പെൻഷൻ മുതലായവ.

**സർക്കാർ ചെലവിന്റെ പ്രധാന മേഖലകൾ**

തന്നിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്ന ചെലവിനങ്ങളെ വികസച്ചെലവുകളെന്നും വികസനേതര ചെലവുകളെന്നും തരംതിരിക്കുക.

- രാജ്യരക്ഷ
- ആഭ്യന്തര സുരക്ഷ
- ആരോഗ്യം
- വിദ്യാഭ്യാസം
- അടിസ്ഥാന സൗകര്യ വികസനം
- ഗതാഗതം, വാർത്താവിനിമയം
- കാർഷികമേഖല
- ദാരിദ്ര്യ നിർമാർജനം
- ശമ്പളം
- 
- 

**എന്തുകൊണ്ടാണ് ഓരോ വർഷവും സർക്കാരിന്റെ ചെലവുകൾ വർദ്ധിച്ചുവരുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ?**

സർക്കാരിന്റെ ചെലവുകൾ വർദ്ധിക്കാൻ പല കാരണങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടവ ഇവയാണ്.


- വർദ്ധിച്ചുവരുന്ന ജനസംഖ്യ
- കൂടിവരുന്ന ആവശ്യങ്ങൾ
- വികസനപ്രവർത്തനങ്ങളുടെ വർദ്ധനവ്
- സർക്കാരിന്റെ സാമൂഹ്യക്ഷേമ ഇടപെടൽ
- ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കാനുള്ള ഇടപെടൽ
- പരിസ്ഥിതി സംരക്ഷണം
- വർദ്ധിച്ചുവരുന്ന പ്രതിരോധ ആവശ്യങ്ങൾ മുതലായവ

## പൊതുവരുമാനം

സർക്കാരിലേക്ക് വന്നുചേരുന്ന വരുമാനത്തെയാണ് പൊതുവരുമാനം എന്നു പറയുന്നത്.

## സർക്കാരിന്റെ വരുമാന മാർഗങ്ങൾ

പ്രധാനമായും സർക്കാരിനു വരുമാനം വരുന്നത് രണ്ടു സ്രോതസിൽനിന്നാണ്. നികുതി, നികുതിയേതരം എന്നിവയാണ്.






## നികുതികൾ

എന്താണ് നികുതി? നിങ്ങൾ എപ്പോഴെങ്കിലും നികുതി കൊടുത്തിട്ടുണ്ടോ? നാം അറിഞ്ഞും അറിയാതെയും ധാരാളം നികുതികൾ സർക്കാരിനു കൊടുക്കുന്നുണ്ട്. നിങ്ങൾ കൊടുക്കുന്ന നികുതികൾ ഏതൊക്കെയാണെന്ന് പറയാമോ?

പ്രത്യക്ഷനേട്ടം പ്രതീക്ഷിക്കാതെ ഒരു രാജ്യത്തെ ജനങ്ങൾ നിർബന്ധമായി സർക്കാരിലേക്ക് നൽകുന്ന പണമാണ് നികുതി. അത് രണ്ടുതരം ഉണ്ട്. പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും

## പ്രത്യക്ഷ നികുതി

ഏതു വ്യക്തിയാണോ നികുതിഭാരം വഹിക്കുന്നത് അയാൾ നേരിട്ടു സർക്കാരിനു അടയ്ക്കുന്ന നികുതിയാണ് പ്രത്യക്ഷ നികുതി. ഉദാഹരണം: ആദായ നികുതി, വസ്തു നികുതി മുതലായവ.

## പരോക്ഷ നികുതി

നികുതിഭാരം വഹിക്കുന്ന വ്യക്തിയും നികുതി സർക്കാരിലേക്ക് അടയ്ക്കുന്ന വ്യക്തിയും രണ്ടാണെങ്കിൽ അത് പരോക്ഷ നികുതി. ഉദാഹരണം: വിൽപ്പന നികുതി, കസ്റ്റംസ് നികുതി മുതലായവ.

ഏതിന്റെ അടിസ്ഥാനത്തിലാണ് ഒരു വസ്തുവിന്മേൽ നികുതി ചുമത്തുന്നത് എന്ന് അറിയാമോ? സാധാരണ രണ്ടുരീതിയിൽ നികുതി ചുമത്താം. ഒന്ന് വസ്തുവിന്റെ അളവനുസരിച്ച്. ഇതിൻ പ്രകാരം വസ്തുവിന്റെ അളവ് കൂടുന്നതിനനുസരിച്ച് നികുതിയും കൂടും. രണ്ടാമതായി ഒരു വസ്തുവിന്റെ മൂല്യത്തിനനുസരിച്ച്. ഇതിൻ പ്രകാരം വസ്തുവിന്റെ മൂല്യം വർദ്ധിക്കുന്നതിനനുസരിച്ച് നികുതിയും കൂടും.

**പ്രധാനപ്പെട്ട പ്രത്യക്ഷ നികുതികൾ**

- ആദായ നികുതി
  - * വ്യക്തിഗത ആദായ നികുതി – ഒരു നിശ്ചിത വരുമാനത്തിനു മുകളിലുള്ള വ്യക്തികളുടെ ആദായത്തിന്മേൽ ചുമത്തുന്ന നികുതി.
  - * കമ്പനി ആദായ നികുതി – രജിസ്റ്റർ ചെയ്ത കമ്പനി യുടെ ആദായത്തിനുമേൽ ചുമത്തുന്ന നികുതി.
- വസ്തു നികുതി – വസ്തുക്കളുടെ മേൽ ചുമത്തുന്ന നികുതി.

**പ്രധാനപ്പെട്ട പരോക്ഷ നികുതികൾ**

- ചരക്കുസേവന നികുതി – ചരക്കുകളുടേയും സേവനങ്ങളുടേയും മേൽ ചുമത്തുന്ന നികുതി.
- കസ്റ്റംസ് നികുതി – വസ്തുക്കൾ ഇറക്കുമതി ചെയ്യുമ്പോഴും കയറ്റുമതി ചെയ്യുമ്പോഴും ചുമത്തുന്ന നികുതി.
- എക്സൈസ് നികുതി – ഒരു സാധനത്തിന്റെ ഉൽപ്പാദനത്തിന്മേൽ ചുമത്തുന്ന നികുതി.

## ചരക്കുസേവന നികുതി

ഈ അടുത്തകാലത്തായി ഇന്ത്യയുടെ നികുതി ഘടനയിൽ വലിയ മാറ്റം സംഭവിച്ചതായി നിങ്ങൾക്കറിയാമല്ലോ. 2017 ജൂലായ് 1 മുതൽ നടപ്പാക്കിയ ചരക്കുസേവന നികുതി (അഥവാ ജി.എസ്.ടി. – Goods and Service Tax) ആണ് ഈ മാറ്റത്തിന് കാരണം. എന്താണ് ജി.എസ്.ടി.? എന്താണ് അതിന്റെ പ്രാധാന്യം?

**പ്രധാന നികുതിയേതര വരുമാനമാർഗങ്ങൾ**

- ഫീസ്
- ഫൈൻ
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം
- പൊതുമുതലിൽനിന്നുമുള്ള വരുമാനം
- വായ്പ

ഇന്ത്യയിൽ നികുതി ചുമത്താനും പിരിക്കാനും ഉള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാരം ഭരണഘടന പ്രകാരം നിർവഹിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം ചരക്കുകളുടെമേൽ ചുമത്തുന്ന വിൽപന നികുതി സംസ്ഥാനങ്ങൾക്കും സേവനങ്ങളുടെ മേലുള്ള നികുതി കേന്ദ്ര സർക്കാരുകൾക്കും ലഭിച്ചിരുന്നു. പക്ഷേ, ജി.എസ്.ടി. പ്രകാരം ചരക്കുകൾക്കും സേവനങ്ങൾക്കും ഒറ്റ നികുതി ചുമത്തി. അതിൽ നിന്നുമുള്ള വരുമാനം കേന്ദ്രവും സംസ്ഥാനങ്ങളും പങ്കിട്ടെടുക്കുന്നു. നിലവിൽ കേന്ദ്രവും സംസ്ഥാനങ്ങളും പിരിച്ചെടുക്കുന്ന പല നികുതികളും സംയോജിപ്പിച്ചാണ് ജി.എസ്.ടി. ഉണ്ടായത്.

**മൂല്യവർദ്ധിത നികുതി എന്നാൽ എന്ത്?**

ഒരു വസ്തുവിന്റെ നിർമാണത്തിലെ ഓരോ ഘട്ടത്തിലും കൂട്ടിച്ചേർക്കുന്ന മൂല്യത്തിനുമേൽ ചുമത്തുന്ന നികുതി.




### സംയോജിപ്പിക്കപ്പെട്ട കേന്ദ്ര നികുതികൾ ഇവയാണ്:

- കേന്ദ്ര എക്സൈസ്
- അധിക എക്സൈസ്
- സേവന നികുതി
- പ്രത്യേക അധിക കസ്റ്റംസ്

### സംയോജിപ്പിക്കപ്പെട്ട സംസ്ഥാന നികുതികൾ ഇവയാണ്:

- വിൽപ്പന നികുതി
- വിനോദ നികുതി
- കേന്ദ്ര വിൽപ്പന നികുതി
- സംസ്ഥാന അതിർത്തി നികുതി
- വാങ്ങൽ നികുതി
- ആഡംബര നികുതി
- ലോട്ടറി, ചൂതാട്ടം മുതലായവയ്ക്കുമേലുള്ള നികുതി

### ജി.എസ്.ടി. നിരക്കുകൾ

ജി.എസ്.ടി. വന്നതിനുശേഷം ചില വസ്തുക്കൾക്ക് വിലകൂടുകയും ചിലതിനു കുറയാനും ഇടയായത് എന്തുകൊണ്ടാണ് എന്ന് പറയാമോ? അതിന്റെ കാരണം ജി.എസ്.ടി.യുടെ ഭാഗമായി വിവിധ സാധന സേവനങ്ങളുടെ മേൽ ചുമത്തുന്ന നികുതിയുടെ നിരക്കുകളിലുള്ള വ്യത്യാസം കൊണ്ടാണ്. ചില അത്യാവശ്യ സാധനങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പരമാവധി നിരക്കായ 28% ചുമത്തിയിരിക്കുന്നത് ആഡംബരവസ്തുക്കൾക്കാണ്. ഇത്തരത്തിൽ ലഭിക്കുന്ന വരുമാനം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായിട്ട് വീതിച്ചെടുക്കുന്നു. ഇന്ത്യയിൽ ജി.എസ്.ടി. നിർവഹണത്തിന്റെ പൂർണമായ മേൽനോട്ടം വഹിക്കുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്.

**ജി.എസ്.ടി. നിരക്കുകൾ**

- 0% (നികുതിയില്ല)
- 5%
- 12%
- 18%
- 28%

**ജി.എസ്സ്.ടി. കൗൺസിലിന്റെ പ്രധാന ചുമതലകൾ**

- ചരക്കുസേവന നികുതി നിരക്ക് നിശ്ചയിക്കുക.
- ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുവാനുള്ള സാധനങ്ങളും സേവനങ്ങളും നിശ്ചയിക്കുക.
- സംസ്ഥാനവും കേന്ദ്രവും തമ്മിൽ ജി.എസ്.ടി.യിന്മേലുള്ള പരാതികളും തർക്കങ്ങളും പരിഹരിക്കുക.
- സംസ്ഥാനങ്ങൾ തമ്മിൽ ജി.എസ്.ടി.യിന്മേലുള്ള പരാതികളും തർക്കങ്ങളും പരിഹരിക്കുക.


### പൊതുകടം

പലപ്പോഴും നാം പത്രങ്ങളിൽ വായിക്കാറുണ്ടല്ലോ പൊതുകടം വർദ്ധിച്ചു വരുന്നതായിട്ട്. എന്തുകൊണ്ടാണ് പൊതുകടം വർദ്ധിക്കുന്നത്. സർക്കാരിന്റെ വരുമാനത്തേക്കാൾ ചെലവ് കൂടുമ്പോൾ, സർക്കാർ രാജ്യത്തിനുള്ളിൽ നിന്നും വിദേശത്തുനിന്നും വായ്പകൾ എടുക്കുന്നു. ഇതിനെ പൊതുകടം എന്ന് വിളിക്കുന്നു.


പൊതുകടം

- ആഭ്യന്തരകടം (രാജ്യത്തിനുള്ളിൽനിന്നും സമാഹരിക്കുന്ന കടം)
- വിദേശ കടം (വിദേശത്തുനിന്നും സമാഹരിക്കുന്ന കടം)

താഴെ കൊടുത്തിരിക്കുന്ന ചിത്രം കേന്ദ്രസർക്കാരിന്റെ 2016-17 വർഷത്തിലെ നികുതി, നികുതിയേതര വരുമാനത്തിന്റെ യഥാർത്ഥ കണക്കുകൾ ചിത്രീകരിച്ചിരിക്കുന്നു. ചിത്രത്തിൽനിന്നും കേന്ദ്ര സർക്കാരിന്റെ വിവിധതരം നികുതി, നികുതിയേതര വരുമാനം അവലോകനം നടത്തി കുറിപ്പ് തയ്യാറാക്കുക.




**കേന്ദ്ര നികുതി വരുമാനം (രൂപ കോടിയിൽ) 2016-17**




**കേന്ദ്രനികുതിയേതര വരുമാനം (രൂപ കോടിയിൽ) 2016-17**

## ബജറ്റ്

സർക്കാർ സമൂഹത്തിന്റെ നാനാവിധ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് നാം കണ്ടല്ലോ. എങ്ങനെയാണ് സമൂഹത്തിനുവേണ്ട ചെലവുകൾ കാലേക്കൂട്ടി നിശ്ചയിക്കുന്നത്? അവിടെയാണ് ബജറ്റ് ആവശ്യമായി വരുന്നത്. ഓരോ വർഷത്തേയും ബജറ്റിൽ കൂടിയാണ് സമൂഹത്തിനുവേണ്ട ചെലവുകൾ നിശ്ചയിക്കുന്നത്. വരാൻ പോകുന്ന വർഷത്തിലെ പ്രതീക്ഷിക്കുന്ന വരുമാനവും അതനുസരിച്ചുകൊണ്ടുള്ള ചെലവിന്റേയും ഒരു സംഗ്രഹമാണ് ബജറ്റ് എന്ന് പറയുന്നത്. വരവിന്റേയും ചെലവിന്റേയും അടിസ്ഥാനത്തിൽ നമുക്ക് ബജറ്റിനെ മൂന്നായി തിരിക്കാം: സന്തുലിത ബജറ്റ്, കമ്മി ബജറ്റ്, മിച്ച ബജറ്റ്.

**വിവിധതരം ബജറ്റ്**

1. സന്തുലിത ബജറ്റ്: ചെലവും വരുമാനവും തുല്യം
2. കമ്മി ബജറ്റ്: ചെലവ് വരുമാനത്തേക്കാൾ കൂടുതൽ
3. മിച്ച ബജറ്റ്: ചെലവ് വരുമാനത്തേക്കാൾ കുറവ്




## വിവിധ സമ്പദ് വ്യവസ്ഥകൾ

ഏതു രാജ്യത്തും സാധനങ്ങളുടെയും സേവനങ്ങളുടേയും ഉൽപ്പാദനത്തിലൂടെ ആണ് വളർച്ച ഉണ്ടാകുന്നത്. ഉൽപ്പാദന ഘടകങ്ങൾ ഉപയോഗിച്ചാണ് ഉൽപ്പാദനം നടത്തുന്നത്. എന്നാൽ ഉൽപാദന ഘടകങ്ങളുടെ നിയന്ത്രണം കൈകാര്യം ചെയ്യുന്ന രീതി വിവിധ സമ്പദ്വ്യവസ്ഥയിൽ വ്യത്യസ്തമാണ്. പല രാജ്യങ്ങളിലും പല തരത്തിലുള്ള സമ്പദ്ഘടന നിലനിൽക്കുന്നു. പ്രധാനമായും അവയെ മൂന്നായി തിരിക്കാം: മുതലാളിത്ത സമ്പദ്വ്യവസ്ഥ, സോഷ്യലിസ്റ്റ് വ്യവസ്ഥ, മിശ്ര സമ്പദ്വ്യവസ്ഥ. ഇവ തമ്മിലുള്ള വ്യത്യാസം എന്താണെന്നു നോക്കാം.

## വിവിധ സമ്പദ്വ്യവസ്ഥകളുടെ സവിശേഷതകൾ

*1) മുതലാളിത്ത വ്യവസ്ഥ*

- ഉൽപ്പാദന ഉപാധികൾ സ്വകാര്യ ഉടമസ്ഥതയിൽ.
- സർക്കാരിനു നാമമാത്ര പങ്കും സ്വകാര്യ മേഖലയ്ക്ക് കൂടുതൽ സ്വാതന്ത്ര്യവും ഉണ്ടായിരിക്കും.
- സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നത് സ്വതന്ത്ര കമ്പോള വ്യവസ്ഥയുടെ സഹായത്താലാണ്.
- ലാഭമാണ് പ്രധാന ലക്ഷ്യം.

*2) സോഷ്യലിസ്റ്റ് വ്യവസ്ഥ*

- ഉൽപ്പാദന ഉപാധികൾ പൊതു ഉടമസ്ഥതയിൽ.
- സ്വകാര്യ മേഖലയ്ക്ക് പ്രാധാന്യം കുറവ്.
- കേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ കൂടിയാണ് സാമ്പത്തിക-സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നത്.
- ജനക്ഷേമമാണ് ലക്ഷ്യം.

*3) മിശ്ര സമ്പദ്വ്യവസ്ഥ*

- പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ഏതാണ്ട് തുല്യ പങ്കാളിത്തം.
- ലാഭം ലക്ഷ്യമാക്കി പ്രവർത്തനം

നടത്തുന്ന മേഖലകൾ സ്വകാര്യസം രംഭകർക്കും ജനക്ഷേമം ലക്ഷ്യമാക്കി പ്രവർത്തനം നടത്തുന്ന മേഖലകൾ പൊതുമേഖലയ്ക്കും നൽകുന്നു.

- കമ്പോളത്തിന്റെയും ആസൂത്രണത്തി ന്റേയും സഹായത്തോടെ സാമ്പത്തി ക-സാമൂഹ്യ പ്രശ്നങ്ങൾ പരിഹരി ക്കുന്നു.
- ജനക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാ ന്യം.
- സ്വകാര്യ സ്വത്തിനവകാശം ഉണ്ട്.

**വിവിധ സമ്പദ്‌വ്യവസ്ഥകൾക്ക് ഉദാഹരണങ്ങൾ**

- മുതലാളിത്ത വ്യവസ്ഥ - അമേരിക്ക
- സോഷ്യലിസ്റ്റ് വ്യവസ്ഥ - ചൈന
- മിശ്ര സമ്പദ്‌വ്യവസ്ഥ - ഇന്ത്യ

***ലോകത്തിലെ മറ്റ് പ്രധാന രാജ്യങ്ങളിൽ നിലവിലുള്ള സമ്പദ്‌വ്യവസ്ഥ ഏതെന്ന് കണ്ടെത്തി അവയെ പട്ടികപ്പെടുത്തുക.***

**ആഗോളവൽക്കരണവും അതിന്റെ പ്രത്യാഘാതങ്ങളും**

ഈ അടുത്തകാലത്തായി നമ്മുടെ കമ്പോളത്തിൽ മറ്റു രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നിരവധി സാധനങ്ങൾ സുലഭമായി ലഭിക്കുന്നതു നാം കാണുന്നുണ്ടല്ലോ. ഉദാഹരണം: വിദേശ മൊബൈലുകൾ, കാറുകൾ മുതലായവ. ഇത് എന്തുകൊണ്ട് സാധിക്കുന്നു? ഇതിന്റെ കാരണം നമ്മുടെ രാജ്യം മറ്റു രാജ്യങ്ങളുമായി വാണിജ്യപരമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടാണ്. ആഗോളവൽക്കരണമാണ് ഇതിനു പ്രധാന കാരണം.




എന്താണ് ആഗോളവൽക്കരണം? വിവിധ രാജ്യങ്ങൾ തമ്മിലുള്ള സ്വതന്ത്രവാണിജ്യത്തിനുള്ള തടസങ്ങളെല്ലാം നീക്കുകയും ലോകംതന്നെ ഒരു വിപണിയായി മാറുകയും ചെയ്യുന്ന പ്രക്രിയയാണ് സാമ്പത്തികരംഗത്തെ ആഗോളവൽക്കരണം. ലോകത്തിലെ രാജ്യങ്ങളുടെ ഏകീകരണം എന്നും പറയാം. ഇതുവഴി സമ്പദ്‌വ്യവസ്ഥയുടെയും സാമൂഹത്തിന്റെയും സംസ്കാരത്തിന്റെയും സമന്വയമാണ് ലക്ഷ്യം വയ്ക്കുന്നത്. രാജ്യങ്ങളുടെ അതിർത്തിക്കപ്പുറത്തേയ്ക്ക് സാധനങ്ങളുടെയും തൊഴിലിന്റെയും മൂലധനത്തിന്റെയും സ്വതന്ത്രമായ പ്രവാഹത്തിന് ആഗോളവൽക്കരണം ലക്ഷ്യമിടുന്നു.

## ആഗോളവൽക്കരണത്തിന്റെ സവിശേഷതകൾ

- സമ്പദ്‌വ്യവസ്ഥയുടെ ഏകീകരണം.
- ലോകം ഒരൊറ്റ കമ്പോളമായി.
- അതിർത്തിക്ക് അപ്പുറത്തേക്ക് സ്വതന്ത്രമായി ചരക്കുകളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും പ്രവാഹം.
- സാങ്കേതികവിദ്യയുടെ വിപണനം.
- രാജ്യങ്ങൾ തമ്മിൽ വർദ്ധിക്കുന്ന മത്സരബുദ്ധി.
- ബഹുരാഷ്ട്ര കുത്തകകളുടെ വർദ്ധിക്കുന്ന സ്വാധീനം.
- ഉപഭോക്തൃ സംസ്കാരത്തിന്റെ വളർച്ച.
- വികസിത രാജ്യത്തിന്റെ സ്വാധീനം അവികസിത രാജ്യങ്ങളുടെ മേൽ വർദ്ധി

ക്കുന്നു.

- രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരം ലോകരാജ്യങ്ങളുടെ ഇടയിൽ സാമ്പത്തിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു.

## ആഗോളവൽക്കരണം ഇന്ത്യയിൽ

ഇന്ത്യയിൽ ആഗോളവൽക്കരണം 1980-ൽ ആരംഭിച്ചെങ്കിലും 1991 മുതലാണ് അതിന്റെ വേഗത കൂടിയത്. 1991 മുതൽ പുത്തൻ സാമ്പത്തികപരിഷ്കാരങ്ങൾ ഇന്ത്യയിൽ നടപ്പാക്കിത്തുടങ്ങി. പൊതുവെ പറഞ്ഞാൽ ഈ പരിഷ്കാരങ്ങൾ മൂന്നു വിഭാഗത്തിൽപ്പെടും.

- ഉദാരവൽക്കരണം
- സ്വകാര്യവൽക്കരണം
- ആഗോളവൽക്കരണം

## എന്താണ് ഉദാരവൽക്കരണം?

സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കായി നിലവിലുള്ള നിയന്ത്രണങ്ങൾ എടുത്തുകളയുക, സ്വകാര്യമേഖലയോട് ഉദാരസമീപനം സ്വീകരിക്കുക എന്നതാണ് ഉദാരവൽക്കരണം കൊണ്ടുദ്ദേശിക്കുന്നത്. ഇന്ത്യയിൽ നിയന്ത്രണങ്ങൾ എടുത്തുമാറ്റിയ മേഖലകൾ ഇവയാണ്:

- വില നിയന്ത്രണം സർക്കാരിൽനിന്നും എടുത്തുമാറ്റി.
- വില നിശ്ചയിക്കൽ കമ്പോളാടിസ്ഥാനത്തിലായി.
- വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.
- ഇറക്കുമതി ചുങ്കവും നികുതികളും കുറച്ചു.
- ഉൽപ്പാദന മേഖലയിലുള്ള നിയന്ത്രണങ്ങൾ എടുത്തുമാറ്റി.
- സാമ്പത്തികമേഖലയിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങൾക്ക് അയവു വരുത്തി. ഉദാഹരണം: ലൈസൻസ്, പെർമിറ്റ് മുതലായവ എടുത്തുമാറ്റി.
- സേവനമേഖലയായ ബാങ്കിംഗ്, ഇൻഷുറൻസ് മുതലായ മേഖലയിൽ സർക്കാരിന്റെ സ്വാധീനം കുറയാനുള്ള നടപടികൾ എടുത്തു.

## എന്താണ് സ്വകാര്യവൽക്കരണം?

സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുകയും സർക്കാർ വക സ്ഥാപനങ്ങളുടെ ഉടമസ്ഥത സ്വകാര്യ കമ്പനിക്ക് നൽകുന്നതുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി:

- ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യമേഖലയ്ക്ക് കൈമാറി.
- ഇന്ത്യയിൽ പൊതുമേഖലയുടെ പ്രാധാന്യം കുറഞ്ഞു.
- സ്വകാര്യ മൂലധനം വർദ്ധിപ്പിക്കാനുള്ള നടപടികൾ എടുത്തു.
- കൂടുതൽ വിദേശ മൂലധനം സ്വരൂപിക്കാനുള്ള നടപടികൾ എടുത്തു.
- കുത്തകകളെ നിയന്ത്രിക്കാനുള്ള നിയമത്തിൽ അയവു വരുത്തി.
- സ്വകാര്യമേഖലയെ സഹായിക്കാനായി നേരത്തെ ഉണ്ടായിരുന്ന ലൈസൻസ്, പെർമിറ്റ് മുതലായവ എടുത്തുമാറ്റി.

അതുപോലെ ആഗോളവൽക്കരണത്തിന്റെ വേഗത കൂട്ടാനായി ചില നടപടികൾ എടുത്തു. അവയിൽ പ്രധാനപ്പെട്ടവ:

- വിദേശ നാണയ നിയന്ത്രണം എടുത്തുകളഞ്ഞു.
- കയറ്റുമതി, ഇറക്കുമതി നിയന്ത്രണം എടുത്തുമാറ്റി.
- ഇന്ത്യയുടെ കമ്പോളം ലോകരാജ്യങ്ങൾക്ക് തുറന്നുകൊടുക്കപ്പെട്ടു.
- വിദേശനിക്ഷേപങ്ങൾക്കുള്ള നിയന്ത്രണം കുറച്ചു.
- വിദേശനിക്ഷേപങ്ങൾക്ക് പ്രോത്സാഹനം നൽകി.

ഇന്ത്യയെപ്പോലെയുള്ള വികസ്വര രാജ്യങ്ങളിൽ ആഗോളവൽക്കരണം കൊണ്ട് ചില ഗുണങ്ങളും ദോഷങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

**ആഗോളവൽക്കരണംകൊണ്ടുണ്ടായ ഗുണങ്ങൾ**

- മറ്റു രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളും സേവനങ്ങളും കൂടുതലായി നമ്മുടെ നാട്ടുകാർക്ക് ലഭിക്കാനിടവന്നു.
- രാജ്യത്തിന്റെ ഉൽപ്പാദനത്തിൽ കൂടുതൽ മത്സരബുദ്ധി വന്നുചേർന്നു.
- മറ്റു രാജ്യങ്ങളുടെ സാങ്കേതികവിദ്യ പെട്ടെന്നുതന്നെ ലഭിക്കാനിടവന്നു.
- മറ്റു രാജ്യങ്ങളിൽ നിലവിലുള്ള സംസ്കാരത്തെപ്പറ്റി കൂടുതലായി അറിയാനിടവന്നു.
- രാജ്യത്തിന്റെ വികസനത്തിനായി മറ്റു രാജ്യങ്ങളിൽനിന്നും മൂലധനം കൂടുതലായി ലഭിക്കാനിടവന്നു.

**ആഗോളവൽക്കരണംകൊണ്ടുണ്ടായ ദോഷങ്ങൾ**

- സാമ്പത്തിക അസമത്വം വർദ്ധിച്ചു.
- ബഹുരാഷ്ട്ര കുത്തകകളുടെ സ്വാധീനം വർദ്ധിച്ചു.
- അസംഘടിത മേഖലയായ കൃഷിയും പരമ്പരാഗത വ്യവസായങ്ങളും തകരാനിടവന്നു.
- ഉപഭോക്തൃ സംസ്കാരം വർദ്ധിച്ചു.
- സർക്കാരിനു സമ്പദ്‌വ്യവസ്ഥയിലുള്ള നിയന്ത്രണം കുറഞ്ഞു.
- പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം.

**ആഗോളവൽക്കരണത്തെ സഹായിക്കുന്ന അന്താരാഷ്ട്ര സംഘടനകൾ**

ആഗോളവൽക്കരണത്തിന്റെ വേഗത കൂട്ടിയ നിരവധി സംഘടനകളും സ്ഥാപനങ്ങളും ഉണ്ട്. അതിൽ പ്രധാനപ്പെട്ടവ:

- ലോക വ്യാപാരസംഘടന (World Trade Organization-WTO)
- അന്താരാഷ്ട്ര നാണ്യനിധി (International Monetary Fund-IMF)
- ലോക ബാങ്ക് (World Bank)



## ലോകവ്യാപാരസംഘടന

ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം ബഹുരാഷ്ട്ര വ്യാപാര കരാർ പ്രകാരമാണ് നടക്കുന്നത്. ഇതിന്റെ ചുക്കാൻ പിടിക്കുന്നത് ലോകവ്യാപാര സംഘടനയാണ് (World Trade Organization-WTO). 1995-ൽ നിലവിൽവന്നു. ലോകവ്യാപാരസംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- എല്ലാ രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ വ്യാപാരം പ്രോത്സാഹിപ്പിക്കുക.
- എല്ലാ വ്യാപാരനിയന്ത്രണങ്ങളും നിയമാധിഷ്ഠിതമാക്കുക.
- സാധനങ്ങൾ വ്യാപാരം ചെയ്യുന്നതുപോലെ സേവനങ്ങൾ വ്യാപാരം ചെയ്യുന്നതും കരാറിൽ ഉൾപ്പെടുത്തുക.
- അന്താരാഷ്ട്ര വ്യാപാരത്തിൽ നികുതി ഒഴികെയുള്ള എല്ലാ പ്രതിബന്ധങ്ങളും നീക്കുക.
- അന്താരാഷ്ട്ര വ്യാപാരത്തിന്റെ പരിധിയിൽ ബൗദ്ധിക സ്വത്തവകാശവും നിക്ഷേപ നടപടികളും ഉൾപ്പെടുത്തുക.




## അന്താരാഷ്ട്ര നാണ്യനിധി

അന്താരാഷ്ട്ര നാണ്യനിധി (International Monetary Fund-IMF) 1945-ൽ സ്ഥാപിതമായി. അന്താരാഷ്ട്ര നാണ്യനിധിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- വിനിമയ നിരക്കിലുള്ള അസ്ഥിരാവസ്ഥ പരിഹരിക്കുക.
- വിദേശ വ്യാപാര അടവ്ശിഷ്ട നിലയിലെ അസന്തുലിതാവസ്ഥ പരിഹരിക്കുക.
- അന്താരാഷ്ട്ര വ്യാപാരത്തിനും വികസനത്തിനും സൗകര്യം ഒരുക്കുക.
- ഹ്രസ്വകാല വായ്പ നൽകുക.
- വിനിമയ നിരക്ക് തിട്ടപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും സഹായിക്കുക.
- ആഗോളതലത്തിൽ ധനകാര്യം വിനിമയം നിയന്ത്രിക്കുകയും സുസ്ഥിരമാക്കുകയും ചെയ്യുക.
- അംഗ രാജ്യങ്ങൾക്ക് ധനകാര്യം നിയന്ത്രിക്കുന്നതിനായി സാങ്കേതികസഹായം നൽകുക.




## ലോക ബാങ്ക്

ലോക ബാങ്ക് 1946-ൽ സ്ഥാപിതമായി. ലോക ബാങ്കിന്റെ പ്രധാന ചുമതലകൾ ഇവയാണ്:

- രാജ്യങ്ങളുടെ വികസനത്തിൽ സഹായിക്കുക.
- അംഗരാജ്യങ്ങൾക്ക് ദീർഘകാല വായ്പകൾ നൽകുക.
- വികസനപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
- വിദേശ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.

- യുദ്ധംമൂലം കെടുതി അനുഭവിച്ച രാഷ്ട്രങ്ങൾക്ക് പുനർ നിർമാണത്തിന് സാമ്പത്തിക സഹായം നൽകുക.

മുകളിൽ സൂചിപ്പിച്ചതുപോലെ ആഗോളവൽക്കരണം ഇന്ത്യയുടെ പുരോഗതിക്ക് ആക്കം കൂട്ടിയതു കൂടാതെ ചില ദോഷവശങ്ങളും സൃഷ്ടിച്ചു എന്ന് നമ്മൾ കണ്ടല്ലോ. നമ്മൾ അതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിമിതികൾ മറികടക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ മാത്രമേ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

## പഠനനേട്ടങ്ങൾ

- നമ്മുടെ സമൂഹത്തിൽ സർക്കാരിന്റെ ചുമതലയെപ്പറ്റി പഠിതാവ് വിശദീകരിക്കുന്നു.
- വിവിധതരം നികുതി, നികുതിയേതര വരുമാനമാർഗങ്ങൾ വിശദമാക്കുന്നു.
- പൊതു ചെലവും അത് വർദ്ധിക്കാനുള്ള കാരണങ്ങളും കണ്ടെത്തി വിവരിക്കുന്നു.
- പൊതുകടത്തെക്കുറിച്ച് വിശദീകരിക്കുന്നു.
- വിവിധതരം ബജറ്റുകളെക്കുറിച്ച് വിശദീകരിക്കുന്നു.
- വിവിധ സമ്പദ്വ്യവസ്ഥകളെ താരതമ്യം ചെയ്യുന്നു.
- ആഗോളവൽക്കരണവും അതിന്റെ പ്രത്യാഘാതങ്ങളും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- വികസനചെലവും വികസനേതര ചെലവും ഉദാഹരണ സഹിതം വിവരിക്കുക.
- ആധുനിക കാലത്ത് പൊതുചെലവ് വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങളെന്തൊക്കെ?
- പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും തമ്മിലുള്ള വ്യത്യാസങ്ങളെന്തൊക്കെ? ഉദാഹരണ സഹിതം വിവരിക്കുക.
- ജി.എസ്.ടി. വഴി നിലവിലുള്ള നികുതി സമ്പ്രദായത്തിൽ വന്ന പ്രധാന വ്യത്യാസങ്ങളെന്തൊക്കെ?
- പൊതുവരുമാനം എന്നാൽ എന്ത്?
- കുടുംബത്തിലെ വരവും ചെലവും കണക്കെടുത്ത് ഒരു കുടുംബ ബജറ്റ് തയ്യാറാക്കുക.
- മുതലാളിത്തവ്യവസ്ഥകളുടെയും സോഷ്യലിസ്റ്റ് വ്യവസ്ഥകളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.
- മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ പ്രശ്നങ്ങൾക്ക് മിശ്ര സമ്പദ്വ്യവസ്ഥ പരിഹാരമാകുന്നതെങ്ങനെ? ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ

വിശദീകരിക്കുക.

- ആഗോളവൽക്കരണം കൊണ്ട് സമൂഹത്തിൽ വന്നുചേർന്ന മാറ്റങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുക.

### തുടർപ്രവർത്തനങ്ങൾ

- കേന്ദ്രസംസ്ഥാനസർക്കാരുകൾ അവതരിപ്പിക്കുന്ന ബജറ്റുകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
-

### സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| സർക്കാരിന്റെ ചുമതലകൾ | | | |
| വിവിധതരം നികുതികൾ | | | |
| സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ | | | |
| വിവിധതരം ബഡ്ജറ്റുകൾ | | | |
| ആഗോളവൽക്കരണം ഇന്ത്യയിൽ അന്താരാഷ്ട്രസംഘടനകളുടെ പങ്ക് | | | |




അധ്യായം 19

# ഇന്ത്യൻ ധനകാര്യ സ്ഥാപനങ്ങൾ

**ആമുഖം**


ഇന്ത്യയിലെ ധനകാര്യ സ്ഥാപനങ്ങളെ കുറിച്ചുള്ള വിജ്ഞാനം ആർജിക്കാൻ നിങ്ങളെ സഹായിക്കുന്നതാണ് ഈ പാഠഭാഗം. കൂടാതെ ഈ ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും, സർക്കാരിനും ചെയ്യുന്ന സാമ്പത്തിക സേവനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു.

## 1. ഭാരതീയ റിസർവ്വ് ബാങ്ക്



ഭാരതീയ റിസർവ്വ് ബാങ്കിന്റെ മുംബൈയിലെ ആസ്ഥാന മന്ദിരത്തിന്റെ ചിത്രമാണിത്. ഈ ചിത്രത്തിൽ റിസർവ്വ് ബാങ്കിന്റെ മുദ്ര ശ്രദ്ധിച്ചോ? വട്ടത്തിലുള്ള മുദ്രയിൽ നമ്മുടെ ദേശീയ മൃഗമായ റോയൽ ബംഗാൾ കടുവ ഒരു പനയുടെ മുന്നിൽ നിൽക്കുന്നത് കാണാം. റിസർവ്വ് ബാങ്കിനെ കുറിച്ചുള്ള വാർത്തകളിൽ പത്ര മാധ്യമങ്ങൾ മിക്കപ്പോഴും ഈ മുദ്ര ഉപയോഗിക്കാറുണ്ട്.

എല്ലാ രാജ്യങ്ങൾക്കും ഒരു കേന്ദ്ര ബാങ്കുണ്ടെന്ന് നിങ്ങൾക്കറിയാമോ? നമ്മുടെ രാജ്യത്തിന്റെ കേന്ദ്ര ബാ ങ്കാണ് ഭാരതീയ റിസർവ്വ് ബാങ്ക്. ഒരു രാജ്യത്തെ കറൻസികൾ അച്ചടിക്കുക, പണത്തിന്റെ ലഭ്യതയും ചോദനവും നിയന്ത്രിക്കുക, മറ്റ് സാമ്പത്തിക ഇടപാടുകളുടെ മേൽനോട്ടം നടത്തുക എന്നിവയാണ് കേന്ദ്ര ബാങ്കിന്റെ മുഖ്യമായ ചുമതലകൾ. ഇന്ത്യയിലെ ഈ പരമോന്നത ബാങ്കിനു ധാരാളം ധർമങ്ങളുണ്ട്. നൽകിയിട്ടുള്ള ചാർട്ടിലൂടെ അവ മനസിലാക്കാം.




## ഭാരതീയ റിസർവ്വ് ബാങ്ക്

ഹിൽട്ടൺ - യങ് കമ്മീഷൻ ആണ് ഇന്ത്യയിൽ ഒരു കേന്ദ്രബാങ്ക് ഉണ്ടാക്കുന്നതിനുള്ള ശുപാർശ ആദ്യമായി നൽകിയത്. ഇത് 1926-ൽ ആയിരുന്നു. ഗവൺമെന്റിൽനിന്നും പണവും വായ്പയും നി യന്ത്രിക്കുക, രാജ്യത്തുടനീളം ബാങ്കിങ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മുതലായവയായിരുന്നു ലക്ഷ്യം. 1934-ലെ ഇന്ത്യൻ റിസർവ്വ് ബാങ്ക് ആക്ട് പ്രകാരമാണ് റിസർവ്വ് ബാങ്ക് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. 1935 മുതൽ പ്രവർത്തനം തുടങ്ങി. 1949-ൽ ദേശസാ ത്കരിച്ചു.

## കറൻസി അച്ചടിക്കൽ

നിങ്ങളുടെ കൈയിലുള്ള ഏതെങ്കിലും ഒരു കറൻസി നോട്ട് എടുത്തു നോക്കൂ. അതിൽ എന്തൊക്കെയാണ് അച്ചടിച്ചിരിക്കുന്നത്? ആരുടെ ഒപ്പാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്? ഈ കറൻസി നോട്ട് അച്ചടിക്കുന്നത് ആരാണെന്ന് നിങ്ങൾക്കറിയാമോ? ഒരുരൂപ നോട്ട് ഒഴികെയുള്ള എല്ലാ കറൻസി നോട്ടുകളും അച്ചടിക്കുന്നത് റിസർവ്വ് ബാങ്കാണ്. കാലാകാലങ്ങളിൽ രാജ്യത്താവശ്യമുള്ള കറൻസികൾ എത്ര മാത്രമെന്ന് വിലയിരുത്തിയും പണലഭ്യത ഉറപ്പുവരുത്തിയുമാണ് കറൻസികൾ അച്ചടിക്കുന്നത്.

2016 നവംബർ 8-ന് കേന്ദ്ര സർക്കാർ അന്ന് നിലവിലുണ്ടായിരുന്ന 500, 1000 രൂപയുടെ കറൻസി നോട്ടുകൾ അസാധുവാക്കി പ്രഖ്യാപിക്കുകയും പുതിയ കറൻസി നോട്ടുകൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇതിലൂടെ രാജ്യത്തെ 86 ശതമാനം മൂല്യമുള്ള നോട്ടുകളാണ് അസാധുവായി പ്രഖ്യാപിക്കപ്പെട്ടത്.

ഒരുരൂപ നോട്ടും അനുബന്ധ നാണയങ്ങളും അച്ചടിക്കുന്നത് കേന്ദ്ര ധനകാര്യ വകുപ്പാണ്.



## വായ്പ നിയന്ത്രണം

നമ്മുടെ രാജ്യത്ത് വിലക്കയറ്റം സർവസാധാരണമാണ്. എന്തുകൊണ്ടാണ് നിത്യോപയോഗ സാധനങ്ങൾക്കിങ്ങനെ വില കയറുന്നത്? അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പൊതുവെ പണപ്പെരുപ്പമുണ്ടാകുമ്പോഴാണ് രൂക്ഷമായ വിലക്കയറ്റം ഉണ്ടാകുന്നത്. ഇത്തരം സന്ദർഭങ്ങളിൽ റിസർവ്വ് ബാങ്ക് പണപ്പെരുപ്പം തടയാൻ ഇടപെടാറുണ്ട്. വിലക്കയറ്റം ഉണ്ടാകുമ്പോൾ ഭാരതീയ റിസർവ്വ് ബാങ്ക് പലിശ നിരക്കുകൾ ഉയർത്തിയും വിലക്കയറ്റം കുറയുമ്പോൾ നിരക്കുകൾ താഴ്ത്തിയുമാണ് ഇടപെടലുകൾ നടത്തുന്നത്.

*വായ്പ നയത്തിന്റെ ഉപാധികൾ*

- ബാങ്ക് നിരക്ക് (Bank rate)
- പണം കരുതൽ അനുപാതം (CReserve Rate)
- നിയമപരമായ ദ്രവ്യത അനുപാതം (Statutory Liquidity Rato)
- തുറന്ന വിപണി പ്രവർത്തനം (Open Market Operation)

**സർക്കാരിന്റെ ബാങ്ക്**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക ഇടപാടുകൾ ഫലപ്രദമായി നടപ്പാക്കുന്നത് ഭാരതീയ റിസർവ് ബാങ്ക് ആണ്. ഭാരതീയ റിസർവ്വ് ബാങ്ക് സർക്കാരിനെ എങ്ങനെ സഹായിക്കുന്നു എന്ന് നോക്കാം.

- സർക്കാർ അക്കൗണ്ടുകളിൽ നിക്ഷേപിച്ച ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ ശേഖരിക്കുന്നു.
- ഗവൺമെന്റിന് ഹ്രസ്വകാല വായ്പ നൽകുന്നു.
- സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നു.

## ബാങ്കുകളുടെ ബാങ്ക്

ഭാരതീയ റിസർവ്വ് ബാങ്ക് രൂപീകരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായാണ് ബാങ്കുകൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് ഇത് ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നത്. ബാങ്കുകൾക്കുവേണ്ടി ചെയ്യുന്ന സാമ്പത്തിക കാര്യങ്ങൾ എന്തെന്ന് നോക്കാം.


**ഭാരതീയ റിസർവ്വ് ബാങ്കിനെ കുറിച്ചുള്ള പത്ര വാർത്തകൾ ക്ലാസിൽ ചർച്ച ചെയ്യുക.**

- ബാങ്കുകൾക്ക് സാമ്പത്തിക സഹായം നൽകുന്നു.
- ബാങ്കുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു.
- ബാങ്കുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമങ്ങളെക്കുറിച്ച് നിങ്ങൾ മനസിലാക്കിയല്ലോ. ഇനി ഇന്ത്യയിലെ ബാങ്കുകളുടെ ഘടനയെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പരിശോധിക്കാം.


## 2. ബാങ്കുകൾ

നിങ്ങൾ പോയിട്ടുള്ള ഒരു ബാങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങൾ ആണ് നടക്കുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? ചിലർ പണം നിക്ഷേപിക്കുന്നു, ചിലർ പണം പിൻവലിക്കുന്നു, ചെക്കുകൾ നൽകുന്നു, ഡ്രാഫ്റ്റുകൾ എടുക്കുന്നു, വായ്പയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നു തുടങ്ങിയവയൊക്കെയാണ്. നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാർക്ക് വായ്പകൾ നൽകുകയും ചെയ്യുക എന്നതാണ് ബാങ്കുകളുടെ പ്രവർത്തനങ്ങളിൽ പ്രധാനം. താഴെ തന്നിരിക്കുന്ന ഫ്ളോ ചാർട്ടിൽ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്താം.




ഒരു വ്യക്തി അയാളുടെ പണം ബാങ്കിൽ നിക്ഷേപിക്കുന്നു എന്ന് സങ്കൽപ്പിക്കൂ. ബാങ്ക് ആ നിക്ഷേപത്തിന് പലിശ നൽകുന്നു. അതെ സമയം ബാങ്ക് മറ്റൊരാൾക്ക് വായ്പ നൽകുകയും അതിൽ നിന്ന് പലിശ ഈടാക്കുകയും ചെയ്യുന്നു. ഇവിടെ വായ്പയുടെ പലിശ നിക്ഷേപത്തിന്റെ പലിശയേക്കാൾ കൂടുതലായിരിക്കും. വായ്പയുടെയും നിക്ഷേപത്തിന്റെയും പലിശയുടെ വ്യത്യാസമാണ് ബാങ്കിന്റെ ലാഭം. ഇപ്രകാരം ബാങ്കുകൾ സ്ഥാപനങ്ങൾക്കും ഗവൺമെന്റിനും നിക്ഷേപ-വായ്പ സൗകര്യങ്ങൾ ചെയ്യുന്നു.

ബാങ്കുകളെ അവയുടെ പ്രവർത്തനരീതി അനുസരിച്ചു പലതായി തരംതിരിച്ചിരിക്കുന്നു. അവയിൽ ചിലതിന്റെ പ്രവർത്തനം നമുക്ക് മനസിലാക്കാം.



## വാണിജ്യ ബാങ്കുകൾ

പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും പരമ്പരാഗത നിക്ഷേപ-വായ്പ സേവനങ്ങൾ നൽകുന്ന ബാങ്കുകളാണിവ. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് വാണിജ്യ ബാങ്കുകൾ ഇടപാടുകൾ നടത്തുന്നത്. ഇവിടെ വിവിധതരം വാണിജ്യ ബാങ്കുകളെ കുറിച്ച് മനസിലാക്കാം.

**വാണിജ്യ ബാങ്കുകൾ**

പൊതുമേഖലാ വാണിജ്യ ബാങ്കുകൾ

സ്വകാര്യ വാണിജ്യ ബാങ്കുകൾ

ഇന്ത്യൻ സ്വകാര്യ വാണിജ്യ ബാങ്കുകൾ

വിദേശ സ്വകാര്യ വാണിജ്യ ബാങ്കുകൾ

സർക്കാർ ഉടമസ്ഥതയിലുള്ള വാണിജ്യ ബാങ്കുകളാണ് പൊതുമേഖലാ വാണിജ്യ ബാങ്കുകൾ. പ്രധാനമായി ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കോർപറേഷൻ ബാങ്ക്, ദേന ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, പഞ്ചാബ് നാഷണൽ ബാങ്ക് എന്നിവയാണ് പൊതുമേഖലാ ബാങ്കുകൾ.

സ്വകാര്യ വ്യക്തികളുടെയും കോർപ്പറേറ്റ് മാനേജ്മെന്റുകളുടെയും ഉടമസ്ഥതയിലുള്ള ബാങ്കുകളാണ് സ്വകാര്യ വാണിജ്യ ബാങ്കുകൾ. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ ബാങ്കുകളെയാണ് സ്വകാര്യ വാണിജ്യ ബാങ്കുകൾ എന്നറിയപ്പെടുന്നത്. ഫെഡറൽ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നിവ ഇതിനുദാഹരണമാണ്.


ഇന്ത്യയിൽ പ്രവർത്തിക്കുകയും എന്നാൽ അതിന്റെ ആസ്ഥാനം വിദേശത്തും ആയിട്ടുള്ള ബാങ്കുകളാണ് വിദേശ സ്വകാര്യ വാണിജ്യ ബാങ്കുകൾ. ബാങ്ക് ഓഫ് അമേരിക്ക, ബാങ്ക് ഓഫ് ബഹറിൻ & കുവൈറ്റ്, എച്ച്.എസ്.ബി.സി. എന്നിവ ഇതിനുദാഹരണങ്ങളാണ്.

**വാണിജ്യ ബാങ്കുകളുടെ ധർമങ്ങൾ**

വാണിജ്യ ബാങ്കുകളുടെ ചില പ്രധാന ധർമ്മങ്ങൾ നമുക്ക് മനസിലാക്കാം.

### നിക്ഷേപങ്ങൾ സ്വീകരിക്കുക:

വാണിജ്യ ബാങ്കുകളുടെ ഒരു പ്രധാന ധർമമാണ് നിക്ഷേപങ്ങൾ സ്വീകരിക്കുക എന്നത്. പ്രധാനമായും നാലുതരം നിക്ഷേപങ്ങൾ ഇവർ സ്വീകരിക്കുന്നു. ചുവടെ നൽകിയിട്ടുള്ള ചാർട്ടിലൂടെ അവ മനസ്സിലാക്കാം.




*സമ്പാദ്യ നിക്ഷേപം (സേവിംഗ്സ് ഡെപ്പോസിറ്റ്)*

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പണം നിക്ഷേപിക്കാം. എപ്പോൾ വേണമെങ്കിലും പണം പിൻവലിക്കാം. ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്ന ഈ നിക്ഷേപത്തിൽ കുറഞ്ഞ പലിശയാണ് ലഭിക്കുന്നത്.

*പ്രചലിത നിക്ഷേപം (കറന്റ് ഡെപ്പോസിറ്റ്)*

ഒരു ദിവസം തന്നെ പല പ്രാവശ്യം പണം നിക്ഷേപിക്കാനും പിൻവലിക്കാനും കഴിയുന്ന നിക്ഷേപമാണിത്. ഇത്തരം നിക്ഷേപങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് വ്യവസായികളും വ്യാപാരികളുമാണ്. ഇത്തരം നിക്ഷേപത്തിന് പലിശയില്ല.

*സ്ഥിര നിക്ഷേപങ്ങൾ (ഫിക്സഡ് ഡെപ്പോസിറ്റ്)*

ഒരു നിശ്ചിത കാലാവധിയുള്ള നിക്ഷേപങ്ങൾ ആണ് സ്ഥിര നിക്ഷേപങ്ങൾ. കാലാവധി കഴിഞ്ഞു തുക പലിശ സഹിതം പിൻവലിക്കാം. ബാങ്കുകൾ ഈ നിക്ഷേപങ്ങളിൽ ഉയർന്ന പലിശ നൽകും. കാലാവധി പൂർത്തിയാകുന്നതിനു മുൻപ് ഈ നിക്ഷേപ തുക പിൻവലിച്ചാൽ പലിശ നിരക്ക് കുറയും.

*ആവർത്തിതന നിക്ഷേപം*

ഒരു നിശ്ചിത തുക ഒരു നിശ്ചിത കാലത്തേക്ക് പതിവായി ബാങ്കിൽ നിക്ഷേപിക്കുന്നതാണ് ആവർത്തിത നിക്ഷേപം. കാലാവധി കഴിഞ്ഞ് മുതലും പലിശയും പിൻവലിക്കാം. സമ്പാദ്യ നിക്ഷേപത്തേക്കാൾ കൂടിയ പലിശ നിരക്ക് ലഭിക്കും. എന്നാൽ സ്ഥിര നിക്ഷേപത്തേക്കാൾ പലിശ നിരക്ക് കുറവായിരിക്കും.

## വായ്പകൾ (Loans)

വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ നടത്താൻ വലിയ തുക ആവശ്യമുണ്ട്. ഒരു സ്വപ്ന ഭവനം അല്ലെങ്കിൽ ഒരു വാഹനം ഏതൊരു വ്യക്തിയുടെയും ആഗ്രഹമാണ്. ഇതിനായി വൻ തുക സമാഹരിക്കാൻ എല്ലാവർക്കും കഴിയില്ല എന്ന് നിങ്ങൾക്കറിയാമല്ലോ. ഇങ്ങനെയുള്ള സന്ദർഭങ്ങളിലാണ് വായ്പയെ ആശ്രയിക്കുന്നത്. വാണിജ്യ ബാങ്കിന്റെ പ്രധാന ധർമങ്ങളിൽ ഒന്നാണ് വായ്പ അനുവദിക്കൽ. ബാങ്കുകൾ വായ്പകൾ നൽകുമ്പോൾ അതിന് ആനുപാതികമായ ഈട് സ്വീകരിക്കുന്നു. സ്വർണം, വാഹനം, വസ്തുക്കൾ, ആധാരം തുടങ്ങിയവയാണ് ഈട് ആയി വാങ്ങുന്നത്. ഓരോ വായ്പയ്ക്കും ഓരോ പലിശയാണ്.

### ഓവർഡ്രാഫ്റ്റ് (Overdraft)

ബാങ്കിൽ കറണ്ട് അക്കൗണ്ട് ഉള്ളവർക്കുള്ള ഒരു സൗകര്യമാണ് ഓവർഡ്രാഫ്റ്റ്. ബാങ്ക് അക്കൗണ്ടിലുള്ള പണത്തേക്കാൾ കൂടുതൽ തുക പിൻവലിക്കാൻ അനുവദിക്കുന്നു. ഉദാഹരണത്തിന് ഒരു വ്യക്തിക്ക് 10000 രൂപയുടെ ആവശ്യമുണ്ട്. പക്ഷേ അയാളുടെ ബാങ്ക് അക്കൗണ്ടിൽ 9000

രൂപ മാത്രമേയുള്ളൂ. ബാങ്കിന് വിശ്വസ്തനായ അയാൾക്ക് ബാങ്ക് 1000 രൂപ നൽകും. ഇവിടെ ബാങ്ക് 1000 രൂപ അധികമായി നൽകിയതാണ് ഓവർഡ്രാഫ്ട്. അധികമായി നൽകിയ 1000 രൂപ പലിശ ഉൾപ്പെടെ അയാൾ തിരിച്ചടയ്ക്കണം.

### ബാങ്കുകളുടെ പൊതുവായ ധർമങ്ങൾ

- നിക്ഷേപം സ്വീകരിക്കുക
- വായ്പ നൽകുക
- സുരക്ഷിത ലോക്കർ സൗകര്യം
- എ.ടി.എം. സൗകര്യം
- ചെക്ക്-ഡ്രാഫ്റ്റ് സൗകര്യങ്ങൾ
- പണം ഇന്റർനെറ്റിന്റെ സഹായത്തോടെ ട്രാൻഫർ ചെയ്യുക
- ട്രാവലേഴ്സ് ചെക്ക് നൽകുക
- സാമ്പത്തികകാര്യ ഉപദേശം




**വിവിധ തരം വായ്പകൾ**

കൃഷി
വ്യവസായം
സ്വയം തൊഴിൽ
ഭവന നിർമാണം
വാഹന വായ്പ
വിദ്യാഭ്യാസം
വ്യക്തിഗത വായ്പ

**നിങ്ങളുടെ പ്രദേശത്തെ ഒരു വാണിജ്യ ബാങ്ക് സന്ദർശിച്ച് അതിന്റെ പ്രവർത്തനങ്ങൾ ചോദിച്ചറിയുക.**

### ബാങ്കിംഗ് രംഗത്തെ പ്രവണതകൾ

ബാങ്കുകളുടെ അടിസ്ഥാന ധർമങ്ങളെ കൂടാതെ സാങ്കേതികമായി ധാരാളം മാറ്റങ്ങൾ ഈ മേഖലയിൽ വന്നുകൊണ്ടിരിക്കുന്നു. അവയിൽ ചിലതു നമുക്ക് പരിചയപ്പെടാം.

### ഇലക്ട്രോണിക് ബാങ്കിങ്

നമുക്കു ചുറ്റും ഇലക്ട്രോണിക് ബാങ്കിങ് ഉപയോഗിക്കുന്ന നിരവധി ആളുകളുണ്ട്. ഒരു ബാങ്കിൽ നേരിട്ട് ചെന്ന് പരമ്പരാഗതമായി നടത്തുന്ന ബാങ്കിങ് ഇടപാടുകൾ കമ്പ്യൂട്ടർ വഴിയോ മൊബൈൽ ഫോൺ വഴിയോ ഇന്ന് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നു. ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുകൊണ്ട് ബാങ്കുകളിൽ പോയി കാത്തു നിൽക്കണ്ട. എൻ.ഇ.എഫ്.ടി. (National Electronic Fund Transfer (NEFT), ആർ.ടി.ജി.എസ്. (Real Time Gross Settlement (RTGS) തുടങ്ങിയ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സംവിധാനങ്ങൾ വഴി രാജ്യത്തെവിടെയുമുള്ള ബാങ്കുകളിലെ അക്കൗണ്ടുകളിലേക്ക് പണമയക്കാൻ സാധിക്കും. ഇതിനെയാണ് ഇലക്ട്രോണിക് ബാങ്കിങ് (ഇ-ബാങ്കിങ്) എന്ന് വിളിക്കുന്നത്.

### കോർ ബാങ്കിങ്

കുറച്ചുകാലങ്ങൾക്കു മുൻപ് ഒരാൾക്ക് തന്റെ അക്കൗണ്ട് എവിടെയാണോ ആ ബ്രാഞ്ചിൽ മാത്രമേ അയാൾക്ക് ഇടപാടുകൾ നടത്താൻ സാധിക്കുമായിരുന്നുള്ളൂ. എന്നാൽ ഇന്ന് ആ സ്ഥിതി മാറി. കോർ ബാങ്കിങ് (CORE Banking - Centralised Online Real Time Exchange Banking) സൗകര്യം നിലവിൽ വന്നു. ബാങ്കുകൾ പരസ്പരം നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിച്ചിരിക്കും. ഈ സംവിധാനം ഉപഭോക്താക്കൾക്ക്

നൽകുന്ന ബാങ്കിങ് സേവനമാണ് കോർ ബാങ്കിങ്. ഇതിലൂടെ ഏതു ബ്രാഞ്ചിൽ നിന്നും അടിസ്ഥാന ഇടപാടുകൾ നടത്താൻ ഉപഭോക്താക്കൾക്ക് കഴിയും.

## പണമിടപാട് കാർഡുകൾ

പണമിടപാടുകൾ നടത്താൻ ബാങ്കുകൾ ഉപഭോക്താക്കൾക്കു വിവിധതരം പ്ലാസ്റ്റിക് കാർഡുകൾ നൽകുന്നുണ്ട്. ഇന്ത്യയിലെ ഒട്ടുമിക്ക ബാങ്കുകളും ഇത്തരം കാർഡുകൾ പുറത്തിറക്കുന്നുണ്ട്. പണം കൈവശം സൂക്ഷിക്കണ്ട എന്നതാണ് പ്രധാന സൗകര്യം. ഇത്തരത്തിൽ നാം ഇന്ന് കൂടുതലായി ആശ്രയിക്കുന്ന കാർഡുകളെ കുറിച്ച് മനസിലാക്കാം.









## ഡെബിറ്റ് കാർഡ്

ഉപഭോക്താക്കൾക്ക് തങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും എ.ടി.എം. വഴി പണം പിൻവലിക്കാനും സ്ഥാപനങ്ങളിൽനിന്നും സാധനങ്ങളും സേവനങ്ങളും വാങ്ങിക്കുന്നതിനും സൗകര്യം നൽകുന്ന കാർഡാണ് ഡെബിറ്റ് കാർഡ്. പൊതുവേ ഇതിനെ എ.ടി.എം. കാർഡ് എന്നാണറിയപ്പെടുന്നത്. ബാങ്കകുകൾ നൽകുന്ന നാലക്ക രഹസ്യനമ്പർ (PIN - Personal Identification Number) ഉപയോഗിച്ചാണ് പണമിടപാടുകൾ നടത്തുന്നത്.

**ബാങ്കുകൾ നൽകുന്ന വിവിധതരം പണമിടപാട് കാർഡുകളുടെ പ്രത്യേകതയനുസരിച്ചു ഒരു പട്ടിക തയ്യാറാക്കുക.**

## ക്രെഡിറ്റ് കാർഡ്

പണമിടപാടുകൾ നടത്താൻ ബാങ്കുകൾ ഉപഭോക്താക്കൾക്ക് നൽകുന്ന മറ്റൊരു കാർഡാണ് ക്രെഡിറ്റ് കാർഡ്. കാർഡുടമകൾക്ക് 15 മുതൽ 50 വരെ ദിവസം ബാങ്ക് പണം കടമായി അനുവദിക്കുന്നു. ബാങ്ക് അനുവദിച്ച ക്യാഷ് പരിധിക്കുള്ളിലുള്ള സംഖ്യയ്ക്ക് കാർഡുടമകൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങിക്കാവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പണം ബാങ്കിൽ തിരികെ അടയ്ക്കണം ഇല്ലെങ്കിൽ കാർഡുടമ ബാങ്കിന് പലിശ നൽകേണ്ടതാണ്. ഡെബിറ്റു കാർഡുകളെപ്പോലെ ക്രെഡിറ്റുകാർഡുകളും നാലക്ക രഹസ്യനമ്പർ ഉപയോഗിച്ചാണ് ഇടപാടുകൾ നടത്തുന്നത്.

## സ്വകാര്യ പണമിടപാടുകൾ

സർക്കാർ, സഹതരണമേഖലകളിൽ

ധാരാളം ധനകാര്യസ്ഥാപനങ്ങൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഗ്രാമീണ നഗരമേഖലകളിൽ നിരവധി സ്വകാര്യപണമിടപാടുകാരും സാമ്പത്തിക ഇടപാടുകൾ നടത്തി വരുന്നു. ഉയർന്ന നിരക്കിലുള്ള പരിശ യാണ് ഇവർ ഈടാക്കുന്നത്.

## വികസന ബാങ്കുകൾ

കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യം തുടങ്ങിയ വികസന മേഖലകളിൽ ഇടക്കാല - ദീർഘകാല വായ്പകൾ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളാണ് വികസന ബാങ്കുകൾ. ഉൽപ്പാദന മൂലധനവും, സാങ്കേതിക സഹായവും നൽകുന്ന ബാങ്കുകളാണിത്. ഇന്ത്യയിലെ ആദ്യ വികസന ബാങ്ക് 1948-ൽ രൂപീകരിച്ച ഇന്ത്യൻ വ്യവസായ ധനകാര്യ കോർപ റേഷൻ (IFCI) ആണ്.

## സവിശേഷ ബാങ്കുകൾ

ചില പ്രത്യേക മേഖലകളുടെ വികസനത്തിനായി സാമ്പത്തിക സഹായം നൽകുന്ന ബാങ്കുകളാണ് സവിശേഷ ബാങ്കുകൾ. ഇന്ത്യയിലെ മൂന്ന് സവിശേഷ ബാങ്കുകളെക്കുറിച്ച് മനസിലാക്കാം.

## നബാർഡ്

ഇന്ത്യയിലെ ഒരു ഉന്നത സവിശേഷ ബാങ്ക് ആണ് ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (NABARD). 1982 ജൂലൈ 12-നു നബാർഡ് സ്ഥാപിതമായി. നബാർഡ് മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. നബാർഡ് ലക്ഷ്യമിടുന്നത്:

- കാർഷികമേഖല വികസനം
- ചെറുകിട-കുടിൽ വ്യവസായ വികസനം
- കൈത്തൊഴിൽ വികസനം
- ഗ്രാമീണമേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക

## കയറ്റുമതി ഇറക്കുമതി ബാങ്ക്

ഇന്ത്യയിൽ കയറ്റുമതി ഇറക്കുമതി വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുന്ന ധനകാര്യസ്ഥാപനമാണ് എക്സ്പോർട്ട് ഇംപോർട്ട് (Export-Import) ബാങ്ക്. ഇത് പൂർണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്റ്റാറ്റ്യൂട്ടറി കോർപറേഷനാണ്.

## ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക്

ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് ഇതിന്റെ ധർമം. ഗ്രാമീണ മേഖലയിലെ വ്യവസായങ്ങളെ സഹായിക്കുകയാണ് പ്രധാന ലക്ഷ്യം.

## സഹകരണ ബാങ്ക്

നമ്മുടെ നാട്ടിലുള്ള സഹകരണ ബാങ്കുകളെ നിങ്ങൾ ശ്രദ്ധിച്ചിരിക്കും. ഇത്തരം സഹകരണ ബാങ്കിൽ എപ്പോഴെങ്കിലും പോയിട്ടുണ്ടോ? നിങ്ങൾക്കോ നിങ്ങളുടെ കുടുംബത്തിൽ ആർക്കെങ്കിലുമോ സഹകരണ ബാങ്കുകളിൽ നിക്ഷേപമോ ചിട്ടിയോ വായ്പയോ ഉണ്ടോ? എന്താണ് സഹകരണ ബാങ്ക് എന്ന് നോക്കാം. സഹകരണം, സ്വയം സഹായം, പരസ്പര സഹായം എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുകയും ജനങ്ങൾക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്യുന്ന സാമ്പത്തിക സ്ഥാപനങ്ങളാണ് സഹകരണ ബാങ്കുകൾ. സഹകരണ ബാങ്കുകൾ ത്രിതല സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്.

സംസ്ഥാന സഹകരണ ബാങ്ക്

↓

ജില്ലാ സഹകരണ ബാങ്കുകൾ

↓

പ്രാഥമിക സഹകരണ ബാങ്കുകൾ

***സഹകരണ ബാങ്കുകളുടെ ലക്ഷ്യങ്ങൾ പരിശോധിക്കാം***

- സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുക
- ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക
- വായ്പകൾ നൽകുക

ഗ്രാമങ്ങളിൽ സഹകരണ ബാങ്കുകൾ വായ്പകൾ അനുവദിക്കുന്നത് പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾക്കാണ്.

- കൃഷി
- കുടിൽ വ്യവസായം
- മത്സ്യബന്ധനം
- കന്നുകാലി വളർത്തൽ

**കേരള ഗ്രാമീൺ ബാങ്ക്**

ഒരു സംസ്ഥാനത്ത് ഒരു ഗ്രാമീണ ബാങ്ക് എന്ന പദ്ധതി പ്രകാരം നിലവിൽവന്ന ബാങ്കാണ് കേരള ഗ്രാമീൺ ബാങ്ക്. 2013 ജൂലൈ 8-ന് നിലവിൽ വന്നു. ഇതിന്റെ ആസ്ഥാനം മലപ്പുറമാണ്.

**ഭാരതീയ മഹിളാ ബാങ്ക്**

ഭാരതത്തിലെ ആദ്യ സമ്പൂർണ വനിതാ ബാങ്കാണ് ഭാരതീയ മഹിളാ ബാങ്ക്. 2013 നവംബർ 19-ന് നിലവിൽ വന്നു. വനിതാശാക്തീകരണം ലക്ഷ്യം. വായ്പ പ്രധാനമായും വനിതകൾക്ക്. എല്ലാവരിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നു.

**മുദ്ര ബാങ്ക്**

കേന്ദ്ര സർക്കാറിന്റെ ഏറ്റവും പുതിയ സംരംഭങ്ങളിലൊന്നായ മുദ്ര ബാങ്ക് (മൈക്രോ യൂണിറ്റ് ഡെവലപ്മെന്റ് ആൻഡ് റീഫൈനാൻസ് ഏജൻസി) അസംഘടിത മേഖലയിലെ ചെറുകിട വാണിജ്യ വ്യവസായ സംരംഭങ്ങൾക്ക് വായ്പ ഉറപ്പാക്കാനുള്ള കേന്ദ്ര പദ്ധതിയാണ്. 2015 ഏപ്രിൽ 8-ന് നിലവിൽ വന്നു.

## 3. ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ

ബാങ്കിങ് ഇതര സേവനങ്ങൾ നൽകുകയും പണമിടപാട് മേഖലയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളാണ് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ. സാധാരണ ബാങ്കുകൾ സ്വീകരിക്കുന്ന തരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഇവയ്ക്ക് കഴിയില്ല. ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കൽ, ഡ്രാഫ്റ്റുകളുടെ ഉപയോഗം, ലോക്കർ സംവിധാനം എന്നിവയൊന്നും ഇവിടെ ലഭ്യമല്ല.

ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ

↙ ↘

മ്യൂച്വൽ ഫണ്ടുകൾ | ഇൻഷുറൻസ് കമ്പനികൾ

***ബാങ്കിതര സ്ഥാപന ലക്ഷ്യങ്ങൾ***

- ധനകാര്യ വിഭവ സമാഹരണത്തിന് ഇടനിലനിൽക്കുക
- ചെറുകിട സമ്പാദ്യം സമാഹരിക്കുക
- മൂലധന (ഓഹരി) വിപണിയിൽ നിക്ഷേപം നടത്തുക
- വിവിധ ഇൻഷുറൻസ് സേവനങ്ങൾ

നൽകുക

- മൂലധന നിക്ഷേപം നടത്തുക
- അടിസ്ഥാന/പശ്ചാത്തല സൗകര്യം വികസിപ്പിക്കുക

കേരളത്തിൽ പ്രവർത്തിക്കുന്ന ഇത്തരത്തിൽപ്പെട്ട ഒരു ബാങ്കിതര ധനകാര്യ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE).

**അടുത്തുള്ള കെ.എസ്.എഫ്.ഇ ശാഖ സന്ദർശിച്ചു പ്രവർത്തനങ്ങൾ മന സിലാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.**

## മ്യൂച്ചൽ ഫണ്ടുകൾ

നിങ്ങൾക്ക് ഓഹരിയിൽ പണം നി ക്ഷേപിക്കാൻ ആഗ്രഹമുണ്ടെന്ന് കരുതുക. എന്നാൽ ഓഹരികളെക്കുറിച്ചു വ്യക്തമായ ധാരണയില്ല. ഇത്തരം സന്ദർഭങ്ങളിൽ ഓഹരി കമ്പോളത്തിൽ പണം നിക്ഷേ പിക്കാൻ സഹായിക്കുന്ന ഒരു നിക്ഷേപ സംവിധാനമാണ് മ്യൂച്ചൽ ഫണ്ടുകൾ. പൊതു-സ്വകാര്യ മേഖലകളിൽ മ്യൂച്ചൽ ഫണ്ട് കമ്പനികൾ പ്രവർത്തിക്കുന്നു. പൊതു മേഖലയിൽ പ്രവർത്തിക്കുന്ന മ്യൂച്ചൽ ഫണ്ടുകൾ:

- യൂണിറ്റ് ട്രസ്റ്റ് മ്യൂച്ചൽ ഫണ്ട്
- എൽ.ഐ.സി മ്യൂച്ചൽ ഫണ്ട്
- എസ്.ബി.ഐ മ്യൂച്ചൽ ഫണ്ട്

### ഓഹരി

കമ്പനികൾ മൂലധനം സമാ ഹരിക്കുന്ന മാർഗമാണ് ഓഹരി വിൽപ്പന. ഒരു കമ്പനിക്ക് 10000 രൂപ ആവശ്യമുണ്ട് എന്ന് സങ്കൽപ്പിക്കുക. 1000 പേരിൽ നിന്ന് 10 രൂപ വീതം സമാ ഹരിച്ചാൽ 10000 രൂപ ആയി. ഇവിടെ ഓരോ 10 രൂപയും ഓരോ ഓഹരിയാ ണ്. കൂടാതെ ഓരോ ഓഹരിക്കും ലാഭവിഹിതം ലഭിക്കും.

## ഇൻഷ്വറൻസ് കമ്പനികൾ

ഇന്ന് അസുഖങ്ങളും അപകടങ്ങളും സുരക്ഷിതത്വം ഇല്ലായ്മയും എല്ലാം വർദ്ധിച്ചുവരികയാണ്. കൂടാതെ മനുഷ്യന് അവന്റെ ഭാവിയെ കുറിച്ചുള്ള ആശങ്ക യും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന ആശങ്കകളെയും അപകടസാ ധ്യതകളെ യും മുന്നിൽക്കണ്ടു സാമ്പത്തിക പരിഹാരം ലഭ്യമാക്കുന്നതിനു വേണ്ടി പണം ഒരു സ്രോതസിൽ ശേഖരിക്കുന്ന രീതിയാണ് ഇൻഷ്വറൻസ്.

ലൈഫ് ഇൻഷ്വറൻസ് വ്യക്തിയുടെ ജീവനും ജനറൽ ഇൻഷ്വറൻസ് വാഹ നങ്ങൾ, വായ്പകൾ, വസ്തുക്കൾ, വ്യവ സായം, കയറ്റുമതി തുടങ്ങിയവയ്ക്കും സം രക്ഷണം നൽകുന്നു.

***പോളിസി ഉടമകളുടെ ചില ആനു കൂല്യങ്ങൾ പരിശോധിക്കാം***

- ഇൻഷ്വറൻസ് മികച്ച നിക്ഷേപ സൗക ര്യമാണ്.
- അപകടമോ മരണമോ ഉണ്ടായാൽ നഷ്ട പരിഹാരം ലഭിക്കുന്നു.
- ഇൻകം ടാക്സിൽ ഗണ്യമായ നികുതി ആനുകൂല്യങ്ങൾ നൽകുന്നു.
- ഇൻഷ്വറൻസ് പോളിസിയിന്മേൽ വായ്പ ലഭിക്കുന്നു.

### പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ

ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ
ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ്

## 4. മൈക്രോ ഫിനാൻസ്

ഒരു അച്ചാർ യൂണിറ്റ്, ഒരു പലഹാര യൂണിറ്റ് അതുമല്ലെങ്കിൽ ഒരു ചെറിയ ഹോട്ടൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാൻ തൊഴിൽ രഹിതർക്കും കുറഞ്ഞ വരുമാനക്കാർക്കും വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. മതിയായ ഈട് നൽകാതെ ബാങ്കുകൾ വായ്പ നൽകില്ല. ഒരു സാധാരണ ബാങ്ക്ലോണിന് യോഗ്യത നേടാൻ ഇവർക്ക് കഴിയില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. ഇങ്ങനെയുള്ളവർക്കു സാമ്പത്തികസേവനങ്ങൾ നൽകി അവരുടെ ജീവിതത്തെ മെച്ചപ്പെടുത്തുക എന്നതാണ് മൈക്രോ ഫിനാൻസ് ലക്ഷ്യമിടുന്നത്. കേരളത്തിൽ സർക്കാരിന്റെ ദാരിദ്ര്യനിർമ്മാർജന മിഷൻ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന വനിതാ ശാക്തീകരണ പരിപാടിയാണ് കുടുംബശ്രീ. മൈക്രോ ഫിനാൻസ് പ്രോത്സാഹിപ്പിക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് അതി വിപുലമാണ്.

### മൈക്രോ ഫിനാൻസിന്റെ പ്രവർത്തനങ്ങൾ

നൊബേൽ സമ്മാനജേതാവായ പ്രൊഫ. മുഹമ്മദ് യൂനസാണ് മൈക്രോ ഫിനാൻസിന്റെ പിതാവ്. അദ്ദേഹം സ്ഥാപിച്ച ബംഗ്ലാദേശ് ഗ്രാമീൺ ബാങ്ക് മൈക്രോ ക്രെഡിറ്റ് രംഗത്ത് ലോകപ്രശസ്തമായ ഒരു മാതൃകയാണ്.

മൈക്രോ ഫിനാൻസ് നിലകൊള്ളുന്നത് പങ്കുവെയ്ക്കൽ, സഹവർത്തിത്വം, എന്നീ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്. മൈക്രോ ഫിനാൻസിന്റെ പ്രവർത്തനങ്ങൾ രണ്ടായി തരംതിരിക്കാം.

***അയൽക്കൂട്ടം (Self Help Group - SHG)***

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ഒരു നിശ്ചിത തുക സമ്പാദ്യമായി ശേഖരിക്കുന്നു. ഈ പണം സ്വയംതൊഴിലിനോ ഉപഭോഗ ആവശ്യങ്ങൾ നിറവേറ്റുന്നതിനോ വായ്പയായി നൽകുന്നു. അയൽക്കൂട്ടം നിശ്ചയിക്കുന്ന നിരക്കിലും കാലാവധിക്കുള്ളിലും വായ്പകൾ തിരിച്ചടയ്ക്കാൻ അംഗങ്ങൾക്ക് അവസരം നൽകുന്നു.

***കൂട്ടുത്തരവാദ കൂട്ടം (Joint Liability Group - JLG)***

കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ കൃഷിക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു സംവിധാനമാണിത്. നാലു മുതൽ പത്തുവരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന കൂട്ടായ ഉത്തരവാദിത്വമുള്ള ചെറുകൃഷി സംഘങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. ഗ്രൂപ്പിന്റെ കൂട്ടായ ഉത്തരവാദിത്വത്തിലാണ് വായ്പകൾ നൽകുന്നത്. ഇവർക്ക് സാമ്പത്തിക സഹായം മാത്രമല്ല പരിശീലനങ്ങളും നൽകുന്നു. പലിശരഹിത വായ്പകളും ചെറിയ പലിശ നിരക്കിലുള്ള വായ്പകളുമാണ് അനുവദിക്കുന്നത്. നിശ്ചയിക്കുന്ന കാലാവധിക്കുള്ളിൽ തവണകളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്.

### മൈക്രോ ഫിനാൻസിന്റെ നേട്ടങ്ങൾ

- എളുപ്പത്തിലുള്ള മൂലധനം
- സംരംഭകത്വവും സ്വയംപര്യാപ്തതയും
- മെച്ചപ്പെട്ട ജീവിതനിലവാരം
- സ്ത്രീകളുടെ സാമ്പത്തിക അഭിവൃദ്ധി
- തൊഴിൽ നേട്ടം
- സമ്പാദ്യശീലം

**കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ച് എസ്.എച്ച്.ജി. മാതൃകയിലും ജെ.എൽ.ജി മാതൃകയിലും ഉള്ള മൈക്രോ ഫിനാൻസിന്റെ പ്രവർത്തനങ്ങൾ മനസിലാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.**

## പഠനനേട്ടങ്ങൾ

- ഭാരതീയ റിസർവ്വ് ബാങ്കിന്റെ ധർമങ്ങൾ വിശദീകരിക്കുന്നു.
- ബാങ്കുകളുടെ ഘടന പ്രവർത്തനങ്ങൾ ധർമങ്ങൾ തുടങ്ങിയവയുടെ വിശദീകരണം തയ്യാറാക്കുന്നു.
- വികസന ബാങ്കുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.
- ഇന്ത്യയിലെ സവിശേഷ ബാങ്കുകളുടെ പ്രത്യേകതകൾ വിവരിക്കുന്നു.
- ബാങ്കിങ് രംഗത്തെ നൂതന പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.
- സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.
- ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.
- മൈക്രോ ഫിനാൻസ് നൽകുന്ന സാമ്പത്തിക സേവന പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- റിസർവ്വ് ബാങ്കിന്റെ ധർമങ്ങൾ വിലയിരുത്തുക.
- വാണിജ്യ ബാങ്കുകളുടെ ധർമങ്ങൾ വിശദീകരിക്കുക.
- ബാങ്കിങ് സ്ഥാപനങ്ങളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ വിശദീകരിക്കുക.
- ബാങ്കിങ് മേഖലയിലെ നൂതന പ്രവണതകൾ ജനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് വ്യക്തമാക്കുക.
- ദാരിദ്ര്യനിർമാർജനത്തിൽ മൈക്രോ ഫിനാൻസിന്റെ സാധ്യതകൾ വിശദീകരിക്കുക.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്തുള്ള ധനകാര്യസ്ഥാപനങ്ങൾ പ്രാദേശികമായി നൽകുന്ന സാമ്പത്തികപ്രവർത്തനങ്ങളിൽ എത്രത്തോളളം സ്വാധീനം ചെലുത്തുന്നുവെന്ന് അന്വേഷിച്ച് ഒരു കുറിപ്പ് തയാറാക്കുക.
- 

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| ഭാരതീയ റിസർവ്ബാങ്ക് | | | |
| ബാങ്കുകൾ | | | |
| ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ | | | |
| ഇൻഷൂറൻസ് കമ്പനികൾ | | | |
| മൈക്രോ ഫിനാൻസ് | | | |